# സമർപ്പിത യജ്ഞം സമുജ്ജ്വല നേട്ടം

ഒത്തൊരുമിച്ച്, ഒരൊറ്റ ലക്ഷ്യത്തോടെ നടത്തിയ സമർപ്പിത യജ്ഞത്തിലൂടെ കൈവന്ന സമുജ്ജ്വല നേട്ടമാണ് കേരള സർവ്വകലാശാലയ്ക്ക് നാക് അക്രഡിറ്റേഷനിൽ ലഭിച്ച എ പ്ലസ് പ്ലസ് പദവി. ഇതിനായി സർവ്വകലാശാലയുടെ വകുപ്പുകളെയെല്ലാം സജ്ജമാക്കാൻ മാതൃക പരമായി പ്രവർത്തിച്ച ഏവരേയും നമുക്ക് അഭിനന്ദിക്കാം.

രാജ്യത്തെ എണ്ണപ്പെട്ട പത്ത് സർവ്വകലാശാലകളിൽ ഒന്നാണ് കേരളസർവ്വകലാശാല. വർഷങ്ങളിലൂടെയുള്ള അതിന്റെ വളർച്ചയ്ക്ക് അവിസ്മരണീയ സംഭാവനകൾ അർപ്പിച്ച പ്രഗൽഭമതികൾ ഏറെയുണ്ട്. മഹിതമായ ചരിത്രവും പാരമ്പര്യവും പേറുന്ന ഈ വിദ്യാകേന്ദ്രത്തിന്റെ നാൾവഴികളിൽ എക്കാലവും ശോഭയേകുന്നതാണ് ഈ നേട്ടം.

ദക്ഷിണേന്ത്യയിൽ നാക് അക്രഡിറ്റേഷനിൽ എപ്ലസ് പ്ലസ് പദവി ലഭിച്ച നാലാമത്തെ സർവ്വകലാശാലയാണ് കേരളാസർവ്വകലാശാല എന്നത് മാത്രമല്ല രാജ്യത്തുതന്നെ ഈ പദവിക്ക് അർഹമായ ആറ് സംസ്ഥാനസർവ്വകലാശാലകളിൽ ഒന്നാണെന്ന സവിശേഷതയുമുണ്ട്. ഈ ആറിൽ ഏറ്റവും ഉയർന്ന സ്കോർ-നാല് സ്കോറിൽ 3.67 സ്കോർ-നേടിയാണ് ഐ.ഐ.ടി. നിലവാരത്തിലുള്ള ഈ ഗ്രേഡ് കൈവരിച്ചതെന്ന കാര്യം ഈ നേട്ടത്തെ കൂടുതൽ തിളക്കമുള്ളതാക്കുന്നു.

അഞ്ച് വർഷത്തെ കാലാവധിയാണ് ഈ പദവിക്കുള്ളത്. വിദ്യാർത്ഥികളുടെ നാനാതരമായ ഉപരിപഠനസാധ്യത വിശാലമാക്കാൻ ഏറെവഴി തെളിക്കുന്നതാണ് ഈ നേട്ടത്തെ തുടർന്ന് ലഭ്യമാകുന്ന സഹായ സൗകര്യങ്ങൾ. വിവിധ വിദ്യാഭ്യാസ വികസനപദ്ധതികൾ സമർപ്പിക്കുന്ന മുറയ്ക്ക് 100 മുതൽ 800 കോടി രൂപ വരെ യു.ജി.സി. യിൽ നിന്ന് സഹായധനം ലഭിക്കാനുള്ള സാദ്ധ്യതയാണ് മുന്നിലുള്ളത്. നിലവിലുള്ള പഠനസൗകര്യങ്ങൾ മെച്ചപ്പെടുത്താനും മാറുന്ന കാലത്തിന്റെ ആവശ്യങ്ങൾ ഉൾക്കൊണ്ട് നവീനവിദ്യാഭ്യാസത്തിന്റെ കാറ്റും വെളിച്ചവും പരത്താനുമുള്ള വലിയൊരു ഭാഗ്യാവസരമാണ് ഈ അതുല്യനേട്ടത്തിലൂടെ കേരള സർവ്വകലാശാല കൈവരിച്ചിരിക്കുന്നത്.



വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും എന്നത് പതിരില്ലാത്ത ഒരു പഴമൊഴിയാണ്. ഉന്നത വിദ്യാഭ്യാസം നേടലും പുതിയ തൊഴിലവസരങ്ങളെ ഉപയോഗപ്പെടുത്തലും പരമപ്രധാനമാണ്. ഏറെ വെല്ലുവിളികൾ നിറഞ്ഞതാണ് നമ്മുടെ വിദ്യാഭ്യാസ രംഗം. അവയൊക്കെ സധൈര്യം നേരിട്ട് അജയ്യരാകാനും നമുക്കാകും. അവിടെ ഏറെ ആത്മവിശ്വാസവും അവസരങ്ങളും പ്രദാനം ചെയ്യാൻ ഈ വലിയ നേട്ടം സഹായകമാകും.

എഡിറ്റർ
ടി.കെ. ഷഹാൽ ഹസൻ മുസലിയാർ

2022 ജൂൺ 15/ ജൂലൈ 15

# പ്രഭാത രശ്മി

പുസ്തകം : 8
ലക്കം : 5



പ്രഭാത സൂര്യനെത്തുമ്പോൾ
ആഹ്ലാദം പരമാർന്നുടൻ
ജീവജാലങ്ങളെല്ലാമേ
ഭാവുകാർത്ഥം ശ്രമിച്ചിടും

ജനാബ് തങ്ങൾകുഞ്ഞ് മുസലിയാർ

എഡിറ്റർ :
**ടി.കെ. ഷഹാൽ ഹസൻ മുസലിയാർ**
റസിഡന്റ് എഡിറ്റർ :
**ടി.കെ. ജലാലുദ്ദീൻ മുസലിയാർ**

എക്സിക്യൂട്ടീവ് എഡിറ്റർ :
**എസ്. നാസർ**

സബ്ബ് എഡിറ്റർ
**എൻ.ശ്രീഅയ്യപ്പൻ**

ഓഫീസ്, പരസ്യം, സർക്കുലേഷൻ :
**എസ്. നജീബ്**

ഡി.ടി.പി.
**സിന്ധു കെനി**

ചിത്രീകരണം :
**കാരക്കമണ്ഡപം വിജയകുമാർ**

കല, കവർ
**അജിത് എസ്. ആർ.**

മുഖചിത്രം - **പാത്തുമ്മയുടെ ആട്**
ഫോട്ടോ - **അബ്ദുൽ കലാം ആസാദ്**

ഉപദേശകസമിതി
**ശ്രീ.ടി.പി. ശ്രീനിവാസൻ**
**ഡോ.എം.എൻ. കാരശ്ശേരി**
**പ്രൊഫ.വി. കാർത്തികേയൻ നായർ**
**ഡോ.എസ്. നസീബ്**

പ്രഭാതരശ്മി മാസിക
നമ്പർ XV/664,
ഗ്രൗണ്ട് ഫ്ളോർ
ചിന്നക്കട നഗർ -34
കന്റോൺമെന്റ് നോർത്ത്
കൊല്ലം-691 001
ഓഫീസ്, പരസ്യം, സർക്കുലേഷൻ
ഫോൺ : 0474 -2747444,
9446 3537 92, 9447 8950 15
Email: prabhatharashmi@gmail.com

3. സമർപ്പിത യജ്ഞം സമുജ്ജ്വല നേട്ടം (മുഖവുര)
ടി.കെ.ഷഹാൽഹസ്സൻ മുസലിയാർ

6. വായനയ്ക്ക് ശേഷം

8. വാടക വീടുകളുടെ മുറ്റങ്ങൾ
(പിതൃപാദങ്ങളിൽ) പ്രൊഫ: എം.എൻ.വിജയൻ–വി.എസ്.അനിൽകുമാർ

19. ബഷീറും ഭാർഗവീനിലയവും
(പഠനം) ഡോ.സി.ജി.രാജേന്ദ്രബാബു

14. ഉമ്മിണി ബല്യ ഒരാളുടെ ഓർമ്മയിൽ വീണ്ടും
(യാത്ര) മാങ്ങാട് രത്നാകരൻ



## കവിത

13. അജന്ത / കുരീപ്പുഴ ശ്രീകുമാർ
25. പുതിയ ജീവികൾ / പി.കെ.ഗോപി
41. വാക്കൊത്താദൂരം / മഞ്ചുവെള്ളായണി
42. പൊളിച്ചെഴുത്ത് / മുതുകുളം ഗംഗാധരൻപിള്ള
42. ഹൃദയപൂർവ്വം / അഹമ്മദ് ഖാൻ
55. ഒരിഷ്ടം / കയ്യുമ്മു കോട്ടപ്പടി
55. വാക്കിന്റെ മൗനം / ദീപ ദിനേശ്
54. മൂന്ന് കവിതക്കുത്തുകൾ / വി.എം.രാജമോഹൻ
43. ചില നന്മകൾ / കെ.രവീന്ദ്രൻ
65. സ്നേഹത്തണൽ / രതീഷ് അഞ്ചാലുംമൂട്

23. സ്നേഹഗായകന് വിട (ആദരം) രവി മേനോൻ

30. മുട്ടത്തു വർക്കിയുടെ രാത്രി
(നൊസ്റ്റാൾജിയ) വിനു എബ്രഹാം

36. മധുരനാരങ്ങപോലെ 'നാരകങ്ങളുടെ ഉപമ'
(കഥാവിചാരം) പി. എസ്. പ്രദീപ്

38. ഗീതാഞ്ജലിശ്രീയുടെ മണൽ സമാധി
(വായന) വൈക്കം മുരളി

44. കൊട്ടിന് മട്ടന്നൂർ (മുഖാമുഖം)
മിനീഷ് മുഴപ്പിലങ്ങാട്

# ഉൾപേജുകളിൽ

48. അലി അക്ബർഖാന്റെ സരോദ്
(സംഗീത സ്മരണ) പി. രവികുമാർ

50. നാദവിസ്മയ സന്ധ്യ (ഓർമ്മച്ചെപ്പ്) എസ്.നാസർ

53. ഇന്ത്യ–ഗൾഫ് ബന്ധങ്ങൾ
സാധാരണ ഗതിയിലേക്ക്
(വിദേശരംഗം) ടി.പി.ശ്രീനിവാസൻ

56. വാതാപിസൂത്രം (ബാലരശ്മി) ഗ്രേസി

58. ജീവിതത്തെ തൊടുന്ന കവിതകൾ
(പുസ്തക വിചാരം) വി.വി.കുമാർ

59. അന്റാർട്ടിക്കയിലെ പൊടിക്കൊഞ്ചുകൾ
(ശാസ്ത്രം) പ്രതീപ് കണ്ണങ്കോട്



## കഥ

26. തിരയുടെ കൂടെ
എന്റെ ജീവിതം
ഒക്റ്റേവിയോ പാസ്
വിവ: രവികുമാർ.വി

62. റാഫ രചിക്കുന്ന ഫ്രഞ്ച് വസന്തം
(കായികരംഗം)
എ.എൻ.രവീന്ദ്രദാസ്

66. പ്രിയ (പുനലൂർ രാജൻ
(ഇമേജ് ആർക്കൈവ്)
മാങ്ങാട് രത്നാകരൻ

## ശതതന്ത്രി വീണ: ആ ഓർമ്മ ഇപ്പോഴും മനസ്സിൽ പതിഞ്ഞ് നിൽക്കുന്നു

**പി.കെ.ഹോർമിസ് തരകൻ ഐ.പി.എസ്.(റിട്ട)**





പണ്ഡിറ്റ് ശിവകുമാർ ശർമ്മ



സാക്കീർ ഹുസൈൻ

പ്രഭാതരശ്മി മേയ്-ജൂൺ ലക്കത്തിൽ എം.എ.ബേബി വിശ്വവിശ്രുത സന്തൂർ വാദകൻ പണ്ഡിറ്റ് ശിവകുമാർ ശർമ്മ യെക്കുറിച്ച് എഴുതിയ സ്മരണയാണ് ഈ കത്തിന് പ്രേരണ

പണ്ഡിറ്റ് ശിവകുമാർ ശർമ്മ നിര്യാതനായി എന്ന വിവരം അറിഞ്ഞപ്പോൾ എന്റെ മനസ്സിൽ പല ഓർമ്മകൾ ഓടി എത്തി. നാൽപതു വർഷങ്ങൾക്കു മുമ്പ് റോമാ നഗരിയിലെ ഭാരതീയ നയതന്ത്ര കാര്യാലയത്തിൽ കലാ സംസ്കാര സംബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്യുവാൻ എനിക്ക് അവസരം ലഭിച്ചു. ആ കാലയളവിൽ എല്ലാ വേനൽക്കാലത്തും 'എസ്താതേ റൊമാനാ' (റോമൻ വേനൽ) എന്ന പേരിൽ ഒരു കലാസാംസ്കാരിക ഉത്സവം റോമിൽ നടത്തുമായിരുന്നു. അതിൽ പങ്കെടുക്കുവാനായി ഭാരതത്തിൽനിന്ന് ഏറ്റവും നല്ല ഗായകരേയും നർത്തകീനർത്തകരേയും കൊണ്ടുവരാൻ ഞങ്ങൾക്ക് കഴിഞ്ഞു. ആ പ്രയത്നത്തിൽ എനിക്കു വലിയ സഹായമായിരുന്നത് എംബസ്സിയിലെ മൂന്നാം സെക്രട്ടറി ആയിരുന്ന ചിത്രാ നാരായണൻ ആയിരുന്നു. പിൽക്കാലത്ത് ടർക്കിയിലേയും സ്വിറ്റ്സർലാന്റിലേയും മറ്റും ഇന്ത്യൻ അംബാസ്സഡർ ആയി സേവനം ചെയ്ത ചിത്ര (രാഷ്ട്രപതിയായിരുന്ന കെ.ആർ നാരായണന്റെ പുത്രി) ഡൽഹിയിലെ സംസ്കാരിക വൃത്തങ്ങളിൽ എല്ലാവരേയും പരിചയമുള്ള ഉത്സാഹിയായ ഒരു യുവതി ആയിരുന്നു. അങ്ങനെയാണ് പണ്ഡിറ്റ് ശിവകുമാർ ശർമ്മയേയും സാക്കീർ ഹുസൈനേയും ഒന്നിൽ കൂടുതൽ വർഷങ്ങളിൽ 'എസ്താതേ റോമാനാ' ഉത്സവത്തിന് കൊണ്ടുവരുവാൻ ഞങ്ങൾക്ക് സാധിച്ചത്.

ഇന്ത്യയിൽ നിന്ന് വരുന്ന അതിഥികൾക്ക് ഇന്ത്യൻ ഭക്ഷണം ഒരുക്കുക എന്നത് എംബസ്സി ഉദ്യോഗസ്ഥരുടെ ഭാര്യമാർക്ക് ഏറ്റവും സന്തോഷം നൽകുന്ന ഒരു കാര്യമായിരുന്നു. അതിഥികൾ ശിവകുമാർ ശർമ്മയും സാക്കീർ ഹുസൈനും ആകുമ്പോൾ ഒരു പ്രത്യേകസന്തോഷം. മോളിയുടെ അപ്പവും ഇഷ്ടുവും മറ്റു മലയാളി വിഭവങ്ങളും ഇരുവർക്കും ഇഷ്ടമായി. ഇരുവരും അവരുടെ പ്രശസ്തിയുടെ പാരമ്യത്തിലെത്തി നിൽക്കുന്ന സമയമായിരുന്നു അത്. അന്ന് ചെറുപ്പക്കാരനും സുമുഖനും ആയിരുന്ന സാക്കീർ ഹുസൈൻ 'ഹീറ്റ് ആൻഡ് ഡസ്റ്റ്' എന്ന ഹോളിവുഡ് സിനിമയിൽ പ്രത്യക്ഷപ്പെട്ട കാലം. പണ്ഡിറ്റ് ശിവകുമാർ ശർമ്മ ആകട്ടെ 'സന്തൂർ' എന്ന തന്റെ വിശിഷ്ട സംഗീതോപകരണത്തെ കുറിച്ച് ഞങ്ങൾക്ക് പറഞ്ഞുതന്നു. അതിപുരാതനകാലത്ത് കാശ്മീരത്തിലെ സംഗീതജ്ഞർ ഉപയോഗിച്ചിരുന്ന 'ശതതന്ത്രിവീണ' ആണത്രേ അത്. ആ ഉപകരണം പുതുക്കിയെടുത്ത് ലോകത്തിന് പ്രിയപ്പെട്ടതാക്കിയ സംഗീതവരേണ്യന് നമോവാകം.

ചരിത്രമുറങ്ങുന്ന വില്ലാബോർഗേസേയിലെ വിശാലമായ ഉദ്യാനങ്ങളിൽ ശിവകുമാർ ശർമ്മ സന്തൂറിലും സാക്കീർ ഹുസൈൻ തബലയിലും മാന്ത്രികസംഗീതം മീട്ടുമ്പോൾ ആയിരക്കണക്കിന് റോമാക്കാർ നിർവൃതി അടയുന്ന ഓർമ്മ ഇപ്പോഴും മനസ്സിൽ പതിഞ്ഞു നിൽക്കുന്നു.

---

## വിയോജിപ്പുണ്ട്, പക്ഷേ ചിത്രം ഉചിതം, ഉജ്ജ്വലം

**വാറുൽ ജാഫർ**

സുരേന്ദ്രൻ ചുനക്കരയുടെ എന്തൊക്കെ പ്രണയ പ്രമാണങ്ങൾ (പ്രഭാതരശ്മി മേയ്-ജൂൺ) ലേഖനത്തിന്റെ സ്ഥാനം അനുഭൂതിതലത്തിലാണ്. പ്രണയത്തിന് ഒരു പുതിയ പ്രണവ മന്ത്രം രചിക്കുവാനാണ് അദ്ദേഹത്തിന്റെ ശ്രമം. ലേഖനത്തിലെ ആശയങ്ങളോടുമുള്ള വിയോജിപ്പ് രേഖപ്പെടുത്തുമ്പോൾ തന്നെ ലേഖനത്തിന് ഭാവഭംഗി പകരാൻ ഫ്രഞ്ച് ചിത്രകാരൻ പിയറി അഗസ്തെ കോട്ട് വരച്ച 'SPRING TIME' എന്ന ചിത്രം തെരഞ്ഞെടുത്തു നൽകിയ കലാമനസിന് നിറഞ്ഞ അഭിനന്ദനം. ആ ചിത്രം ആദ്യനോട്ടത്തിൽ തന്നെ സ്മരണയിലുണർത്തിയത് വില്യം ഷേക്സ്പിയറിന്റെ വിശ്രുത ഇണകളായ റോമിയോയും ജൂലിയറ്റിനെയുമാണ്. ഒപ്പം The Garden seene എന്ന കൃതിയിലെ ആ ഒരു വരിയും: "Two of the fairest stars in all the heaven".

---

## മികച്ച ഉള്ളടക്കം

**കെ.പി.നൗഷാദ് ചമ്രവട്ടം**

പ്രഭാതരശ്മിയുടെ 2022 ജൂൺ ലക്കം വിഭവ സമൃദ്ധമായ ഉള്ളടക്കം കൊണ്ട് ശ്രദ്ധേയമായി.സന്തൂർ മാന്ത്രികനായ പണ്ഡിറ്റ് ശിവകുമാർ ശർമ്മയെക്കുറിച്ചുള്ള എം.എ.ബേബിയുടെ അനുസ്മരണ ലേഖനവും കവി കടമ്മനിട്ട രാമകൃഷ്ണനെക്കുറിച്ചുള്ള മകൾ ഡോ. ഗീതാദേവിയുടെ ഓർമ്മക്കുറിപ്പും ചലച്ചിത്രകാരനായ ജോൺ പോളിനെക്കുറിച്ചുള്ള ദിനേശ് വർമ്മയുടെ അനുസ്മരണവും നന്നായി. കൂടാതെ സച്ചിദാനന്ദൻ, പ്രദീപ് പനങ്ങാട്, പവിത്രൻ തീക്കുനി, ഗീത ബിന്നി, മാങ്ങാട് രത്നാകരൻ, മണമ്പൂർ രാജൻബാബു, റുബീനമൻസൂർ തുടങ്ങിയവരുടെയൊക്കെ രചനകളും മികച്ച നിലവാരം പുലർത്തി.

---

## കൊയ്ത്ത്– പ്രകൃതി സ്നേഹം തുളുമ്പുന്ന കവിത

**വിജയൻ, കാവനാട്**

ഇമ്പമുള്ള വാക്കുകളും മൂർത്തബിംബങ്ങളും കോർത്തിണക്കി നിർമ്മിച്ച സച്ചിദാനന്ദന്റെ 'കൊയ്ത്ത്'(പ്രഭാതരശ്മി മേയ്-ജൂൺ) എന്ന കവിത അതിശയകരമായ വായനാനുഭവമാണ് നൽകുന്നത്. ദൈവത്തിന്റെ ഏറ്റവും സുന്ദരമായ ഭൂപ്രകൃതിയെ മനുഷ്യനും യന്ത്രവും ചേർന്ന് നശിപ്പിക്കുന്നതിലുള്ള സങ്കടവും ആത്മരോഷവുമാണ് ഇവിടെ പ്രകടമാകുന്നത്. 'ഏകാന്ത കൊയ്ത്തുകാരി', 'കുറ്റിപ്പുറം പാലം' എന്നീ വിഖ്യാത കവിതകളുടെ പുനർ വായനകൂടിയാണ് ഇക്കവിത. ഏകാന്ത കൊയ്ത്തുകാരിയുടെ മധുരതരമായ വായ്പാട്ട് നാം കേൾക്കുന്നില്ല. പകരം കൊയ്ത്ത് യന്ത്രത്തിന്റെ ഇരമ്പൽമാത്രം. ചേറിൽ പുരണ്ട കൊയ്ത്തരിവാളും കുടചൂടി നിൽക്കുന്ന ജന്മിയും കറ്റകെട്ടിനിൽക്കുന്ന കൊയ്ത്തുകാരിയും ഇന്ന് ഓർമ്മകൾ മാത്രം. കാലം മാറി. നരനും യന്ത്രങ്ങളും ചേർന്ന് ഗ്രാമഭംഗിയെ നശിപ്പിച്ചുകൊണ്ടും പേരാറിനെ അഴുക്ക് ചാലാക്കി കൊണ്ടും നിർമ്മിക്കുന്ന പാലത്തെ ഞെട്ടലോടെ കണ്ട കവിയും ഓർമ്മയിൽ വരുന്നു.ഇങ്ങനെപോയാൽ താൻ പണ്ട് രസിച്ച് നടന്ന് നീങ്ങിയ നെല്പാടവും ചെളിപുരണ്ട വരമ്പുകളും കോൺക്രീറ്റ് പാതകളാകുമോ എന്ന് കവി ഭയപ്പെടുന്നു. ഗൃഹാതുരത്വവും സങ്കടങ്ങളും ഉൽകണ്ഠകളും നിറഞ്ഞ അന്തരീക്ഷത്തിലാണ് പ്രകൃതി സ്നേഹം തുളുമ്പുന്ന ഈ കവിത അവസാനിക്കുന്നത്.

---

## റുബീനാ മൻസൂറിന്റെ കവിത

**ആർ.രമാദേവി, നെടുങ്ങോലം**

'മൂത്തമകൾ', റുബീനാ മൻസൂർ എഴുതിയ കവിത (മെയ്- ജൂൺ) ഈ അടുത്ത കാലത്ത് വായിച്ച കവിതകളിൽ വച്ച് ഏറ്റവും ഹൃദ്യതരമായി അനുഭവപ്പെട്ടു. വീടിന്റെ അകത്തളങ്ങളിൽ അമർത്തിയൊതുക്കുന്ന ഒരു മൗനനൊമ്പരത്തെ ഇത്ര ഹൃദയാവർജ്ജകമായി ആവിഷ്ക്കരിക്കാൻ കഴിഞ്ഞ റുബീനയ്ക്ക് ഒരു പൂച്ചെണ്ട്.

## കൊയ്ത്ത്, ആലോചനാമൃതം

**സദാശിവൻനായർ, ആലപ്പുഴ**

പ്രഭാതരശ്മി മേയ് -ജൂൺ ലക്കത്തിൽ പ്രസിദ്ധീകരിച്ച എല്ലാ സൃഷ്ടികളും ഒന്നിനൊന്നുമെച്ചം. സച്ചിദാനന്ദന്റെ കവിത പുതുമയുള്ളതും അർത്ഥവത്തുമാണ്. വേഡ്സ്വർത്തിന്റെയും ഇടശ്ശേരിയുടെയും കവിതയിലെ ആശയങ്ങൾ സൂചകങ്ങളായി വരുന്നുണ്ട്. വേഡ്സ്വർത്തിന്റെ സോളിറ്ററി റീപ്പർ എന്ന പ്രസിദ്ധ കവിതയും ഇടശ്ശേരിയുടെ കുറ്റിപുറം പാലവുമാണ് സൂചിപ്പിക്കുന്നത്.

കൊയ്ത്തുകാരി യന്ത്രമായി മാറിയപ്പോൾ എല്ലാം മാറിമറിയുന്നു. വയൽവരമ്പിൽ കുട ചൂടിനിൽക്കാൻ ജന്മിയില്ല. ഭീമനായ യന്ത്രത്തിൻ കീഴെ കാണുന്ന കൈകളിൽ ചോരയും ചേറും പുരണ്ടൊരു കൊയ്ത്തരിവാൾകാണാം.

മുന്നിൽ പൊങ്ങിടുന്ന പാലംകണ്ടു നിൽക്കുമ്പോൾ അംബ പേരാറേ നീയൊരു അഴുക്കുചാലായ് മാറുന്ന ദുർദിനം കണ്ട് ഞെട്ടിയ പോലെ കല്ലുമേറ്റി മതിലുകൾ കെട്ടാൻ വണ്ടികൾ പായുന്ന ശബ്ദപൂരത്തിൽ പൂവും കല്ലായി. നരൻ യന്ത്രമായി മാറും കാലത്ത് ഞാനും ചോദിച്ചു നാളെ നടക്കാൻ വരുംനേരം ഈ പാടം ഉണ്ടാകുമോ? അതിൽ മർത്ത്യന്റെ ആർത്തി മേടകൾ കെട്ടിപ്പൊക്കുമോ? ഇപ്പോൾ ഞാൻ ഉലാത്തുന്ന ഈ വരമ്പ് കോൺക്രീറ്റായിമാറുമോ ? ലോഭത്താൽ നെല്ലു പൊന്നാക്കി കാറിലേറ്റി കടത്തുന്ന വീരർ അതിലേ വേഗത്തിൽ പായുമോ?

ആ പുതുവീഥിയിലൂടെ ചീറിപ്പായുന്ന ആംബുലൻസിന്റെ ഹൃത്തിൽനിന്ന് സത്യം ഊർദ്ധ്വൻവലിക്കുന്ന ശബ്ദം കേൾക്കുമോ? സത്യാനന്തര ലോകമാണിത്. അവിടെ നടക്കുന്നതെല്ലാം സത്യവിരുദ്ധമായിരിക്കുമെന്നാണ് കവിതയിലെ വ്യംഗ്യം. ഇന്നത്തെ യാന്ത്രികയുഗത്തിന്റെ ചീറിപ്പായൽ സത്യത്തെ കുഴിച്ചുമൂടുന്നു എന്ന കാര്യമാണ് കവി വ്യംഗ്യഭംഗിയിൽ സൂചിപ്പിക്കുന്നത്. സച്ചിദാനന്ദന്റെ ഈ കവിത ആലോചനാമൃതമാണ്.

കേൾവിക്കാരെ മണിക്കൂറുകൾ പിടിച്ചിരുത്തുന്ന കഥാപ്രസംഗകലയിൽ പ്രാവീണ്യം നേടിയ പല പ്രതിഭകളുമുണ്ടായിട്ടുണ്ട്. അവരിൽ അവഗണിക്കാനാവാത്ത നാമധേയമാണ് വി. ഹർഷകുമാർ. കഥാപ്രസംഗം വിജയിക്കണമെങ്കിൽ കഥപറയുന്ന കാഥികന് സാഹിത്യവും സംഗീതവും അഭിനയവും വശമായിരിക്കണം. വിവിധ കലകളുടെ സമ്മേളനമാണ് കഥാപ്രസംഗം എന്നു പറയാം. നല്ല വാഗ്മിതയും നല്ല സ്വരമാധുര്യവും ഉള്ളവർക്കേ കഥ പറഞ്ഞ് ഫലിപ്പിക്കാൻ ആവുകയുള്ളൂ. നല്ല ഓർമ്മശക്തിയും പ്രത്യുല്പന്നമതിത്വവും കാഥികന് ആവശ്യമാണ്. കഥാപ്രസംഗ കലയിൽ വിജയക്കൊടിനാട്ടിയവരെല്ലാം ഈ ഗുണങ്ങൾ ഉള്ളവരായിരുന്നു. കൈമാപറമ്പൻ എം.പി.മന്മദൻ, കെടാമംഗലം സദാനന്ദൻ, വി.സാംബശിവൻ എന്നിവർ കഥാപ്രസംഗകലയിൽ അത്യുന്നത സ്ഥാനം അലങ്കരിച്ചവരായിരുന്നു. അവരുടെ പിൻമുറക്കാരായി പലരുമുണ്ട്. ഹർഷകുമാർ അവരിൽ പ്രമുഖനായരൊരാളാണ്. കഥാപ്രസംഗകലയിൽ ഔന്നത്യം തെളിയിച്ച കാഥികൻ വി.ഹർഷകുമാറിന് അഭിനന്ദനങ്ങൾ.

## സി.വി.ലക്കം ഗംഭീരം

**പട്ടണക്കാട് അബ്ദുൽഖാദർ**

ഏപ്രിൽ-മേയ് ലക്കം പ്രഭാതരശ്മി ഗംഭീരം!

മലയാള ഭാഷയെ ആവോളമുയർത്തിയ സി.വി രാമൻപിള്ളയുടെ നൂറാം ചരമ വാർഷികം ആചരിച്ച ഈ അവസരത്തിൽ അദ്ദേഹത്തിന്റെ മുഖചിത്രം ഉചിതമായി! സി.വി.രാമൻപിള്ളയുടെ ജന്മശതാബ്ദി ആഘോഷങ്ങളും, പ്രസംഗമികവുകൊണ്ട് ജനസമുദ്രത്തെ മണിക്കൂറുകളോളം പിടിച്ചിരുത്തിയ മൺമറഞ്ഞ മഹാരഥന്മാരായ വാഗ്മികളേയും, അതിമനോഹരമായി എസ്. നാസർ ഓർമ്മയുടെ ചെപ്പുതുറന്ന് 'ഭാഗ്യനിധേ മടങ്ങിടുകീച്ഛായയിൽ' എന്ന കുറിപ്പിൽ കാഴ്ചവയ്ക്കുന്നു. അധികാരത്തേയും മനുഷ്യപ്രകൃതിയുടെ നിഗൂഢതകളേയുംപറ്റി ചിന്തിച്ച ആദ്യമലയാള നോവലിസ്റ്റായ സി.വി. രാമൻപിള്ളയേയും, അദ്ദേഹത്തിന്റെ മലയാളത്തിന്റെ എക്കാലത്തേയും നേട്ടമായ കൃതികളെകുറിച്ചും പ്രൗഢ ഗംഭീരമായ പഠനമാണ് പി.കെ.രാജശേഖരന്റെ 'സി.വി.രാമൻപിള്ളയുടെ ദേശവുംചരിത്രവും' എന്ന ലേഖനം. പരേതയായ കേന്ദ്രമന്ത്രി സുഷമ സ്വരാജ് അനാഥബാല്യങ്ങളെ ലാളിക്കുന്ന മായാത്ത ചിത്രവും ഒപ്പം നന്മയുടെ സന്ദേശം പകരുന്ന മുഖവുരയും ശ്രദ്ധേയം!

നവഎഴുത്തുകാരുടെ ഗ്രന്ഥകാരനാകാനുള്ള സ്വപ്നം പൂവണിയുമ്പോൾ പ്രസാധനത്തിന്റേയും പ്രകാശനത്തിന്റേയും ഇടയിലുണ്ടാകാവുന്ന മായക്കാഴ്ചകളും ചെണ്ടമേളവും വെടിക്കെട്ടുമൊക്കെ ഇന്ന് സാധാരണയാകുന്നു. പ്രിന്റ് ഓൺ ഡിമാൻഡ് സമ്പ്രദായവും അനന്തരഗതികളും, പുസ്തക പ്രസിദ്ധീകരണരംഗത്ത് പ്രത്യക്ഷപ്പെട്ട ചില പ്രവണതകളും എൻ.മൂസക്കുട്ടി വസ്തു നിഷ്ഠമായി നിരീക്ഷിക്കുന്നു! (പുസ്തക പ്രകാശനം കൊണ്ട് എന്ത് പ്രയോജനം?) ശ്രീ പ്രതീപ് കണ്ണങ്കോടിന്റെ ശാസ്ത്ര ലേഖനം (ജനിതക വഴിയിലെ മൈൽക്കുറ്റികൾ) മാസികക്ക് മാറ്റ് കൂട്ടുന്നു.

## സമ്പന്നമായ ലക്കം. ആസാദ് ആശിർവാദ്, ചവറ

പ്രഭാതരശ്മി (മേയ്-ജൂൺ ലക്കം) മികവുറ്റ വിഭവങ്ങളാൽ സമ്പന്നമായിരുന്നു. എം.എ.ബേബി എഴുതിയ 'ശതതന്ത്രിയിലെ മഹാമാന്ത്രികൻ' ഹൃദ്യമായനുഭവപ്പെട്ടു. മാന്ത്രിക സ്പർശമുള്ള ഒരു മഹാ സംഗീത പ്രതിഭയായിരുന്നു പണ്ഡിറ്റ് ശിവകുമാർ ശർമ്മയെന്നു ബോധ്യംവരാൻ ഈ ആദരവ് ലേഖനം ഇടയാക്കി. നാടോടി സംഗീതമായിരുന്ന സന്തൂറിനെ ഉന്നതമായ കലാരൂപമാക്കി ആസ്വാദക ഹൃദയങ്ങളിൽ സന്നിവേശിപ്പിച്ച് വിശ്വപ്രശസ്തമാക്കിയ സംഗീത വിസ്മയം തന്നെയായിരുന്നു ശിവകുമാർശർമ്മ. മാനവമൈത്രിയ്ക്കായ് നിലകൊണ്ട് വർഗ്ഗീയതകൾക്കെതിരെ സധൈര്യം പ്രതികരിച്ച മനുഷ്യ സ്നേഹിയായിരുന്നു അദ്ദേഹമെന്ന വസ്തുത വ്യക്തിത്വ സവിശേഷതയായി എക്കാലവും തിളങ്ങി നിൽക്കും.'ചുമരും ചിത്രവും' എന്ന പംക്തിയിൽ എ.റഹിംകുട്ടി എഴുതിയ 'ഹരികഥയിലെ ഹർഷ ചരിതം' ആസ്വാദ്യകരമായ വായനയായിത്തീർന്നു. മനോഹരമായ ഭാഷാശൈലി വായനയ്ക്ക് സുഖം പകർന്നു. ഹർഷകുമാറെന്ന പ്രതിഭാധനനായ കാഥികന്റെ നിരവധി കഥകൾ കേട്ട് ആസ്വദിയ്ക്കാൻ എനിയ്ക്കവസരം ലഭിച്ചിട്ടുണ്ട്. സച്ചിദാനന്ദന്റെ 'കൊയ്ത്ത്', ഗണേഷ് പുത്തൂരിന്റെ കാലിക പ്രസക്തമായ 'ദില്ലിയിൽ', ചവറ കെ.എസ്.പിള്ളയുടെ 'വികർണ്ണൻ' എന്നീ കവിതകളും മികവുറ്റതായിരുന്നു.

## നല്ല വായനാനുഭവം, വി. കേശവൻകുട്ടി, വർക്കല

നല്ലൊരു സാഹിത്യ മാസികയാണ് പ്രഭാതരശ്മി. ഇതിൽ ഏറിയപങ്കും സാഹിത്യ വിഭവങ്ങളാണ്. സമ്പന്നവും സുന്ദരവുമായ ഓർമ്മകളിലേക്ക് ചിലവ നമ്മെ കൂട്ടിക്കൊണ്ട് പോകുന്നു. പൊതുവെ കാണാറുള്ള ദുർഗ്രഹതയും ജാടകളും വാചോടപങ്ങളും ഇല്ലെന്ന് തന്നെ പറയാം. അങ്ങനെതന്നെ വേണം. നേരെ ചൊവ്വേ പറയുന്നതിന് പകരം എന്തിന് വളച്ചുകെട്ടണം. എം.ടി.യും ടി.പത്മനാഭനും സാനുമാഷുമൊക്കെ എഴുതുമ്പോൾ തെളി നീരുപോലെയല്ലേ ആശയവും അത് ആവിഷ്ക്കരിക്കുന്ന ഭാഷയും ഒഴുകി എത്തുന്നത്.

വിഖ്യാത സന്തൂർവാദകൻ പണ്ഡിറ്റ് ശിവകുമാർശർമ്മയെക്കുറിച്ചുള്ള എം.എ.ബേബിയുടെ ലേഖനം ഒന്നാംതരം. സച്ചിദാനന്ദന്റെ കവിത 'കൊയ്ത്ത്' എടുത്തുപറയേണ്ട കാവ്യാനുഭവം തന്നെ. .ഇവിടെ മാധവിക്കുട്ടിയെപ്പറ്റി പ്രദീപ് പനങ്ങാടും മാർകേസിനെക്കുറിച്ച് മാങ്ങാട് രത്നാകരനും എഴുതിയത് വായിച്ചപ്പോൾ ഒരു കല്ല് കടിയും ഇല്ല. എത്ര ലളിതമായാണ് അവർ പുതുമയും പഴമയുടെ സുഗന്ധവുമുള്ള കാര്യങ്ങൾ പറഞ്ഞിരിക്കുന്നത്. കെ. ശശികുമാറിന്റെ വിദ്യാധരൻ മാസ്റ്ററുടെ സംഗീത കഥയും നന്ന്. മധു ആലപ്പുഴ തികച്ചും വ്യത്യസ്തനായ ഒരു കാവാലത്തെയാണ് സുന്ദരമായി ആവിഷ്ക്കരിച്ചിരിക്കുന്നത്...



# വാടക വീടുകളുടെ മുറ്റങ്ങൾ

പ്രൊഫ.എം.എൻ.വിജയൻ



വി.എസ്. അനിൽകുമാർ

**പേനയുടെ സമരമുഖങ്ങൾ** എന്നത് സാഹിത്യ വിമർശകൻ കെ.പി. അപ്പന്റെ ചൂടും ചൂരുമുള്ള ഒരു സുന്ദര കല്പനയാണ്. പ്രൊഫ. എം. എൻ. വിജയൻ ജീവിതാന്ത്യം വരെയും പേനയും നാവുംകൊണ്ട് നവീനമായ ആശയ സമരമുഖങ്ങൾ തുറന്ന അധ്യാപകശ്രേഷ്ഠനും വിമർശകനും പ്രഭാഷകനുമായിരുന്നു.

"അച്ഛൻതന്നെ ഫ്രോയിഡിനെക്കുറിച്ച് പറഞ്ഞതുപോലെ പഴയ സംഘങ്ങളിൽ പലരും തള്ളിപ്പറയുകയും പുതിയ സംഘങ്ങൾ രൂപീകൃതമാകുകയും ചെയ്തു. കണ്ണൂരിലെ ധർമ്മടത്തു നിന്നും വാടകവീടുകളിലേക്ക് മാറി മാറി ഒടുവിൽ കൊടുങ്ങല്ലൂരിലെ സ്വന്തം കരുണയിൽ താമസമാക്കിയപ്പോൾ, മുറ്റത്തെ വെയിലിൽനിന്ന് മാറി വരുന്നവർക്ക് ഇരിക്കാനും സംസാരിക്കാനും പറ്റുന്ന ഒരു ചെറിയ ഹാൾപോലുള്ള പൂമുഖം പണിയണമെന്ന് അച്ഛന് ആഗ്രഹമുണ്ടായി. മേൽക്കൂരയ്ക്ക് താഴെ തൊഴിലാളികൾ തറയോടുകൾ പാകിക്കൊണ്ടിരുന്നത് കണ്ടുകൊണ്ടാണ് അന്ന് ശാസ്ത്രസാഹിത്യ പരിഷത്ത് കൊടുത്ത മാനനഷ്ടക്കേസിൽ ഹൈക്കോടതിയിൽനിന്ന് അനുകൂലമായ ഗംഭീര വിധിയുണ്ടായത്. ലോകത്തെ അറിയിക്കാനായി തൃശൂർ പ്രസ്സ് ക്ലബ്ബിലേക്ക് അച്ഛനും കൂട്ടരും പോയത്." ചിന്തകൾ ഉരസിയുയർന്ന ആ ചിതയിലെ വെളിച്ചത്തെ അനുസ്മരിക്കുകയാണ് കഥാകൃത്തായ മകൻ വി.എസ്. അനിൽകുമാർ.

---

ധർമ്മടത്ത്, റെയിൽ പാളങ്ങൾക്ക് വളരെയടുത്തുള്ള 6/106 വീടാണ് ഓർമ്മയിലുള്ള ആദ്യത്തെ വാടകവീട്. അതിനു മുമ്പ് അന്നത്തെ മദ്രാസിലെ റോയപ്പേട്ടയിലുണ്ടായിരുന്ന വാടക വീടിനെക്കുറിച്ച് അച്ഛനും അമ്മയും പറഞ്ഞുള്ള അറിവേയുള്ളു.കാരണം രണ്ട് വയസ്സുവരയേ അവിടെ ജീവിച്ചിട്ടുള്ളു.

സമയത്തും അസമയത്തും കുതിച്ചും കിതച്ചും കൽക്കരിപ്പുകയും മണവും പരത്തിക്കൊണ്ട് കൂകിപ്പായുന്ന തീവണ്ടികൾ ഞങ്ങളുടെ സന്തത സഹചാരികൾആയിരുന്നു. വണ്ടികൾ പോകുമ്പോൾ ഞങ്ങൾഅതിലെ യാത്രക്കാരെ നോക്കി കൈവീശുകയും ഗുഡ്സ് വണ്ടിയുടെ ബോഗികൾ എണ്ണിത്തീർക്കുകയും ചെയ്യും. തീവണ്ടികളെ ആരാധിക്കുന്ന ഒരു കഥാപാത്രമുള്ള "കർമ്മ പരമ്പരയിലെ സുകൃതം" എന്നൊരു കഥ ഞാൻ എഴുതിയിട്ടുണ്ട്.

റോഡിൽ നിന്ന് ഒരു ചെറിയ ഇടവഴിയിലൂടെയും വടക്കുഭാഗത്തുനിന്ന് റെയിൽപ്പാളങ്ങളുടെ അടുത്തു മേട്ടിലൂടെയും ആ വീട്ടിലേക്ക് രണ്ടു വഴികൾ ഉണ്ടായിരുന്നു. ആ വീടാണ് 'കരുണ'യേക്കാൾ എനിക്കിഷ്ടം. ഞങ്ങൾ മൂന്നു കുട്ടികൾ രൂപംകൊണ്ടത് അവിടെ നിന്നാണ്.

ഈ വീട്ടിലേക്ക് അച്ഛനുമായി സംസാരിച്ചിരിക്കാൻ ഡോ.എം.എസ്. മേനോൻ മാഷ്, എ.കെ.നമ്പ്യാർ മാഷ്, അബൂബക്കർ മാഷ്, ഗിൽബർട്ട് മാർക്ക് മാഷ്, എം.പി. കുമാരൻ മാഷ്, ടി.വി. കരുണാകരൻ മാഷ് എന്നിവരൊക്കെയാണ് ഏറ്റവും ആദ്യകാലത്ത് എത്താറ്. ഏട്ടൻ, മാമൻ, വല്ല്യച്ഛൻ തുടങ്ങിയ മലയാള വിളിപ്പേരുകൾ ഞങ്ങളെ ശീലിപ്പിക്കാഞ്ഞതു കൊണ്ടാവും എല്ലാവരെയും മാഷ് ചേർത്താണ് വിളിച്ചിരുന്നത്. അതുകൊണ്ട് ഗിൽബർട്ട് മാർക്ക് എന്ന കോളേജ് ഓഫീസ് സൂപ്രണ്ട് ഞങ്ങൾക്ക് മാർക്ക് മാഷായി. നാണയങ്ങൾ നിലത്ത് കുത്തനെ വിരലുകൊണ്ടമർത്തി നിർത്തി. ക്യാരംസിലെ പോലെ ചൊട്ടി വിടുമ്പോൾ പമ്പരം പോലെ കറങ്ങുന്ന അത്ഭുത വിദ്യ കാണിച്ചു തരുന്ന അബൂബക്കർ മാഷ് ഞങ്ങൾക്ക് 'കാശു തിരി മാഷ്' ആയിരുന്നു.

"എത്ര വാടക വീട്ടിൻ മുറ്റമടിച്ചു ഞാൻ" എന്ന് സുഗതകുമാരിയുടെ ഏതോ ഒരു കവിതയിൽ വരിയുണ്ട്. തലശ്ശേരിയിൽ വെച്ചു അവരുടെ ശബ്ദത്തിൽത്തന്നെ കവിത കേട്ടുകൊണ്ടിരിക്കവേ, വളരെ മുമ്പേ മനസ്സിൽ പതിഞ്ഞ വരിയാണത്. സ്വന്തം വീടു പണിയാത്തവരുടെ നിരാശാ നിശ്വാസം അതിൽ പതിഞ്ഞു കിടക്കുന്നുണ്ട്. പക്ഷെ, ഒരിക്കലും വീടുണ്ടാക്കാൻകഴിയാത്ത അനേകകോടികളുണ്ടെന്ന ബോധം ആ നിരാശയെ നിഷ്കാസനം ചെയ്യാറാണ് പതിവ്. ചെറു മൈതാനങ്ങളും പുൽമേടുകളും ചെറിയകുന്നും തീവണ്ടിപ്പാളങ്ങളും മഴക്കാലത്തെ വെള്ളച്ചാലുകളുമുള്ള ആ പരിസരമാണ് ഞങ്ങളുടെ ആദ്യ കളരി.

മദ്രാസ് ക്രിസ്ത്യൻ കോളേജിൽ നിന്ന്, കണ്ണൂർ സർവ്വകലാശാലയിൽ എത്തിയ സമയംപള്ളിക്കുന്നിൽ ആകാശവാണിയുടെ അടുത്ത്, ഒരു വീടാണ്താമസത്തിനു കിട്ടിയത്. നല്ല സൗകര്യമുള്ള സ്ഥലത്ത് സൗകര്യമുള്ള വീട്. ബസ്സിൽ മൂന്നു കിലോമീറ്റർ പോയാൽ വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർവ്വകലാശാല ആസ്ഥാനത്തെത്താം.

അതിന് മുമ്പു തന്നെ ധർ



എം.എൻ.വിജയനും ഭാര്യ കെ.ശാരദയും

മ്മടത്തു നിന്ന് സ്വയം നിഷ്കാസിതരായിരുന്നു, അച്ഛനുമമ്മയും. അച്ഛനു തൊണ്ടയിൽ ബാധിച്ച അർബുദം എല്ലാവരേയും ഞെട്ടിക്കുകയും ആശങ്കാകുലരാക്കുകയും ചെയ്തിരുന്നു. ചെന്നൈയിൽ, സേലയൂർ മഹാലക്ഷ്മി നഗറിലുള്ള ഞങ്ങളുടെ വാടക വീട്ടിൽ താമസിച്ചു കൊണ്ടാണ് അഞ്ചാറു മാസം നീണ്ടുനിന്ന റേഡിയേഷൻ ചികിത്സ വളരെ ഫലപ്രദമായി അച്ഛൻ പൂർത്തിയാക്കിയത്. ടി.കെ. രാമകൃഷ്ണനും എം.എ.ബേബിയും അവിടെ അച്ഛനെ കാണാൻ എത്തിയിരുന്നു. ചെന്നൈയിലെ അസാധാരണമായ ചൂടിൽ ചില വൈകുന്നേരങ്ങളിൽ പഴുത്തു ചുവന്ന കഴുത്തും വേദനയുമായി മഹാലക്ഷ്മി നഗറിലെ ചിദംബരനാർ തെരുവിലെ രണ്ടാം നമ്പർ വീടിന്റെ മുറ്റത്ത് അച്ഛൻ പതുക്കെ നടക്കാറുണ്ടായിരുന്നു. അതികഠിന നോവുകാലത്തും അസാമാന്യമായ ആത്മധൈര്യമായിരുന്നു, അച്ഛന്. ശാരീരികമായ വേദനകൾ നിരന്തരമായി സഹിച്ചു കൊണ്ടിരുന്നതിനാൽ അതിലൊന്നും അച്ഛന് വലിയ വിഷയമില്ലാതെയായി.

രോഗം മാറി, തിരിച്ച് ധർമ്മടത്തെത്തിയതിനുശേഷം അമ്മയ്ക്ക് അവിശ്വസനീയമായ നിരാലംബത അനുഭവപ്പെട്ടു. ധർമ്മടത്തു നിന്ന് കൊടുങ്ങല്ലൂരേക്ക് മാറാനുള്ള കാരണം ആ നിരാലംബബോധമാണ്. അങ്ങനെ 1999 ജൂലായ് മാസത്തിൽ അവർ കൊടുങ്ങല്ലൂരെ'കരുണ'യിലേക്ക് താമസം മാറ്റി.

തൊണ്ണൂറ്റി ഒന്നിലോ രണ്ടിലോ അച്ഛൻ കൊടുങ്ങല്ലൂരിൽ വീട് പണിയിച്ചിരുന്നു. അങ്ങനെ പണിയുന്ന കാര്യം എന്നോടൊന്നും വലിയ രീതിയിൽ അച്ഛൻ പറയുകയുണ്ടായിട്ടില്ല. ധർമ്മടത്തുള്ള അച്ഛനു വേണ്ടി, ഞങ്ങൾ അമ്മായി എന്നു വിളിക്കുന്ന അച്ഛന്റെ പെങ്ങളുടെ ഭർത്താവാണ് (അമ്മാവൻ) വീടുപണി നടത്തിയത്. അക്കാര്യത്തിൽ അച്ഛന് ഒരു നിർബ്ബന്ധമേ ഉണ്ടായിരുന്നുള്ളൂ എന്നുതോന്നുന്നു. അച്ഛന്റെ വീട്ടിൽ നിന്നും കുറച്ചു മാറി, അതേ പറമ്പിൽത്തന്നെ എല്ലാവരും മഠം എന്നു വിളിച്ചിരുന്ന ഒരു ചെറിയ, ഭംഗിയുള്ള വീടുണ്ടായിരുന്നു. ഞങ്ങൾ കാണുമ്പോൾ, ആരും ഉപയോഗിക്കാത്തതുകൊണ്ട് അവിടം നരിച്ചീറുകൾ താവളമാക്കിയിരുന്നു. ആലത്തൂർ ബ്രഹ്മാനന്ദ ശിവയോഗിയുടെ ശിഷ്യനായിരുന്ന അച്ചാച്ചൻ ആ കാര്യത്തിനു വേണ്ടി ഉപയോഗിച്ചിരുന്ന ഇടമായിരുന്നിരിക്കണമത്. ആ വീട് ഉൾച്ചേർന്നതായിരിക്കണം പുതിയ വീട് എന്ന് അച്ഛന് നിഷ്ക്കർഷയുണ്ടായിരുന്നു എന്നു തോന്നുന്നു.

ഞാൻ കണ്ണൂർ സർവ്വകലാശാലയിലെത്തിയത് അച്ഛനുമമ്മയും കൊടുങ്ങല്ലൂരെത്തി ഏഴ് മാസം കഴിഞ്ഞ് 2000 ജനുവരി അവസാനമാണ്. അച്ഛനുംഅമ്മയും ചിലപ്പോൾകൊടുങ്ങല്ലൂരിൽ നിന്ന് വന്ന് ഞങ്ങളുടെ കൂടെ കുറച്ചു ദിവസം താമസിക്കും. പ്രത്യേകിച്ച്, അച്ഛന് പ്രസംഗ പരിപാടികൾ എന്തെങ്കിലുമുണ്ടെങ്കിൽ അന്നേരം അച്ഛന് ഇവിടത്തെ പഴയസുഹൃത്തുക്കളെയും ശിഷ്യന്മാരേയും കാണാൻ കഴിഞ്ഞു.2006 ഏപ്രിലിൽ എം.പി. കുമാരൻ മാഷ് വിട പറഞ്ഞപ്പോൾ അച്ഛനുമമ്മയും അവസാനമായി ഒന്നു കാണാൻ കാറിൽ തിരക്കിട്ടെത്തി. അപ്പോഴേക്കും മുഴപ്പിലങ്ങാട്ടെ ശ്മശാനത്തിലേക്ക് മൃതദേഹം എത്തിച്ചിരുന്നു. അച്ഛൻ കുമാരൻ മാഷെക്കണ്ട് വല്ലാതെ ഉലഞ്ഞുപോയി.അമ്മ തേങ്ങിത്തേങ്ങി നിലവിളിച്ചു. ധർമ്മടത്തെ ആദ്യത്തെ വാടക വീടിന്റെ മുറ്റം കയറിവരാറുള്ള ആദ്യ ശിഷ്യന്മാരിൽ ഒരാളായിരുന്നു,അദ്ധ്യാപകനും ചരിത്രകാരനും വിവർത്തകനുമായ എം.പി.കുമാരൻ മാഷ്.

എന്റെ ജീവിതത്തിലെ അഞ്ചാമത്തെ വാടക വീടിന്റെ മുറ്റത്ത് അച്ഛൻ ഇരുന്നു വായിക്കുന്നതാണ് ഇവിടെ കൊടുത്തിരിക്കുന്ന ഒരു ഫോട്ടോ.

അച്ഛൻ മുറ്റത്ത് കസേരയിട്ടിരുന്ന് വായിക്കുന്ന ഒരു അപൂർവ്വ ഫോട്ടോ. അപൂർവ്വമെന്നു പറയാൻകാരണമുണ്ട്. അച്ഛൻ ജീവിച്ച വാടക വീടുകൾക്കുംഒടുവിലുണ്ടാക്കിയ സ്വന്തം വീടിനും സാമാന്യം ഭേദപ്പെട്ട മുറ്റങ്ങൾ ഉണ്ടായിരുന്നു. എങ്കിലും ആമുറ്റങ്ങളിൽ വൈകുന്നേരമോ മറ്റോ ഇതുപോലിരുന്ന് കാറ്റ് കൊള്ളുന്നതോ പോക്കുവെയിൽ കായുന്നതോ വായിക്കുന്നതോ വർത്തമാനം പറയുന്നതോ അച്ഛൻ പതിവാക്കിയിരുന്നില്ലെന്നു മാത്രമല്ല, അങ്ങനെചെയ്യാറേയില്ലായിരുന്നു. അതുകൊണ്ട് മുറ്റത്ത് ഉണ്ടായിരുന്ന ചൂരൽക്കസേരയിൽ ഒരാഴ്ചപ്പതിപ്പുമായി അച്ഛനിരുന്നപ്പോൾ അതൊരു പുതിയ കാഴ്ചയായി. അതാണ് ഞാൻ ഫോട്ടോ എടുത്തത്. എനിക്ക് പണ്ട് കിട്ടിയ വിഷുക്കൈനീട്ടവും ബാക്കി അച്ഛന്റെ ഉദാരമായ സംഭാവനയും കൊണ്ട് 1978 ൽ തലശ്ശേരിയിലെ ഇന്നില്ലാത്ത 'ഗോഡ് സൺ' സ്റ്റുഡിയോവിൽ നിന്ന് 2000 രൂപയ്ക്ക് (പവന് അന്ന് 548 രൂപ) വാങ്ങിയ യാഷിക്ക ഇലക്ട്രോ 35 ക്യാമറയിലാണ് ഈ ഫോട്ടോ എടുത്തത്. 44 കൊല്ലത്തിനുശേഷവും ആ ക്യാമറ എന്റെ കയ്യിലുണ്ട്.

ധർമ്മടത്തെ 6/106 എന്ന



കുടുംബം: ഭാര്യ ശാരദ, എം.എൻ.വിജയൻ മക്കൾ സുനീത, അനിൽകുമാർ, സുജാത




വീട്ടുമുറ്റത്ത് ചൂരൽ കസേരയിൽ ഒരാഴ്ചപതിപ്പുമായി അച്ഛൻ: മകൻ വി.എസ്.അനിൽകുമാർ പകർത്തിയത്

മേൽവിലാസമുള്ള വീടിന്റെ മുറ്റം കയറിയാണ് ജി. ശങ്കരക്കുറുപ്പും എൻ. വി. കൃഷ്ണവാര്യരും ആറ്റൂരും വിഷ്ണുനാരായണൻ നമ്പൂതിരിയും ജി.എൻ പിള്ളയുമൊക്കെ വന്നിരുന്നത്. ജി. എൻ. പിള്ളയൊഴിച്ച് ബാക്കിയുള്ളവർ കേരള സാഹിത്യ സമിതിയുടെ തലശ്ശേരി ശാഖാ വാർഷികത്തിന് എത്തുന്നവരാണ്. ജി. എൻ. പിള്ളയാകട്ടെ ശനിയാഴ്ച വൈകുന്നേരം വന്നാൽ തിങ്കളാഴ്ച രാവിലെയാണ് തിരിച്ചു പോവുക.

ആ വീടിന്റെ മൂന്നു ഭാഗത്തും മുറ്റമുണ്ടായിരുന്നു. അത് ഞങ്ങൾ കുട്ടികൾക്ക് ഗോട്ടിയും സിർക്കയും ആകാശവും ഭൂമിയും ക്രിക്കറ്റും ഫുട്ബോളും നാടകവും കളിക്കാനുള്ള ഇടങ്ങളായിരുന്നു. തുമ്പു കെട്ടിയ മുറ്റത്തിനപ്പുറം പറമ്പിൽ അച്ഛൻ നെല്ലും കപ്പയും വാഴയും വെണ്ടയുമൊക്കെ കൃഷി ചെയ്തു. മാവും തെങ്ങും സപ്പോട്ടയും ബില്ബിയും അരിനെല്ലിയും പേരയും പ്ലാവുമൊക്കെ വെച്ചുപിടിപ്പിച്ചു. ഓല മേഞ്ഞവീട് വർഷാവർഷം പുതുക്കിമേയുമ്പോൾ മുറ്റം മുഴുവനും മെടഞ്ഞ പുതിയ ഓലക്കെട്ടുകൾ കൊണ്ടും കരിച്ചോല കൊണ്ടും മൂടും. അന്ന് മേയാൻ വരുന്ന കരുണേട്ടന്റെയും രോഹിണിയേച്ചിയുടേയും കൂടെ ഞങ്ങളും കഞ്ഞിയും ചെറുപയറുകറിയും കഴിക്കും.

1980 ൽ ആണ് ധർമ്മടത്തു തന്നെ മീത്തലെപ്പീടികയിൽ നിന്ന് പരീക്കടവിലേക്ക് പോകുന്നിടത്തെ ‘കരുണ’ എന്ന വാടക വീട്ടിലേക്ക് മാറിയത്. ചെറിയ മുറ്റം തുമ്പു മാറ്റി അച്ഛൻ തന്നെ വലുതാക്കി. പഴയ വീട്ടിലേതെന്നപോലെ അവിടേയും മരങ്ങളും ചെടികളും വെച്ചുപിടിപ്പിച്ചു. ഏഴെട്ടു വർഷങ്ങൾ ഇരിക്കാൻ പോലും കഴിയാതെ ഭഗന്ദരം കൊണ്ട് അച്ഛൻ വലഞ്ഞു. താനുണ്ടാക്കിച്ച മുറ്റത്ത് ഒന്നുലാത്താനുള്ള ആരോഗ്യം പോലും അച്ഛന് പലപ്പോഴും ഉണ്ടായിരുന്നില്ല. സുഹൃത്തുക്കളും ശിഷ്യരും ഇടവഴിയിലെ പടികൾ കയറി, മുറ്റം കടന്ന് എന്നും വരും. ഇരിക്കാൻ സ്ഥലമില്ലാതാകുമ്പോൾ ആദ്യം വന്നവർ പതുക്കെ മുറ്റത്തേക്കും ഇടവഴിയിലേക്കും മാറി നില്ക്കും.



ഒരു സാഹിത്യ കൂട്ടായ്മ: ഒ.വി. വിജയൻ, എം.എൻ. വിജയൻ, വൈക്കം മുഹമ്മദ് ബഷീർ, എം. ടി. കുമാരൻ

ഈ കാലത്താണ് കേസരി. എ. ബാലകൃഷ്ണപിള്ളയുടെ കൃതികൾ സമാഹരിക്കുന്ന ഭഗീരഥയത്നം നടക്കുന്നത്. ഡോ. യു.വി.കുമാരൻ, സി.കൃഷ്ണദാസ് എന്നീ ശിഷ്യന്മാരാണ് നൂറുക്ക് നൂറും ഇക്കാര്യത്തിൽ അച്ഛന്റെ സഹായത്തിനുണ്ടായിരുന്നത്. ലേഖനങ്ങൾ പകർത്തിയെടുത്ത് തളരുമ്പോൾ ഇവർ രണ്ടു പേരും മുറ്റത്തേക്കിറങ്ങി നില്ക്കും. ഡോ. ടി.പി.സുകുമാരൻ മാഷും അച്ഛനെ പിന്തുണച്ചു.

കൊടുങ്ങല്ലൂരിലെ 'കരുണ' യിലേക്ക് റോഡിൽ നിന്ന് നീളമുള്ള ഒരു നടവഴി ഉണ്ട്. അതിന്റെ ഇരുവശത്തും കവുങ്ങുകൾ വെച്ച് പിടിപ്പിക്കാൻ അച്ഛൻ ശ്രമിച്ചു. കുറേയെണ്ണം പിടിച്ചു കിട്ടി. മുന്നിലത്തെ മുറ്റത്തിന് തൊട്ടുപുറത്ത്, എന്റെ വീട്ടുകാരി സാവിത്രി ടീച്ചറുടെഏച്ചി, രേവതിയേച്ചിയുടെ, കണ്ണൂരെ ആറാംകോട്ടം എന്ന സ്ഥലത്തെ വീട്ടിൽ നിന്ന് തേൻവരിക്കയുടെ ചക്കക്കുരു കൊണ്ടുപോയി നട്ടു. അച്ഛൻ പോയ കൊല്ലമാണ് അത് ആദ്യമായി കായ്ച്ചത്.



പ്രൊഫ.എം.എൻ.വിജയൻ

രാഷ്ട്രീയമായ സംവാദങ്ങൾ കനത്ത കാലമാണത്. അച്ഛൻ തന്നെ ഫ്രോയിഡിനെക്കുറിച്ചു പറഞ്ഞ പോലെ, പഴയ സംഘങ്ങളിൽ പലരും തള്ളിപ്പറയുകയും പുതിയ സംഘങ്ങൾ രൂപീകൃതമാവുകയും ചെയ്തു. മുറ്റത്തെ വെയിലിൽ നിന്ന് മാറി വരുന്നവർക്ക് ഇരിക്കാനും സംസാരിക്കാനും പറ്റുന്ന ഒരു ചെറിയ ഹാൾ പോലുള്ള പൂമുഖം പണിയണമെന്ന് അച്ഛന് ആഗ്രഹമുണ്ടായി. മേൽക്കൂരയ്ക്കു താഴെ തൊഴിലാളികൾ തറയോടുകൾ പാകിക്കൊണ്ടിരിക്കുന്നത് കണ്ടു കൊണ്ടാണ് അന്ന് ശാസ്ത്രസാഹിത്യ പരിഷത്ത് കൊടുത്ത മാനനഷ്ടകേസിൽ ഹൈക്കോടതിയിൽ നിന്ന് അനുകൂലമായ ഗംഭീര വിധിയുണ്ടായത് ലോകത്തെ അറിയിക്കാനായി തൃശൂർ പ്രസ് ക്ലബ്ബിലേക്ക് അച്ഛനും കൂട്ടരും പോയത്.

# അജന്ത




**കുരീപ്പുഴ ശ്രീകുമാർ**
**കവിത**




പ്രഭാതം പ്രകാശപ്പെരുന്തച്ചനെത്തി
പ്രജാക്ഷേമകാര്യം നിരീക്ഷിച്ചനേരം
ഇറങ്ങുന്നു ഞങ്ങൾ ചരിത്രം ശിരസ്സിൽ
മുടിച്ചേല ചാർത്തിക്കുമൗറംഗബാദിൽ

വയൽ, ഉള്ളി ചുമ്മുന്ന സ്ത്രീകൾ, കിടാങ്ങൾ
മുയൽ ആമയെത്തേടിയോടും വരമ്പ്
കുയിൽപ്പാട്ടിനൊത്താടി നിൽക്കും മരങ്ങൾ
വെയിൽ റൊട്ടി ചുട്ടു ചിരിക്കുന്നിടങ്ങൾ

ശിലാവിസ്മയത്തിൻ വിളംബരം പോലെ
കലാവിദ്യ കാലങ്ങൾ പിന്നിട്ടജന്ത
വിയർക്കുന്ന മുത്തച്ഛരെത്ര കൺമുന്നിൽ
നമിക്കുന്നു രാജേന്ദ്രസിംഹാസനങ്ങൾ

ശയിക്കുന്ന ബുദ്ധൻ, വിനീത സുജാത
കയർക്കും ഗജങ്ങൾ, മഹാപത്മപാണി
പറക്കുന്ന കിന്നരീവൃന്ദം, കരിങ്കൽ-
തുറക്കുന്നു ധ്യാനസ്ഥസംഗീത നേത്രം


ഗുഹയ്ക്കുള്ളിൽ വാതുക്കൽ നിൽക്കും വെളിച്ചം
പ്രതിധ്വനി, ഞാനൊന്നിരുന്നൽപ്പനേരം
ചുവയ്ക്കുന്നു നാവിൽ മറക്കാക്കവിത
ഇമ കൂട്ടിമുട്ടി ഞാൻ ചൊല്ലിത്തുടങ്ങി

"കടക്കോഴി കൂവിത്തെളിക്കും പ്രഭാതം
കടത്തോക്കുപൊട്ടുന്ന യുദ്ധപ്രദേശം
കടം കൊണ്ട മിക്സി കടം കൊണ്ട സ്കൂട്ടർ
കടം വന്നു മൂടുന്നു കണ്ണും മനസ്സും"

പൊലിഞ്ഞെന്റെ കാവ്യപ്രദീപം, നിറുത്തീ
പുറത്തൊരാൾക്കൂട്ടം തൊഴുതു നിൽക്കുന്നു
അവർ ഭക്തി മൂത്ത മനസ്സോടെ മുന്നിൽ
പണം വച്ചു കൈകൂപ്പി വന്ദിച്ചിടുന്നു!



മാങ്ങാട് രത്നാകരൻ
യാത്ര



***കോ**ഴിക്കോട് മാനാഞ്ചിറ സ്ക്വയറിനോട് തൊട്ട് മലയാളത്തിന്റെ പ്രിയപ്പെട്ട ആ അജസുന്ദരിയെ കാണാം. ബാല്യകാലസഖിയും ശബ്ദങ്ങളും സ്റ്റൈലായി ചവച്ചുതിന്ന പാത്തുമ്മയുടെ ആടിനെ. സ്ക്വയറിനുള്ളിലെ പൂന്തോട്ടത്തിൽ ആനവാരി രാമൻനായരും പൊൻകുരിശ് തോമയും-ബഷീറിന്റെ അനശ്വര കഥാപാത്രങ്ങളിലെ ഇണപിരിയാത്ത കൂട്ടുകാർ.*

*വൈക്കം മുഹമ്മദ് ബഷീർ-കോഴിക്കോട്ടുകാർക്ക് വിശേഷിച്ചും മധുരസ്മൃതിയാണ്, അന്നും ഇന്നും. കഥാകാരനെക്കാൾ പേരുകേട്ട കഥാപാത്രങ്ങൾ, കഥാപാത്രങ്ങളെക്കാൾ പേരുകേട്ട കഥാകാരൻ. വൈക്കംതാലൂക്കിലെ തലയോലപ്പറമ്പിൽ നിന്നും ബഷീർ എന്തിന് കോഴിക്കോട്ടു വന്നു? ദേശീയ പ്രസ്ഥാനം കത്തിജ്ജ്വലിച്ച മുഹൂർത്തത്തിൽ സ്വാതന്ത്ര്യത്തിനായുള്ള ഉൽക്കടമായ ആഗ്രഹം ബഷീറിന്റെ കാലുകളെ കോഴിക്കോട്ടെത്തിച്ചു.*


*ബഷീറിന്റെ കാല്പാടുകൾ പതിഞ്ഞ വഴിയിലൂടെ എം.എൻ. കാരശ്ശേരിയോടൊപ്പം നടന്നു. കാരശ്ശേരി ഒരു ബഷീർ വിജ്ഞാന കോശമാണ്. ബഷീറിനെക്കുറിച്ച്, ബഷീർ സാഹിത്യത്തെക്കുറിച്ച്, എന്തെങ്കിലും സംശയം ചോദിച്ചാൽ ഉറക്കത്തിലാണെങ്കിൽപോലും മറുപടി കിട്ടും. ബഷീറിന്റെ സുഹൃത്തും ബഷീർ നിരൂപകനും ബഷീറിന്റെ ആധികാരിക ജീവചരിത്രകാരനുമായ കാരശ്ശേരി ഒരു ബഷീർ നിഘണ്ടുവിന്റെ പണിപ്പുരയിലാണ്. ബഷീർ സ്മരണകളുടെ വഴിയിലൂടെ കാരശ്ശേരിയുടെ കൂടെ സഞ്ചരിച്ചു.*




**വൈക്കം മുഹമ്മദ് ബഷീർ ജീവിതത്തെ അനന്തമായ പ്രാർത്ഥനയായി കണ്ടു. ആ സർഗ്ഗജീവിതം ഓർമ്മയായിട്ട് ജൂലൈ 5 ന് 28 വർഷം തികഞ്ഞു. ഓർമ്മകളുടെ അറകളിൽ ഇന്നും സ്നേഹ ജ്വാലയാണ് ബഷീർ**

# ഉമ്മിണി ബല്യ ഒരാളുടെ ഓർമ്മയിൽ വീണ്ടും

**എം.എൻ.കാരശ്ശേരി**: ബഷീർ ഒമ്പതാം ക്ലാസിൽ പഠിക്കുന്ന കാലത്താണ്, ഫിഫ്ത്ത് ഫോറം എന്നാ ണു പറയുക, ആ കാലത്താണ് വൈക്കം സത്യഗ്രഹം. അവിടത്തെ പന്തലിൽ ചെന്നിരിക്കുന്നുണ്ട് ബഷീർ. അപ്പോൾ ഹെഡ്മാസ്റ്റർ ചോദിക്കും, നിനക്ക് എന്താടാ അവിടെ കാര്യം, നീ എന്തിനാണ് ഇത്രയും കട്ടിയുള്ള ഖദർ ഇടുന്നത്, നിന്റെ ബാപ്പ ഇതുമാതിരി ഇട്ടിട്ടുണ്ടോ എന്നെല്ലാം. ഹെഡ്മാഷ് ഇതൊക്കെ പറഞ്ഞ് അടിക്കുന്നുണ്ട്. ഇനി നീ ആ പന്തലിൽ പോയാൽ നിന്നെ സ്കൂളിൽ നിന്ന് പുറത്താക്കും എന്നും പറയുന്നു. ബഷീർ പിറ്റേന്നും പോയി. ഇത്രയും കാര്യങ്ങൾ 'അമ്മ' എന്ന ചെറുകഥയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സത്യഗ്രഹപ്പന്തലിൽ പോയ വകയിൽ സ്കൂളിൽ നിന്ന് ബഷീറിനെ പുറത്താക്കി. പിന്നെ 1926 തൊട്ട് 1930 വരെ ബഷീറിനെ ചരിത്രത്തിൽ കാണാനില്ല. എന്താണ് സംഭവമെന്നുവച്ചാൽ ആ കാലത്ത് അദ്ദേഹത്തിന് ഒരു പ്രണയനൈരാശ്യം ഉണ്ട്, പിന്നെ അലച്ചിലുണ്ട്. പിന്നെ അവിടെ തൊട്ടടുത്ത് എ.ജെ. ജോൺ, കെ.ആർ.നാരായണൻ (നമ്മുടെ രാഷ്ട്രപതിയായിരുന്ന കെ.ആർ.നാരായണൻ അല്ല, എസ്.എൻ.ഡി.പി നേതാവും ശ്രീമൂലം സഭയിൽ മെമ്പറുമൊക്കെയായിരുന്ന കെ.ആർ.നാരായണൻ) അപ്പോൾ അങ്ങനെയൊരു ആക്ടിവിസ്റ്റായ ബഷീർ ചെറുപ്പത്തിൽ തന്നെയുണ്ട്. ഉപ്പുസത്യഗ്രഹം നടക്കാൻ പോകുന്നു, മുഹമ്മദ് അബ്ദുറഹിമാന്റെ നേതൃത്വത്തിൽ കോഴിക്കോട്ട് വലിയ സ്വാതന്ത്ര്യസമര പ്രവർത്തനങ്ങൾ നടക്കുന്നുണ്ട് എന്നൊക്കെ അദ്ദേഹം കേൾക്കുന്നുണ്ട്. മാത്രമല്ല, വൈക്കം സെയ്ദ്മുഹമ്മദ് എന്നൊരാൾ അന്ന് ഇവിടെ അബ്ദുറഹിമാന്റെ കൂടെ പ്രവർത്തിക്കുന്നുണ്ട് എന്നെല്ലാം അറിയുന്നുണ്ട്. 1930-ലാണ് ബഷീർ കോഴിക്കോട്ടു വരുന്നത്. വരുന്നത് അൽഅമീൻ ലോഡ്ജിലേക്കാണ്. അന്വേഷിച്ചപ്പോൾ സെയ്ദു മുഹമ്മദ് ജയിലിലാണ്. അവിടെ അബ്ദു റഹിമാനും മൊയ്തുമൗലവിയുമൊന്നും ഇല്ല. വന്നപ്പോൾ കൈയിൽ കാശൊന്നുമില്ല. ഭക്ഷണം കഴിച്ചിട്ടില്ല. അവിടെ ഒരു കോഴിക്കൂട്ടിൽ കിടന്നുറങ്ങുകയാണ്. അബ്ദുറഹിമാൻ വന്ന് ടോർച്ച് അടിക്കുമ്പോൾ അതിന്റെ വെട്ടത്തിൽ ഉണരുന്നു. ആരാണ് എന്നുചോദിക്കും. പറഞ്ഞാൽ അറിയില്ല. ആരാണ് പറയൂ? തെക്കുനിന്നുവന്നയാളാണ്. ഉടനെ അബ്ദുറഹിമാൻ ചോദിച്ചു, ആഹാരം കഴിച്ചതാണോ? പിറ്റേന്ന് ഇവരുടെ കൂടെ ഉപ്പുസത്യഗ്രഹത്തിൽ പങ്കെടുത്ത കോഴിക്കോട് കടപ്പു


എം.എൻ.കാരശ്ശേരി



പഴയ ഒരു കുടുംബചിത്രം: ബഷീർ, ഭാര്യ ഫാബി, മകൾ ഷാഹിന, മകൻ അനീസ്

റത്തുനിന്ന് ബഷീറിനെ അറസ്റ്റു ചെയ്യുന്നു, അദ്ദേഹത്തെ പുതിയറ സബ്ജയിലിൽ പാർപ്പിക്കുന്നു. അവിടെനിന്ന് കേസ് എടുത്തിട്ട് മൂന്നുമാസം കഠിനതടവിന് ശിക്ഷിച്ച് കണ്ണൂർ സെൻട്രൽ ജയിലിൽ അടക്കുന്നു. അതു പൂർത്തിയാക്കുന്നതിനുമുമ്പേ ഗാന്ധി-ഇർവിൻ സന്ധിയുടെ അടിസ്ഥാനത്തിൽ മോചിപ്പിക്കുന്നു. ഇതാണ് ബഷീറിന്റെ നമ്മൾ അറിയുന്ന പ്രകടമായ രാഷ്ട്രീയ പ്രവർത്തനത്തിന്റെ ആരംഭം. ഞാൻ എപ്പോഴും ഓർക്കുന്ന ഒരു കാര്യം, ആഹാരം കഴിച്ച താണോ എന്ന് ഒരു പരിചയവുമില്ലാത്ത ഒരാളോട് അബ്ദുറഹിമാൻ ചോദിച്ചത് ബഷീറിന്റെ മനസ്സിൽ കിടന്നു എന്നാണ് ഞാൻ വിചാരിക്കുന്നത്. അനവധി കൊല്ലം കഴിഞ്ഞ് 1970-ലാണ് ഞാൻ ബഷീറിനെ അടുത്തു കാണുന്നത്, പിന്നെ 94-ൽ ബഷീറിന്റെ മരണം വരെ. ആ കാലത്തൊക്കെ അദ്ദേഹം ഒന്നു പറഞ്ഞ് രണ്ടാമത് ചോദിക്കും, ആഹാരം കഴിച്ചതാണോ?

*ബേപ്പൂരിലെ വൈലാലിൽ വീട്ടിലേക്കുള്ള വഴി പണ്ടേ ഹൃദിസ്ഥമാണ്. ബഷീറിനെ കാണാനായുള്ള യാത്രകൾക്ക് കാൽനൂറ്റാണ്ടിന്റെപഴക്കമുണ്ട്. എന്നിട്ടും വഴിതെറ്റി. ബേപ്പൂർ ആകെ മാറിയിരിക്കുന്നു. പൊതുവേ മാറ്റം വരാറില്ലാത്ത കടൽത്തീരം പോലും മാറിയിരിക്കുന്നു. ഒരു സായാഹ്ന വിശ്രമകേന്ദ്രമാണ് പുതിയ ബേപ്പൂർ കടൽത്തീരം. ബഷീർ സ്മൃതി അയവിറക്കുന്നതായി തോന്നിയ ആടുകളെയും കണ്ടു.*

*വൈലാലിൽ വീടിന്റെ പൂമുഖത്ത് ബഷീറിന്റെ ഭാര്യ ഫാബി ബഷീർ കാത്തിരിപ്പുണ്ടായിരുന്നു, മകൻ അനീസ് ബഷീറും.പഴയ സ്വീകരണമുറി ഇപ്പോൾ ബഷീർ മ്യൂസിയമാണ്. ബഷീറിന്റെ ചിത്രങ്ങൾ, കഥാപാത്രങ്ങളുടെ രേഖാചിത്രങ്ങൾ, ബഷീർ ഉപയോഗിച്ച വസ്തുക്കൾ, ബഷീറിന്റെ പുസ്തകങ്ങൾ, പ്രസിദ്ധമായ ആ ചാരുകസേര, സൈഗളും പങ്കജ്മല്ലിക്കും സ്വരരാഗസുധ ചൊരിഞ്ഞ ഗ്രാമഫോൺ.*


*ഫാത്തിമാബിഎന്ന ഫാബി ആത്മകഥയ്ക്ക് പേരിട്ടിരിക്കുന്നത് ബഷീറിന്റെ എടിയേ...എന്നാണ്. ചോരയും നീരുമുള്ള ഒരു പച്ചമനുഷ്യന്റെ ജീവിതത്തെക്കുറിച്ചും തന്നെക്കുറിച്ചുമുള്ളപച്ചയായ തുറന്നു പറച്ചിൽ. മനോവിഭ്രാന്തി പിടിപെട്ട ഒരു ഘട്ടത്തിൽ ഭ്രാന്താശുപത്രിയിലെ ഭ്രാന്തന്മാരെ ചൂണ്ടിക്കാട്ടി ബഷീർ ഫാബിയോട് ഇങ്ങനെ പറഞ്ഞു."ഇവർക്കൊന്നും ഭ്രാന്തില്ല, ഉള്ളത് ജീവനാണ്. നല്ല ഒന്നാന്തരം ജീവൻ. ചിന്തിക്കുന്ന മനുഷ്യന്റെ പിടച്ചിലാണ് ഭ്രാന്ത്."*

*ബഷീർ സുഹൃത്തുക്കളോടൊപ്പം പെണ്ണുകാണാൻ വന്ന മുഹൂർത്തം അതിന്റെ വിശദാംശങ്ങളോടെയും മിഴിവോടെയും ഫാബി ഓർമ്മിച്ചു. വായിച്ചും കേട്ടും ബഷീറിനെ ഫാബി അന്നാണു നേരിൽ കാണുന്നത്.*

**ഫാബി ബഷീർ**: ഒരാൾ കല്യാണപ്പെണ്ണ് കാണാൻ വരുന്നുണ്ട് എന്നുപറഞ്ഞു, ഞാൻ പറഞ്ഞു, അതൊന്നും ഇപ്പോൾ വേണ്ട. സുപ്രസിദ്ധ കഥാകൃത്ത് വൈക്കം മുഹമ്മദ് ബഷീർ. ഇദ്ദേഹത്തെ കാണാനുള്ള ആഗ്രഹമുണ്ടല്ലോ നമുക്ക്, എപ്പോഴും. ബഷീർ പറഞ്ഞു, എനിക്ക് കുറച്ച് പ്രായമുണ്ട്, പിന്നെ കുറെ കഥകളൊക്കെ പറഞ്ഞിട്ട്, എനിക്കൊരു കല്യാണമൊക്കെ കഴിച്ചാൽകൊള്ളാന്നുണ്ട്. അത് കോഴിക്കോട്ട് നിന്നാവണം. അപ്പോൾ ഉടനെ വിളിച്ചു, എടാ ദേവാ വേഗം ഇങ്ങോട്ട് ഇറങ്ങിവാടാ എന്നു പറഞ്ഞിട്ട്, നീ ഞങ്ങൾ രണ്ടുപേരും നിൽക്കുന്നത് വരക്കൂ, അപ്പോൾ എനിക്ക് അങ്ങനെ വെറക്കുന്നു. കാതിൽ ഒന്നുമില്ലല്ലോ, കഴുത്തിൽ ഒന്നുമില്ലല്ലോ... ദേവനോടു അതുപോലെ രണ്ടുപേരെയും വരയ്ക്കാൻ പറഞ്ഞു.

*ബഷീറിന്റെ മകൾ ഷാഹിന പ്രിയപ്പെട്ട ടാറ്റയുടെ പുന്നാര മകളാ യി ജീവിച്ച അനുഭവം ബഷീറിയൻ ഫലിതചാരായയോടെ പറഞ്ഞു.*

**ഷാഹിന**: സാധാരണ എല്ലാ വീട്ടിലും ഉള്ളതുപോലെ തന്നെയാണ് ഞങ്ങളും വളർന്നിരുന്നത്. അങ്ങനെ പ്രത്യേകമായി ഒന്നുമുണ്ടായിരുന്നില്ല, ഇപ്പോഴുമില്ല. അന്ന് വ്യത്യസ്തമായ ജീവിതം ജീവിച്ചിരുന്നു എന്ന് ഇപ്പോൾ കുറച്ച് മുതിർന്നതിനു ശേഷമാണ് തോന്നുന്നത്. അച്ഛന് എന്താണ് ജോലി എന്ന് ചോദിക്കുമ്പോൾ എഴുത്താണ് എന്ന് പറയുമ്പോൾ, എഴുത്തുകാരൻ എന്നത് ആ കാലത്ത് അത്രയും അങ്ങോട്ട് വിപുലമായിട്ട് വന്നിട്ടില്ലല്ലോ, എല്ലാവർക്കും ഒരത്ഭുതം, അത്ഭുതമല്ല, ഓ ഇത്രയേ ഉള്ളോ എന്നൊരു... എഞ്ചിനീയറും ഡോക്ടറും ഒന്നും അല്ലല്ലോ. എന്റെ കൂടെ പഠിക്കുന്ന അധികം



സഹോദരൻ അബു എന്ന അബൂബേക്കറുമൊത്ത്

കുട്ടികളും വലിയ ആൾക്കാരുടെ മക്കൾ ആകുമ്പോൾ ഒരു ചമ്മലായിരുന്നു എഴുത്തുകാരനെന്ന് പറയുന്നത്. ഇപ്പോഴാണ് അതിന്റെ വലിപ്പമൊക്കെ അറിയുന്നത്.

*ഷാഹിന എഴുതിയിരുന്നു, പിന്നെ എഴുതാതെയായി. ചോദിച്ചപ്പോൾ കിട്ടിയ ഉത്തരം രസകരമായിരുന്നു.*

**ഷാഹിന**: എഴുതണമെന്നൊക്കെ തോന്നുന്നുണ്ട്, എഴുതുമായിരിക്കും, കുറച്ചുകൂടി കഴിയേണ്ടിവരും. എനിക്ക്ഭയമാണ്, എന്തെന്നാൽ ഞാൻ ബഷീറിന്റെ മോളല്ലേ, ബഷീറിനോടാണല്ലോ നമ്മളെ താരതമ്യപ്പെടുത്താൻ പോകുന്നത്. അതുകൊണ്ട് എനിക്ക് ശരിക്കും പേടിയാണ്. വേണ്ട, ആ പരിപാടി വേണ്ട, ബാക്കിയൊക്കെ ചെയ്യാം എന്ന്. എന്നോട് കാണുന്നവരൊക്കെ ചോദിക്കും, എഴുതുവോ, എന്ന് ഞാൻ പറയും, എഴുത്തൊക്കെ ബിൽ എഴുതി തീർന്നുപോയി. എഴുതുമായിരിക്കും, എഴുതണമെന്നുണ്ട്.

*ബഷീർ ഈ പ്രപഞ്ചത്തിൽ ലയിച്ചിട്ട് ഇരുപതാണ്ടായെങ്കിലും കോഴിക്കോട്ട് സമുചിതമായ ഒരു സ്മാരകം ഇനിയും ഉയർന്നിട്ടില്ല. ഒരടി മുന്നോട്ട്, രണ്ടടി പിന്നോട്ട് എന്നപോലെയാണ് കാര്യങ്ങളുടെ കിടപ്പ്. കഴിഞ്ഞ ഇടതുമുന്നണി സർക്കാരിന്റെ കാലത്ത് ബജറ്റ് അവതരിപ്പിച്ചുകൊണ്ട് ഡോ. തോമസ് ഐസക് നല്ലൊരു തുക സ്മാരകത്തിനായി അനുവദിച്ചിരുന്നു. ബഷീറിന്റെ മകൻ അനീസ് ബഷീറിനോട് അക്കാര്യമാണ് തിരക്കിയത്.*

**അനീസ് ബഷീർ** : എന്താണെന്ന് അറിയില്ല. ഇരുപതുവർഷമായിട്ട് അങ്ങനെയൊന്നും നടന്നില്ല. ആരും നോ പറയാത്ത ഒരു കാര്യമാണ്. ഇടതുപക്ഷമായാലും വലതുപക്ഷമായാലും ബിജെപി യായാലും ആരും നോ പറയാത്ത ഒരു കാര്യം. എന്താണ് യഥാർത്ഥത്തിൽ കാര്യമെന്ന് അറിയില്ല. അതിന് ഒരു മുടക്കം പോലെ നീണ്ടുപോവുകയാണ്. വീട് തന്നെ അദ്ദേഹത്തിനുവേണ്ടി നീക്കിവച്ചിരിക്കുകയാണ്. ഇവിടെ വരുന്ന ആളുകൾക്കുവേണ്ടി ചെറിയൊരു മ്യൂസിയം പോലെ ആക്കിയിട്ടുണ്ട്. ഇപ്പോൾത്തന്നെ എനിക്ക് തോന്നുന്നു ഇരുപതിനായിരത്തോളം ആൾക്കാർ ഇവിടെ വിസിറ്റ് ചെയ്തുകഴിഞ്ഞു. നമ്മൾ ഒരുക്കിയ ഈ ഒരു ചെറിയ സെറ്റപ്പിൽ ഉള്ള മ്യൂസിയം. വിപുലമാക്കാൻ കഴിയില്ല. ഇപ്പോഴും കുട്ടികൾ വരച്ചുകൊണ്ടുവരുന്ന ചിത്രങ്ങളൊക്കെ നമ്മൾ ഇവിടെ സൂക്ഷിക്കുകയാണ്. അവർക്ക് അതൊരു വലിയ കാര്യമാണ്. നമ്മുടെ വീട്ടിൽ ഡിസ്പ്ലേ ചെയ്യുക എന്നത്. അതിന് കഴിയില്ല. കാരണം ഇനി സ്ഥലമില്ല. അതിനായി ഒരു വലിയ സെറ്റപ്പ് വേണമെന്നുണ്ട്. അല്ലാതെ ബഷീറിനെപ്പോലത്തെ ഒരാൾക്ക് അങ്ങനെയൊരു വലിയ സ്മാരകം വേണമെന്ന് നമുക്ക് തോന്നിയിട്ടില്ല. പക്ഷേ ഈ ശേഷിപ്പുകൾ നശിച്ചുപോവുക എന്നുപറഞ്ഞാൽ അതൊരു വൻനഷ്ടം തന്നെയാണ്.

*ബഷീറിന്റെ നിഴലും വെളിച്ചവുമായ പുനലൂർ രാജനെപ്പറ്റിയും രാജന്റെ ബഷീർ ചലന-നിശ്ചലദൃശ്യങ്ങളെക്കുറിച്ചും യാത്രയിൽ മുമ്പ് അടയാളപ്പെടുത്തിയിരുന്നു. എഴുപതുകളിലെ ബഷീറിനെനാം ഇന്നും കൺമുന്നിൽ കാണുന്നതിന് രാജനോട് കടപ്പെട്ടിരിക്കുന്നു. താരതമ്യപ്പെടുത്താമെങ്കിൽ ഹെൻറി കാർതിയെ ബ്രസ്സന് ജിയാകോമെറ്റിയും നിമായ് ഘോഷിന് സത്യജിത് റായിയും പോലെയായിരുന്നു പുനലൂർരാജന് ബഷീർ. ഫോട്ടോ എടുത്തെടുത്താണ് തന്റെ മുഖം തേഞ്ഞുപോയതെന്ന് ബഷീർ പറഞ്ഞ തമാശ കാര്യമായെടുത്താൽ, മുഖ്യപ്രതി ഈ മനുഷ്യനാണ്.*

*ബഷീറിന്റെ ബാല്യകൗമാര സ്മൃതികളിൽ നിറഞ്ഞുനിൽക്കുന്ന തലയോലപ്പറമ്പിലേക്ക് പോയി. മൂവാറ്റുപുഴയാറിന്റെ തീരത്തെ ഈ ഗ്രാമം ഇന്ന് ചെറുപട്ടണമായി മാറിയിരിക്കുന്നു. സുഹൃത്തുക്കളായ ബഷീർ ആരാധകർ അബ്ദുൾ ആപ്പാൻചിറയും പി.ജി. ഷാജിമോനും കൂടെവന്നു. ബഷീർ പഠിച്ച പഴയ മുഹമ്മദൻ സ്കൂൾ ഇന്ന് തലയോലപ്പറമ്പ് ഗവൺമെന്റ് യു. പി. സ്കൂളാണ്. വൈക്കം മുഹമ്മദ് ബഷീറിന്റെ പേരിൽ ഇന്ന് ആ സ്കൂൾ അറിയപ്പെടുന്നു. എം.ടി. വാസുദേവൻ നായരുടെ വാക്കുകൾ സ്കൂളിൽ ഒരിടത്ത് എഴുതിവച്ചിട്ടു*



കോഴിക്കോട്ടൊരു സമുചിത സ്മാരകം

*ണ്ട്. "ഇവിടമാണ് അവിടം ഉമ്മിണി ബല്യ ഒരിടം."* ബാല്യകാല സഖിയിലെ *മജീദ് പഠിച്ചത് ഈ സ്കൂളിലാണ്. കണക്കിൽ മിടുമിടുക്കൻ. ഒന്നും ഒന്നും എത്രയാണെടാ എന്ന് ഗുരുനാഥൻ ചോദിച്ചപ്പോൾ വമ്പോടെ മജീദ് ഉത്തരം പറഞ്ഞു. ഉമ്മിണി ബല്യ ഒന്ന്. മജീദ് എത്ര ശരി! രണ്ടു നദികൾ സമ്മേളിച്ച് കുറച്ചുകൂടി വണ്ണം വച്ച് ഒരു വലിയ നദി ആയിത്തീരുന്നു. മൂവാറ്റുപുഴയാറിന്റെ രണ്ടു കൈവഴികൾ ഒന്നായിത്തീരുന്ന ദൃശ്യത്തിൽനിന്നാണ് മജീദിന് ഈ വെളിപാടുണ്ടായത്. യാത്രികൻ കുറെനേരം ആ നദി നോക്കിനിന്നു. ബഷീർ 'നീലവെളിച്ചം' എന്ന കഥ* ഭാർഗവിനിലയം *എന്ന പേരിൽ തിരക്കഥയെഴുതിയ വീട് ഇന്ന് രൂപം മാറി ഫെഡറൽ ബാങ്കിന്റെ ഓഫീസാണ്. ബഷീറിനോടുള്ള ആദരസൂചകമായി 'ഫെഡറൽ നിലയം' എന്നുപേരിട്ടിരിക്കുന്നു. കണക്കിന്റെ ലോകത്തിൽ വ്യാപരിക്കുന്ന ബാങ്ക് ഉദ്യോഗസ്ഥന്മാർക്ക് ഇത്രയും ഭാവനയോ? യാത്രികൻ തികഞ്ഞ അവിശ്വാസത്തോടെ ആ പേരു വായിച്ചു.*

ബഷീർ മുച്ചീട്ടുകളിച്ചിരുന്ന അങ്ങാടിക്കു തൊട്ടാണ് വിശ്വവിഖ്യാതയായ പാത്തുമ്മ താമസിച്ച വീട്. പാത്തുമ്മ ഇന്ന് ഓർമ്മ. വീടിനു പുറത്തെ തെരുവിൽ പ്ലാവിലകൾ കെട്ടുകെട്ടായി വിൽക്കാൻ വച്ചിരിക്കുന്നു. പുളിവേലിൽ സ്കറിയ എന്ന കറിയച്ചേട്ടൻ പാത്തുമ്മയുടെ ആടിന് എത്രയോ തീറ്റ കൊടുത്തിട്ടുള്ളതാണ്.

**പുളിവേലിൽ സ്കറിയ** (പ്ലാവില വില്പനക്കാരൻ): ഞാൻ പുറത്ത് കാണാറുണ്ട്. അധികം സംസാരിക്കാറില്ല, എന്നാൽ അവരുടെ മോളുമായിട്ടൊക്കെ സംസാരിക്കാറുണ്ട്.

**യാത്രികൻ**: *പാത്തുമ്മയുടെ ആട് വായിച്ചിട്ടുണ്ടോ?*

**സ്കറിയ:** *പാത്തുമ്മയുടെ ആട്* ഞാൻ ചെറുപ്പത്തിൽ വായിച്ചിട്ടുണ്ട്.

പാത്തുമ്മയുടെ മകൾ ഖദീജയ്ക്ക് ബഷീർ *പാത്തുമ്മയുടെ ആട്* എഴുതുമ്പോൾ നാലുവയസ്സ്. ഇപ്പോൾ 64 വയസ്സിന്റെ നിറവിൽ. *പാത്തുമ്മയുടെ ആടിൽ* ബഷീർ എഴുതി, "തന്റെ കൊച്ചുമകൾ ഖദീജയുമായി പാത്തുമ്മ നേരെചൊവ്വേ വീട്ടിലേക്ക് വരും. വരുന്നത് ഒരു സ്റ്റൈയിലിലാണ്. വാലുപോലെ പിന്നിൽ ഖദീജ."

**ഖദീജ** (പാത്തുമ്മയുടെ മകൾ): എപ്പോഴും ഞാൻ ഉമ്മയുടെ പുറകിലാണ് നടക്കാറുള്ളത്. ചെറുതല്ലേ, അന്നേരം മൂന്നാലുവയസ്സല്ലേ ഉള്ളൂ. നാലുമക്കളുണ്ടായിട്ടും കിട്ടാതെ ഒരു മകളുള്ളതാണ്. അപ്പോൾ എന്റെ ഉമ്മയുടെ കൂടെ കൊണ്ടു നടക്കുകയാണ്, ഞാനിങ്ങനെ വാലുപോലെ നടക്കും. ഇവിടെന്ന് ഉമ്മയുടെ വീട്ടിലേക്ക് താഴോട്ട് പോകുമ്പോഴും അവിടെന്ന് ഞങ്ങളുടെ വീട്ടിലേക്ക് വരുന്നതും ഒന്നിച്ചുതന്നെയാണ്. പിരിഞ്ഞിട്ടേയില്ല, ഞങ്ങൾ തമ്മിൽ. മരിച്ചപ്പോഴുള്ള പിരിയലേയുള്ളൂ.

*ബഷീറിന്റെ ഇളയ അനുജൻ അബൂബക്കർ എന്ന അബുവിനെ കാണാൻ പോയി. ബഷീറിന്റെ തറവാട്ടുവീട്. പഴയ ചാമ്പമരത്തിന്റെ പിൻഗാമി മുറ്റത്തിന്റെ ഓരത്ത് കായ്ച്ചുനില്പുണ്ട്. അബുവിന് വാർധക്യത്തിന്റേതായ അവശതകൾ ഉണ്ട്. പക്ഷേ പ്രിയപ്പെട്ട ഇക്കാക്കയുടെ ഓർമ്മകളുമായി വന്നവരല്ലേ, സ്നേഹത്തോടെ സ്വീകരിച്ച് തലയിൽ കൈവച്ചു അനുഗ്രഹിക്കൂ.*

**അബൂബക്കർ** (അബു, ബഷീറിന്റെ അനുജൻ): എനിക്ക് ഒരു കാർഡ് വന്നു. എടാ അബൂ, ഉടൻ ഇവിടം വരെ വരണം, വിവരമൊക്കെ വന്നിട്ട് പറയാം, ഞാൻ എസ്. കെ. പൊറ്റെക്കാട്ടിന്റെ കോഴിക്കോട് 'ചന്ദ്രകാന്തം' വീട്ടിലുണ്ടാകും. ഞാൻ ചെന്നപ്പോൾ അവിടെയുണ്ട്. എടാ, ഇവരെനിക്കൊരു പെണ്ണ് കണ്ടു വച്ചിട്ടുണ്ട്, നീ ഒന്നുപോയി നോക്കിയിട്ടുവാ. പറ്റുമെങ്കിൽ നമുക്ക് നടത്തിക്കളയാം. ഞാനീ പെണ്ണിനെ എങ്ങനെ കണ്ടെത്തും? ഈ പയ്യൻ കൂടെ വരും. പി.എ.ബക്കറാ, ഈ പയ്യൻ. ഞാനും അവനും പോയി പെണ്ണിനെകണ്ടു. എടാ കണ്ടോടാ, ആ കണ്ടു. തരക്കേടില്ല. നമുക്ക് നടത്തിക്കളയാം. നീ ഒരു കാര്യം ചെയ്യ്, നീ വീട്ടിൽ പോയി ഉമ്മയോടൊക്കെ പറ, ഇങ്ങനെ ഒരു കല്യാണം നടക്കാൻ പോവുകയാണ് എന്ന്.വേറെ ആരോടുംപറയണ്ട. ഞാൻ പോയി തിരികെ കോഴിക്കോട്ടയ്ക്ക് വന്നു. എന്നിട്ട് ഒരാഴ്ച കഴിഞ്ഞ് കല്യാണം നടന്നു. ഞാൻ മാത്രം ഈ വീട്ടിൽനിന്ന്.

*എറണാകുളത്ത് ബഷീർ ബുക്ക്സ്റ്റാൾ നടത്തുമ്പോഴുണ്ടായ രസകരമായ ഒരനുഭവം തലേന്നാൾ നടന്നതുപോലെ അബൂക്ക വിവരിച്ചു.*

**അബൂബക്കർ**: ഒരുദിവസം ബുക്ക്സ്റ്റാളിൽ ഒരാൾ കേറിവന്നു, രാവിലെ. ഞങ്ങൾ കടയൊക്കെ തുറന്ന് ഇരിക്കുകയായിരുന്നു. ഇക്കാക്ക മുകളിലത്തെ മുറിയിൽ എഴുതുകയാണ്, ആരു ചോദിച്ചാലും ഇവിടെ ഇല്ല എന്നു പറയാൻ പറഞ്ഞിട്ടുണ്ട്. ആദ്യം കുറേ വെള്ളമൊക്കെ ഒഴിച്ച് ശുദ്ധിചെയ്ത് അങ്ങനെയിരിക്കുമ്പോൾ ഒരാൾ വന്നു. അരക്കയ്യൻ ഷർട്ട്. മുണ്ടു മടക്കി കുത്തി, തോൾസഞ്ചിയും ഉണ്ട്. ബുക്ക് വാങ്ങിക്കാൻ വന്നതല്ല എന്ന് തോന്നി. അവിടെയൊക്കെ ഒന്നുനോക്കി, എടാ, ബഷീർ എവിടെയെടാ? ഇവിടെ ഇല്ല. എവിടെപ്പോയെടാ അവൻ. തൃശ്ശൂർക്ക് പോയി. എന്ന് വരുമെടാ അവൻ? രണ്ടു മൂന്ന് ദിവസം കഴിഞ്ഞേ വരൂ. ഉം, എടാ, അവൻ വരുമ്പോഴേ ഒന്നു പറഞ്ഞേക്ക്, സഖാവ് കൃഷ്ണപിള്ള വന്നന്വേഷിച്ചതായി. അപ്പോൾ ഞാൻ ഇരുന്നിടത്തുനിന്ന് പൊങ്ങിപ്പോയി. ഞാൻ മുകളിൽ പോയി, ഇക്കാക്ക, ഒരബദ്ധം പറ്റി. എന്താടാ? കൃഷ്ണപിള്ള താഴെ നിൽക്കുന്നു. ഇക്കാക്ക ഇല്ലെന്നാ പറഞ്ഞത്. ഞങ്ങൾക്കറിയാൻ പാടില്ലായിരുന്നു. റാഫി അവിടെ താഴെ കൂടെയുണ്ട്. ഇക്കാക്ക പറഞ്ഞു, വാ, നീ പിന്നിൽ നിന്നാൽ മതി. കോണിപ്പടി ഇറങ്ങുമ്പോഴേ പറഞ്ഞു എടാ, നീ ഇവിടെ ഇല്ലെന്നാണല്ലോ ഇവന്മാർ പറഞ്ഞത്, ഇവന്മാരെ എവിടന്ന് കിട്ട്യേടാ? ഇത് എന്റെ അനിയൻ അബുവാ. മറ്റേത് പോഞ്ഞിക്കര റാഫി. രണ്ടുപേരും നിന്റെ പാർട്ടിക്കാരാ. ങാ, അതുകൊണ്ട് ഞാൻ ക്ഷമിച്ചിരിക്കുന്നു. അല്ലെങ്കിൽ ഇവന്മാരുടെ രണ്ടുപേരുടെയും തല അറുത്ത് ഞാൻ കായലിൽ തള്ളിയേനെ.

*വീടിനുതൊട്ടുള്ള മൂവാറ്റുപുഴയാറിനു കുറുകേ ഉമ്മിണി വല്യ ഒരു പാലം വന്നിരിക്കുന്നു. പാലാംകടവ് പാലത്തിന് ഇപ്പോൾ ബഷീറിന്റെ പേരാണ്. നദീതീരത്ത് വൈക്കം മുഹമ്മദ് ബഷീർ സ്മാരകം ഒരുങ്ങുന്നു. തൊട്ടരികെ ബഷീർ ചൂണ്ടയിട്ടു മീൻ പിടിച്ചിരുന്ന കടവ്.*

*ബഷീറിന്റെ പുസ്തകങ്ങൾ ഇപ്പോഴും ജോസഫ് മുണ്ടശ്ശേരി രമണനെക്കുറിച്ച് പറഞ്ഞതുപോലെ മധുരനാരങ്ങപോലെ വിറ്റഴിയുന്നു. തലയോലപ്പറമ്പിനോട് വിടവാങ്ങുമ്പോൾ ഒരിക്കൽക്കൂടി വെട്ടിക്കാട്ടുമുക്ക് പാലത്തിൽ നിന്ന് ഉമ്മിണി വല്യ നദിയിലേക്ക് നോക്കി. നദി എന്ന് ബോധപൂർവം പറഞ്ഞതാണ്. ബഷീർ പുഴ എന്ന് ഒരിക്കലും പറയാറുണ്ടായിരുന്നില്ല. നദി എന്നേ പറയൂ. നമ്മുടെ എഴുത്തുകാരുടെ കൂട്ടത്തിലെ ഉമ്മിണി വല്യ എഴുത്തുകാരനെ ഓർമ്മിച്ചു, പ്രണമിച്ചു.*

(*ഏഷ്യാനെറ്റ് ന്യൂസിന്റെ യാത്ര* എന്ന പരിപാടിയിൽ ചെയ്ത 'ബേപ്പൂർ-തലയോലപ്പറമ്പ്' എപിസോഡിന്റെ ലിഖിതരൂപം, 2014)



ഡോ.സി.ജി.രാജേന്ദ്രബാബു
പഠനം

ബഷീറിന്റെ രചനകളിൽ സവിശേഷമായ ഒരിടം ഭാർഗവീനിലയം എന്ന തിരക്കഥയ്ക്ക് ഉണ്ട്. വിൻസെന്റ് എന്ന പ്രതിഭാശാലിയുടെ സംവിധാന മികവിൽ പുറത്തുവന്ന ആ ബ്ലാക് ആൻഡ് വൈറ്റ് സിനിമയ്ക്ക് ബഷീർ തിരക്കഥ രചിച്ചത് തികച്ചും യാദൃശ്ചികമായിട്ടാകാം. പക്ഷേ ആ യാദൃശ്ചികത മലയാളത്തിലെ തിരക്കഥാ സാഹിത്യത്തിന്റെ ഈടുവെയ്പിലെ എക്കാലത്തെയും കനപ്പെട്ട സംഭാവനയാക്കി ബഷീർ മാറ്റി. കഥയിൽ നിന്ന് തിരക്കഥയിലേക്കുള്ള സൂക്ഷ്മ പ്രയാണത്തിന്റെ മർമ്മങ്ങൾ ആ തിരക്കഥയിൽ നമ്മൾ കണ്ടു മുട്ടും.



# ബഷീറും ഭാർഗവീനിലയവും



എ.വിൻസെന്റ്

കഥ പറഞ്ഞു പറഞ്ഞ് വലിയ ഒരു കഥയായി മാറിയ എഴുത്തുകാരനാണ് വൈക്കം മുഹമ്മദ് ബഷീർ. ഒരു മഞ്ഞുതുള്ളിയിൽ മഹാപ്രപഞ്ചമാകെ പ്രതിഫലിക്കുന്നതുപോലെ ജീവിതത്തിന്റെ, ലോകത്തിന്റെ ഭാവവൈവിദ്ധ്യങ്ങളും, വൈരുദ്ധ്യങ്ങളും അണയാത്ത ജ്വാലപോലെ പ്രകാശിക്കുകയാണ് ആ കഥാ പ്രപഞ്ചത്തിൽ. ബഷീറിനെക്കുറിച്ച് പറഞ്ഞതും എഴുതിയതും ഒന്നും ഒരിക്കലും പൂർണമാകുന്നില്ല. എത്ര എഴുതിയാലും പറഞ്ഞാലും പൊരുളിന്റെ അകപ്പൂട്ടുകൾ ചിലതെങ്കിലും തുറക്കാതെ ബാക്കി കിടപ്പുണ്ടാകും.ഈയൊരു സിദ്ധിവിശേഷം ചുരുക്കം എഴുത്തുകാർക്കുമാത്രം അവകാശപ്പെട്ടതാണ്,

ബഷീറിന്റെ രചനകളിൽ സവിശേഷമായ ഒരിടം ഭാർഗവീനിലയം എന്ന തിരക്കഥയ്ക്ക് ഉണ്ട്. വിൻസെന്റ് എന്ന പ്രതിഭാശാലിയുടെ സംവിധാനമികവിൽ പുറത്തുവന്ന ആ ബ്ലാക് ആൻഡ് വൈറ്റ് സിനിമയ്ക്ക് ബഷീർ തിരക്കഥ രചിച്ചത് തികച്ചും യാദൃശ്ചികമായിട്ടാകാം. പക്ഷേ ആ യാദൃശ്ചികത മലയാളത്തിലെ തിരക്കഥാ സാഹിത്യത്തിന്റെ ഈടുവെയ്പിലെ എക്കാലത്തെയും കനപ്പെട്ട സംഭാവനയാക്കി ബഷീർ മാറ്റി. കഥയിൽ നിന്ന് തിരക്കഥയിലേക്കുള്ള സൂക്ഷ്മ പ്രയാണത്തിന്റെ മർമ്മങ്ങൾ ആ തിരക്കഥയിൽ നമ്മൾ കണ്ടുമുട്ടും. ഭാർഗവീനിലയത്തിന്റെ തിരക്കഥ 'നീലവെളിച്ചം' എന്ന സ്വന്തം ചെറുകഥയിൽ നിന്ന് ബഷീർ രൂപപ്പെടുത്തിയതാണ്.ഒരു ഭാവഗീതത്തിന്റെ ശക്തിയും ചാരുതയുമുള്ള നീലവെളിച്ചം തിരക്കഥയായി അനുവർത്തനം ചെയ്യുമ്പോൾ വാക്കുകൾ കൊണ്ടു സൃഷ്ടിക്കാൻ കഴിയാത്ത ദൃശ്യപ്രത്യക്ഷങ്ങളുടെ വ്യാകരണം സ്വായത്തമാക്കിയ ഒരു തിരക്കഥാകൃത്തായി ബഷീർ മാറുകയായിരുന്നു. സ്വന്തം രചനയെത്തന്നെ അനുവർത്തനം ചെയ്യുമ്പോൾ, തിരക്കഥാകൃത്തിനുലഭിക്കുന്ന അനന്തമായ സ്വാതന്ത്ര്യം ഭാർഗവീനിലയത്തിന് പുതിയ ശക്തി പ്രദാനം ചെയ്തിട്ടുണ്ട്. കഥയെ തിരക്കഥയായിപരിവർത്തിപ്പിച്ചപ്പോൾ അയഞ്ഞ ഒരു അനുവർത്തന തന്ത്രമല്ല ബഷീർ സ്വീകരിച്ചത്. മൂലാനുസാരിയും വിശ്വസനീയവുമായ ഒരു അഡാപ്റ്റേഷൻ ടെക്നിക് അദ്ദേഹംഉപയോഗപ്പെടുത്തി. മൂലകൃതിയുടെ നേർപകർപ്പു നൽകുകയല്ല, അതിന്റെ ആത്മാംശത്തെ യുക്തിപൂർവ്വം വ്യാഖ്യാനിക്കുകയാണു വേണ്ടതെന്നും ബഷീർ തിരിച്ചറിഞ്ഞു.

ക്രമബദ്ധമായി ഘടിപ്പിച്ച നൂറ്റിയൊന്നു സീനുകളുടെ ബാഹ്യഘടനയാണ് തിരക്കഥയ്ക്കുള്ളത്. കഥയിൽ സൂചനകളായി നിന്നിരുന്ന കഥാപാത്രങ്ങൾ പലരുംപേരും ജീവനും വെച്ച് തിരക്കഥയിൽ സാന്നിദ്ധ്യങ്ങൾ ആകുന്നു. ബാങ്കിലെ ക്ളാർക്കുമാർ രാംദാസും പൊടിയനും നൂലൻപരമുവുമായി. ഭാർഗവിയുടെ കൂട്ടുകാർ-സുമയും ലതയും ഭാർഗവിയുടെ അമ്മ, വേലക്കാരൻ പപ്പു, എം.എൻ. എന്ന വില്ലൻ, ഭാർഗവിയുടെ കാമുകൻ ശശികുമാർ, ചെറിയ പരീക്കണ്ണി തുടങ്ങിയ നിരവധി കഥാപാത്രങ്ങളാണ് തിരക്കഥയെ മുന്നോട്ടു നയിക്കുന്നത്. കഥയിൽ ഭാർഗവിയുടെ മരണം ആത്മഹത്യയാണ്. നായകനായ സാഹിത്യകാരന് അത്അവിശ്വസിക്കേണ്ട ഒരു സംഭവമോ സൂചനയോ കഥയിൽ ഒരിടത്തും നൽകുന്നില്ല. തിരക്കഥയിൽ മൂലരചനയിലെ ആത്മഹത്യ കൊലപാതകമാകുന്നു. കഥയിൽ കാമുകൻ ശശികുമാർ മറ്റൊരു പെണ്ണിനെകല്യാണം കഴിച്ച് നാടുവിട്ടു പോവുകയാണ്. തിരക്കഥയിൽ വില്ലനായ എം.എൻ. ശശികുമാറിനെ കൊല്ലുകയാണ്. കഥയിൽ, അമ്മാവന്റെ മകളായ ഭാർഗ്ഗവിയെ വിവാഹം കഴിക്കാൻ ആഗ്രഹിച്ച ഒരു ചെറുപ്പക്കാരനാണ് എം. എൻ.എന്ന സൂചനയേ ഉള്ളു. കേന്ദ്രകഥാപാത്രമായ സാഹിത്യകാരൻ തിരക്കഥയിൽ കുറ്റാന്വേഷകനാകുന്നു. അങ്ങനെ പ്രമേയത്തിനും കഥാപാത്രങ്ങൾക്കും ഗൗരവതരമായ മാറ്റങ്ങൾ തിരക്കഥയിൽ സംഭവിക്കുന്നു.




സംഘടിതമായ മൂന്നങ്ക ഘടനയിലാണ് തിരക്കഥ വികസിപ്പിച്ചിട്ടുള്ളത്. ഒന്നാം അങ്കത്തിൽ ആരംഭം; രണ്ടാം അങ്കത്തിൽ വികാസവും മൂ

ർദ്ധന്യവും; മൂന്നാംഅങ്കത്തിൽ ക്രിയകളുടെ നിർവ്വഹണം.ഈ ഘടന പരിശോധിച്ചാൽ ഒന്നാംഅങ്കം സീൻ ഒന്നു മുതൽ സീൻ പതിമൂന്നു വരെയാണ് എന്നു കാണാം. ഈ സീനുകളിൽ തിരക്കഥയുടെ സ്ഥാപനം നടക്കുന്നു. പ്രധാന കഥാപാത്രം, പ്രമേയപീഠിക, പ്രധാന കഥാപാത്രങ്ങളെ ചൂഴ്ന്നു നിൽക്കുന്ന സാഹചര്യങ്ങൾ തുടങ്ങിയവയുടെ സ്ഥാപനം ഈ ഘട്ടത്തിൽ നടക്കുന്നു.ഭാർഗവീ നിലയത്തിലേക്കുള്ള സാഹിത്യകാരന്റെ വരവ്, ഭാർഗവിക്കുട്ടിയെക്കുറിച്ചുള്ള നിറംപിടിപ്പിച്ച പ്രേതകഥകൾ, ഭാർഗവിക്കുട്ടിയും സാഹിത്യകാരനുമായുള്ള ചങ്ങാത്തം, പ്രേത സാന്നിദ്ധ്യത്തെ ധ്വനിപ്പിക്കുന്ന ദൃശ്യസാക്ഷ്യങ്ങൾ എന്നിവ സ്ഥാപനഘട്ടത്തെ സമ്പന്നമാക്കുന്നു.

തിരക്കഥയുടെ രണ്ടാം അങ്കം സീൻ പതിനാലു മുതൽ തുടങ്ങുന്നു. സംഘർഷങ്ങളിലൂടെ കഥവികസിച്ച് ക്രിയകൾ മൂർദ്ധന്യദശയിലേക്ക് എത്തുന്നഘട്ടമാണിത്. സീൻ 89 വരെ രണ്ടാം അങ്കം നീളുന്നു. സീൻ 14 ൽ സാഹിത്യകാരൻ ഭാർഗവിയുടെ മുറി പരിശോധിക്കുന്നു. മുറിയുടെ ജനാല തുറന്നു കിടക്കുന്നു. ജനാല വഴി ഒരു നീണ്ട കമ്പിന്റെ അറ്റം. ഭാർഗവിയുടെ തകരപ്പെട്ടി നീക്കാൻ ആരോ ശ്രമിച്ചിട്ടുണ്ട് എന്ന് അയാൾക്കു മനസ്സിലാകുന്നു. പെട്ടിയിൽ ഭാർഗവിയുമായി ബന്ധപ്പെട്ട രഹസ്യങ്ങൾ ഉണ്ടെന്നും അയാൾ ഊഹിക്കുന്നു. അയാൾസങ്കല്പത്തിലെ ഭാർഗവിക്കുട്ടിയോട് സംസാരിക്കുന്നു. “നിന്റെ ജീവിതത്തിന്റെ താക്കോൽ എവിടെ ഭാർഗവിക്കുട്ടീ. where is the key of your life?” ഈ പ്രമേയ സന്ധി-പ്ളോട് പോയിന്റിൽ ഉദിക്കുന്ന സംശയമാണ് ഭാർഗവിയുടെ യഥാർത്ഥ കഥഅന്വേഷിക്കുവാൻ നായകനെ പ്രേരിപ്പിക്കുന്നത്. ആ സംശയം ഒരു കൊളുത്തു പോലെ ഉടക്കി മറ്റു ദിശകളിലേക്ക് കഥയെ സഞ്ചരിപ്പിക്കുന്നു.

സീൻ 84 ൽ ആണ് തിരക്കഥയിലെ രണ്ടാം പ്ളോട് പോയിന്റ് കടന്നു വരുന്നത്. വൃക്ഷച്ചുവട്ടിലെ പാറക്കെട്ടിലിരിക്കുന്ന ശശികുമാർ. അയാൾക്കു നേരേചൂണ്ടി വരുന്ന ഒരു തോക്ക്. എവിടെനിന്നോ വെടിയൊച്ച എം.എൻ. എന്ന വില്ലനെ പ്രേക്ഷകൻ തിരിച്ചറിയുന്നു. ശശികുമാർ നാടുവിട്ടുപോകാൻ എടുക്കുന്ന തീരുമാനത്തിലേക്കും, തുടർന്ന് അയാൾ കൊല്ലപ്പെടുന്നതിലേക്കും എത്തുന്ന ദൃശ്യസഞ്ചയങ്ങൾക്ക് തിരക്കഥയിലെ ഈ രണ്ടാം പ്രമേയസന്ധി കാരണമാകുന്നു. തുടർന്ന് 101വരെയുള്ള സീനുകളിൽ ഇതിവൃത്തസന്ധികൾ കഥാപര്യവസാനത്തിലേക്കു കുതിക്കുകയാണ്. ഭാർഗവിയുടെ പ്രണയം, എം.എൻ. ഒരുക്കുന്ന ചതിക്കുഴികൾ, ഭാർഗവിയുടെ കൊലപാതകം എന്നിവ ഈ ഘട്ടത്തെ സംഘർഷ നിർഭരമാക്കുന്നു. ശശികുമാറിന്റെ കൊലയുടെ ചുരുളും അഴിയുന്നു. ഒരു മികച്ച തിരക്കഥ പുലർത്തേണ്ട ഘടകപ്പൊരുത്തം, ഷോട്ടുകളുടെ വിഭാവനം, സീനുകളുടെയും സീക്വൻസുകളുടെയും നിർമ്മിതി തുടങ്ങിയവയിലൊക്കെ ബഷീറിന്റെ സൂക്ഷ്മ ദർശിത്വം പ്രകടമാണ്.


'ഭാർഗവീ നിലയ'ത്തിൽ മധു

സമയത്തെ കഥാപാത്രങ്ങൾക്കും സംഭവങ്ങൾക്കുമൊപ്പം സഞ്ചരിപ്പിച്ചുകൊണ്ട്, ദൃശ്യങ്ങളുടെ ക്രിയാസമയത്തെ ഘടികാരസൂചിയ്ക്കൊപ്പം ഘടിപ്പിക്കുന്ന അസാധാരണമായ ഒരു രചനാതന്ത്രം ബഷീർ ഈ തിരക്കഥയിൽ പരീക്ഷിച്ചു. ആ ഘടനയിലേക്ക് ഇറങ്ങിച്ചെല്ലുമ്പോൾ കഥയുടെ ഒരു ബാഹ്യകാലം തെളിയുന്നു. 101 സീനുകളിൽ പരന്നു കിടക്കുന്ന തിരക്കഥയുടെ ബാഹ്യകാലം ഇരുപത്തിയാറു ദിവസമാണെന്ന് നിർണ്ണയിക്കാം. സാഹിത്യകാരൻ ഭാർഗവീനിലയത്തിൽ താമസിക്കുന്ന ഇരുപത്തിയാറു ദിവസങ്ങളുടെ ഈ ബാഹ്യകാലത്തിൽ പൂർവ്വ സംഭവങ്ങളിലൂടെ വെളിവാകുന്ന മറ്റൊരു കാലം. ഘടികാരത്തിൽ കൊരുത്തു നിർത്തിയ സമയത്തെ അതിസൂക്ഷ്മമായി ഈ രണ്ടുകാലത്തിലും ബഷീർ സമന്വയിപ്പിക്കുന്നു. നിലാവുള്ള ഒരു രാത്രിയിൽ ഒന്നാം സീൻ ആരംഭിക്കുന്നു. സീൻ രണ്ട് കാലത്ത് ഒൻപത് മണി. സീൻ മൂന്ന് കാലത്ത് പതിനൊന്നുമണി, സീൻ നാല് പതിനൊന്നു പതിനഞ്ച്, സീൻ അഞ്ച് വൈകിട്ട്അഞ്ചര, സീൻ ആറ് സന്ധ്യകഴിഞ്ഞ്, സീൻ ഏഴ് (എ) സന്ധ്യകഴിഞ്ഞ്, സീൻ ഏഴ് (ബി) രാത്രി. അവിടെ ഒരു ദിവസം കഴിയുന്നു. ഇങ്ങനെ നൂറ്റിയൊന്നു സീനുകളും സമയത്തെ ക്രമീകരിച്ച് നിബന്ധിച്ചിരിക്കുന്നു. സമയത്തിന്റെയും കാലത്തിന്റെയും നേരിയ മാറ്റങ്ങളെ കഥാമുഹൂർത്തങ്ങളുടെ ഭാവപരിണതികളുമായി ബന്ധിപ്പിക്കുന്ന ഈ തിരക്കഥാ രസതന്ത്രം അത്യപൂർവ്വം എന്നു പറയേണ്ടതില്ലല്ലോ. സൂര്യോദയത്തിൽ നിന്നു പ്രഭാതത്തിലേക്ക്, മധ്യാഹ്നത്തിലേക്ക്, സായന്തനത്തിലേക്ക്, രാത്രിയിലേക്ക്, അർദ്ധരാത്രിയിലേക്ക്, വീണ്ടും പ്രഭാതത്തിലേക്ക്- ഇങ്ങനെ സമയപരിണാമങ്ങൾക്ക് അനുസൃതമായ ദൃശ്യാവിഷ്ക്കാര സാദ്ധ്യതകൾ കൂടി സംവിധായകനു നൽകുകയാണ് തിരക്കഥാകാരൻ.

ശബ്ദങ്ങളുടെ ഒരു പ്രപഞ്ചത്തെത്തന്നെ തിരക്കഥയിൽ ഘടി






രവി മേനോൻ
ആദരം

പ്പിക്കുന്ന ബഷീർ ടെക്നിക്കിനെ പ്പറ്റികൂടിപറയേണ്ടതുണ്ട്. തനിക്കാവശ്യമുള്ള ശബ്ദങ്ങളെ കൃത്യതയോടെ ബഷീർ അക്ഷരവടിവു നല്കി വിന്യസിപ്പിക്കുന്നു. കോവേണിപ്പടി ഇറങ്ങുന്ന ശബ്ദം എന്നെഴുതിയ ശേഷം ബഷീർ 'ടപ്', 'ടപ്', 'ടപ്'എന്നു കൂടി എഴുതും. കരിയിലകൾ ഞെരിയുന്ന ശബ്ദം 'കിർ', 'കിർ' എന്ന് ചൂണ്ടിക്കാട്ടും. ജനാലകൾ തുറക്കുന്നത് 'പഠ് പഠ് പഠേ' എന്നാണ്. നായ്ക്കൾ ഓരിയിടുന്നതിനും, ഘനമായി എന്തോ കിണറ്റിലേക്കു വീഴുന്നതിനും ബഷീറിനു പ്രത്യേക ശബ്ദമുണ്ട്. 'ക്ലിം, ക്ലിം' 'ഫ്ടുങ്ക്' എന്നൊക്കെയുള്ള ശബ്ദ സൂചനകൾ ബഷീർ ആവർത്തിച്ച് നൽകിയിട്ടുണ്ട്. ദൃശ്യാവിഷ്ക്കാരത്തിൽ, ശബ്ദസംവിധാനത്തിന്റെ പ്രാധാന്യംബഷീർ തിരിച്ചറിഞ്ഞിരുന്നു എന്നു ചുരുക്കം.

ദൃശ്യങ്ങളെ ഭാവസാന്ദ്ര തീക്ഷ്ണമാക്കുന്നതിന് ബഷീർ പ്രയോഗിക്കുന്ന മറ്റൊരു തന്ത്രമാണ്, സന്ദർഭങ്ങളുടെയും പ്രകൃതിയുടേയും സൂക്ഷ്മതയിലേക്ക് ഇറങ്ങിച്ചെന്നു കൊണ്ടുള്ള ഒരു വിശദാഖ്യാന പദ്ധതി.നിശ്ശബ്ദതയെ ബഷീർ അവതരിപ്പിക്കുന്നതു നോക്കുക: "പ്രപഞ്ചം അദ്ഭുതസ്തബ്ധമായി, രൂപരഹിതമായി കിനാവിൽ മുഴുകി നിൽക്കുകയായി. ഒന്നും, ഒരിലപോലും അനങ്ങുന്നില്ല. ഭയാനകമായ നിറഞ്ഞ നിശ്ശബ്ദത". ഒരു ദൃശ്യത്തിൽഭാർഗവിയുടെ കടന്നുവരവിനെ ഇങ്ങനെ അവതരിപ്പിക്കുന്നു:

"ഭാർഗവി പടികടന്നു വരുന്നു. നോക്കാനും കാണാനും പ്രപഞ്ചത്തിൽ ഒന്നുമില്ലെന്ന മട്ടാണ്." നിസ്സംഗതയുടെ പാരമ്യഭാവമാണ് ഭാർ ഗവിയാകുന്ന നടിയിൽ നിന്ന് സംവിധായകൻ വിളിച്ചുവരുത്തേണ്ടത് എന്ന നിശിതമായ നിർദ്ദേശമാണ് തിരക്കഥാകാരൻ ഇവിടെ നൽകുന്നത്. പ്രമേയ മുഹൂർത്തങ്ങളുടെയും, പരിസരത്തിന്റെയും, കഥാപാത്രങ്ങളുടെയും ഘനഭാവങ്ങളെ ക്യാമറയുടെ കണ്ണുകൾക്ക് പ്രത്യക്ഷമാക്കിക്കൊടുക്കുന്ന ഒരു എഴുത്തു പദ്ധതി ഈ തിരക്കഥ പ്രദർശിപ്പിക്കുന്നുണ്ട്.

വളച്ചുകെട്ടില്ലാതെ പറയാവുന്ന ഒരു കഥയെ, കുറ്റാന്വേഷണ കഥയാക്കി രൂപാന്തരപ്പെടുത്തിയത് കാക്കിയുടെ ഒരു കീറോ, പോലീസ് തൊപ്പിയോ ഇല്ലാതെയാണ് എന്നത് എടുത്തു പറയേണ്ട മറ്റൊരു കാര്യം. പ്രേതകഥയുടെ ലേബലിലും ഭാർഗവീ നിലയം ഒതുങ്ങില്ല. ഭയജനകമായ സംഭവ പരമ്പരകളുടെ സംഭ്രമകരമായ ആവിഷ്ക്കാരം ഈ തിരക്കഥയുടെയും ചലച്ചിത്രത്തിന്റെയും ലക്ഷ്യവുമല്ല. സൗന്ദര്യം തുളുമ്പുന്ന ഒരു മാജിക്കൽ റിയലിസമാണ് ഭാർഗവീ നിലയത്തിന്റെ ആത്മാവ്. സമ്പന്നമായ ദൃശ്യപ്രത്യക്ഷങ്ങളിലൂടെ യാഥാർത്ഥ്യത്തിന്റെയും അയഥാർത്ഥ്യത്തിന്റെയും ഭ്രമാത്മകത സൃഷ്ടിക്കുന്ന ഭാർഗവീ നിലയം മലയാള തിരക്കഥകളിലെ ഒരു വിശിഷ്ട മാതൃകയാണ്.



**മരിക്കുവോളം പാടണമെന്നാണ് മോഹമെന്ന് പറഞ്ഞു ഒരിക്കൽ ബഷീർ. മൈക്കിന് മുന്നിൽ നിന്ന് ദൈവം അദ്ദേഹത്തെ കൂട്ടിക്കൊണ്ടുപോകുന്ന കാഴ്ച്ച നിറഞ്ഞ കണ്ണുകളോടെ കണ്ടിരിക്കേ, ഓർമ്മ വന്നത് ആ വാക്കുകളാണ്. തനിക്കേറ്റവും പ്രിയപ്പെട്ട ഗായകന്റെ പാട്ട് പാടിക്കൊണ്ട് യാത്രയാകാനുംമോഹിച്ചിരിക്കുമോ ബഷീർക്കയുടെ മനസ്സ്? അറിയില്ല. യേശുദാസിന്റെ ഏറെ പ്രിയപ്പെട്ട മാനാഹോ തും എന്ന ഗാനം പാടി നിർത്തവേ ആയിരുന്നു അന്ത്യം. വിധിനിയോഗം എന്നേ പറയാനാകൂ.**

# സ്നേഹ ഗായകന് വിട


ഇടവാ ബഷീർ

ഭക്തിലഹരിയിൽ മുഴുകി കണ്ണീരൊപ്പുന്നവർ; കണ്ണുകൾ ചിമ്മി കൈകൂപ്പുന്നവർ; കൈകളുയർത്തി ഭഗവാനെ നൊന്തുവിളിക്കുന്നവർ...............

അരനൂറ്റാണ്ട് പിന്നിട്ട ഗാനമേളജീവിതം ഓർമ്മയിൽ അവശേഷിപ്പിച്ച അപൂർവ ചിത്രങ്ങൾ. ഗായകനെന്ന നിലയിൽ ഏറ്റവും ധന്യത തോന്നിയ മുഹൂർത്തങ്ങളായിരുന്നു അവയെന്ന് പറഞ്ഞിട്ടുണ്ട് ഇടവാ ബഷീർ. ജാതി മതങ്ങളുടേയും ഭാഷയുടേയുമെല്ലാം അതിർവരമ്പുകൾക്കപ്പുറത്തേക്ക് സദസ്സും ഗായകനും ഗാനവും ഒരുമിച്ച് ഒന്നായി ഒഴുകി ആത്മവിസ്മൃതിയുടെ സാഗരത്തിൽ ലയിക്കുന്ന സുതാര്യസുന്ദര നിമിഷങ്ങൾ.

“ഹിന്ദു ക്ഷേത്രങ്ങളിൽ ഏറ്റവുമധികം ഗാനമേളകൾ അവതരിപ്പിച്ച അഹിന്ദു ഗായകൻ ഞാനായിരിക്കണം”- ബഷീർക്കയുടെ വാക്കുകൾ. “ആയിരക്കണക്കിന് ഭക്തി ഗാനമേളകൾ നടത്തിയിട്ടുണ്ടാകും ക്ഷേത്ര സന്നിധികളിൽ. ശിവരാത്രിക്കാലത്ത് ദിവസം മൂന്നും നാലും അമ്പല


വാണിജയറാം


ജയചന്ദ്രൻ


ഉണ്ണിമേനോൻ

ങ്ങളിൽ വരെ പാടിയിട്ടുണ്ട്. അവസാനഗാനമേളക്ക് തിരശ്ശീല വീഴുമ്പോഴേക്കും സൂര്യൻ ഉദിച്ചിരിക്കും. പല്ലുതേച്ചുകൊണ്ട് പാട്ടുകൾ ആസ്വദിച്ച് നിൽക്കുന്നുണ്ടാകും ആളുകൾ. അതൊരു കാലം''.

മരിക്കുവോളം പാടണമെന്നാണ് മോഹമെന്ന് പറഞ്ഞു ഒരിക്കൽ ബഷീർ. മൈക്കിന് മുന്നിൽ നിന്ന് ദൈവം അദ്ദേഹത്തെ കൂട്ടിക്കൊണ്ടുപോകുന്ന കാഴ്ച്ച നിറഞ്ഞ കണ്ണുകളോടെ കണ്ടിരിക്കേ, ഓർമ്മ വന്നത് ആ വാക്കുകളാണ്. തനിക്കേറ്റവും പ്രിയപ്പെട്ട ഗായകന്റെ പാട്ട് പാടിക്കൊണ്ട് യാത്രയാകാനും മോഹിച്ചിരിക്കുമോ ബഷീർക്കയുടെ മനസ്സ്? അറിയില്ല. യേശുദാസിന്റെ ഏറെ പ്രിയപ്പെട്ട ''മാനാഹോ തും'' എന്ന ഗാനം പാടി നിർത്തവേ ആയിരുന്നു അന്ത്യം. വിധിനിയോഗം എന്നേ പറയാനാകൂ.

എന്റെ മനസ്സിലെ ഇടവാ ബഷീർ നന്മയുടെ പ്രതീകമാണ്. ആരോടും മത്സരിക്കാതെ, ആരെക്കുറിച്ചും ദുഷിച്ച വാക്കുകൾ പറയാതെ, സ്വന്തം പാട്ടുവഴിയിലൂടെ നിശ്ശബ്ദനായി സഞ്ചരിച്ചഒരാൾ. ചെയ്ത കാര്യങ്ങളെകുറിച്ച് ഒരിക്കലും അവകാശവാദങ്ങൾ ഉന്നയിക്കാത്ത ഒരാൾ. ജാതി മത ഭേദങ്ങൾക്കപ്പുറത്ത് മനുഷ്യമനസ്സുകളെ ബന്ധിപ്പിച്ചു നിർത്തുന്ന സ്വർണ്ണനൂലായി സംഗീതത്തെ കണ്ട വലിയ മനുഷ്യൻ.

''ആകാശരൂപിണി അന്നപൂർണ്ണേശ്വരി അഭയം തവപദ കമലം'' എന്ന സ്തുതിഗീതം പാടി ഗാനമേളകൾക്ക് തുടക്കം കുറിക്കുന്ന കൊച്ചുമനുഷ്യന്റെ ദീപ്തചിത്രമുണ്ട് ഓർമ്മയിൽ.ഗാനമേളവേദിയിലെ രാജകുമാരനായിരുന്നു അക്കാലത്ത് ബഷീർ. ആലാപനത്തിന്റെ ഇന്ദ്രജാലം കൊണ്ട് ലക്ഷങ്ങളെ വേദികൾക്ക് മുന്നിലേക്ക് ആവാഹിച്ചു വരുത്തിയ മനുഷ്യൻ. ''പാടുമ്പോൾ മറ്റെല്ലാം മറക്കും. വരികളിൽ, ഈണത്തിൽ അലിയും. സംഗീതത്തെ പോലെ മനുഷ്യരെ മനസ്സു കൊണ്ട് ഒരുമിപ്പിക്കാൻ കഴിയുന്ന മറ്റൊരു കലയുമില്ല എന്ന് തോന്നും ചിലപ്പോൾ''– ബഷീർ.

എല്ലാ ദേവീദേവന്മാരുടെയും സന്നിധിയിൽ മുഴങ്ങിയിട്ടുണ്ട് ആ നാദം. ഗുരുവായൂർ, ശബരിമല, കൊല്ലൂർ മൂകാംബികാ ക്ഷേത്രം, ഏറ്റുമാനൂർ ശ്രീ മഹാദേവക്ഷേത്രം, കൊടുങ്ങല്ലൂർ ഭഗവതീ ക്ഷേത്രം, പയ്യന്നൂർ സുബ്രഹ്മണ്യ ക്ഷേത്രം. അയ്യപ്പൻകാവ്...അങ്ങനെയങ്ങനെ ഗാനമേളയുമായി ബഷീർ കടന്നുചെല്ലാത്ത ചെറുതും വലുതുമായ അമ്പലങ്ങൾ കുറവ്. നിറഞ്ഞ സദസ്സുകൾക്ക് മുന്നിൽ അതത് ക്ഷേത്രങ്ങളിലെ ആരാധനാ മൂർത്തികളെ സ്തുതിച്ചുകൊണ്ടുള്ള പാട്ടുകളാണ്പാടുക. ശിവക്ഷേത്രമെങ്കിൽ ശിവഭക്തിഗാനങ്ങൾ; ദേവീ ക്ഷേത്രമെങ്കിൽ ദേവീ സ്തുതികൾ...ക്ഷേത്ര ഭാരവാഹികൾ പ്രത്യേകമായി എഴുതി തയ്യാറാക്കിയ ഗാനങ്ങൾ പാടാൻ ആവശ്യപ്പെടുന്ന പതിവുമുണ്ട്. അത്തരം രചനകൾ തത്സമയം ട്യൂണിട്ട് പാടും.

1968 ലായിരുന്നു ബഷീറിന്റെ ആദ്യ പ്രൊഫഷണൽ ഗാനമേള, കൊല്ലത്തും പരിസരത്തുമുള്ള അമ്പലങ്ങളിലാണ് തുടക്കത്തിൽ പാടിയത്. അതു കഴിഞ്ഞ് ശബരിമല ഉൾപ്പെടെയുള്ള മഹാക്ഷേത്രങ്ങളിൽ. ''ഇന്നത്തെയത്ര എളുപ്പമല്ല അന്ന് ശബരിമല യാത്ര. നാഴികകളോളം നടന്നു വേണം മലകയറാൻ. ഹാർമോണിയവും തബലയുമൊക്കെ തലയിൽ ചുമന്നുള്ള യാത്ര. പതിനായിരങ്ങൾ കാത്തിരിക്കുന്നുണ്ടാവും സന്നിധാനത്ത് പാട്ടു കേൾക്കാൻ. ശാന്തമായ ആ അന്തരീക്ഷത്തിന്റെ വിശുദ്ധി ഉൾക്കൊണ്ട് ഹരിവരാസനം പോലുള്ള കൃതികൾ പാടുമ്പോൾ ഭക്തർ വികാരപരവശരായിക്കണ്ടിട്ടുണ്ട്...'' ബഷീർ. അയ്യപ്പ ദർശനത്തിനായി ശബരിമലയിലെത്തിയ ജയചന്ദ്രൻ ഒരിക്കൽ 'അതിഥിഗായക'നായി ഓർക്കസ്ട്രക്കൊപ്പം ചേർന്നത് മറക്കാനാവാത്ത അനുഭവങ്ങളിൽ ഒന്ന്.

ഗുരുവായൂരിൽ ഗാനമേളകൾ അവതരിപ്പിക്കുന്ന കാലത്ത് മേൽപ്പത്തൂർ ഓഡിറ്റോറിയം നിർമ്മിക്കപ്പെട്ടിട്ടില്ല. കിഴക്കേ നടയ്ക്കൽ കെട്ടിയുയർത്തിയ താൽക്കാലിക പന്തലിലാണ് പരിപാടി അരങ്ങേറുക. നിറഞ്ഞ സദസ്സ് രാത്രി വൈകുവോളം ഉറക്കമിളച്ചിരുന്ന് പാട്ടുകൾ ആസ്വദിക്കും. ''പരിപാടിക്ക് ശേഷം ക്ഷേത്ര ഭാരവാഹികൾ പൊന്നാട അണിയിക്കുന്ന പതിവുണ്ട്. അഭിമാനമുഹൂർത്തങ്ങളായിരുന്നു അതൊക്കെ. സിനിമയിൽ പാടിത്തുടങ്ങിയിരുന്നില്ലാത്ത ഉണ്ണിമേനോനും ഉണ്ടായിരുന്നു ഒരിക്കൽ സദസ്സിൽ. വളർന്നു വരുന്ന ഗായകൻ എന്നു പറഞ്ഞ് ആരോ ഉണ്ണിയെ പരിചയപ്പെടുത്തിത്തന്നത് ഓർമ്മയുണ്ട്.''

''പള്ളുരുത്തിയിലെ ഒരമ്പലത്തിൽ നടന്ന ഗാനമേള മറക്കാനാവില്ല. പതിനായിരക്കണക്കിനാളുകളാണ് പരിപാടിക്കെത്തിയത്. ക്ഷേത്ര പരിസരത്തിന് ഉൾക്കൊള്ളാൻ കഴിയാത്തത്ര വലിയ ജനതതി. വേദിയിൽ പാടിക്കൊണ്ടിരുന്നപ്പോൾ കുറച്ചകലെ നിന്ന് വല്ലാത്തൊരു ശബ്ദം. ആളുകളുടെ തള്ളിക്കയറ്റത്തിൽ പത്തുപന്ത്രണ്ടടി ഉയരമുള്ള ക്ഷേത്രമതിൽ തകർന്നു വീണതാണ്. അപകടത്തിൽ നിരവധിപേർക്ക് പരിക്കേറ്റു. ഇന്നും ഉൾക്കിടിലംതോന്നും ആ രാത്രിയെക്കുറിച്ച് ഓർക്കുമ്പോൾ''. അങ്ങനെ എത്രയെത്ര ഓർമ്മകൾ.

മലയാലപ്പുഴ, ഓമല്ലൂർ, ഓച്ചിറ, ഹരിപ്പാട്... അങ്ങനെ കേരളത്തിന്റെ മുക്കിലും മൂലയിലുമുള്ള അമ്പലങ്ങളിൽ പാടി ബഷീർ. പല ക്ഷേത്രങ്ങളുടേയും ഊട്ടുപുരകളിൽ

ഭക്തർക്കൊപ്പമിരുന്ന് ഊണുകഴിച്ചു. ചോറും സാമ്പാറും അവിയലും മോരുമൊക്കെ കൂട്ടിയുള്ള അസ്സൽ വെജിറ്റേറിയൻ ശാപ്പാട്. "അന്യമതസ്ഥരുടെ ദേവാലയങ്ങളിൽ പാടിയതിന്റെ പേരിൽ ഒരിക്കലും ആരും കുറ്റപ്പെടുത്തിക്കേട്ടിട്ടില്ല. അത്തരം വിവാദങ്ങൾ കലാരംഗത്തെ, പ്രത്യേകിച്ച് സംഗീതലോകത്തെ ബാധിച്ചിരുന്നില്ല എന്നതാണ് സത്യം. എല്ലാ മതസ്ഥരും അന്യ മതവിശ്വാസികളുടെ ഗാനങ്ങൾ ആസ്വദിക്കുകയും ഏറ്റുപാടുകയും ചെയ്തിരുന്ന കാലം."

ഉത്സവ വേദികളിൽ ഗാനമേള അവതരിപ്പിക്കാൻ എത്തുന്ന സംഗീതാലയ ട്രൂപ്പിന്റെ വാഹനത്തിനു ചുറ്റും കൗതുകത്തോടെ ചുറ്റിക്കറങ്ങിയ ബാല്യത്തെ കുറിച്ചുള്ള മധുരസ്മരണകൾ പങ്കുവെച്ചിട്ടുണ്ട് സുരേഷ് ഗോപി: "ആരൊക്കെ വന്നിട്ടുണ്ട്, ഏതൊക്കെ സംഗീതോപകരണങ്ങൾ ആണ് ഇത്തവണ അവർ അവതരിപ്പിക്കാൻ പോകുന്നത് എന്നൊക്കെ അറിയാൻ വേണ്ടിയുള്ള ആകാംക്ഷയാണ്. മൈക്കിലൂടെ ഓരോ ഉപകരണത്തിന്റേയും ശബ്ദം കേൾക്കുന്നത് തന്നെ ഒരു ത്രില്ലായിരുന്നു. കാത്തിരിപ്പിന് ഒടുവിൽ അതാ കോട്ടൺ മില്ലിലെ സൈറൺ പോലൊരു ശബ്ദം. ഗാനമേള തുടങ്ങുന്നതറിയിച്ചു കൊണ്ടുള്ള കേളികൊട്ടാണ്.ഉത്സവപ്പറമ്പിലായാലും പെരുന്നാൾ സ്ഥലത്തായാലും മറ്റെല്ലാ ബഹളവും ആ ശബ്ദത്തിൽ അലിഞ്ഞു അപ്രത്യക്ഷമാകും. തൊട്ടു പിന്നാലെ യേശുദാസിനെ ഓർമ്മിപ്പിക്കുന്ന ശബ്ദത്തിൽ ഇടവാ ബഷീറിന്റെ ആകാശരൂപിണി ഉയരുകയായി. സ്റ്റേജിൽനിൽക്കുന്ന ചെറിയ മനുഷ്യനാണ് ഇത്രയും ഗാംഭീര്യമാർന്ന ശബ്ദത്തിൽ പാടുന്നതെന്ന് വിശ്വസിക്കുക പ്രയാസം. ചെറിയൊരു അസൂയയും തോന്നും അപ്പോൾ. സദസ്സിലെ സുന്ദരിമാരെല്ലാം ഗായകനെ നോക്കി സ്വയം മറന്ന് ഇരിക്കുകയല്ലേ? സദസ്സിന്റെ മുൻനിരയിൽ ഇരുന്നു ബഷീറിന്റെ ശ്രദ്ധ പിടിച്ചു പറ്റാൻ ശ്രമിച്ചിട്ടുണ്ട് അന്നെല്ലാം".

ഹിന്ദു ക്ഷേത്രങ്ങളിൽ മാത്രമല്ല ക്രിസ്തീയ ദേവാലയങ്ങളിലും മുസ്ലീം പള്ളികളിലുമെല്ലാം സ്ഥിരമായി ഗാനമേളകൾ അവതരിപ്പിക്കും ബഷീറും കൂട്ടരും. മറക്കാനാവാത്ത അനുഭവങ്ങളിലൊന്ന് മാരാമൺ കൺവെൻഷനിൽ പാടിയതാണ്. ലക്ഷത്തോളം വരുന്ന ആസ്വാദകർക്ക് മുന്നിൽ പാടുമ്പോഴത്തെ ആത്മസംതൃപ്തി റെക്കോർഡിംഗ് സ്റ്റുഡിയോയുടെ ഏകാന്തമൂകതയിൽ നിന്നപ്പോൾ പോലും ലഭിച്ചിട്ടില്ലെന്ന് പറയാറുണ്ട് വാണിജയറാമിനോടൊപ്പം 'മുക്കുവനെസ്നേഹിച്ച ഭൂതം' എന്ന സിനിമയിൽ 'ആഴിത്തിരമാലകൾ അഴകിന്റെ മാലകൾ' എന്ന സൂപ്പർ ഹിറ്റ് ഗാനം പാടിയ ബഷീർ.

പണ്ട് സ്വയം മറന്നു പാടി പതിനായിരങ്ങളെ കോരിത്തരിപ്പിച്ച മൈതാനങ്ങളുടെയും ദേവാലയങ്ങളുടെയും അരികിലൂടെ വല്ലപ്പോഴുമൊക്കെ നടന്നുപോകുമ്പോൾ അറിയാതെ നിശ്ചലമാകുമായിരുന്നു ബഷീറിന്റെ കാലുകൾ. എന്നോ കേട്ടു മറന്ന ആരവങ്ങൾക്കും ആർപ്പുവിളികൾക്കും വേണ്ടി ഒരിക്കൽ കൂടി കാതോർക്കും അദ്ദേഹം- വെറുതെയെന്നറിഞ്ഞുകൊണ്ട് തന്നെ.അളവറ്റ ആവേശത്താൽ ഇളകിമറിയുന്ന ആരാധകക്കൂട്ടവും ഇടതടവില്ലാതെ പാട്ടൊഴുകുന്ന ഉച്ചഭാഷിണികളും വർണ്ണദീപ പ്രഭയിൽ കുളിച്ചു നിൽക്കുന്ന സംഗീതവേദികളും എല്ലാം വീണ്ടും ഓർമ്മയിൽ കടന്നു വരും.

"തീർത്തും അപരിചിതരായ, ജീവിതത്തിൽ ഒരിക്കലും കണ്ടുമുട്ടിയിട്ടില്ലാത്ത എത്രയോ മനുഷ്യരുടെ സ്വകാര്യ നിമിഷങ്ങളെ ആഹ്ലാദഭരിതമാക്കാൻ എനിക്ക് കഴിഞ്ഞല്ലോ എന്നോർക്കുംഅപ്പോൾ. ഒരു പാവം പാട്ടുകാരന്റെ ജന്മം സാർത്ഥകമാകാൻ ഇത്രയൊക്കെ പോരേ?" ബഷീർക്കയുടെ ചോദ്യം ഇന്നുമുണ്ട് ഓർമ്മയിൽ.

സഫലമീ യാത്ര എന്ന് പറയാതെ പറയുകയായിരുന്നില്ലേ അദ്ദേഹം?



പി.കെ.ഗോപി
കവിത

# പുതിയ ജീവികൾ



സഹസ്രകോടി പച്ചിലകൾ
ചുട്ടുകരിച്ച്
കൃത്രിമപ്പട്ടു വിരിച്ചവനേ,

അഗാധസമുദ്രം
പുകച്ചുവറ്റിച്ച്
മഴച്ചാറ്റലിനു കാത്തിരുന്നവനേ,

വിശാലശൈലങ്ങൾ
ഇടിച്ചുനിരത്തി
വിപണനക്കോട്ട കെട്ടിപ്പൊക്കിയവനേ,

തേനറകളുടെ മേൽ
വിഷം പെയ്യിച്ച്
വിദൂഷകക്കയ്പ് ഊറ്റിപ്പകർന്നവനേ,

ഉൾവിളക്കുകളൂതിക്കെടുത്തി
കരിന്തിരികൾക്കു ചുറ്റും
കാഴ്ചപ്പണ്ടം നിരത്തിയവനേ,

അറിവുമലയുടെ നിറുകയിൽ
അന്ധകാരം നിറച്ച്
ഇന്ദ്രിയങ്ങളോട്
യുദ്ധം ചെയ്യാൻ കല്പിച്ചവനേ,

വിഡ്ഢികളുടെ സ്വർഗ്ഗത്തിൽ
സുഖഭോഗം മോഹിച്ച്
നെട്ടോട്ടമോടുമ്പോൾ
ഒന്നു നിൽക്കണേ....

തലച്ചോറും ഹൃദയവും
സ്ഥാനം തെറ്റിപ്പോയ
പുതിയ ജീവിയുടെ ഉദയം
ലോകത്തെ അറിയിക്കാനാണ്!



കഥ
ഒക്റ്റേവിയോ പാസ്–
വിവ: രവികുമാർ.വി



ഒക്റ്റേവിയോ പാസ്

# തിരയുടെ കൂടെ എന്റെ ജീവിതം

**ഞാ**ൻ ആ കടലു വിട്ടു പോരുമ്പോൾ ഒരു തിര മറ്റുള്ളവയെ പിന്നിലാക്കി മുന്നിലേക്കു കയറി വന്നു. മെലിഞ്ഞു കിളരം വച്ച ഒരു തിര. പാറുന്ന പാവാടത്തുമ്പുകളിൽ പിടിച്ചു വലിച്ചു വിലക്കാൻ നോക്കിയ മറ്റു തിരകളുടെ ഒച്ചവയ്പുകൾ കാര്യമാക്കാതെ അവൾ എന്റെ കൈത്തണ്ടയിൽ കടന്നു പിടിച്ച് തുള്ളിച്ചാടിക്കൊണ്ട് എന്റെയൊപ്പം വന്നു. എനിക്കവളോട് അപ്പോൾ ഒന്നും പറയാൻ തോന്നിയില്ല. കാരണം, കൂട്ടുകാരുടെ മുന്നിൽ വച്ച് അവളെ നാണം കെടുത്തുന്നതിൽ എനിക്കു വിഷമമുണ്ടായിരുന്നു. തന്നെയുമല്ല, മുതിർന്ന തിരകളുടെ രൂക്ഷമായ നോട്ടങ്ങൾ എന്നെ തളർത്തുകയും ചെയ്തു.

പട്ടണത്തിലെത്തിയപ്പോൾ ഇതു നടക്കാത്ത കാര്യമാണെന്ന് ഞാൻ അവളെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിച്ചു. ഇന്നു വരെ കടലു വിട്ടു പോയിട്ടില്ലാത്ത ഒരു തിരയുടെ നിഷ്കളങ്കതയ്ക്കു സങ്കല്പിക്കാൻ പറ്റുന്നതല്ല നഗരജീവിതം. അവൾ എന്നെ ഗൗരവത്തോടെ നോക്കി. ഇല്ല, അവൾ തീരുമാനമെടുത്തു കഴിഞ്ഞു. അവൾക്കിനി മടങ്ങിപ്പോകാനാവില്ല. ഞാൻ മയത്തിൽ പറഞ്ഞുനോക്കി, കടുപ്പിച്ചു പറഞ്ഞുനോക്കി, കുത്തുവാക്കു പറഞ്ഞുനോക്കി, അവൾ കരഞ്ഞു, അലറിക്കരഞ്ഞു, എന്നെ കെട്ടിപ്പിടിച്ചു, എന്നെ ഭീഷണിപ്പെടുത്തി. എനിക്കു ക്ഷമ പറയേണ്ടി വന്നു.

അടുത്ത ദിവസം എന്റെ കഷ്ടപ്പാടുകൾ തുടങ്ങി. കണ്ടക്ടറുടെ, യാത്രക്കാരുടെ, പോലീസിന്റെ കണ്ണിൽ പെടാതെ എങ്ങനെയാണു ഞങ്ങൾ ട്രെയിനിൽ കയറുക? ട്രെയിനിൽ തിരകളെ കൊണ്ടുപോകുന്നതിനെക്കുറിച്ച് റയിൽവേ നിയമങ്ങൾ ഒന്നും പറയുന്നില്ലെന്നതു ശരി തന്നെ; എന്നാൽ പിടിക്കപ്പെട്ടാൽ ആ പ്രവൃത്തിയെ എങ്ങനെയാണവർ കൈകാര്യം ചെയ്യുക എന്നതിന്റെ സൂചനയുമായിരുന്നു ആ മൗനം. ഏറെ നേരത്തെ ആലോചനയ്ക്കു ശേഷം വണ്ടി പുറപ്പെടുന്നതിന് ഒരു മണിക്കൂർ മുമ്പേ ഞാൻ സ്റ്റേഷനിലെത്തി സീറ്റു പിടിച്ചു; എന്നിട്ട്, ആരും നോക്കുന്നില്ലെന്നുറപ്പാക്കിക്കൊണ്ട് കുടിക്കാനുള്ള വെള്ളത്തിന്റെ ടാങ്ക് ഞാൻ കാലിയാക്കി; പിന്നെ കരുതലോടെ എന്റെ കൂട്ടുകാരിയെ അതിലേക്കൊഴിച്ചു.

ആദ്യത്തെ സംഭവമുണ്ടാകുന്നത് അടുത്തിരുന്ന അച്ഛനമ്മമാരുടെ കുട്ടികൾ ഉച്ചത്തിൽ തങ്ങളുടെ ദാഹം പ്രഖ്യാപിക്കുമ്പോഴാണ്. ഞാൻ അവരെ പിടിച്ചിരുത്തിയിട്ട് പലഹാരവും ലെമണേഡുമൊക്കെ വാഗ്ദാനം ചെയ്തു. അവർ അതു സ്വീകരിക്കുമെന്ന മട്ടായപ്പോഴാണ് ദാഹാർത്തയായ മറ്റൊരു യാത്രക്കാരി വരുന്നത്. ഞാൻ അവരേയും ക്ഷണിക്കാൻ തുടങ്ങിയെങ്കിലും ഒപ്പമുള്ളയാളിന്റെ നിശിതമായ നോട്ടം കണ്ടു ഞാൻ പിന്മാറി. ആ സ്ത്രീ ഒരു പേപ്പർ കപ്പുമെടുത്ത് ടാങ്കിനടുത്തു ചെന്ന് ടാപ്പ് തിരിച്ചു. കപ്പ് പാതി നിറയുന്നതിനു മുമ്പേ ഞാൻ ഓടി അവർക്കും എന്റെ സ്നേഹിതയ്ക്കുമിടയിൽ ചെന്നു നിന്നു. സിത്രീ അമ്പരപ്പോടെ എന്നെ നോക്കി. ഞാൻ അവരോടു ക്ഷമാപണം പറയുന്നതിനിടയ്ക്ക് ഒരു കുട്ടി ചെന്ന് വീണ്ടും ടാപ്പു തുറന്നു. ബലം പ്രയോഗിച്ച് ഞാൻ അതടച്ചു. സ്ത്രീ കപ്പ് ചുണ്ടോടടുപ്പിച്ചു.

''അയ്യേ, ഈ വെള്ളത്തിനു വല്ലാത്ത ഉപ്പുരസം!''

കുട്ടിയുംഅതാവർത്തിച്ചു. അവിടവിടെയായി യാത്രക്കാർ എഴുന്നേറ്റു തുടങ്ങി. സ്ത്രീയുടെ ഭർത്താവ് കണ്ടക്ടറെ വിളിച്ചു.

''ഈയാൾ വെള്ളത്തിൽ ഉപ്പുകലക്കി''.

കണ്ടക്ടർ ഇൻസ്പെക്ടറെ വിളിച്ചു:

''അപ്പോ, താൻ വെള്ളത്തിൽ എന്തോ ചേർത്തുവല്ലേ''?

ഇൻസ്പെക്ടർ പോലീസിനെ വിളിച്ചു



“താനപ്പോൾ വെള്ളത്തിൽ വിഷം കലക്കി, അല്ലേ?” പോലീസുകാരൻ പിന്നെ ക്യാപ്റ്റനെവിളിച്ചു. “അപ്പോൾ താനാണോ വിഷം കലക്കിയത്?”

ക്യാപ്റ്റൻ മൂന്ന് അന്വേഷണോദ്യോഗസ്ഥന്മാരെ വരുത്തി. യാത്രക്കാരുടെ തുറിച്ചുനോട്ടങ്ങൾക്കും കുശുകുശുക്കലുകൾക്കുമിടയിൽ അവരെന്നെ ഒരൊഴിഞ്ഞ കമ്പാർട്ടുമെന്റിലേക്കു കൊണ്ടുപോയി.

അടുത്ത സ്റ്റേഷനിൽ ഇറക്കിയിട്ട് അവരെന്നെ വലിച്ചിഴച്ചു ജയിലിലിട്ടു. നീണ്ടുനീണ്ട ചോദ്യം ചെയ്യലുകളല്ലാതെ ദിവസങ്ങളോളം ആരുമെന്നോടു മിണ്ടിയില്ല. നടന്ന കാര്യം പറഞ്ഞിട്ടും ആരുമെന്നെ വിശ്വസിച്ചില്ല, ജയിലർ പോലും അയാൾ തല കുലുക്കിക്കൊണ്ടു പറയുകയാണ്: “കേസ് സീരിയസ്സാണ്, വളരെ സീരിയസ്സാണ്. താൻ കുട്ടികളെ വിഷം കൊടുത്തു കൊല്ലാൻ നോക്കുകയായിരുന്നില്ലേ?”

ഒരു ദിവസം അവരെന്നെ മജിസ്ട്രേറ്റിനു മുന്നിൽ

ഹാജരാക്കി. ''തന്റെ കേസ് കുറച്ചു വിഷമം പിടിച്ചതാണ്.'' അദ്ദേഹവും ആവർത്തിച്ചു. ഞാൻ തന്നെ ക്രിമിനൽ ജഡ്ജിയുടെ മുന്നിലേക്കു വിടുന്നു.

ഒരു കൊല്ലം കഴിഞ്ഞു. ഒടുവിൽ അവരെന്റെ കേസ് വിചാരണയ്ക്കെടുത്തു. ആർക്കും അപായമൊന്നും പറ്റാത്തതിനാൽ എനിക്കു കിട്ടിയ ശിക്ഷ ലഘുവായിരുന്നു. കുറച്ചു കാലം കഴിഞ്ഞപ്പോൾ എന്റെ മോചനത്തിന്റെ ദിവസമെത്തി.

വാർഡൻ എന്നെ അകത്തേക്കു വിളിച്ചു.

''ശരി, തനിക്കു പോകാം. തനിക്കു ഭാഗ്യമുണ്ട്. ആർക്കും ജീവഹാനി പറ്റാതിരുന്നത് തനിക്കു രക്ഷയായി. പക്ഷേ ഇനി ഇതാവർത്തിച്ചാൽ താൻ വലിയ വില കൊടുക്കേണ്ടി വരും...''

മറ്റുള്ളവരെപ്പോലെ അയാളും എന്നെ ഗൗരവത്തോടെ തറപ്പിച്ചു നോക്കി.

അന്നു തന്നെ ഉച്ചയ്ക്കുള്ള ട്രെയിനിൽ മണിക്കൂറുകൾ നീണ്ട അസ്വസ്ഥമായ യാത്രയ്ക്കു ശേഷം ഞാൻ മെക്സിക്കോ നഗരത്തിലെത്തി. ഒരു ടാക്സി പിടിച്ച് ഞാൻ വീട്ടിലെത്തി. ഫ്ളാറ്റിന്റെ വാതിൽക്കലെത്തുമ്പോൾ ഉള്ളിൽ നിന്ന് ചിരിയും പാട്ടും ഞാൻ കേട്ടു. എനിക്ക് നെഞ്ചിലൊരു വേദനതോന്നി, ആശ്ചര്യം ഒരു തിരയായി നമ്മുടെ നെഞ്ചിൽ വന്നിടിക്കുന്നപോലെ: പണ്ടേപ്പോലെ ചിരിച്ചും പാടിയും കൊണ്ട് എന്റെ കൂട്ടുകാരിയുണ്ട് അവിടെ നിൽക്കുന്നു!

''നീയെങ്ങനെതിരിച്ചെത്തി?''

''ലളിതം: ട്രെയിനിൽ. ഞാൻ വെറും ഉപ്പുവെള്ളമാണെന്നു തീർച്ച വരുത്തിയിട്ട് ഒരാൾ എന്നെയെടുത്ത് എഞ്ചിനിൽ ഒഴിച്ചു. അതൊരു ദുർഘടയാത്രയായിരുന്നു. പെട്ടെന്നു ഞാൻ ആവികൊണ്ടുള്ള ഒരു വെള്ളപ്പീലിയായി; പിന്നെ ഞാൻ ഒരു നേർത്തമഴയായി എഞ്ചിനു മേൽ വീണു, ഞാൻ ഒരുപാടു മെലിഞ്ഞു പോയി. എനിക്കൊരുപാടു തുള്ളികൾ നഷ്ടമായി.''

അവളുടെ സാന്നിദ്ധ്യം എന്റെ ജീവിതമാകെ മാറ്റിമറിച്ചു. ഇരുളടഞ്ഞ ഇടനാഴികളും പൊടിപിടിച്ച ഫർണീച്ചറും മാത്രമുണ്ടായിരുന്ന ഒരു വീട് കാറ്റും വെളിച്ചവും, നീലയും പച്ചയുമായ പ്രതിഫലനങ്ങളും കൊണ്ടു നിറഞ്ഞു: മുഴക്കങ്ങളുടെയും മാറ്റൊലികളുടെയും അസംഖ്യവും സന്തുഷ്ടവുമായ ഒരു ജനത. ഒരു തിരയാണെങ്കിലും എത്ര തിരകളാണത്! ഒരു ചുമരിനെ, ഒരു നെഞ്ചിനെ, നുരയുടെ കിരീടമണിയിച്ച ഒരു നെറ്റിത്തടത്തെ ഒരു കടലോരമോ കടല് പാറയോ കടൽത്തുറയോ ആക്കി മാറ്റുകയുമാണത്! പരിത്യജിക്കപ്പെട്ട മൂലകൾ പോലും, പൊടിയും ചവറും നിറഞ്ഞ ഹീനമായ മൂലകൾ പോലും അവളുടെ നേർത്ത വിരലുകളുടെ സ്പർശമറിഞ്ഞു. എന്തിനുമേതിനും ചിരി പൊട്ടി, എവിടെയും പല്ലുകളുടെ വെണ്മ തിളങ്ങി. പഴകിയ മുറികളിലേക്കു സൂര്യൻ സന്തോഷത്തോടെ കടന്നുവന്നു. മറ്റു വീടുകളും ആ പ്രദേശവും നഗരവും രാജ്യവും വിട്ടുപോയിട്ടും എത്രയോ മണിക്കൂറുകൾ അതെന്റെ വീട്ടിൽ തങ്ങിനിന്നു! ചില രാത്രികളിൽ, വളരെ വൈകി സൂര്യൻ എന്റെ വീട്ടിൽ നിന്ന് ഒളിച്ചിറങ്ങിപ്പോകുന്നത് നക്ഷത്രങ്ങൾ ഞെട്ടലോടെ കണ്ടുനിന്നിട്ടുണ്ട്.

പ്രണയം ഒരു കളിയായിരുന്നു. ഒരു നിരന്തരസൃഷ്ടി, സർവതും ഒരു കടലോരവും പൂഴിമണ്ണും ഒരിക്കലും പുതുമ മാറാത്ത വിരിപ്പുകളുള്ള കിടക്കയുമായിരുന്നു. ഞാൻ പുണർന്നാൽ അഭിമാനം കൊണ്ടവൾ ഉരുണ്ടുകൂടും. ഒരു പോപ്ളാർ മരത്തിന്റെ ദ്രവകാണ്ഡം പോലെ അവിശ്വസനീയമായ ഉയരത്തിലേക്കു വളരും. പിന്നെ ആ കൃശത വെൺതൂവലുകളുടെ ഒരു ജലധാരയായി. ചിരികളുടെ ഒരു പീലിക്കെട്ടായി എന്റെ തലയിലും പുറത്തും പൊഴിയും, വെണ്മ കൊണ്ടെന്നെ പൊതിയും. ചിലപ്പോഴവൾ എനിക്കു മുന്നിൽ നിവർന്നു കിടക്കും, ചക്രവാളം പോലെ നിസ്സീമമായി; ഒടുവിൽ ഞാൻ തന്നെയും ചക്രവാളവും മൗനവുമാവും. നിറഞ്ഞും പുളഞ്ഞും സംഗീതം പോലെ, ഏതോ വിപുലാധരങ്ങൾ പോലെ അവളെന്നെ പൊതിയും.

ലാളനകളുടെ, മന്ത്രണങ്ങളുടെ ചുംബനങ്ങളുടെ, വരവും പോക്കുമായിരുന്നു അവളുടെ സാന്നിദ്ധ്യം. അവളിലേക്കെടുത്തു ചാടുമ്പോൾ ആകെ മുങ്ങിനനയുന്ന ഞാൻ ഒന്നു കണ്ണു ചിമ്മുന്ന നേരത്തിനിടയ്ക്കു കാണാം. തല ചുറ്റിക്കുന്നൊരുയരത്തിൽ നിഗൂഢമായൊരു വിധം ആകാശത്തു തങ്ങിനിൽക്കുന്നതും പിന്നെ ഒരു തൂവലെന്ന പോലെ ഉണങ്ങിയ നിലത്തു പതിയെ വന്നു പതിക്കുന്നതും. ആ ജലത്തിന്റെ തൊട്ടിലാട്ടത്തിൽ കിടന്നുറങ്ങുന്നതിനോടു സാമ്യപ്പെടുത്താവുന്നതായി ഒന്നുമില്ല; ഉണ്ടെങ്കിലത്, ചിരിച്ചുല്ലസിക്കുന്ന വെളിച്ചത്തിന്റെ ഒരായിരം ചാട്ടയടികളേറ്റ്, അടക്കിച്ചിരിയുടെ ഒരായിരം പ്രഹരങ്ങളേറ്റ് ഉറക്കത്തിൽ നിന്നുണരുക എന്നതു മാത്രം.

എന്നിട്ടുകൂടി അവളുടെ സത്തയുടെ ഉള്ളിലേക്കിറങ്ങാൻ എനിക്കു കഴിഞ്ഞതേയില്ല. വേദനയുടെയും മരണത്തിന്റെയും നഗ്നതയിൽ സ്പർശിക്കാൻ എനിക്കു കഴിഞ്ഞില്ല. തിരകൾക്കതുണ്ടാവില്ലെന്നാവാം, സ്ത്രീയെ വിധേയയും നശ്വരയുമാക്കുന്ന ആ നിഗൂഢമർമ്മം, സർവ്വതും പിണഞ്ഞു ചേരുകയും കെട്ടുപിണയുകയും പിന്നെ നിവരുകയും ഒടുവിൽ മൂർച്ഛിക്കുകയും ചെയ്യുന്ന ആ വൈദ്യുതമുകുളം. അവളുടെ വൈകാരികത, സ്ത്രീകളുടേതുപോലെ, അലകളായി പടർന്നു; പക്ഷേ ഒരേ കേന്ദ്രത്തിൽനിന്നു പുറപ്പെടുന്ന വൃത്തങ്ങളായിട്ടല്ല, ഓരോ തവണയും പുറത്തേക്കു വ്യാപിക്കുന്ന, മറ്റു നക്ഷത്രമണ്ഡലങ്ങളിലേക്കെത്തുന്ന വിഷമകേന്ദ്രവൃത്തങ്ങളായി. അവളെ പ്രേമിക്കുക എന്നാൽ വിദൂര സമ്പർക്കങ്ങളിലേക്കു നീളുക എന്നായിരുന്നു, ഉണ്ടെന്നു നാം സംശയിക്കുകപോലും ചെയ്യാത്ത നക്ഷത്രങ്ങളൊത്തു സ്പന്ദിക്കുക എന്നായിരുന്നു. പക്ഷേ അവളുടെ മദ്ധ്യബിന്ദു... ഇല്ല, അവൾക്കങ്ങനെയൊരു കേന്ദ്രബിന്ദു ഉണ്ടായിരുന്നില്ല. എന്നെ ഉള്ളിലേക്കു വലിച്ചെടുത്തു ശ്വാസം മുട്ടിക്കുന്ന ചുഴലിപോലെ ഒരു ശൂന്യത മാത്രം.

അടുത്തടുത്തു നിവർന്നുകിടന്ന് ഞങ്ങൾ സ്വകാര്യങ്ങളും മന്ത്രണങ്ങളും മന്ദഹാസങ്ങളും കൈമാറി. ഒരു ചുരുളു പോലെ എന്റെ നെഞ്ചിൽ വന്നു വീഴുന്ന അവൾ പിന്നെ അവിടെ മർമ്മരങ്ങളുടെ സസ്യജാലം പോലെ വിടരുകയായി. ഒരു കുഞ്ഞുശംഖു പോലെ എന്റെ കാതിൽ അവൾ പാടി. അവൾ വിനീതയായി, സുതാര്യയായി; ഒരു കൊച്ചു ജീവിയെപ്പോലെ എന്റെ കാലടികളിൽ പറ്റിപ്പിടിച്ചവൾ കിടന്നു. അലയടങ്ങിയ ജലം പോലെ. ഉള്ളിലെ ചിന്തകളെല്ലാം വായിച്ചെടുക്കാവുന്നത്ര അവൾ തെളിഞ്ഞതായിരുന്നു.

ചില രാത്രികളിൽ അവളുടെ ചർമ്മം മിന്നാമിനുങ്ങിന്റേതു പോലെ ഭാസുരമാകും; അപ്പോൾ അവളെ ആശ്ളേഷിക്കുക അഗ്നി കൊണ്ടു പച്ച കുത്തിയ രാത്രിയുടെ ഒരു ഖണ്ഡത്തെ ആശ്ളേഷിക്കുന്നതു പോലെയായിരുന്നു. മറ്റു ചിലപ്പോൾ അവൾ കറുമ്പിയും കടുപ്പക്കാരിയുമാകും. ഓർത്തിരിക്കാത്ത നേരത്താണവൾ അലറുക, ഞരങ്ങുക, പിടയുക, അവളുടെ രോദനങ്ങൾ അയല്ക്കാരെ ഉണർത്തുന്നതായിരുന്നു. അവളുടെ കരച്ചിൽ കേട്ട് കടൽക്കാറ്റു വന്ന് വീടിന്റെ വാതിൽപാളിയിൽ മാന്തും. അല്ലെങ്കിൽ മേൽക്കൂരയിൽ കയറി ഉച്ചത്തിൽ പിച്ചും പേയും പറയും, മൂടിക്കെട്ടിയ ദിവസങ്ങളിൽ അവൾക്കാകെ ഈറപിടിയ്ക്കും. അപ്പോഴവൾ മേശയും കസേരയും തല്ലിപ്പൊട്ടിക്കും,

അസഭ്യങ്ങൾ വിളിച്ചുപറയും. അധിക്ഷേപങ്ങളും നരച്ചതും പച്ചയുമായ പതയും കൊണ്ട് എന്നെ പൊതിയും. അവൾ കാറിത്തുപ്പി, അലറിക്കരഞ്ഞു. ശാപങ്ങളും പ്രവചനങ്ങളും എടുത്തെറിഞ്ഞു. ചന്ദ്രന്റെ, നക്ഷത്രങ്ങളുടെ, അന്യ ഗോളങ്ങളുടെ സ്വാധീനത്തിനനുസരിച്ച് അവളുടെ മനോഭാവങ്ങളും അവളുടെ ആകാരവും മാറി മാറിക്കൊണ്ടിരുന്നു. എനിക്കത് അതിവിചിത്രമായിത്തോന്നി; അതു പക്ഷേ, കടലിന്റെ ഏറ്റിറക്കങ്ങൾ പോലെ മാരകവുമായിരുന്നു.

അവൾ പിന്നെ ഏകാന്തതയെക്കുറിച്ചു പരാതി പറയാൻ തുടങ്ങി. ചിപ്പികളും ശംഖുകളും രോഷത്തിന്റെ നാളുകളിൽ അവൾ തകർത്ത കൊച്ചു തോണികളും പെറുക്കി ഞാൻ വീടു നിറച്ചു. (ബിംബങ്ങളുടെ കേവുഭാരവുമായി ഓരോ രാത്രിയിലും എന്റെ നെറ്റിത്തടത്തിൽ നിന്നു കടവു വിട്ട എത്രയെത്ര നൗകകളാണ് അവളുയർത്തിയ ഘോരമോ സൗമ്യമോ ആയ ചുഴലിക്കാറ്റുകളിൽ പെട്ടു മുങ്ങിത്താണത്!) എത്രയെത്ര കുഞ്ഞുനിധികളാണ് അക്കാലത്തെനിക്കു നഷ്ടമായത്! പക്ഷേ എന്റെ തോണികളും ചിപ്പികളുടെ മൗനഗാനവും കൊണ്ട് അവൾ തൃപ്തയായില്ല. മത്സ്യങ്ങളുടെ ഒരു കോളണി തന്നെ എനിക്കെന്റെ വീട്ടിൽ സ്ഥാപിക്കേണ്ടി വന്നു. അവ എന്റെ കൂട്ടുകാരിയിൽ നീന്തിനടക്കുന്നതും അവളുടെ മുലകളിൽ തഴുകുന്നതും അവളുടെ തുടകൾക്കിടയിൽ കിടന്നു മയങ്ങുന്നതും മിന്നുന്ന നിറപ്പൊട്ടുകൾ കൊണ്ടവളുടെ മുടിയലങ്കരിക്കുന്നതും അസൂയയില്ലാതെയല്ല ഞാൻ നോക്കിനിന്നതും.

ആ മത്സ്യങ്ങളിൽ ചിലത് എത്രയും ഘോരവും ബീഭത്സവുമായിരുന്നു. തറഞ്ഞ കൂറ്റൻകണ്ണുകളും അറുക്കവാൾ പോലത്തെ വായകളുമുള്ള രക്തദാഹികൾ, അക്വേറിയം വ്യാഘ്രങ്ങൾ, അവയോടൊപ്പം കൂത്താടുന്നതിൽ ആനന്ദം കണ്ടെത്താൻ എന്റെ കൂട്ടുകാരിയെ പ്രേരിപ്പിച്ച മാനസികവൈകല്യമേതാണെന്ന് എനിക്കൊരു പിടിയുമില്ല. ഒരു ലജ്ജയുമില്ലാതെ അവൾ അവയോടു കാണിച്ച അടുപ്പത്തിന്റെ പൊരുൾ തിരഞ്ഞു പോകാൻ എനിക്കു താൽപര്യവുമില്ല. ആ ബീഭത്സജീവികളുമായി മണിക്കൂറുകൾ കണക്കിനാണ് അവൾ മുറിയിൽ അടച്ചിട്ടു കഴിഞ്ഞത്. ഒരു ദിവസം എനിക്കെന്റെ നിയന്ത്രണം നഷ്ടപ്പെട്ടു; ഞാൻ കതകു തള്ളിത്തുറന്ന് അവയ്ക്കു മേൽ ചാടിവീണു. അവ പ്രേതങ്ങളെപ്പോലെ മെയ് വഴക്കത്തോടെ എന്റെ കൈകൾക്കിടയിൽ നിന്നു വഴുതിപ്പോകുമ്പോൾ അവൾ പൊട്ടിച്ചിരിച്ചുകൊണ്ട് എന്നെ ഇടിച്ചു വീഴ്ത്തി. ഞാനിതാ മുങ്ങിച്ചാവുന്നു. ഞാൻ മരണത്തിന്റെ വക്കിലെത്തിയിരിക്കുന്നു എന്നെനിക്കു തോന്നിത്തുടങ്ങുമ്പോഴാണ് അവളെന്നെ സാവധാനം കരയിലേക്കു നിക്ഷേപിക്കുന്നത്. എനിക്കു കാര്യങ്ങളറിയില്ല എന്നു പറഞ്ഞുകൊണ്ട് അവളെന്നെ ചുംബിക്കാൻ തുടങ്ങി. ഞാൻ ദുർബലനായെന്ന്,ക്ഷീണിതനായെന്ന്, അപമാനിതനായെന്ന് എനിക്കു തോന്നി. അതേ സമയം അവളുടെ മാംസളതയുടെ സുഖത്തിൽ എന്റെ കണ്ണുകളടയുകയും ചെയ്തു; അവളുടെ സ്വരമാധുര്യം അത്രയ്ക്കായിരുന്നു, അവളെന്നോടു പറഞ്ഞത് മുങ്ങിമരിച്ചവരുടെ ഹൃദ്യമായ മരണത്തെക്കുറിച്ചുമായിരുന്നു. സ്വബോധം വീണ്ടെടുത്തപ്പോൾ ഞാനവളെ ഭയക്കാനും വെറുക്കാനും തുടങ്ങി.

ഞാൻ സ്വന്തം കാര്യങ്ങളൊന്നും ശ്രദ്ധിക്കാതെ നടക്കുകയായിരുന്നു. ഞാൻ വീണ്ടും കൂട്ടുകാരെ പോയിക്കാണാനും എനിക്കു പ്രിയപ്പെട്ട പഴയ ബന്ധങ്ങൾ പുതുക്കാനും തുടങ്ങി. ഞാൻ എന്റെ മുമ്പത്തെ ഒരു കാമുകിയെ കണ്ടു. മറ്റാരോടും പറയില്ലെന്ന് അവളെക്കൊണ്ട് ആണയിടീച്ച ശേഷം ഞാൻ അവളോട് തിരയുമൊത്തുള്ള എന്റെ ജീവിതത്തെക്കുറിച്ചു പറഞ്ഞു.



ഒരു പുരുഷനെരക്ഷപ്പെടുത്താൻ അവസരം കിട്ടുക എന്നതിനേക്കാൾ സ്ത്രീകളുടെ മനസ്സിളക്കുന്ന മറ്റൊന്നില്ല. എന്റെ രക്ഷക തനിക്കറിയാവുന്ന വിദ്യകളൊക്കെ പ്രയോഗിച്ചു; ഒരു സ്ത്രീയ്ക്ക്, പരിമിതമായ ഉടലും ആത്മാവും മാത്രം കൈയിലുള്ളവൾക്ക്, എന്നും മാറിക്കൊണ്ടിരിക്കുന്ന എന്റെ കൂട്ടുകാരിയെ അഭിമുഖീകരിക്കുമ്പോൾ എന്തു ചെയ്യാൻ കഴിയും? നിരന്തരമായ രൂപാന്തരങ്ങൾക്കിടയിലും അവൾ അവളായിത്തന്നെ ഇരിക്കുകയുമാണ്.

മഞ്ഞുകാലം വന്നു. ആകാശത്തിനു നരച്ച നിറമായി. നഗരത്തിനു മേൽ പുകമഞ്ഞിറങ്ങി. ചാറ്റമഴ തുള്ളികളുറഞ്ഞ് പെയ്തു കൊണ്ടിരുന്നു. എന്റെ കൂട്ടുകാരി എന്നും രാത്രിയിൽ അലറിവിളിക്കാൻ തുടങ്ങി.

പകൽ മുഴുവൻ അവൾ ഒന്നും മിണ്ടാതെ, ദുർമുഖം കാണിച്ചുകൊണ്ട് ഒഴിഞ്ഞു മാറിയിരിക്കും, ഒരു മൂലയ്ക്കിരുന്നു പിറുപിറുക്കുന്ന കിഴവിയെപ്പോലെ. അവൾ തണുത്തു; അവളുടെ കൂടെ കിടക്കുക എന്നാൽ രാത്രി മുഴുവൻ തണുത്തുവിറയ്ക്കുക എന്നായിരുന്നു. സ്വന്തം രക്തവും മജ്ജയും ചിന്തകളും പതുക്കെപ്പതുക്കെ തണുത്തുമരവിക്കുന്നതറിയുക എന്നായിരുന്നു. അവൾ അഗാധമായി, അപ്രാപ്യയായി, അസ്വസ്ഥയായി. പലപ്പോഴും ഞാൻ വീട്ടിൽ നിന്നു മാറിനിന്നു; ഓരോ തവണയും എന്റെ അസാന്നിദ്ധ്യത്തിന്റെ ദൈർഘ്യം കൂടി വന്നു. അവൾ തന്റെ മൂലയ്ക്കിരുന്നു നിർത്തില്ലാതെ അലമുറയിട്ടുകൊണ്ടിരുന്നു. ഉരുക്കു പോലത്തെ പല്ലുകളും ദ്രവിപ്പിക്കുന്ന നാവും കൊണ്ട് അവൾ ചുമരുകൾ കാർന്നുകാർന്നു വീഴ്ത്തി. എന്നെ ശകാരിച്ചും വിലപിച്ചും അവൾ രാത്രികൾ കഴിച്ചു. അവൾ പേടിസ്വപ്നങ്ങൾ കണ്ടു. ജ്വരസ്വപ്നങ്ങളിൽ പൊള്ളുന്ന കടലോരങ്ങളും സൂര്യനും കണ്ടു. അവൾ സ്വപ്നങ്ങളിൽ ധ്രുവദേശങ്ങൾ കണ്ടു. താൻ കൂറ്റനൊരു മഞ്ഞുകട്ടയായി രൂപം മാറിയതായും മാസങ്ങൾ ദീർഘിച്ച രാത്രികളിൽ കറുത്ത ആകാശത്തിനു ചുവട്ടിൽ ഒഴുകി നടക്കുന്നതായും സ്വപ്നം കണ്ടു. അവളെന്നെ അധിക്ഷേപിച്ചു. അവൾ ശപിക്കുകയും ചിരിക്കുകയും അട്ടഹാസച്ചിരികളും ഭൂതരൂപങ്ങളും കൊണ്ട് വീടു നിറയ്ക്കുകയും ചെയ്തു. വൈദ്യുതി പോലെ തൊടുന്നതെന്തിനേയും അവൾ കരിക്കട്ടയാക്കി. താനുരുമ്മിയതെന്തിനേയും അമ്ളം കൊണ്ടവൾ അലിയിച്ചു. അവളുടെ അഴകാർന്ന കൈകൾ എന്നെ കഴുത്തുഞെരിച്ചുകൊല്ലുന്ന പരുക്കൻ കയറുകളായി. പച്ചനിറംപൂണ്ട, വഴങ്ങുന്ന ഉടലിനെതല്ലിയിട്ടും തല്ലിയിട്ടും ദാഹംതീരാത്ത ചാട്ടവാറായി. ഞാൻ അവിടെ നിന്നു പലായനംചെയ്തു. ബീഭത്സരൂപികളായ ആ മത്സ്യങ്ങൾ കൊലച്ചിരി ചിരിക്കുകയായിരുന്നു.

അവിടെ, ആ മലകളിൽ, നെടിയ പൈൻ മരങ്ങൾക്കും കൊല്ലികൾക്കുമിടയിൽ സ്വാതന്ത്ര്യത്തിന്റെ ചിന്ത പോലെ നേർത്ത, തണുത്ത വായു ഞാൻ ഉള്ളിലാക്കി. ഒരു മാസത്തിനൊടുവിൽ ഞാൻ മടങ്ങിപ്പോയി. ഞാൻ തീരുമാനമെടുത്തു കഴിഞ്ഞിരുന്നു. ആ മഞ്ഞുകാലത്തിനു നല്ല തണുപ്പായിരുന്നു. ചിമ്മിനിയുടെ മാർബിൾ പലകയ്ക്കു മുകളിലായി, തീയണഞ്ഞ അടുപ്പിനു തൊട്ടായി മഞ്ഞു കൊണ്ടൊരു പ്രതിമ ഞാൻ കണ്ടു. അവളുടെ മടുപ്പിക്കുന്ന സൗന്ദര്യം എന്റെ മനസ്സിളക്കിയില്ല. ഞാനവളെ വലിയൊരു കാൻവാസ് ചാക്കിനുള്ളിലാക്കി; പിന്നെ ഉറങ്ങുന്നവളെയും തോളിലിട്ട് ഞാൻ തെരുവിലേക്കിറങ്ങി.

നഗരത്തിനു പുറത്തുള്ള ഒരു ഹോട്ടലിലെ എന്റെ പരിചയക്കാരനായ ഒരു വെയിറ്റർക്ക് ഞാനവളെ വിറ്റു. അയാൾ അപ്പോൾത്തന്നെ അവളെ ചെറുകഷണങ്ങളായി കൊത്തിനുറുക്കിയിട്ട് കുപ്പികൾ തണുപ്പിക്കുന്ന ബക്കറ്റുകളിൽ ശ്രദ്ധയോടെ നിക്ഷേപിക്കുകയും ചെയ്തു.

**എന്റെ വായനാ ജീവിതത്തിൽ ഇതാദ്യമായിരുന്നു ഇങ്ങനെ ഒരനുഭവം. ഒരിക്കലും ഇംഗ്ലീഷ് മൂലത്തിലുള്ളതോ ഇംഗ്ലീഷ് വിവർത്തനത്തിൽ ഉള്ളതോ ആയ കൃതികളെ അതിശയിപ്പിക്കുന്ന മലയാളം മൊഴിമാറ്റം ഞാൻ അതേ വരെ വായിച്ചിരുന്നില്ല. ഡോക്ടർ ഷിവാഗോയിൽ നോവലിന് അനുബന്ധമായി ലോകത്തിലെ എക്കാലത്തെയും മികച്ച കവികളിൽ ഒരാളായ ബോറിസ് പാസ്റ്റർ നാക്ക് എഴുതിയ ഒരു പിടി കവിതകളുമുണ്ട്. ഈ കവിതകൾ നോവലിലെ കവിയായ നായകൻ ഡോക്ടർ ഷിവാഗോ രചിച്ച കവിതകൾ എന്ന നിലയിലാണല്ലോ കൊടുത്തിട്ടുള്ളത്. നോവൽ പോലെ തന്നെ, ഈ കവിതകളും വിസ്മയാവഹമായ ചാരുതയോടെ തന്നെയാണ് മുട്ടത്തുവർക്കി മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തിയിരിക്കുന്നത്**

ഏകദേശം തൊണ്ണൂറുകളുടെ തുടക്കം വരെയെങ്കിലും സാമാന്യ മലയാളി വായനയുടെ ഹരിശ്രീ കുറിക്കപ്പെട്ടിരിക്കുന്നത് മുട്ടത്തുവർക്കിയുടെ നോവലുകളിലൂടെയാണെന്ന് പറയാറുണ്ടല്ലോ. അവിടെ നിന്ന് കോട്ടയം പുഷ്പനാഥ്, കാനം വഴി ബഷീറിലേക്കും, എം.ടിയിലേക്കും മാധവിക്കുട്ടിയിലേക്കും പിന്നീട് വിജയ, മുകുന്ദ, കാക്കനാടൻമാരിലേക്കും ആ പാരായണ ജീവിതം പുരോഗമിക്കുന്നു. എന്നാൽ, എന്റെ കാര്യത്തിൽ ഈ സാമാന്യ നിയമത്തിൽ നിന്ന് ഒട്ട് വ്യതിചലനങ്ങളുണ്ടായിരുന്നു. അഞ്ചാം ക്ലാസ്സിൽ പഠിക്കുമ്പോൾ, മുതിർന്ന മലയാള സാഹിത്യവുമായുള്ള എന്റെബന്ധം തുടങ്ങുന്നത് മുകുന്ദന്റെ 'മയ്യഴിപ്പുഴയുടെ തീരങ്ങളിൽ', കാക്കനാടന്റെ 'സാക്ഷി,'വിജയന്റെ 'ഖസാക്കിന്റെ ഇതിഹാസം' തുടങ്ങിയ നോവലുകളിലൂടെയാണ്. ഇക്കൂട്ടത്തിൽ കൃത്യമായി വായിച്ചാസ്വദിക്കാനായത് മയ്യഴിപ്പുഴയുടെ തീരങ്ങളിൽ ആയിരുന്നു. ബാക്കിയുള്ളവ പിടിതരാത്ത അനുഭവങ്ങളായി നിലകൊണ്ടു. എന്തായാലും, നെടുങ്ങാടപ്പള്ളിയിലെ എന്റെ അയൽവീടായ കോഴിക്കുന്നത്തെ ബേബിച്ചായൻ എന്ന ചേട്ടൻ വഴി ആധുനികതയിൽ ഞാൻ ജ്ഞാനസ്നാനപ്പെടുകയും വിജയ, മുകുന്ദ, കാക്കനാടൻ എന്നത് ഒരെഴുത്തുകാരൻ ആയിത്തീരാൻ അന്നേ വെമ്പൽ കൊള്ളുന്ന ഇളം മനസ്സിൽ ദിവ്യമന്ത്രാക്ഷരങ്ങളായിത്തീരുകയും ചെയ്തു.

ഇതിന് ശേഷമാണ് മുട്ടത്തു വർക്കിയും കാനവും കോട്ടയം പുഷ്പനാഥും ഒക്കെ എന്റെ വായനയിലേ

# മുട്ടത്തു വർക്കിയുടെ രാത്രി



വിനു എബ്രഹാം
നൊസ്റ്റാൾജിയ












ക്ക് കടന്നു വരുന്നത്. കോഴികുന്നം വീട്ടിൽ നിന്ന് തന്നെയാണ് മുട്ടത്ത് വർക്കിയുടെ 'ഒരു കുടയും കുഞ്ഞു പെങ്ങളും','മയിലാടുംകുന്നും' ലഭിക്കുന്നതും വായിക്കുന്നതും. ആറാം ക്ലാസ്സിൽ പഠിക്കുമ്പോഴായിരുന്നു ഇത്. ഏതാണ്ട് ആ കാലത്താണ് ദീപിക പത്രത്തിന്റെ വാരാന്തപ്പതിപ്പിൽ വർക്കിയുടെ'ഏതാണീ പെൺകുട്ടി' എന്ന നോവൽ ഖണ്ഡശ്ശ: വരുന്നത്. അന്നൊക്കെ, വീട്ടിൽ നിന്ന് കഴിച്ച് മൂന്നു മിനിറ്റ് നടപ്പു ദൂരം അപ്പുറത്തുള്ള നെടുങ്ങാടപ്പള്ളി കവലയിലെ ബസ്സ് വെയ്റ്റിംഗ് ഷെഡിൽ പുലർച്ചെ ആറു മണിക്ക് ഞാൻ ഹാജരാകുമായിരുന്നു. വീട്ടിൽ വരുത്തുന്ന 'മലയാള മനോരമ' യ്ക്ക് അപ്പുറം 'ദീപിക' പോലെയുള്ള പത്രങ്ങളിൽ വരുന്ന കോമിക്ക് സ്ട്രിപ്പുകൾ വായിക്കാനും വാരാന്തപ്പതിപ്പുകളിലെ കഥകൾ വായിക്കാനും ഒക്കെയായിരുന്നു ഇത്. അങ്ങനെയാണ് വർക്കിയുടെ നോവലും വായിച്ചു തുടങ്ങിയത്. താമസിയാതെ, 'മനോരാജ്യം' വാരികയിൽ വന്നിരുന്ന വർക്കിയുടെ 'കാണാൻ പോകുന്ന പൂരം' എന്ന നോവലും വായനയിലെത്തി, ഒപ്പം തന്നെ 'രാത്രികളുടെ രാത്രി' എന്ന നോവലും 'ജൂണിൽ ഒരു രാത്രി' എന്ന നാല് കഥകളുടെ സമാഹാരവും കൈയിലെത്തി.


എന്നാൽ, അപ്പോഴേക്ക് തന്നെ ഉറൂബിന്റെയും തകഴിയുടെയും കേശവദേവിന്റെയും ബഷീറിന്റെയും കൃതികളിലേക്ക് കടന്നിരുന്ന എന്നെ മുട്ടത്തുവർക്കി ഒരു പരിധിക്ക് അപ്പുറം ആകർഷിച്ചുമില്ല. അതേ സമയം, വികർഷിച്ചുമില്ല. പക്ഷേ, മേൽപ്പറഞ്ഞ കൃതികളല്ലാതെ, മുട്ടത്തുവർക്കിയുടെ വിഖ്യാത നോവലുകളായ 'പാടാത്ത പൈങ്കിളി'യോ 'പട്ടുതൂവാല'യോ ഒന്നും അക്കാലത്ത് എന്റെ മുന്നിൽ എത്തിയില്ല. ഹൈസ്കൂൾ പഠനകാലത്ത്, അടുത്തുള്ള ഗ്രാമീണ വായനശാലയിൽ അംഗമായപ്പോഴും വർക്കിസാഹിത്യം തേടിപ്പിടിച്ച് വായിക്കാൻ ഞാൻ തുനിഞ്ഞതുമില്ല.

സത്യത്തിൽ, പിന്നെയും എത്രയോ കാലം കഴിഞ്ഞാണ് ഞാൻ മുട്ടത്തുവർക്കിയുടെ സാഹിത്യലോകത്തേക്ക് ഗൗരവമായി കടന്നു ചെന്നത് എന്ന്ഓർക്കുമ്പോൾ അതിശയം തോന്നുന്നു. ശരിക്ക് പറഞ്ഞാൽ, 2010 ൽ ഞാൻ 'ദ വീക്ക്' വാരികയിലെ മാധ്യമപ്രവർത്തനം അവസാനിപ്പിച്ച്, ഒരു പൂർണ്ണസമയ എഴുത്തു ജീവിതം തെരഞ്ഞെടുത്ത ശേഷമാണ് അത് സംഭവിക്കുന്നത്. അപ്പോഴേക്ക്, എന്റെ ഭവനഗ്രന്ഥശേഖരത്തിൽ 'പാടാത്ത പൈങ്കിളി'യുടെയും 'പട്ടുതൂവാല'യുടെയും 'കാലചക്ര'ത്തിന്റെയും 'ചട്ടമ്പിക്കവല'യുടെയും അറുപതുകളുടെ തുടക്കത്തിൽ ഇറങ്ങിയിരുന്ന ആദ്യകാലപതിപ്പുകൾ ഇടം പിടിച്ചിരുന്നു. ഒന്നൊന്നായി ഞാൻ ആ നോവലുകളിലൂടെ സഞ്ചരിച്ചു,

അതോടെയാണ്, മുട്ടത്തുവർക്കി എന്ന എഴുത്തുകാരനെ ഞാൻ ഒരു പുതിയ കണ്ണിലൂടെ കാണാൻ തുടങ്ങിയത്. അതേവരെ, സാമാന്യധാരണയ്ക്ക് അനുസരിച്ച് വെറും പ്രേമത്തിന്റെ നൂറ്റൊന്നാവർത്തിച്ച കൃതികൾ എന്ന് മാത്രം കരുതിയിരുന്ന വർക്കിയുടെ നോവലുകൾ മനുഷ്യ ജീവിതങ്ങളെയും സാമൂഹ്യ ജീവിതത്തെയും കുറിച്ചുള്ള, അടിസ്ഥാനമാനവികതയിൽ ഊന്നിയുള്ള എഴുത്തുകൾ കൂടിയാണ് എന്ന തിരിച്ചറിവ് എനിക്ക് ഉണ്ടായി. തീർച്ചയായും ആൺ-പെൺ പ്രണയം വർക്കി സാഹിത്യത്തിന്റെ ആധാരശില തന്നെയാണ്. എന്നാൽ, ഇക്കൂട്ടത്തിൽ ഒരു പിടി കൃതികൾ, അതിൽ മാത്രം ഊന്നി നിൽക്കാതെ മറ്റ് പല ജീവിത വ്യവഹാരങ്ങളിലേക്കും കടന്നു ചെന്ന് മനുഷ്യ ജീവിതത്തിന്റെ സത്യസന്ധമായ ചിത്രങ്ങളുമായിത്തീരുന്നുണ്ട് എന്ന ബോധ്യം ക്രമേണ കൈ വരുകയായിരുന്നു.

എന്റെ പക്കൽ തന്നെ ഉണ്ടായിരുന്നതും പിന്നീട് 'രാത്രികളുടെ രാത്രി' എന്ന കഥ എഴുതിയതിന് ശേഷം വർക്കി സാറിന്റെ അനന്തരവനായ പ്രൊഫ.മാത്യു ജെ. മുട്ടത്തിൽ നിന്ന് ലഭിച്ചതുമായ ഇതര നോവലുകളുടെയും വായനഎന്നെ ഒരു കാര്യംബോധ്യപ്പെടുത്തി. അൻപതുകളിൽ നിന്നാരംഭിച്ച് ഏതാണ്ട് അറുപതുകൾ മധ്യം വരെയുള്ള കാലഘട്ടത്തിലുള്ള മുട്ടത്തുവർക്കിയുടെ രചനാ ലോകത്തിലെ കൃതികൾ പ്രണയം എന്ന അടിസ്ഥാന ശ്രുതി ആലപിക്കുന്നുണ്ടെങ്കിലും അവ മിക്കവയും തന്നെ ഗൗരവമാർന്ന ഉൾക്കാഴ്ചകളുള്ള മനുഷ്യകഥാനുഗായികകളാണ്. അവയെ പരമ്പരാഗതമായ 'പൈങ്കിളി'എന്ന വിളിപ്പേരിട്ട് സാഹിത്യ മണ്ഡലത്തിന്റെ വെളിമ്പറമ്പുകളിലേക്ക് തള്ളാതെ, മുഖ്യധാരാ സാഹിത്യവേദിയിൽ തന്നെ പരിഗണിച്ച് വായിക്കുകയും പഠിക്കുകയും ചെയ്യേണ്ടതുണ്ട്. ഇവയിൽ ഏതാനും കൃതികളെ സവിശേഷമായി പഠിച്ച് വിശദമായ ഒരു ലേഖനം തന്നെ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നതിനാൽ, കൂടുതൽ ഇവിടെ പരാമർശിക്കുന്നില്ല.

അതേ സമയം, 'ജൂണിൽ ഒരു രാത്രി' എന്ന കഥാസമാഹാരം കൗമാരത്തിന്റെ തുടക്കത്തിൽ വായി




ച്ചപ്പോൾതന്നെ, അസാമാന്യആഖ്യാനപാടവവും പ്രമേയ വൈവിധ്യവും അടങ്ങുന്നവയാണല്ലോ മുട്ടത്തുവർക്കി കഥകൾ എന്ന് തോന്നിയിരുന്നു. പിൽക്കാലത്ത് ഡി.സി ബുക്സ് പ്രസിദ്ധീകരിച്ച 'നൂറ് വർഷം നൂറ് കഥ' എന്ന ബ്രഹദ് സമാഹാരത്തിലുള്ള മുട്ടത്തുവർക്കിയുടെ കഥയായ 'ഹീനജന്മം' വായിച്ചതോടെ ആ ധാരണ കൂടുതൽ ഉറച്ചു.

ഒരു പക്ഷേ, പിൽക്കാലത്ത് തന്റെ സർഗ്ഗവീഥിയുടെ ആരംഭകാലത്ത് പുലർത്തിയിരുന്ന അവധാനതയും എഴുത്തിനോടുള്ള ഗൗരവപൂർണ്ണമായ പ്രതിബദ്ധതയും മുട്ടത്തുവർക്കിയിൽ നിന്ന് അന്യമായതോടെ, ജനകീയ വായനയുടെ തികച്ചും കച്ചവടപരമായ താൽപര്യങ്ങൾക്ക് അദ്ദേഹത്തിന്റെ നോവലുകൾ മുൻതൂക്കം കൊടുത്തു എന്നാണ് മനസ്സിലാകുന്നത്. അതോടെ, മുന്നേ തന്നെ നീതി പൂർവമല്ലാതെ തരം താഴ്ത്തപ്പെട്ടിരുന്ന മുട്ടത്തുവർക്കി സാഹിത്യത്തിന് മുഖ്യധാരാ സാഹിത്യമണ്ഡലത്തിൽ തീരെ വിലയില്ലാതാകുകയും ചെയ്തു. ഒരു പരിധിവരെ, തന്റെ തുടക്ക കാലത്തെ മികവുറ്റ കൃതികളെ അവയുടെ സവിശേഷതയോടെ വായിക്കാനും പഠനവിധേയമാക്കാനും തയ്യാറാകാതിരുന്ന നമ്മുടെ നിരൂപക വൃന്ദവും അക്കാദമിക സമൂഹവും ഇതിനുത്തരവാദികളാണ്താനും. ഈ അവഗണന, മലയാളത്തിലെമറ്റേത് എഴുത്തുകാരനെക്കാളും തന്റെ കൃതികൾക്ക് വിൽപ്പനയുണ്ടെന്നും വായനക്കാരുണ്ടെന്നുമുള്ള വർക്കിയുടെ ഊറ്റത്തിനെകൂടുതൽ തിടം വയ്പ്പിക്കുകയും അദ്ദേഹം ആ വഴിയിലൂടെ മാത്രം സഞ്ചരിക്കാനിട വരുത്തുകയും ചെയ്തു. വരേണ്യ സാഹിത്യ പണ്ഡിതർക്ക്വേണ്ടിയല്ല, തികച്ചും സാധാരണക്കാർക്ക് വേണ്ടി മാത്രമാണ് തന്റെ നോവലുകൾ എന്ന പ്രഖ്യാപിത നിലപാട് അദ്ദേഹം പുലർത്തുകയും ചെയ്തു.

എന്റെ മുട്ടത്തുവർക്കി വായനയിലേക്ക് മടങ്ങി വരട്ടെ. ഏകദേശം മൂന്നു വർഷം അപ്പുറം സാഹിത്യ പ്രവർത്തക സഹകരണ സംഘം ബോറിസ് പാസ്റ്റർനാക്കിന്റെ 'ഡോക് ടർ ഷിവാഗോ' യുടെ മുട്ടത്തുവർക്കി പരിഭാഷയുടെ പുതിയ പതിപ്പിറക്കിയത് എന്റെ ശ്രദ്ധയിൽ പെട്ടു. മുൻകാലങ്ങളിൽ, ഈ ലോകോത്തര നോവലിന് മുട്ടത്തുവർക്കിയാണ് മലയാളത്തിൽ പരിഭാഷ നൽകിയതെന്ന കാര്യം എന്റെ അറിവിൽ വന്നിരുന്നു. അപ്പോഴൊക്കെ, അതിലെന്തോ ഒരു പൊരുത്തക്കേടും മനസ്സിൽ തോന്നിയിരുന്നു. ലോക നോവൽ സാഹിത്യത്തിലെ ഗിരിശൃംഗങ്ങളിൽ ഒന്നും മുട്ടത്തുവർക്കിയും തമ്മിൽ എന്ത് ചാർച്ച എന്നൊരു തോന്നൽ!

എന്നാൽ മുട്ടത്തുവർക്കിയുടെ വിഖ്യാത കൃതികൾ വായിക്കാൻ തുടങ്ങിയതോടെ ആ തോന്നലിൽ ഒരു മാറ്റം വന്നു തുടങ്ങി. എന്തായാലും ഈ പരിഭാഷ ഒന്നു വായിക്കുക തന്നെ എന്നു തീരുമാനിച്ചു. എന്റെ കണ്ണു തുറപ്പിച്ച ഒരു വായനയായിരുന്നു അത്. മുട്ടത്തുവർക്കി എന്ന എഴുത്തുകാരനോടുള്ള അൽഭുതാദരങ്ങളുടെ പരകോടിയിലാണ് ഞാൻ പരിഭാഷാ വായന അവസാനിപ്പിച്ചത്.

മുന്നേ ഞാൻ വായിച്ച 'ഡോക് ടർ ഷിവാഗോ' ഇംഗ്ലീഷ് പരിഭാഷ (റഷ്യയിൽ നിന്നുള്ളത്) യെക്കാൾ അത്യന്തം രസനീയവും ഒഴുക്കുള്ളതും പ്രൗഢവുമായി എനിക്ക് മലയാളം പരിഭാഷ അനുഭവപ്പെട്ടു. എന്റെ വായനാജീവിതത്തിൽ ഇതാദ്യമായിരുന്നു ഇങ്ങനെഒരനുഭവം. ഒരിക്കലും ഇംഗ്ലീഷ് മൂലത്തിലുള്ളതോ ഇംഗ്ലീഷ് വിവർത്തനത്തിൽ ഉള്ളതോ ആയ കൃതികളെ അതിശയിപ്പിക്കുന്ന മലയാളം മൊഴിമാറ്റം ഞാൻ അതേ വരെ വായിച്ചിരുന്നില്ല. ഡോക്ടർ ഷിവാഗോയിൽ നോവലിന് അനുബന്ധമായി ലോകത്തിലെ എക്കാലത്തെയും മികച്ച കവികളിൽ ഒരാളായ ബോറിസ് പാസ്റ്റർനാക്ക് എഴുതിയ ഒരു പിടി കവിതകളുമുണ്ട്. ഈ കവിതകൾ നോവലിലെ കവിയായ നായകൻ ഡോക്ടർ ഷിവാഗോ രചിച്ച കവിതകൾ എന്ന

നിലയിലാണല്ലോ കൊടുത്തിട്ടുള്ളത്. നോവൽ പോലെ തന്നെ, ഈ കവിതകളും വിസ്മയാവഹമായ ചാരുതയോടെതന്നെയാണ് മുട്ടത്തു വർക്കി മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തിയിരിക്കുന്നത്.

ഈ വിവർത്തനം വായിച്ചു തീർന്നതോടെ, ഞാൻ മുട്ടത്തു വർക്കിയെ തീർത്തും പുതിയ കണ്ണുകളോടെ നോക്കി കാണാൻ തുടങ്ങി. മുട്ടത്തു വർക്കി എന്നാൽ ഇതേ വരെ വ്യാപകമായി പ്രചരിപ്പിക്കപ്പെട്ടിരുന്ന തികഞ്ഞ ഒരു ജനപ്രിയ സാഹിത്യകാരൻ എന്ന പരിവേഷത്തിനപ്പുറം നിലകൊള്ളുന്ന, മറ്റനവധി മാനങ്ങൾ ഉള്ള ഒരെഴുത്തുകാരനാണെന്ന ബോധ്യം എനിക്ക് കൈവരികയായിരുന്നു.

മുട്ടത്തുവർക്കിയുടെ 'ഡോക്ടർ ഷിവാഗോ' വിവർത്തനം എന്നെ വല്ലാതെ വിസ്മയിപ്പിച്ചു. 1957 ൽ ഇറ്റലിയിലാണ്, അന്നത്തെ യു.എസ്എസ്. ആറിൽ നിന്ന് ഒളിച്ച് കടത്തിയ നോവലിന്റെ കൈയെഴുത്ത് പ്രതി ഉപയോഗിച്ച് നോവൽ അച്ചടിക്കപ്പെട്ടത്. പിറ്റേ വർഷം തന്നെ, ഈ കൃതി ബോറിസ്പാസ്റ്റർ നാക്കിന് സാഹിത്യത്തിനുള്ള നൊബേൽ പുരസ്കാരം നേടിക്കൊടുത്തു. തുടർന്ന്, ലോകത്തിലെ പല പ്രധാനഭാഷകളിലും പരിഭാഷ വരുംമുന്നേ, 1960 ൽ തന്നെ മുട്ടത്തു വർക്കിയുടെ മൊഴിമാറ്റത്തിലൂടെ ഇത് മലയാളത്തിലെത്തി. അങ്ങനെയെങ്കിൽ, ഇത്ര സുപ്രധാനമായ ഒരു പരിഭാഷാ ദൗത്യം ഇത്ര വേഗം ഏറ്റെടുക്കാൻ മുട്ടത്തുവർക്കിക്ക് പ്രേരകമായ ഘടകങ്ങൾ എന്തൊക്കെയാകും എന്നൊരു ജിജ്ഞാസ എന്നിൽ വളരാൻ തുടങ്ങി.

അതോടെ, അക്കാലത്തെ കേരളത്തിന്റെ സാമൂഹ്യ, രാഷ്ട്രീയ പരിതോവസ്ഥകളും എന്റെ ശ്രദ്ധയിൽ കടന്നു വന്നു. ഓർക്കണം, 1959 ൽ കേരളം ലോകത്തിലെ തന്നെ ആദ്യത്തെ തെരഞ്ഞെടുക്കപ്പെട്ട കമ്മ്യൂണിസ്റ്റ് സർക്കാരിനെ പുറത്താക്കാനുള്ളവിമോചനസമരത്തിൽ കൊടുമ്പിരി കൊള്ളുകയായിരുന്നു. പ്രബലമായ മത, സാമുദായിക ശക്തികളെല്ലാം തന്നെ ഇതിന് പിന്നിലുണ്ടായിരുന്നല്ലോ.അക്കൂട്ടത്തിൽ, കത്തോലിക്ക സഭയും സഭാ ജിഹ്വയായ 'ദീപിക' പത്രവും നിർണ്ണായക പങ്ക് വഹിച്ചിരുന്നു. മുട്ടത്തു വർക്കിയാകട്ടെ, അന്നത്തെ ദീപിക പത്രാധിപസമിതിയംഗവുമാണ്.

എന്തായാലും, ഇത്ര മഹനീയമായൊരു പരിഭാഷയും അതിന്റെ ചരിത്രപ്രാധാന്യവും മലയാള സാംസ്ക്കാരിക മണ്ഡലത്തിൽ തീരെ അടയാളപ്പെട്ടില്ല എന്നത് എന്നെ വല്ലാതെ വേദനിപ്പിച്ചു. ആ വേദന എന്നിലെ സർഗ്ഗാത്മക ഭാവനയെ ഉദ്ദീപിപ്പിച്ചു തുടങ്ങി. അങ്ങനെ സാവധാനം ഒരു കഥ രൂപപ്പെടുകയായിരുന്നു. ആദ്യമായി, മുട്ടത്തുവർക്കി ഇങ്ങനൊരു പരിഭാഷ ഏറ്റെടുക്കാനുണ്ടായ സാഹചര്യമാണ് എന്റെ ഭാവനയിൽ കടന്നു വന്നത്. അത് വിമോചനസമരകാലത്ത്, കമ്മ്യൂണിസ്റ്റ് വിരുദ്ധ വികാരത്തിന് ആക്കം കൂട്ടാൻ അതിന് ഏറെ ഉതകുന്ന ഒരു കൃതിയായി അക്കാലത്ത് ലോകശ്രദ്ധയിൽ ഏറ്റവും സജീവമായിരുന്ന 'ഡോക്ടർ ഷിവാഗോ' യെ കത്തോലിക്ക സഭയും ദീപികയും കണക്കാക്കിയെന്നും അങ്ങനെ ഒരു നിർദേശത്തിന്റെ അടിസ്ഥാനത്തിലാണ് വർക്കി ഈ ദൗത്യം ഏറ്റെടുത്തെന്നുമുള്ള ചിന്തയായി മാറി. വർക്കിയും ഇവിടത്തെ കമ്മ്യൂണിസ്റ്റ് സർക്കാരിനോട് പലവിധ എതിർപ്പുകളുള്ള വ്യക്തിയെന്നനിലയിൽ 'അവരുണരുന്നു' എന്നൊരു കമ്മ്യൂണിസ്റ്റ് സർക്കാർ വിരുദ്ധ പ്രചാരണ നാടകം രചിക്കുകയും ചെയ്തിരുന്നല്ലോ. അങ്ങനെ അദ്ദേഹം ആ പരിഭാഷ ഏറ്റെടുക്കുന്നു.

എന്നാൽ, നോവൽ വായിച്ച് അതിന്റെ ആഴങ്ങളിലേക്ക് സഞ്ചരിക്കുന്ന മുട്ടത്ത് വർക്കിയിൽ പുതിയ വലിയ തിരിച്ചറിവുകൾ ഉണ്ടാകുകയാണ്. നേരത്തെ കേട്ടറിഞ്ഞത് പോലെ, ഇത് കേവലം ഒരു കമ്മ്യൂണിസ്റ്റ് - യു.എസ്.എസ്.ആർ ഭരണകൂട വിരുദ്ധ കൃതിയൊന്നുമല്ല. ഉദാത്തമായ രാഷ്ട്രീയ, ആത്മീയ, മാനവിക മൂല്യങ്ങൾ ഒളി പരത്തുന്ന, സാഹിത്യത്തിൽ അത്യപൂർവമായി മാത്രം സംഭവിക്കുന്ന അതിവിശിഷ്ടം ആയ ഒരു കൃതിയാണ് തനിക്ക് മുന്നിലുള്ളത്.

ഇതിനോടകം, ഒരു മികച്ച പരിഭാഷകൻ എന്ന രീതിയിൽ വർക്കിക്ക് ഖ്യാതിയുണ്ട്. എന്നാൽ, ഡോക്ടർ ഷിവാഗോയ്ക്ക് മുന്നിൽ വർക്കിയുടെ പരിഭാഷാ തൂലിക ആകെ സംഭ്രമിച്ച് വിറങ്ങലിച്ച് നിൽക്കുന്നു. പരിഹാരമില്ല എന്ന് തോന്നുന്ന ഈ പ്രതിസന്ധിയിൽ, ഒരു ഘട്ടത്തിൽ അപ്രതീക്ഷിതമായി വർക്കിയുടെ തന്നെ പ്രതിഭ രക്ഷയായി എത്തുകയാണ്. നോവലിനൊടുവിലുള്ള കവിതകളെ സവിശേഷമായി ശ്രദ്ധിക്കുമ്പോഴാണ് ഇത് സംഭവിക്കുന്നത്. സാഹിത്യ മണ്ഡലത്തിലേക്ക് ഒരു കവിയായി പ്രവേശിച്ച ആദ്യ പുസ്തകമായി ഒരു കാവ്യസമാഹാരം സാഹിതീദേവിക്ക് അർപ്പിച്ച, എന്നാൽ പിന്നീട് നോവൽ-കഥാ ഗദ്യമേഖലയിൽ മാത്രം വ്യാപരിച്ച് കാവ്യദേവതയെ വിസ്മരിച്ച വർക്കി ഒരിക്കൽ കൂടി കവിയായിത്തീരുന്നു. അങ്ങനെആ കവിതകൾ വിവർത്തനം ചെയ്യുന്നതിലൂടെ, നോവലും തന്റെ തർജ്ജമ വൈദഗ്ദ്ധ്യത്തിന് മുന്നിൽ വഴങ്ങിത്തുടങ്ങുന്നു.സാഹിത്യത്തിന്റെ അത്യുദാത്ത മണ്ഡലങ്ങളിലേക്ക് സഞ്ചാരം നടക്കാനിടയാകുന്ന ആ രാത്രി 'രാത്രികളുടെ രാത്രി'യായി മാറുന്നു. അങ്ങനെ 'രാത്രികളുടെ രാത്രി' എന്ന എന്റെ കഥയും പൂർണ്ണമാകുന്നു.

ചരിത്രയാഥാർത്ഥ്യങ്ങളുടെയും ഭാവനയുടെയും സങ്കലനം തന്നെയാണ് എന്റെ കഥ. വിമോചന സമരം തിളച്ചു മറിയുന്ന 59 ലെ ഇടവപ്പാതി കാലത്ത് വർക്കി തന്റെ ചങ്ങനാശ്ശേരിക്കടുത്തുള്ള വീട്ടിലിരുന്ന് വിവർത്തനം നടത്തുന്നതായാണ് ഞാൻ സങ്കൽപ്പിച്ചത്. ഇതിനായി എനിക്ക് പല വിവരങ്ങളും വേണ്ടിയിരുന്നു. അതൊക്കെ വർക്കി സാറിന്റെ അനന്തരവനും നല്ലൊരു ഗദ്യകാരനും സഹൃദയനുമായ പ്രൊഫ. മാത്യു ജെ. മുട്ടത്തിൽ നിന്നും മുട്ടത്ത് വർക്കിയെക്കുറിച്ച് നാളിത് വരെ തയ്യാറാക്കപ്പെട്ടിട്ടുള്ള ഏക ഡോക്യുസിനിമയായ 'മുട്ടത്തു വർക്കി', (സംവിധാനം ചെയ്തത് പ്രശസ്ത ചലച്ചിത്ര ആർട് ഡയറക്ടറും സംവിധായകനുമായ റോയ് പി.തോമസ്സ്) യിൽ നിന്നുമായിമുഖ്യമായി ശേഖരിച്ചു. വിമോചനസമരകാലത്തിന്റെ അന്തരീക്ഷം, മുട്ടത്ത് വർക്കിയുടെ അന്നത്തെ കുടുംബാന്തരീക്ഷത്തിന്റെ സൂക്ഷ്മ വിവരങ്ങൾ എന്നിവയൊക്കെ കഥയിൽ വേണ്ടിയിരുന്നു. കഥയുടെ ആഖ്യാനകാലത്ത്, വർക്കിയുടെഭാര്യ പ്രസവിച്ച് ഒരു മാസം കഴിഞ്ഞിട്ടേയുള്ളായിരുന്നു എന്നത് പോലെ കൃത്യവസ്തുതകൾ, ആഖ്യാനത്തിന് വളരെ പ്രയോജനപ്പെട്ടു. മാധ്യമപ്രവർത്തകനും ഗ്രന്ഥകാരനുമായ ജോർജ് പുളിക്കനിൽനിന്ന് കഥക്ക് വേണ്ട പ്രസക്തമായ വിമോചനസമര മുദ്രാവാക്യങ്ങളും ലഭിച്ചു.

മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പത്രാധിപർ സുഭാഷ് ചന്ദ്രൻ വളരെ പ്രാധാന്യത്തോടെ തന്നെ 'രാത്രികളുടെ രാത്രി' പ്രസിദ്ധീകരിച്ചു.അതിഗംഭീരമായ വരവേൽപ്പ് തന്നെയാണ് വായനക്കാരിൽ നിന്ന് കഥയ്ക്ക് ലഭിച്ചത്. പ്രശസ്തരായ നിരൂപകരും എഴുത്തുകാരും സാധാരണ അനുവാചകരുമെല്ലാം കഥയെ തങ്ങളുടെ ഹൃദയങ്ങളിലേറ്റുന്ന അനുഭവമാണുണ്ടായത്. മുട്ടത്ത് വർക്കി എന്ന എഴുത്തുകാരനെക്കുറിച്ച് നാളത് വരെ മുഖ്യധാരാ മലയാള സാഹിത്യ വേദി പുലർത്തിയിരുന്ന പല ധാരണകളും ഈ കഥ വായിച്ചതിലൂടെ കടപുഴക്കപ്പെട്ടുവെന്ന് അവരെല്ലാം ഒരേ സ്വരത്തിൽ പറ



മുട്ടത്തുവർക്കിയും ഭാര്യ തങ്കമ്മ വർക്കിയും

ഞ്ഞു.

ഒന്നാമതായി, 'ഡോക്ടർ ഷിവാഗോ' എന്ന ലോക ക്ലാസിക്ക് മുട്ടത്ത് വർക്കിയാണ് മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയത് എന്ന കാര്യം തന്നെ പ്രശസ്ത നിരൂപകരുൾപ്പെടെ പലർക്കും പുത്തൻ അറിവായിരുന്നു. അതിനപ്പുറം, അത് ഇത്രയും മനോഹരമായ പരിഭാഷയാണെന്നതും പലരെയും വിസ്മയിപ്പിച്ചു. (കഥയിൽ മുട്ടത്ത് വർക്കി നിർവഹിച്ച ഭാഷാന്തരീകരണത്തിൽ നിന്നുള്ള ചില പ്രസക്ത ഭാഗങ്ങൾ ഉണ്ട്. ഒപ്പം ചില കവിതകളും) മലയാളത്തിലെ, അന്യ ഭാഷാ കൃതികളിൽ നിന്നുള്ള മൊഴിമാറ്റങ്ങളിൽ 'ഡോക്ടർ ഷിവാഗോ' അഗ്രിമസ്ഥാനത്ത് നിൽക്കുന്ന ഒന്ന് തന്നെയാണെന്ന് കഥ വായിച്ചതിന് ശേഷം പരിഭാഷയിലൂടെ സഞ്ചരിച്ച പലരും ഉറപ്പിച്ച് പറഞ്ഞു.

എന്നാൽ, ഇതിനൊക്കെയപ്പുറം പരിഭാഷ എന്ന സർഗ്ഗ വ്യവഹാരത്തിലെ തനതായ,തീവ്രമായ സംഘർഷങ്ങളെയും സങ്കീർണ്ണതകളെയും കൽപ്പിത ഭാവനയായി മലയാളത്തിൽ അവതരിപ്പിച്ച ആദ്യ കഥയാണ് 'രാത്രികളുടെ രാത്രി'എന്ന വിലയിരുത്തൽ എന്നെ ഏറെ സന്തോഷിപ്പിച്ചു. അതും, സാധാരണ ഗതിയിൽ ആരും പ്രതീക്ഷിക്കാത്ത മുട്ടത്ത് വർക്കി എന്ന എഴുത്തുകാരനിലൂടെ അത് നിർവഹിക്കപ്പെട്ടു എന്നതും സഹൃദയ വിസ്മയത്തിന് നിദാനമായി. ഒരു കഥാകൃത്ത് എന്ന നിലയിൽ ഏറെ ധന്യത അനുഭവിച്ച മുഹൂർത്തങ്ങളായിരുന്നു 'രാത്രികളുടെ രാത്രി'യുടെ രചനയും സഹൃദയരിൽ നിന്ന് അതിന് ലഭിച്ച ഉജ്വല സമ്മതിയും.

ഇനി ഒരു കാര്യം കൂടി പറയേണ്ടതുണ്ട്. സമീപകാലത്ത് നിന്നു പോയ മുട്ടത്തുവർക്കി സാഹിത്യ പുരസ്ക്കാരം നമ്മുടെ മുഖ്യധാര സാഹിത്യത്തിലെ നിരവധി എണ്ണം പറഞ്ഞ എഴുത്തുകാർക്ക് ലഭിച്ചിട്ടുണ്ട്. പുരസ്ക്കാരം ഏറ്റു വാങ്ങുന്ന വേളയിൽ അവരൊക്കെ തന്നെയും മുട്ടത്തുവർക്കിയെ വാനോളം പുകഴ്ത്താനും മടിക്കില്ല. പക്ഷേ, അത്തരം വാഴ്ത്തലുകളിൽ മുട്ടത്തു വർക്കിയെ വായനയെ ജനപ്രിയമാക്കിയ ഒരെഴുത്തുകാരനെന്നോ അല്ലെങ്കിൽ അനേകലക്ഷങ്ങളെ സാഹിത്യത്തിന്റെ ആദ്യ ചവിട്ടു പടികളിൽ എത്തിച്ച എഴുത്തുകാരനെന്നോ മറ്റോ ഉള്ള ഒരു പദവിയാണ് നൽകപ്പെടുക. അതിനപ്പുറം ഗൗരവബുദ്ധ്യാ വായിക്കേണ്ട ഒരു പിടി കൃതികളെങ്കിലും രചിച്ച എഴുത്തുകാരനെന്നോ മലയാളം കണ്ട ഏറ്റവും മഹാപ്രതിഭകളായ വിവർത്തകരിൽ ഒരാളെന്നോ എന്ന നിലയിലൊന്നും അത്തരം അപദാനഭാഷണങ്ങളിൽ അദ്ദേഹം അടയാളപ്പെടുകയില്ല. മാത്രവുമല്ല, നമ്മുടെ ഏറ്റവും മുന്തിയ ഒരു നിര എഴുത്തുകാർ ആദരിക്കപ്പെട്ടു എന്നതിനപ്പുറം മുട്ടത്തുവർക്കി പുരസ്ക്കാരം ഒരു തരത്തിലും അദ്ദേഹത്തിന്റെ കൃതികളെ മുഖ്യധാരാ സാഹിത്യ മണ്ഡലത്തിലെ പരിഗണനക്കും വായനക്കും പഠനങ്ങൾക്കും ഉപയുക്തമാക്കിയുമില്ല എന്നാണ് മനസ്സിലായിട്ടുള്ളത്. ലോക സാഹിത്യം ഗംഭീരമായി മനസ്സിലാക്കിയിട്ടുള്ള, അഗാധ വായനയും ഉത്തമ സഹൃദയത്വവും കൈമുതലുണ്ടായിരുന്ന, 'പാടാത്ത പൈങ്കിളി' നോവലിന്റെ ആമുഖത്തിൽ ഷേക്സ്പിയറിന്റെയും തോമസ് ഗ്രേയുടെയും സാഹിത്യ നിരീക്ഷണങ്ങളുടെ അന്തസ്സത്തയെ ദീപ്തമായി വിളക്കിച്ചേർത്ത മുട്ടത്തുവർക്കി എന്ന എഴുത്തുകാരൻ അർഹിക്കുന്നത് അങ്ങനെയൊരു അവസ്ഥയല്ലല്ലോ.

'രാത്രികളുടെ രാത്രി' എന്ന കഥ, പൊള്ളയായ അപദാനങ്ങൾക്കും കുറ്റകരമായ അവഗണനകൾക്കും അറുതി വരുത്തി ശരിയായ നിലയിൽമുട്ടത്തുവർക്കിയെ വീണ്ടെടുക്കുക എന്ന ദൗത്യത്തിന് എളിയ പങ്ക് വഹിച്ചു എന്ന സംതൃപ്തി എനിക്കുണ്ട്. ചില എഴുത്തുകാർ അവരുടെ ജീവിതകാലത്ത് വേണ്ട വിധം തിരിച്ചറിയപ്പെട്ടില്ല. പിൽക്കാലമാകും അവരെ കൃത്യമായി അടയാളപ്പെടുത്തുന്നത്. മുട്ടത്തുവർക്കി ഈ ഗണത്തിൽപെടുന്നു എന്നാണ് എന്റെ വിശ്വാസം.



**ഒരു സാഹിത്യസൃഷ്ടി ആഴത്തിൽ ഒരു തരം ചരിത്രമാണെന്നും അതു അനുഭവത്തെക്കുറിച്ചുള്ള സംവേദനമാണെന്നും സ്ഥലരാശികൾ ഒരു ദർശനബിന്ദുവിൽ ഇതിൽ സാന്ദ്രീകരിക്കുന്നുവെന്നും ഈ കഥ നമ്മോടു പറയുന്നതെങ്ങനെയെന്ന് ഇനി പരിശോധിക്കാം.**

**പി. എസ്. പ്രദീപ്**
**കഥാവിചാരം**

# മധുരനാരങ്ങപോലെ 'നാരകങ്ങളുടെ ഉപമ'

**വി**ഭിന്നവും അപൂർവസുന്ദരവുമായ വായനാനുഭൂതി പകരുന്ന ചെറുകഥയാണ് ഇ.സന്തോഷ്കുമാറിന്റെ “നാരകങ്ങളുടെ ഉപമ”. കഥാവായനയെ ധ്യാനത്തിന്റെ നിമിഷങ്ങളാക്കുന്ന അഗാധ ദാർശനിക ലാവണ്യമാണ് ഈകഥാകാരന്റെ ആഖ്യാനകലയെ സവിശേഷമാക്കുന്നത്. മൗലികവും സത്യസന്ധവുമായ സാഹിത്യസൃഷ്ടിയുടെ സ്വാതന്ത്ര്യവും സുതാര്യതയും മധുര നാരങ്ങയുടെ സൗരഭ്യം പോലെ ഈ കഥയുടെ വൈശിഷ്ട്യമാകുന്നു. തികച്ചും സാധാരണവും ലളിതവുമായി ആരംഭിച്ച്,സർഗാത്മകതയുടെ അനുഭൂതിതലത്തിൽ എത്തുന്ന ആഹ്ളാദകരമായ വായനാനുഭവമാണിത്. മനുഷ്യാവസ്ഥയെക്കുറിച്ചും കാലസങ്കല്പത്തെക്കുറിച്ചും ജീവിതമെന്ന നിഗൂഢതയുടെ അപാരതയെക്കുറിച്ചും തിരക്കൊഴിഞ്ഞ ഒരു കോണിലിരുന്ന് അവധാനപൂർവ്വം ചിന്തിക്കുവാൻ ഒരുവനെഇതു പ്രേരിപ്പിക്കുന്നു. ഏകാന്തതയിലെ ധ്യാനമുഹൂർത്തമാണിത്. ഇവിടെ നാം എന്തുകൊണ്ടോ വിനയപൂർവ്വം ഓർക്കുന്നത് പ്രപഞ്ചത്തെക്കുറിച്ചും മനുഷ്യനെക്കുറിച്ചും ചിന്തിക്കുവാൻ നമ്മെ പ്രേരിപ്പിച്ച ആ ഇമ്മിണി ബല്യ എഴുത്തുകാരനെയാണ്. എന്നാൽ വൈക്കം മുഹമ്മദു ബഷീർ സൃഷ്ടിച്ച, പനിനീർപ്പൂക്കളിൽ ജീവരക്തം പൊടിയുന്ന ആ നർമരസം ഇ. സന്തോഷ്കുമാറിന്റെ രചനകളിലില്ല. വെയിലിലും മഴയിലും മഞ്ഞിലും ധ്യാനിച്ചു നിൽക്കുന്ന നാരകച്ചെടികളിലൂടെ സൃഷ്ടിയുടെ രസച്ചാറും പരിമളവും ആസ്വദിക്കാനാവുന്ന ഇത്തിരി വ്യത്യസ്തമായ ഭാവുകത്വമാണിത്. മലയാളത്തിൽ സി.വി.യും ബഷീറും വിജയനും ആനന്ദുമൊക്കെ സാക്ഷാത്കരിച്ചിട്ടുള്ള അനുഭവജ്ഞാനത്തിന്റെ അജ്ഞേയ സൗന്ദര്യം ഈ ഇന്നിന്റെ കഥാകാരനിൽ അനുഭവപ്പെടുന്നു. ഒരു സാഹിത്യസൃഷ്ടി ആഴത്തിൽ ഒരു തരം ചരിത്രമാണെന്നും അതു അനുഭവത്തെക്കുറിച്ചുള്ള സംവേദനമാണെന്നും സ്ഥലരാശികൾ ഒരു ദർശനബിന്ദുവിൽ ഇതിൽ സാന്ദ്രീകരിക്കുന്നുവെന്നും ഈ കഥ നമ്മോടു പറയുന്നതെങ്ങനെയെന്ന് ഇനി പരിശോധിക്കാം.

ഇലകൾക്കിടയിൽ പച്ചനിറത്തിൽ ഒരു പുതിയ സർഗസൃഷ്ടിപോലെ തെളിഞ്ഞുവരുന്ന നാരകം കാണാം. തളിരുപോലെ, പുതുജീവസ്പർശസുഖം പോലെ ആരംഭിക്കുന്ന ഈ കഥയുടെ ആദ്യവരികൾ മൃദുലവും നിർമ്മലവുമാണ്.

“നോക്കൂ, ഈ നാരകത്തിന് ഒരു സവിശേഷതയുണ്ട്. എന്താണെന്നു വെച്ചാൽ ഇത് ഒരു ഒട്ടുചെടിയിൽ നിന്നും വളർന്നതല്ല”.




“വളരുകയാണെന്ന് ഒരാളും പറയുമായിരുന്നില്ല. വെയിലിലും മഴയിലും മഞ്ഞിലും അതു ധ്യാനിച്ചു നിന്നു.”

“നടുന്ന എല്ലാ മരങ്ങളും നമ്മുടെ ജീവിതകാലത്തു തന്നെ കായ്ക്കണമെന്ന് എന്താണിത്ര വാശി?”

കരുണാർദ്രവും തീക്ഷ്ണവുമായ ഒരു മനസ്സ് കഥയുടെ ഉള്ളറയിലേക്ക് പ്രവേശിക്കുവാൻ ആവശ്യമാണെന്ന് സൂചിപ്പിക്കുന്ന ധ്വന്യാത്മക ഭാവം ഈ കഥയിലെ വരികൾക്കുണ്ട്.

“ഇന്ന് ആ നാരകം കായ്ച്ചു കണ്ടു. ചെറുകാറ്റു വീശിയപ്പോൾ ഇലകൾക്കിടയിൽ നിന്നും പച്ച നിറത്തിൽ ഒരു നാരങ്ങ തെളിഞ്ഞുവന്നു. അടുത്ത നിമിഷം തന്നെ ഇലകൾ അതിനെകാഴ്ചയിൽ നിന്നും മറച്ചുകളയുകയും ചെയ്തു – ഞാനപ്പോൾ തമാനയെ ഓർത്തു”

“ഞാനപ്പോൾ തമാനയെ ഓർത്തു” എന്നതിലൂടെ കഥാകാരൻ നമ്മുടെ ചിന്തയെ അപരിചിതവും നവ്യവുമായ മറ്റൊരുഅനുഭവ മണ്ഡലത്തിലേക്ക് ഉയർത്തുന്നു. ആരാണ് ഈ തമാന? അയാൾക്കും നാരകത്തിനും തമ്മിലുള്ള ബന്ധം എന്ത്? പ്രകൃതിയും മനുഷ്യനും തമ്മിലുള്ള അനന്യതയുടെ ഏകതയുടെ സൗരഭ്യമാണ് മധുരനാരങ്ങയുടെ മണം. നാരകമാകുന്ന കാലത്തിന്റെ ഇലകൾക്കുള്ളിൽ നിഗൂഢമായിരിക്കുന്ന അപൂർവ വ്യക്തിത്വത്തെ കാഴ്ചയിലേക്ക് എത്തിക്കുന്ന, വാക്കുകൾ എത്താത്ത ഇടങ്ങളിലൂടെ സഞ്ചരിക്കുന്ന കഥയാണിത്. മധുരനാരങ്ങയുടെ സുഗന്ധം പരക്കുന്ന അന്തരീക്ഷത്തിലാണ് ആഹ്ലാദകരമായ ഒരു അനുഭവം പോലെ ഈ കഥ കാലത്തിലേക്ക് നിവേശിക്കുന്നത്. തമാനയിലൂടെ ഒലിച്ചിറങ്ങുന്ന മധുരനാരങ്ങയുടെ രസച്ചാറ് കഥാനുഭവത്തിന്റെ സത്താണ്. യാഥാർത്ഥ്യത്തിനും സ്വപ്നത്തിനുമിടയിലുള്ള സ്ഥലരാശിയിലൂടെ നാം സഞ്ചരിക്കുമ്പോൾ അതിവൈകാരികതയോ ധൈഷണികമായ പ്രകടനാത്മകതയോ ഇതിൽ ദർശനീയമല്ല. വികാരങ്ങൾക്കോ ആവേശങ്ങൾക്കോ ഇവിടെ ഇടമില്ല. വിസ്മയിപ്പിക്കുന്ന മനുഷ്യജീവിതം


ഇ.സന്തോഷ്കുമാർ

സൃഷ്ടിയുടെ പച്ചിലകൾക്കിടയിലൂടെ ഇവിടെദർശനീയമാകുന്നു.പുതിയ കാഴ്ചകൾ കാണുവാൻ പുതിയ കണ്ണുകൾ വേണമെന്ന മാർസൽ പ്രൂസ്റ്റിന്റെ നിരീക്ഷണം ഇവിടെ സ്മരണീയമാണ്. പുരാവസ്തു പഠന വിഭാഗത്തിന്റെ കുഴിവെട്ടു തൊഴിലാളിയായ അനുഭവജ്ഞനായ തമാനയുടെ അനുഭവങ്ങൾ ഉൾക്കൊള്ളുവാൻ നരരാശിയെ ഉൾക്കൊള്ളുന്ന ആന്തരിക നേത്രങ്ങൾ ആവശ്യമാണ്. നാലു ദശാബ്ദക്കാലം സർഗവേദനയോടെ തമാനകുഴിച്ചിറങ്ങുന്നത് ചരിത്രത്തിന്റെ കുഴിച്ചുമൂടപ്പെട്ട രഹസ്യങ്ങളിലേക്കാണ്, ജനപഥങ്ങളിലേക്കാണ് പരാജിതരുടെയും വിജയികളുടെയും അസ്ഥികൂടങ്ങളിലേക്കാണ്, മനുഷ്യരാശിയിലേക്കാണ്.

പർവത പ്രദേശങ്ങളിലൂടെയുള്ള ദുർഘടവും വിരസവും ഇഴഞ്ഞു നീങ്ങുന്നതുമായ യാത്രയ്ക്കിടയിൽ തന്റെ അടുത്തിരുന്നു യാത്ര ചെയ്ത വലത്തെ കൈയ്യിൽ ആറു വിരലുള്ള സാധാരണക്കാരനായ ആ മനുഷ്യനെആദ്യം അറപ്പോടെയും, അമ്പരപ്പോടെയുമാണ് അയാൾ കാണുന്നത്. ബസ് തുരങ്കത്തിന്റെ ഇരുളിലൂടെ കടന്നപ്പോൾ പരന്ന മധുരനാരങ്ങയുടെ മണത്തിലൂടെയാണ് അയാൾ തമാനയെന്ന ഓറഞ്ചിന്റെ അല്ലികൾ സാവധാനം നുണച്ചിറക്കുന്ന അറുപതുകാരനെശ്രദ്ധിക്കുന്നത്. അവർ പരിചയപ്പെടുന്നു. പോയകാലത്തെക്കുറിച്ച് പഠിക്കുന്നവരുടെ കൂടെ സ്ഥലങ്ങൾ കുഴിച്ചെടുക്കുന്ന തൊഴിലായിരുന്നു തന്റേതെന്നും ഇന്നലെ പെൻഷൻ പറ്റി പിരിഞ്ഞു വീട്ടിലേക്കു മടങ്ങുകയാണെന്നും തമാനപറയുന്നുണ്ട്.

“അയാൾ വലതു കൈയ്യിലെ വിരലുകൾ മടക്കി കണ്ണുകളടച്ച് മനസ്സിൽ കണക്കു കൂട്ടുന്നതു കണ്ടു. ആറാമത്തെ വിരൽ മാത്രം അപ്പോഴും ഒഴിഞ്ഞു നിൽക്കുന്നു” ആറാമത്തെ വിരൽ വ്യത്യസ്തനും ഏകാകിയുമായ വ്യക്തിയെപ്പോലെ ഒറ്റപ്പെട്ടു നിൽക്കുന്നു, മറ്റുള്ളവരെ അകറ്റി നിർത്തുന്നു.

“മുപ്പത്തൊൻപതു വർഷം” അയാൾ പറഞ്ഞു. ഏതാണ്ടു മുപ്പത്തൊൻപതു വർഷം ഒരേ തൊഴിലായിരുന്നു.” തുടർന്ന് തന്റെ തൊഴിലിന്റെ സ്വഭാവത്തെക്കുറിച്ച് തമാനവിവരിക്കുന്നു. പുരാവസ്തു പഠനവിഭാഗത്തിൽ അയാൾ ചെയ്ത വിരസവും ഇഴഞ്ഞു നീങ്ങുന്നതും കഠിനവുമായ കുഴിവെട്ടിപ്പണി അയാൾ സർഗാത്മകമായി ആസ്വദിച്ചതിന്റെ വിവരണം കഥയുടെ ആന്തരിക ദാർശനിക ചൈതന്യമാകുന്നു. തമാനസംസാരിക്കുമ്പോൾ വാക്കുകൾ ഛന്ദസ്സുകളാകുന്നു. കഥ കാവ്യാത്മകവും ധ്വനിസാന്ദ്രവുമാകുന്നു. ലളിതവും സുതാര്യവുമായ വരികളിലൂടെ കഥയുടെ മാനങ്ങൾ വിസ്തൃതമാവുന്നു. കഥ കാലം പിളർന്ന്, നൂറ്റാണ്ടുകളിലൂടെ പ്രയാണംചെയ്യുന്നു. അവർ കണ്ടതിനെയല്ല, കാണാൻ കഴിയാത്തതിനെയാണ്, കഴിഞ്ഞുപോയതിനെയാണ് അന്വേഷിക്കുന്നതെങ്കിലും ഇന്നിന്റെയും നാളെയുടെയും സത്യവും അതു തന്നെയാകുന്നു. നൂറ്റാണ്ടുകൾക്കുമുമ്പ് കുഴിച്ചുമൂടപ്പെട്ട ചരിത്രസത്യങ്ങളെ ഖനനം ചെയ്തെടുക്കുന്ന തമാനയുടെ വാക്കുകൾ ശ്രദ്ധിക്കുക:

“എനിക്കു തിടുക്കങ്ങളില്ല. ഭൂമിക്കടിയിൽ നിന്നും കിട്ടുന്നതെല്ലാം പൊട്ടാതെയും പൊടിയാതെയും സൂക്ഷിക്കുന്നതു കൊണ്ടാവാം, ഒരു പക്ഷേ,ഞങ്ങളെല്ലാവരും ഈ ലോകത്തു ജീവിക്കാൻ കൊള്ളരുതാത്തവരായി മാറിയിരിക്കുന്നു.”

“നടത്തം പോലും പതുക്കെയായിരിക്കുന്നു.വസ്തുക്കൾ പഴയകാലത്തെ മൺ ഭരണികൾ പോലെ ഉടഞ്ഞു പോകാതിരിക്കാൻ ശ്രദ്ധിക്കുന്നു”

ഉറങ്ങുന്നവരെ ഉണർത്താതെ നിരീക്ഷിക്കുകയാണ് തന്റെ തൊഴിൽ എന്നു പറയുന്ന തമാന, കാരുണ്യമാണ് ഈ തൊഴിലിന് വേണ്ടതെന്നും കരുത്തോ വേഗതയോ അല്ലഎന്നും ഭൂതകാലത്തോട് നിങ്ങളുടെ കാമുകിയോടെന്നപോലെ ഒരു കരുതൽ വേണമെന്നും പറയുമ്പോൾ കഥ കവിതയോടടുക്കുന്നു. സ്വപ്നങ്ങളെ ഉടയ്ക്കാതെ ഒരാളുടെ ഉറക്കത്തിലൂടെ പതിയെനടന്നു പോകുവാൻ നിങ്ങൾക്കാവുമോ? (ഈ ചോദ്യത്തിന് ഒരു ഹൈക്കു കവിതയുടെ അഗാധസൗന്ദര്യമുണ്ട്) അതാണ് തമാനയുടെ തൊഴിൽ. മൺമറഞ്ഞ ജനപഥങ്ങളും വലിയ നഗരങ്ങളും വറ്റിപ്പോയ നദികളും മനുഷ്യരുടെയും മൃഗങ്ങളുടെയും അസ്ഥികൂടങ്ങളും നാണയവും ആഭരണവും പാത്രവും ആയുധവുമൊക്കെ കണ്ടെത്തുന്നു. ഇന്നലെകളെക്കുറിച്ച് വാചാലനാകുമ്പോൾ, തൊഴിലിന്റെ മാഹാത്മ്യത്തെപ്പറ്റി പറയുമ്പോൾ തമാനയുടെ ഹൃദയത്തിൽ സർഗാത്മകതയുടെ മൗനസമുദ്രം അലയടിക്കുന്നുവെന്ന് നാം മനസ്സിലാക്കുന്നു. എല്ലാ മനുഷ്യർക്കും, എല്ലാ തൊഴിലിനും ആത്മാവും അഭിമാനവുമുണ്ടെന്നും അതാണ് ജീവിതത്തിന്റെ സൗന്ദര്യമെന്നും നാമറിയുന്നു.

അന്വേഷണത്തിന്റെ, യാത്രയുടെ, ഖനനത്തിന്റെ ഒരു ഘട്ടത്തിൽ അയാൾ സ്വയം തിരിച്ചറിയുന്ന അതീത യാഥാർത്ഥ്യത്തിലെത്തിച്ചേരുന്നു. കഥ മറ്റൊരു വിതാനത്തിൽ യോഗാത്മക സൗന്ദര്യമുള്ള ദാർശനിക കവിതയാകുന്നു. ഭൂതകാലവും വർത്തമാനകാലവും വരും കാലവും ഒരു ദർശനബിന്ദുവിൽ ഒന്നാകുന്നു. ഒരിടത്ത് വിജനതയിൽ വലിയ മൺഭരണിയിൽ ഒരു മനുഷ്യന്റെ ശവം അടക്കിവെച്ചിരിക്കുന്നത് തമാന കണ്ടെത്തുന്നു.

“അത്രയും വലിയ ഏകാന്തതയിലേക്കു പോകാൻ മാത്രം അയാളുടെ ജീവിതത്തിൽ എന്താണ് സംഭവിച്ചത്? അയാളുടെ ജീവിതത്തെക്കുറിച്ച് നിരവധിപേർ പഠിച്ചു, തർക്കിച്ചു. ചർച്ചകൾ നടത്തി. അതു തുടർന്നു കൊണ്ടേയിരിക്കുന്നു.” മൺഭരണിക്കകത്തെ ചരിത്രമായി അവശേഷിച്ച ഏകാകിയായ ആ മനുഷ്യനു തമാനയെപ്പോലെ ആറു വിരലുകളുണ്ടായിരുന്നു.

സത്യം കാലത്തെ ജയിക്കുമെന്നും കാലത്തിന്റെ ആഴങ്ങളിൽ നിന്ന് സത്യം പുറത്തുവരുമെന്നും മാർസൽ പ്രൂസ്റ്റ് എന്ന ഫ്രഞ്ചു നോവലിസ്റ്റ് നിരീക്ഷിച്ചിട്ടുണ്ട്. തമാനയെന്ന ഏകാകിയായ സാധാരണക്കാരന്റെ അസാധാരണ കണ്ടെത്തലുകളെ ആവിഷ്ക്കരിക്കുന്ന “നാരകങ്ങളുടെ ഉപമ” ഒരാൾ രഹസ്യമായി സൂക്ഷിക്കുന്ന സത്യം പോലെ ആത്മാവിൽ ജ്വലിച്ചു നിൽക്കുന്നു. കൂടുതൽ വിശദീകരിക്കും തോറും സത്യത്തിന്റെ സൗന്ദര്യം മാഞ്ഞു കൊണ്ടിരിയ്ക്കും എന്ന് നോബൽ സമ്മാനജേതാവായ എഴുത്തുകാരി ഓൾഗടൊക്കാചുക്ക് (Olga Tokarczuk) പറഞ്ഞിട്ടുണ്ട്. ജീവിതംഅന്വേഷിച്ചു ചെല്ലുംതോറും അവർക്ക് കാണാനായത് ജീവിച്ചിരിക്കുന്ന മനുഷ്യരുടെ കാല്പാടുകൾ മാത്രമെന്നും അവർ പറഞ്ഞിട്ടുണ്ട്. എങ്കിലും വാക്കുകൾ എത്താതെ മടങ്ങുന്ന ഇടങ്ങൾ തേടി എഴുത്തുകാരൻ ഇനിയും യാത്ര തുടരാതിരിക്കില്ല. □



വൈക്കം മുരളി
വായന




# ഗീതാഞ്ജലിശ്രീയുടെ മണൽ സമാധി

ഈ വർഷത്തെ ബുക്കർ രാജ്യാന്തര പുരസ്കാരം നേടിയ ഇന്ത്യൻ എഴുത്തുകാരി ഗീതാഞ്ജലിശ്രീയുടെ മണൽസമാധി (Tomb of Sand) എന്ന നോവൽ 2019 ൽ ഹിന്ദിയിൽ റേത് സാമാധി എന്ന പേരിലാണ് ആദ്യം പ്രസിദ്ധീകരിച്ചത്: പിന്നീട് ഇംഗ്ലീഷിലേക്ക് മൊഴിമാറ്റം ചെയ്യപ്പെട്ട ഈ നോവൽ 1947 ലെ ഇന്ത്യ വിഭജനത്തിന്റെ ദാരുണാനുഭവങ്ങൾ ഓർമ്മിപ്പിക്കുന്നതിനൊപ്പം ഒരമ്മയുടെയും മകളുടെയും ദുരന്തജീവിത ചിത്രണം കൂടിയാണ്.

**ഈ** വർഷത്തെ സാഹിത്യത്തിനുള്ള ബുക്കർ അന്തർദേശീയ പുരസ്കാരം ഇൻഡ്യൻ എഴുത്തുകാരിയായ (ഹിന്ദി) ഗീതാഞ്ജലി ശ്രീക്കാണെന്നറിഞ്ഞപ്പോൾ (Geetanjali shree) മനസ്സ് വല്ലാതെ സന്തോഷിച്ചു. സാഹിത്യത്തിനുള്ള നോബൽ സമ്മാനത്തിനുശേഷം ഏറെ അറിയപ്പെടുന്ന ഒന്നായിതിനെ അംഗീകരിക്കപ്പെട്ടു കഴിഞ്ഞിരുന്നു. ഈ വർഷത്തെ ഇതിന്റെ നീണ്ടപട്ടികയിലും പിന്നീടു വന്ന ഹ്യസ്വപട്ടികയിലും ഇടംനേടിക്കൊണ്ടാണ് ഗീതാഞ്ജലി അവസാനം പുരസ്ക്കാര ജേതാവായത്. നോബൽ സമ്മാനം നേടിയ പോളീഷ് എഴുത്തുകാരി ഓൾഗടോകാർച്ചൂക്കിന്റെ (Olga Tokarczuk) ജേക്കബിന്റെ പുസ്തകങ്ങൾ (Books of Jacob) എന്ന നോവലും നോർവീജിയൻസാഹിത്യ പ്രതിഭയായ യോൺഫോസ്സെ (Jon Fosse) യുടെ നോവൽ സപ്തകത്തിലെ (Novel Septology) അവസാന പുസ്തകമായ ഒരു പുതിയ നാമ (A New Name) ത്തിന്റെ ആറും ഏഴും ഭാഗങ്ങളുംപുരസ്ക്കാരത്തിനുള്ള ഹ്യസ്വപട്ടികയിൽ ഇടംകണ്ടെത്തിയെന്നുള്ളത് ഗീതാഞ്ജലിയുടെ പുരസ്ക്കാരലബ്ധിയുടെ മാറ്റ് വർദ്ധിപ്പിക്കുന്നു. ഓൾഗടോകാർച്ചൂക്കിന്റെ പലായനങ്ങൾ (Flights) എന്ന നോവലിന് മുമ്പത്തെ മാൻബുക്കർ അന്തർദേശീയ പുരസ്ക്കാരം ലഭിച്ചിട്ടുള്ളതാണ് ഇവയെ കൂടാതെ ജപ്പാനിൽ നിന്നുള്ള സ്വർഗ്ഗം (Heaven) എന്ന നോവലും ഈ ലേഖകന് വായിക്കുവാൻ സാധിച്ചിട്ടുണ്ട്. പക്ഷെ ഇതിന്റെ സർഗാത്മകമായ മൂല്യത്തിന് പരിമിതികളേറെയുണ്ട്. ഇവയുടെയൊക്കെ ശ്രമങ്ങളെ പിന്നിട്ടാണ് അമേരിക്കൻ എഴുത്തുകാരിയും, ചിത്രകാരിയും പരിഭാഷകയുമായ ഡെയ്സി റോക്വെൽ (Daisey Rockwell) മൊഴിമാറ്റം ചെയ്ത പെൻഗ്വിൻ ബുക്സ് (Penguin Books) പ്രസിദ്ധീകരിച്ച ഈ നോവൽ സമ്മാനം നേടിയെടുത്തത്. പരിഭാഷകയായ ഡെയ്സി റോക്വെല്ലിനും സമ്മാനതുകയുടെ പകുതി ലഭിക്കുമെന്നുള്ളത് ഈ പുരസ്ക്കാരത്തിന്റെ പ്രത്യേകതയാണ്. ഇതിനുമുമ്പ് ഈ പുരസ്ക്കാരം നേടിയവരുടെ പട്ടിക പരിശോധിക്കുമ്പോഴാണ് ഒരു ഇന്ത്യൻ എഴുത്തുകാരിയായ ഗീതാഞ്ജലിശ്രീയുടെ ഊഴത്തിന് മാറ്റ് കൂടുന്നത്. അതും ആദ്യമായൊരു വിഖ്യാത സാഹിത്യ പുരസ്ക്കാരം ഇന്ത്യയിലേക്കുകൊണ്ടുവരുന്നതിലെ പ്രാധാന്യം ഇതോടെ ഒന്നുകൂടി വർദ്ധിക്കുന്ന സാഹചര്യത്തെയാണ് നാം അംഗീകരിക്കേണ്ടത്.

ഹിന്ദിയിൽ ഗീതാഞ്ജലി എഴുതിയ (2019 ൽ) റേത് സമാധി എന്ന നോവലാണ് മണൽസമാധി (Tomb of Sand) എന്ന പേരിൽ ഇംഗ്ലീഷിലേക്ക് മൊഴിമാറ്റം ചെയ്യപ്പെട്ടത്. എഴുനൂറിൽ പരം പേജുകളിൽ വികസിതമായി നിൽക്കുന്ന ഈ ബ്രഹത്നോവൽ രണ്ട് രാജ്യങ്ങളുടെയും മനസ്സുകളുടെയും അതിരുകളുടെയും 1947 ൽ സംഭവിച്ച വിഭജനത്തിന്റെയും കഥയായി രൂപാന്തരപ്പെട്ടിരിക്കുന്നു. ഇതോടൊപ്പം ഒരു മാതാവിന്റെയും മകളുടെയും ദുരന്തപൂർണ്ണമായ കഥയായും ഇതിനെ കാണേണ്ടതായിട്ടുണ്ട്.


പാകിസ്ഥാനിൽ ജനിച്ചു വളർന്ന എൺപത് വയസ്സുകാരിയായ ചന്ദ യെന്ന മാതാവ് വിഭജനത്തിലൂടെയാണ് ഭർത്താവായ അൻവറിന്റെ മരണശേഷമാണ് ഇന്ത്യയിലേക്ക് എത്തിയത്. എൺപതാമത്തെ വയസ്സിൽ പാകിസ്ഥാനിലേക്കു തന്നെ അവർ മടങ്ങിപോകുന്ന അമ്മയെന്ന ഈ കഥാപാത്രം മാനസികമായ എല്ലാ തയ്യാറെടുപ്പുകളോടെയും അതിരുകൾ കടന്ന് അവസാനം തന്റെ സ്വന്തം അൻവറിന്റെ അദൃശ്യമായ സാന്നിദ്ധ്യത്തെയാണ് ആഗ്രഹിക്കുന്നത്. തന്റെ സാന്ത്വനം തേടിയുള്ള യാത്രയിൽ അതിരുകൾ അവരുടെ മുന്നിൽ ഒന്നുമല്ലാതായി രൂപാന്തരപ്പെടുന്ന അവസ്ഥയും നമുക്കു തിരിച്ചറിയുവാൻ കഴിയും. ഭർത്താവിന്റെ മരണം അവരെയാകെ തകർത്തുകഴിഞ്ഞിരുന്നു. മകളും ഭർത്താവും ചെറുമകനും അടങ്ങിയ ലോകം അവരെ ജീവിതത്തിന്റെ സാധ്യതകളിലേക്കു കൊണ്ടുവരുവാൻ ശ്രമിക്കുന്നതും പരാജയപ്പെടുകയാണ്. ചുമരിനഭിമുഖമായി പുറംതിരിഞ്ഞു കിടക്കുന്ന മാതാവിന്റെ രൂപം സങ്കീർണ്ണമായ അനുഭവങ്ങളിലൂടെ ഏതു മനസ്സിനെയും അശാന്തമാക്കുക തന്നെ ചെയ്യും. സ്വന്തം ജീവിതത്തോടുള്ള ഒരു തരം പ്രതിരോധമായിട്ടെ മാതാവിന്റെ അവസ്ഥയെ കാണുവാൻ കഴിയൂ. അവരുടെ ആന്തരികമായ സംഘർഷങ്ങൾ ഒരു പരിധിവരെ നോവലിലുടനീളം പ്രതിഫലിച്ചുനിൽക്കുന്നുണ്ട്. അസ്തിത്വത്തിന്റെ വിഷാദാത്മകതക്കുള്ളിൽ അവർ ശരിക്കും പ്രത്യാശകളോട് പോരാടുന്നതുപോലെയുണ്ടായിരുന്നു.പക്ഷെ ഏകാന്തതയുടെ ഭാരം ഒരിക്കലും അവരെ അസ്വസ്ഥയാക്കിയിരുന്നില്ല. മരണത്തിനു കീഴടങ്ങിയ ഭർത്താവിന്റെ ഓർമ്മകൾ അവരെ തുടർച്ചയായി വേട്ടയാടുകയും ചെയ്തുകൊണ്ടിരുന്നു.

വാക്കുകളിലൂടെ അവർ രൂപപ്പെടുത്തിയെടുക്കുന്ന സർഗാത്മകമായ രൂപങ്ങൾക്കുള്ളിൽ മനുഷ്യർക്കൊപ്പം പക്ഷികളും വൃക്ഷങ്ങളും പ്രപഞ്ചത്തിന്റെ നിശ്വാസങ്ങൾക്കൊപ്പം തുടിക്കുന്ന മറ്റ് ജീവജാലങ്ങളും ചേർന്നൊരുക്കുന്ന അസാധാരണമായ കാഴ്ചകൾ നോവലിന്റെ ഹൃദയതുടിപ്പുകൾ വ്യക്തമാക്കുന്നവയാണ്. ഈ നോവൽ ഇന്ത്യൻ ഭൂഖണ്ഡം അഭിമുഖീകരിച്ച വിഭജനത്തെക്കുറിച്ചുള്ള ഒന്നാണെന്ന് അവർ തുറന്നു പറയുമ്പോൾ ഇനിയും ഉണങ്ങാത്ത അതുണ്ടാക്കിയ മുറിവുകളിൽ നിന്നുള്ള വേദനയും വായനക്കാർക്ക് തിരിച്ചറിയുവാൻ കഴിയും.

കഥകളും ഉപകഥകളുമായി വികസിതമാകുന്ന ഈ നോവലിലെ ചില അദ്ധ്യായങ്ങൾക്ക് ഒരു വാചകത്തിന്റെ ദൈർഘ്യമെകാണുന്നുള്ളൂ. പക്ഷെ അവക്കുണ്ടാകുന്ന സൗന്ദര്യാത്മകതയുടെ ദർശനവും വാക്കുകൾക്കിടയിലെ നിശ്ശബ്ദതയും ചേർന്നൊരുക്കുന്ന സർഗാത്മകമായ തലങ്ങൾ വളരെ വിശാലമാണ്. രാഷ്ട്രീയപരമായ ദർശനങ്ങൾക്ക് നോവലിൽ അവർ പ്രാധാന്യം കൊടുക്കുന്നുണ്ട്. പൂർവ്വകാലങ്ങളുടെ പ്രതീകമായിട്ടിതിൽ ഒരു ബുദ്ധന്റെ പ്രതിമകടന്നുവരുന്നുണ്ട്. ഇത് പങ്കുവക്കുന്ന ഓർമ്മകൾക്ക് കാലങ്ങളോളം പഴക്കമുള്ളതായി അനുഭവപ്പെടും.

കുടുംബ ബന്ധത്തിന്റെ തീവ്രമായ അവസ്ഥകൾ സൃഷ്ടിക്കുന്ന സമസ്യകൾക്കുള്ളിൽ പലപ്പോഴും തനിക്കൊരു സ്വതന്ത്രമായ ഇടം വേണമെന്നവർ ആഗ്രഹിക്കുന്നു. നിശ്ശബ്ദമായി ഇതിനുള്ളിൽ അവർ ഒരു ഊന്നുവടിയുടെ സഹായത്തോടെ അപ്രത്യക്ഷമാകുന്നുണ്ട്. മകളോടൊപ്പം ജീവിക്കുന്നതാണ് കൂടുതൽ ആഭിമുഖ്യത്തോടെ ചിന്തിക്കുമ്പോൾ അവർക്കു തോന്നിയിരുന്നത്. നോവലിൽ ഒരു മൂന്നാം ലിംഗത്വത്തിന്റെ പ്രതിനിധിയായി കടന്നുവരുന്ന ഹിജാലയുടെ സാമീപ്യത്തിൽ അവർ പ്രത്യാശിക്കുന്നത് സമാധാനപരമായ ഒരു നിലനിൽപ്പാണ്.

അൻവറിന്റെ ഭൂമികയിലേക്ക് തിരിച്ചുപോകുവാനുള്ള തന്റെ ആഗ്രഹം മക്കളോട് പങ്കുവക്കുമ്പോൾ അതിനവർക്ക് പ്രചോദനമായി നിന്നത് വിഭജിക്കാനാവാത്ത മനുഷ്യബന്ധത്തിന്റെ അണയാത്ത ഓർമ്മകളായിരുന്നു. ഈ തീരുമാനവുമായി പൊരുത്തപ്പെടുവാൻ കുടുംബാംഗങ്ങൾക്കാകുന്നില്ലെങ്കിലും മാതാവിന്റെ തീരുമാനത്തിനപ്പുറം അവർക്കൊന്നുംചെയ്യുവാൻ കഴിയുമായിരുന്നില്ല. വാർദ്ധക്യത്തിന്റെ പരുക്കൻതലങ്ങൾക്കുള്ളിലും ഇനിയുള്ള ജീവിതത്തെക്കുറിച്ചവർക്ക് വ്യക്തമായ ധാരണകളുണ്ടായിരുന്നു. ഏകാന്തതയുടെ ശ്വാസംമുട്ടിക്കുന്ന അവസ്ഥകൾക്കുള്ളിൽതന്റെ തീരുമാനങ്ങളുടെ വഴിക്ക് സഞ്ചരിക്കുവാനാ




ണവർ ആഗ്രഹിച്ചിരുന്നത്.

മലയാളത്തിന്റെ പ്രിയപ്പെട്ട കഥാകാരൻ പോൾസക്കറിയയുടെ (സക്കറിയ)'ഒരു ദിവസത്തെ ജോലി' എന്ന കഥ നോവലിൽ വ്യക്തമായ ഒരു ദർശനത്തോടെ കടന്നുവരുന്നുണ്ട്. അമ്മയുടെ വാർദ്ധക്യകാല പരിചരണത്തിനായി ഒരു നെഴ്സിനെഅന്വേഷിക്കുന്ന പുത്രന്റെ രൂപം ഈ കഥയിലെ കേന്ദ്രകഥാപാത്രമാണ്. കേരളത്തെ ഏറെയിഷ്ടപ്പെടുന്ന ഗീതാഞ്ജലി പലതവണ ഇവിടേക്ക് കടന്ന് വന്നിട്ടുണ്ട്. നമ്മുടെ സാഹിത്യരചനകളെക്കുറിച്ച് ഏറെ മതിപ്പോടെയാണവർ സംസാരിക്കാറുണ്ടായിരുന്നത്.

അവസാനമായി അവർ എടുക്കുന്ന പാകിസ്ഥാനിലേക്കുള്ള യാത്രയുടെ പൊരുളിനെക്കുറിച്ച് മനസ്സിലാകാത്ത മക്കൾ അവർക്കുവേണ്ടി പുതിയ ഇടങ്ങളും വഴികളും തിരയുന്നതിന്റെ ചിത്രവും നോവലിലുണ്ട്. എന്തായാലും അൻവർ എന്ന മനുഷ്യൻ ഒഴിവാക്കാനാവാത്ത വിധം അവരുടെ ജീവിതവുമായി ഇണങ്ങിച്ചേർന്നു കഴിഞ്ഞിരുന്നു. വിഭജനത്തിന്റെ കാലത്തെ അസ്വസ്ഥമായ അന്തരീക്ഷവും മുറിവുകളുടെ ഉണങ്ങാത്ത പരുക്കൻതലങ്ങളും ചേർന്നാണവരെ ഇന്ത്യയിലേക്കുനയിച്ചത്.ഇന്ത്യയിൽ വന്നശേഷം ഒരു പുനർവിവാഹത്തിനവർ തയ്യാറാകുന്നുണ്ടെങ്കിലും പഴയ ഭർത്താവായ അൻവറിന്റെ രൂപം വല്ലാതെ അവരെ വേട്ടയാടിക്കൊണ്ടിരുന്നു. അൻവറുമായി അവിടെ ജീവിച്ചകാലത്തിന്റെ സമൃദ്ധിയിലേക്ക് മടങ്ങി പോകുവാനാവാതെ മറ്റൊന്നിനും അവരെക്കൊണ്ട് സാധിക്കുമായിരുന്നില്ല. ഈ തിരിച്ചുപോക്ക് അപകടം പിടിച്ച ഒന്നാണെന്നവർക്ക് ശരിക്കും ബോധ്യമുണ്ടായിരുന്നു. ഇതിനെനേരിടുവാനുള്ള തയ്യാറെടുപ്പുകൾക്കുള്ളിൽ മനസ്സിനെഏകാഗ്രമാക്കി ജാലകങ്ങൾക്കപ്പുറത്തെ കാഴ്ചകൾ നോക്കി വളരെ നേരം നിശ്ശബ്ദമായിട്ടവർ കഴിയുമായിരുന്നു. ചന്ദ്ര എന്ന ഈ കഥാപാത്രത്തിന്റെ സൃഷ്ടിയിലാണ് ഗീതാഞ്ജലി നോവലിന്റെ ഘടനയേയും ഒഴുക്കിനേയും നിയന്ത്രിച്ചു നിർത്തുന്നത്. ജീവിതത്തിന്റെ പരമമായ സത്യവും ലക്ഷ്യവും അവരെ സംബന്ധിച്ചിടത്തോളം ഏറ്റെടുക്കുവാൻ പോകുന്ന യാത്രയുടെ സങ്കീർണ്ണമെങ്കിലും വ്യക്തമായ കാഴ്ചപ്പാടുകൾക്കൊപ്പമുള്ള പൂർത്തീകരണമാണ് വിഭജനത്തിന്റെ ദുരന്തപൂർണ്ണമായ ഒരു പ്രതിസന്ധിക്കുള്ളിലാണവർ ഇന്ത്യയിലേക്കു വരാനിടയായതെങ്കിലും ഇന്ത്യയെക്കുറിച്ചുള്ള തന്റെ വിഭാവനങ്ങൾക്ക് കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുവാനും അവർ തയ്യാറായിരുന്നു. നോവലിസ്റ്റിന്റെ ദർശനങ്ങൾക്കിവിടെ പ്രസക്തമായ കൂടുതൽ സാധ്യതകൾ തുറന്നു കൊടുക്കുവാനും അവർ തയ്യാറാവുന്നുണ്ട്.


ഡെയ്സിറോക്ക്‌വെൽ

മനുഷ്യർക്കിടയിൽ അവർ ഒരേ ഭാഷയും ജീവിതസമ്പ്രദായങ്ങളും ഉള്ളവരാണെങ്കിൽപോലും അതിർവരമ്പുകൾ സൃഷ്ടിക്കുന്നതിനെക്കുറിച്ചുള്ള ചോദ്യവും നോവലിസ്റ്റ് ഉയർത്തിയെടുക്കുന്നുണ്ട്. ഗാന്ധിജിയുടെ ദർശനങ്ങൾക്കെതിരെ സംഭവിച്ച വിഭജനം എന്ന യാഥാർത്ഥ്യം ഒരിക്കലും പലചോദ്യങ്ങൾക്കും ഉത്തരം കണ്ടെത്താനാവാത്ത രീതിയിൽ ജനങ്ങൾക്കിടയിൽ വേദനകൾ നിറച്ചു. ഒരുമിച്ചുകഴിഞ്ഞവർക്കിടയിൽ അതിർവരമ്പുകൾ സൃഷ്ടിക്കുവാനാണ് ഇന്നും മനുഷ്യർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ദേശങ്ങൾ ദേശങ്ങളോട് തന്നെ ഇതെചോദ്യം ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു. യുക്രൈനിനെതിരെ റഷ്യ നടത്തുന്ന പൈശാചികമായ ആക്രമണങ്ങൾക്കുത്തരം നൽകുവാൻ മാനവരാശിക്കുകഴിയാത്ത അവസ്ഥക്കുള്ളിൽ ഇന്നും ഇതെ ചോദ്യങ്ങൾ ആവർത്തിച്ചുകൊണ്ടേയിരിക്കും. യുദ്ധം ഒന്നിനും ഒരുത്തരം നൽകാനാവാത്ത പിശാചിന്റെ ദർശനമാണ്. ഇന്ത്യയുടെയും പാകിസ്ഥാന്റെയും അതിർവരമ്പുകളിൽ ഇന്നു കാണുന്ന തുടർച്ചയായ പകപോക്കലിന്റെ കോലാഹലങ്ങൾക്ക് എന്നാണിനിയും ഒരു അവസാനം കണ്ടെത്താനാവുക. ഗീതാഞ്ജലിയുടെ നോവൽ വായനക്കാരുമായി പങ്കുവക്കുന്ന ചോദ്യങ്ങൾ ഉത്തരം കിട്ടാതെ മനുഷ്യമന

സ്സുകളെ വെറുതെ മിഥ്യയെന്നുതോന്നിക്കുന്ന ഇടങ്ങൾ കാട്ടിത്തരുമെങ്കിലും ഒന്നിനും വ്യക്തമായ ഉത്തരം ലഭിക്കാതെ പോകുന്നത് ഒരു വലിയ കുറ്റബോധമായിട്ടവശേഷിക്കുകയും ചെയ്യും. മാതാവിന്റെ ജീവിതസമസ്യകളിലൂടെ കടന്നുപോകുമ്പോൾ വായനക്കാർ തീർച്ചയായും നമ്മുടെ ചരിത്രത്തിനുള്ളിൽ സംഭവിച്ച പൊരുത്തക്കേടുകളെക്കുറിച്ച് ചിന്തിക്കാതിരിക്കാനും പുതിയ തലമുറയുടെ മുന്നിൽ ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ മാത്രം അവശേഷിക്കുന്നു.

ഗീതാഞ്ജലിയുടെ നോവലിന്റെ അവസാനം വാഗാതിർത്തിയിൽ നിൽക്കുന്ന മാതാവിന്റെ മിഴികളിലെ തരിശുഭൂമികക്കു എന്നന്നേക്കുമായി വിടവാങ്ങുന്ന അവരോട് പ്രതികരിക്കുവാനേറെയുള്ളതുപോലെ തോന്നി. അൻവറിന്റെ കരങ്ങൾ അവർക്കുനേരെ നീണ്ടുവരുന്നതുപോലെ വേരുകൾ നഷ്ടപ്പെട്ട് പുതിയ ഇടങ്ങളിലേക്കുള്ളയാത്രയിൽ അവർക്കൊപ്പം കൂടുവാൻ അൻവർ ആഗ്രഹിക്കുന്നുണ്ടാവും. പക്ഷെ അയാൾക്കതിനാവില്ലല്ലോ. മരണത്തിന്റെ സാന്ത്വനം പകരുന്ന തീരത്തുനിന്നുള്ള കാഴ്ചകളിൽ അവളുടെ വരവിന്റെ ഏകാന്തമായ ചിത്രവും പേറിയുള്ള നിൽപ്പ്....അതെ അത് ശരിക്കും ഒരു പുനർജന്മത്തിന്റെ വഴി തുറക്കലാണ്.

നോവലിൽ വിഭജനമെന്നപ്രമേയം അവസാനഭാഗത്ത് മാത്രമെ കൂടുതൽ ശക്തമായി കടന്നുവരുന്നുള്ളൂയെന്നത് ഒരു പോരായ്മയായി അവശേഷിക്കുന്നു. ഗീതാഞ്ജലിക്കുകിട്ടിയ പുരസ്ക്കാരത്തിൽ സന്തോഷിക്കുമ്പോഴും ഇതിനെഒരു ക്ലാസ്സിക്കായിട്ടൊന്നും വിലയിരുത്താനാവില്ല. അടുത്തകാലത്ത് വായിച്ച റഷ്യൻ എഴുത്തുകാരൻ സാഷാഫിലിപ്പെൻകൊയുടെ റെഡ് ക്രോസസ്സ് (Red Crosses) എന്ന നോവലും ചിലിയൻ എഴുത്തുകാരി ഡയമെലാഎൽറ്റിറ്റിന്റെ (Diamela Eltit) നെവർ ഡിഡ് ദി ഫയർ (Never did the Fire) എന്ന നോവലും വായനക്കിടയിൽ ലഭിച്ച സൗഭാഗ്യമാണ്. ഇതിലേക്ക് അവസരം ലഭിക്കാതെപോയ നിരവധിനോവലുകൾ വായനക്കാരെ അസ്വസ്ഥമാക്കുമ്പോഴും ഗീതാഞ്ജലി ശ്രീ എന്ന ഹിന്ദി എഴുത്തുകാരി നമ്മുടെ ആശംസയും അംഗീകാരവും നേടുവാൻ സാധിക്കുന്ന ഒന്നാണ്. വളരെ മോശമായ ഒരു എഡിഷനിലൂടെയാണ് പെൻഗ്വിൻ ഇത് പുറത്തുകൊണ്ടുവന്നിരിക്കുന്നു എന്നുള്ളതും പുസ്കത പ്രേമികളെ വേദനിപ്പിക്കുന്ന ഒരു യാഥാർത്ഥ്യമാണ്. □

മഞ്ചുവെള്ളായണി
കവിത



# വാക്കെത്താദൂരം

എങ്ങനെചൊല്ലിടും സുപ്രഭാതം?
കാക്ക കരിങ്കൊടിവീശിടുമ്പോൾ
മുല്ലച്ചിരിപാതിചോരയായി
പല്ലിറുമ്മുന്നു കരിമ്പനകൾ.

കണ്ടില്ല-തമ്മിലറിയുകില്ല
ശത്രുസംഹാര പലായനക്കാർ
യുദ്ധം, വിലാപം, കലാപഞ്ജരം
ആദികാലാസുരശാപഭസ്മം!

കണ്ണുകെട്ടെത്രമുറുക്കിയാലും
അമ്പുതുളയ്ക്കും കാഴ്ചകളിൽ
കണ്ണിലോ ചോരയില്ലാത്ത ശത്രു
കഴുകജന്മങ്ങൾ കടമെടുക്കും.

കാതുകൾ കൈകൊണ്ടുപൂട്ടിയാലും
തീക്കണ്ണിരമ്പുന്ന ജന്മലാവ
യുദ്ധവിരാമത്തിൽ ചിഹ്നമാകാൻ
ചിത്തമോകണ്ണീരോ ചായമാകും?

ഉദയാഭിഷേകവേളയിങ്കൽ
സ്വപ്നവിച്ഛിന്നാഭിഷേകമാകാം
വില്ലുകുലയ്ക്കാതെ കൂടെവന്ന
ദേഹിയില്ലാത്തനിഴലുമാത്രം.

വാക്കെത്താദൂരമളന്നെടുക്കാൻ
മൗനത്തിൻവെണ്മഴുവെത്രവേണം
നിദ്രേലുടലറ്റ ജന്മങ്ങളിൽ
സ്വപ്നമുടഞ്ഞ സ്ഫടികപാത്രം!

മൃഷ്ടാന്നം തിന്നതു വേദനകൾ
കയ്പുനീർനീറും കനൽച്ചുണ്ടുകൾ
മേൽക്കൂരപൊള്ളും മരുപ്പറമ്പ്
എല്ലുംതോലുമായ് സ്നേഹരൂപം!

യാചിച്ചുകിട്ടിയ സ്നേഹഭിക്ഷ
തലമൺചട്ടിയിൽ വെന്തുപൊങ്ങും
ഏതുകാലത്തിനും ശൂലമൂർച്ച
ഭൂമിഗർഭത്തിലും ഭ്രൂണഹത്യ!

എങ്ങനെചൊല്ലും ശുഭരാത്രികൾ
ഹിംസ്രതമസിൻമുതലവായിൽ
പ്രകാശവേഗം വെല്ലുവാനായ്
സ്നേഹമാലാഖച്ചിറകുനേടാം.

വാക്കെത്താദുരത്തിനപ്പുറംഞാൻ
പുതുമൗനോദയം കാത്തുനിൽക്കെ
കൺകെട്ടികൊണ്ടുപോംയാത്രയിലും
ചുണ്ടിലുണ്ടാകുമോ സുപ്രഭാതം?

□



കെ.രവീന്ദ്രൻ
കവിത

# ചില നന്മകൾ

**ചി**ല നന്മകൾ അവിടവിടെയുണ്ടാം, പൂത്തു
വിലസുന്നു നൽച്ചെടിപോലെ.
അതിനാലിഭൂമിയും വാസയോഗ്യം എന്നു
വിധിയെഴുതുന്നു നാമിന്നും.
ചിലവാക്കുകൾ അവിടവിടെയിന്നും സൗമ്യ
മധുരനാദം പടർത്തുന്നു.
അതിനാലീ ഘോരാട്ടഹാസങ്ങളൊക്കെ നാം
വളരെ വേഗം മറക്കുന്നു.
ചില നേർത്തരാഗങ്ങൾ, ആർദ്രം തഴുകുന്ന
ചിലമാത്രകൾ, ഇന്നുമുണ്ട്.
അതിനാലീ പോർവിളിയൊച്ചകളൊക്കെനാം
വളരെവേഗം പൊറുക്കുന്നു.
ചില നന്മകൾ, ചില നൽവാക്കുകൾക്കാമോ
പുതുകാലഹാസത്തെനേർക്കാൻ?
വഴിയൊച്ചകൾ-രോഷവേഗം പടർത്തുന്ന
കലിയൊച്ചകൾ-ഒക്കെ നേർക്കാൻ?

മുതുകുളം ഗംഗാധരൻപിള്ള
കവിത



**വ**ർണ്ണാക്ഷരങ്ങളായും,
പദവാക്യങ്ങളായും.
വന്നുവീഴ്‌വതാ,ണനാ-
ഹതമാംനാദം, കുഞ്ഞേ!
ഈണവും താളങ്ങളും
അതിൽനിന്നുദിക്കുന്നൂ,
പ്രാണനെചിദാനന്ദ
ത്തോളമതുയർത്തുന്നൂ!
മർത്ത്യർതന്നാത്മാവിനെ
വ്യാമുഗ്ദ്ധമാക്കുംകാവ്യം,
അത്രമേൽ ധന്യാത്മക
മായവതരിക്കുന്നൂ!
വൃത്തബദ്ധമാം വേദം
പോലതുപിറക്കുന്നൂ;
അർത്ഥഗർഭമാണതിൻ
ലക്ഷ്യവും കർമ്മങ്ങളും!
മന്ത്രമായതുപിന്നെ
ദ്വിവ്യത്വം വരിക്കുന്നൂ;



അഹമ്മദ്ഖാൻ
കവിത

# പൊളിച്ചെഴുത്ത്

ഛന്ദസ്സോ താൻ തന്നെയെ
 ന്നോതുന്നൂ ശ്രീകൃഷ്ണനും! (1)
മകനേ! നിൻചോദ്യത്തി
 ന്നുത്തരംനൽകുന്നുഞാൻ,
മലയാളത്തിന്റേതാം
 ഉൽക്കൃഷ്ടകാവ്യങ്ങളാൽ!
ഒരിക്കൽ, 'ചിന്താവിഷ്ട
 യായ സീത' ഞാൻചൊല്കെ (2)
ശരിക്കും കവിതതൻ
 മഹത്ത്വംനീദർശിച്ചൂ!
'പാടുന്നപിശാചു' ഞാൻ – (3)
 മുഴുവൻവായിക്കവെ
പാപമാം മയൂരത്തെ
 പ്പറ്റിനീയമ്പേഷിച്ചൂ!
'നങ്ങേമക്കുട്ടി'ക്കുള്ള
 ദുരന്തംനീദർശിക്കെ
നമ്മൾതൻഭാഷയ്ക്കുള്ള
 കരുത്തുംനീകണ്ടല്ലോ! (4)
വൃത്തബദ്ധമാം 'കുടി
 യൊഴിക്കൽ' പാടിക്കേൾക്കെ
ഉത്തമകാവ്യത്തിന്റെ
 ശക്തിദർശിച്ചൂ വീണ്ടും! (5)
'വെളിച്ചം ദു:ഖമാണെ'ന്ന് (6)
 കാട്ടിടും ഇതിഹാസം
വൃത്തമാം അനുഷ്ടുപ്പിൻ
 ചൈതന്യം പ്രഖ്യാപിച്ചു!
ദു:ഖങ്ങൾ സമസ്തവും (7)
 കാഴ്ചവച്ചീടും 'ഒറ്റ
ക്കമ്പിയുള്ളതംബുരു'
 വായിച്ചു കേൾപ്പിക്കവെ
മനസ്സിന്നുള്ളിൽ പൊളി
 ച്ചെഴുത്തു നടത്തുവാൻ
മകനേ! തിരുത്തി നീ
 നിൻ കാഴ്ചപ്പാ,ടൊന്നോടെ!

1. *ഭഗവദ്ഗീതയിൽ*
2. *കുമാരനാശാൻ*
3. *ചങ്ങമ്പുഴ*
4. *ഒളപ്പമണ്ണ*
5. *വൈലോപ്പിള്ളി*
6. *അക്കിത്തം*
7. *പി.ഭാസ്ക്കരൻ*

**ഏ**റെ ദു:ഖത്തോ, ടെന്നാ–
 ലേറുമുൾത്തുടിപ്പോടെ
ഏവരും നോക്കീ തമ്മിൽ
 വാക്കുകൾ നിശ്ശബ്ദമായ്!
തെല്ലിട പോകേ ജലാൽ
 ചൊല്ലി: "യീ രണ്ടാം ജന്മം
നല്ലവർ നിങ്ങൾ തന്ന
 പുണ്യപാരിതോഷികം!"
തൊഴുകൈ താഴ്ത്താതയാൾ
 തുടർന്നു: "കാണാനൊന്നു
കഴിഞ്ഞെങ്കിലെന്നെത്ര
 മോഹിച്ചേൻ; സാധിച്ചിപ്പോൾ!
പകരം നൽകാനൊന്നും
 ഇല്ല; യെന്തേകീടിലും,
അറിയാ, മതീ നന്മ–
 യ്ക്കാവുമോ പകരമായ്!"
ലക്ഷ്മിയും മകളുമാ
 ഒത്തുചേരലിന്റേതാം
വിസ്മയത്തോടാ മൊഴി
 കേട്ടിരിക്കുന്നൂ മൂകം.
മാസങ്ങൾ മുമ്പുണ്ടായോ–
 രാപത്തിൽ ഭർത്താവിന്റെ
ആയുസ്സന്നൊടുങ്ങിയെ–
 ന്നാകിലു, മാ ഹൃത്തിതാ
മറ്റൊരാൾക്കുള്ളിൽ പുതു–
 ജീവനായ് മിടിക്കുന്നു!
എത്രയും ചരിതാർത്ഥ–
 മല്ലി? യോർത്തപ്പോൾ ലക്ഷ്മി.
മൃത്യുവെപ്പോലും തോല്പി–
 ച്ചുയരും ശാസ്ത്രത്തിന്റെ
ശക്തിസൗന്ദര്യങ്ങളെ–
 ക്കണ്ടു വണങ്ങീ കാലം.
മതഭേദവും ലജ്ജി–
 ച്ചൊളിച്ചൂ; അവയ്ക്കുമേൽ
മനുഷ്യത്വത്തിൻ ജയ–
 ക്കൊടി പാറുകയല്ലീ!

യാത്ര ചൊന്നിറങ്ങവേ
 മകളെ തന്നോടയാൾ
ചേർത്തു പിടിച്ചൂ; കൺകൾ
 നനഞ്ഞേപോയ് രണ്ടാൾക്കും!
ഒരു മാത്രയാ പുത്രി
 സ്വപിതാവിന്റെ ഹൃത്തിൻ
ശ്രുതിയോർത്തുവോ? സ്നേഹ–
 മൊഴി കേട്ടുവോ വീണ്ടും?

# ഹൃദയപൂർവ്വം



മിനീഷ് മുഴപ്പിലങ്ങാട്
മുഖാമുഖം

കേരള സംഗീത-നാടക അക്കാദമി അദ്ധ്യക്ഷനായി ചുമതലയേറ്റ വിഖ്യാത ചെണ്ട വാദ്യകലാകാരൻ മട്ടന്നൂർ ശങ്കരൻകുട്ടിയെ കണ്ടപ്പോൾ.

# കൊട്ടിന് മട്ടന്നൂർ

**കൊ**ട്ടിന് മട്ടന്നൂർ എന്നൊരു ചൊല്ലു തന്നെ ഇന്ന് ചെണ്ടമേളയിൽ പ്രസിദ്ധം. ചെണ്ട എന്ന വാദ്യോപകരണത്തിൽ കരുത്തും കൈപ്പുണ്യവും കാട്ടി മട്ടന്നൂർ തീർക്കുന്ന ഉജ്വലമായ നാദപ്രപഞ്ചത്തിന്റെ മാസ്മരികതയാണ് ആ ചൊല്ലിന് പിന്നിലെ പൊരുൾ.

കണ്ണൂർ ജില്ലയിലെ പ്രസിദ്ധമായ മട്ടന്നൂർ മഹാദേവ ക്ഷേത്രത്തിൽ നിത്യപൂജയ്ക്ക് കൊട്ടാൻ ആദ്യമായി ചെണ്ട തോളത്ത് തൂക്കുമ്പോൾ ശങ്കരൻകുട്ടിക്ക് വയസ് അഞ്ച്! വെറുതെ ഒന്നു കൊട്ടി പഠിക്കൂ എന്നാണ് അച്ഛൻ, കുഞ്ഞികൃഷ്ണ മാരാർമകനോട് പറഞ്ഞത്.പിതാവിന്റെ സ്നേഹ വാത്സല്യ പ്രേരണയിൽ മടിച്ചു മടിച്ചാണ് തുടക്കം. അറിയാതെ അതവനിൽ ഒരു ലഹരിയായി പടർന്നുകയറി. അന്ന് തൊട്ടിന്നോളം ചെണ്ടയിൽ കോലുകൊണ്ട് താളലയങ്ങളുടെ അനുഭൂതികൾ തീർത്ത് മേളക്കൊഴുപ്പിന്റെ അവിസ്മരണീയമായ എത്രയെത്ര ധന്യനിമിഷങ്ങൾ കാണികൾക്ക് കാഴ്ചവച്ചിരിക്കുന്നു. മനസു നിറഞ്ഞ അച്ഛൻ നിറമിഴികളോടെ അവന്റെ ശിരസ്സിൽ കൈവച്ച് അനുഗ്രഹം ചൊരിഞ്ഞ ആ നിമിഷം. ആ അനുഗ്രഹത്തിന്റെ കരുത്തായിരുന്നു 8-ാം വയസിൽ അച്ഛന്റെ കീഴിൽ ചെണ്ടക്കാരനായി ആദ്യ അരങ്ങേറ്റം കുറിക്കാൻ അവന് തുണ ആയതും!

അന്ന് തോളിൽ ചെണ്ടതൂക്കി ജീവിതം തുടങ്ങിയ കൊച്ചു ശങ്കരൻകുട്ടി, ഇന്നു പേരും പെരുമയുമുള്ള മട്ടന്നൂർ ശങ്കരൻകുട്ടിമാരാർ എന്ന ചെണ്ട മേളക്കാരിലെ താരരാജാവായി മാറിയിരിക്കുന്നു. അദ്ദേഹത്തിന്റെ ഖ്യാതി രാജ്യസീമകൾ കടന്ന് നിൽക്കുകയാണിപ്പോൾ. ലോകപ്രശസ്തമായ ഓക്സ്ഫോർഡ് സർവകലാശാലയിൽ ചെണ്ടവാദ്യത്തെ കുറിച്ച് പ്രഭാഷണം അവതരിപ്പിക്കാൻ അദ്ദേഹം ക്ഷണിക്കപ്പെട്ടത് അതിനൊരുദാഹരണം മാത്രം. നിരന്തരയാത്രകൾ...പരിപാടികൾ...പഠന ക്ലാസുകൾ...പരിശീലനങ്ങൾ...അങ്ങനെ തിരക്കിന്റെ ലോകത്തായിരുന്നു ഇക്കാലമത്രയും ചെണ്ടയുടെ ഈ ഉപാസനാ മൂർത്തി. ഈയിടെ കണ്ണൂരിലെത്തിയ മട്ടന്നൂർ ശങ്കരൻകുട്ടി മാരാർ തന്റെ ജീവിതവും അനുഭവങ്ങളും പങ്കുവെക്കുന്നു:-

***ചെണ്ടവാദ്യം ഒരു പാരമ്പര്യ കലയായിരുന്ന കാലത്താണ് താങ്കൾ ഈ രംഗത്തേക്ക് കടന്നു വരുന്നത്. ഉപജീവനാർഥം എന്നു തന്നെ പറയാം. അതിൽ കവിഞ്ഞൊരു താത്പര്യം താങ്കൾക്ക് ഈ കലയോട് അന്ന് തോന്നിയിരുന്നോ?***

ശരിയാണ്. ഞങ്ങളുടെ സമുദായത്തിന്റെ കുലത്തൊഴിൽ എന്ന നിലയിലാണ് ഞാൻ ആദ്യം ചെണ്ട തോളിലേറ്റുന്നത്. പക്ഷെ, ചെണ്ടകൊട്ടി ഒരു ജീവിതം ഉണ്ടാക്കാൻ പറ്റുന്ന അവസ്ഥയായിരുന്നില്ല അന്നത്തേത്. ആരാധനാലയങ്ങളിൽ ചെണ്ടകൊട്ടിയാൽ അക്കാലത്ത് കൃത്യമായ പ്രതിഫലമേയില്ല. അവിടെ നിന്നുള്ള നിവേദ്യ ചോറാണ്പലപ്പോഴും വിശപ്പടക്കിയിരുന്നത്. പട്ടിണിയും പരിവട്ടവും വീർപ്പുമുട്ടിച്ച ദിനങ്ങൾ. ചെണ്ടകൊട്ടി ജീവിച്ച അക്കാലത്തെ ഓർമ്മകൾ പലതും സുഖകരമായിരുന്നില്ല. എനിക്കൊപ്പമുണ്ടായിരുന്ന പലരും ഉപജീവനത്തിനായി മറ്റു പല തൊഴിലിലേക്കും ചേക്കേറി. എനിക്കും അതാവാമായിരുന്നു. എന്നാൽ ഞാനതു ചെയ്തില്ല. ഈ കലയോട് എനിക്കുള്ള ആസക്തി അത്രമാത്രമായിരുന്നു. ഈ 67-ാം വയസിലും അതെന്നെ മടുപ്പിക്കുന്നില്ല. ചെണ്ടകൊട്ടി തുടങ്ങിയാൽ ഇപ്പൊഴും അതെനിക്കൊരു ലഹരിയാണ്. കൊട്ടിക്കേറി തിമർത്തു തകർത്തു നിർത്തുമ്പൊഴാണ് സങ്കടം വരിക, ഇത്ര വേഗം തീർന്നു പോയല്ലൊ എന്നോർത്ത്.

***ചെണ്ടയിൽ ആരാണ് ഗുരു?***

അച്ഛൻ, കുഞ്ഞികൃഷ്ണ മാരാർ തന്നെ. ചെണ്ടയിൽ മാത്രമല്ല, ജീവിതത്തിലും അദ്ദേഹമാണ് എന്റെ ഗുരു. ഈശ്വരൻമാരെ പ്രസാദിപ്പിക്കുന്ന വാദ്യോപകരണമാണ് ചെണ്ട അത് സത്യവും ദൈവചൈതന്യവുമുള്ളതുമാണെന്നും വിശുദ്ധമായ മനസോടും ശരീരത്തോടും



മട്ടന്നൂരും വിശ്രുത തബലവാദകൻ ഉസ്താദ് സാക്കീർ ഹുസൈനും

കൂടി മാത്രമെ അതിനെസമീപിക്കാവൂ എന്നും അദ്ദേഹമാണെന്നെ പഠിപ്പിച്ചത്. ആ തത്വം തെറ്റിക്കുമ്പോൾ കൊട്ടിന്റെ താളം പിഴയ്ക്കുമെന്നും അത് ചെണ്ടക്കാരന്റെ ജീവിത താളം തന്നെ തെറ്റിക്കുമെന്നുള്ള അച്ഛന്റെ ഉപദേശമാണ് എന്റെ വഴികാട്ടി.അന്നുമതെ, ഇന്നും.

***ഒരു കല എന്ന നിലയിൽ ചെണ്ടവാദ്യത്തെ ഗൗരവത്തോടെ കാണാൻ തുടങ്ങിയതെപ്പൊഴാണ്?***

12-ാം വയസിൽ. അക്കാലത്താണ് കഥകളിക്കൊട്ടും ചെണ്ടയും പരിശീലിക്കാനായി ഞാൻ പാലക്കാട് പേരൂർ ഗാന്ധിസേവാ സദനത്തിൽ എത്തുന്നത്. എല്ലാ വാദ്യകലകളേയും ഗൗരവത്തോടെ പഠിക്കാൻ തുടങ്ങുന്നത് അവിടെ വച്ചാണ്. കലാമണ്ഡലം ചന്ദ്രമന്നാഡിയാരും സദനം വാസുദേവനുമായിരുന്നു അവിടെ എന്റെ ഗുരുക്കൻമാർ. നാല് വർഷം പഠനം തുടർന്നു പിന്നീട് ഇടക്കയും തിമിലയും പഠിച്ചു. ഇടക്കയിലെ ഗുരു പട്ടരാത്ത് ശങ്കരമാരാരാണ്. സാക്ഷാൽ പല്ലാവൂർ അപ്പുമാരാരുടെ പിതാവാണ് അദ്ദേഹം. തായമ്പക അഭ്യസിക്കുന്നത് അച്ഛന്റെ കീഴിൽ തന്നെയാണ്. 13-ാം വയസിൽ മട്ടന്നൂർ മഹാദേവ ക്ഷേത്രത്തിൽ അച്ഛനൊപ്പമായിരുന്നു തായമ്പകയിൽ എന്റെ ആദ്യ അരങ്ങേറ്റം.

***തൃശ്ശൂർ പൂരത്തിന്റെ പ്രധാനആകർഷകങ്ങളിലൊന്നായ ചെണ്ട മേളത്തിന്റെ അരങ്ങിൽ കുറേക്കാലം താങ്കളും സംഘവും സജീവമായി ഉണ്ടായിരുന്നു. എന്നാൽ ഇപ്പൊഴില്ല. എന്തുപറ്റി?***

1972 മുതൽ മുപ്പതു വർഷക്കാലം പൂരത്തിന് തിരുവമ്പാടിക്കാരുടെ വാദ്യമേളക്കാർക്കൊപ്പം ഞാനുണ്ടായിരുന്നു. പിന്നീടൊരു ആറുവർഷം 250ഓളം ചെണ്ട വാദ്യക്കാരെ പങ്കെടുപ്പിച്ചു കൊണ്ട് പൂരത്തിന് ചെണ്ട മേളത്തിന്റെ അമരക്കാരനായും പ്രവൃത്തിച്ചു. 2005-ൽ മേള പ്രമാണി പട്ടം നൽകി അവരെന്നെ ആദരിച്ചു. പിന്നീട് സംഘാടക സമിതിയിലെ ചിലരുടെ ശൈലിയും ശാഠ്യവും ശരിയല്ലെന്ന് തോന്നിയപ്പോൾ ഇറങ്ങിപോന്നു. അതിൽ പരിഭവമൊന്നുമില്ല. ആരോടും പരാതിയുമില്ല. ഒരു കലാകാരൻ, അവനെഅംഗീകരിക്കാത്തിടത്ത് കടിച്ചു തൂങ്ങി നിൽക്കരുത് എന്നാണെന്റെ അഭിപ്രായം. ഇത് ഞാനെന്റെ ശിഷ്യൻമാരോടും പറയാറുണ്ട്.

***ചെണ്ടമേളത്തിൽ മട്ടന്നൂർ ശൈലി എന്നൊന്ന് രൂപപ്പെട്ടിട്ടുണ്ടല്ലൊ. അതിനെകുറിച്ച്?***

ചെണ്ടമേളം, തായമ്പക, പഞ്ചവാദ്യം എന്നിവയിലെ ആദ്യകാല സമ്പ്രദായങ്ങൾ മലമേക്കാവ് ശൈലി, പാലക്കാടൻ ശൈലി എന്നിങ്ങനെയാണ് അറിയപ്പെട്ടിരുന്നത്. അതിന്റെ ചുവടു പിടിച്ചാണ് ഞാനും തുടങ്ങിയത്. കുറേയധികം പരിപാടികൾ കഴിഞ്ഞപ്പോൾ എന്റെ അനുഭവങ്ങളും പാഠങ്ങളും നിരീക്ഷണങ്ങളും ചേർത്ത് എന്റേതായ പരീക്ഷണങ്ങളും പരിഷ്കാരങ്ങളുംഈ രംഗത്ത് കൊണ്ടു വരണമെന്ന് എനിക്കു തോന്നി. ഞാനെന്നൊരാൾ ഇവിടെ ജീവിച്ചിരുന്നു എന്നതിന് ഒരു അടയാളം ബാക്കി വെക്കണമല്ലൊ.അത് സാധ്യമാവുകയും ചെയ്തു. ഏതാനും വർഷങ്ങൾക്ക് മുമ്പ് ഇരിങ്ങാലക്കുടയിൽ നടന്ന ചെണ്ട വാദ്യക്കാരുടെ ഒരു സമ്മേളനത്തിലാണ് മട്ടന്നൂർ ശൈലി ഔദ്യോഗികമായി പ്രഖ്യാപിച്ചത്. കേരളത്തിൽ എഴുപത് ശതമാനത്തോളം വരുന്ന ചെണ്ട ആസ്വാദകരുടെ പിന്തുണ ഇന്ന് ഈ ശൈലിക്കാണ് എന്നത് അഭിമാനകരമാണ്. എങ്കിലും ഏതു കലാരൂപമായാലും ആവർത്തനം ആസ്വാദകരിൽ വിരസതയുണ്ടാക്കും എന്നത് വലിയൊരു പാഠമായി നാം ഉൾക്കൊള്ളണം. അതിനാൽ ഇതിനകത്തും നിരന്തരം പരീക്ഷണങ്ങളും പുതുക്കിപ്പണിയലുകളും ഞാൻ നടത്തിക്കൊണ്ടിരിക്കുകയാണ്.

***കഴിഞ്ഞ അഞ്ചു പതിറ്റാണ്ടായി ചെണ്ടമേളം, തായമ്പക, പഞ്ചവാദ്യം എന്നിവയിൽ സജീവ സാന്നിദ്ധ്യമാണ് താങ്കൾ. ഇതിനകം എത്ര വേദികളിൽ പരിപാടികൾ അവതരിപ്പിച്ചിട്ടുണ്ടാകും?***

കേരളത്തിൽ അങ്ങോളമിങ്ങോളം പരിപാടികൾ



രാഷ്ട്രപതി പ്രതിഭാപാട്ടീൽ
പത്മശ്രീ പുരസ്കാരം സമ്മാനിക്കുന്നു.



അവതരിപ്പിച്ചിട്ടുണ്ട്. കൂടാതെ ബംഗളൂരു, ചെന്നൈ, ഹൈദരാബാദ്, മുംബൈ, ദൽഹി, കൽക്കത്ത എന്നീ വൻ നഗരങ്ങൾ ഉൾപ്പെടെ ഇന്ത്യയുടെ മിക്ക ഭാഗങ്ങളിലും ചെണ്ടമേളത്തിനായി ചെന്നിട്ടുണ്ട്.അവയൊക്കെ കൂടി 5,000-ലധികം വേദികൾ വരും.

***വിദേശങ്ങളിൽ?***

1979-ലാണ് ആദ്യത്തെ വിദേശയാത്ര-പോളണ്ടിലേക്ക്. തുടർന്ന് ഇംഗ്ലണ്ട്, ഫ്രാൻസ്, ഇറ്റലി, ജർമ്മനി, ബെൽജിയം, നോർവെ, സ്വീഡൻ, സ്വിറ്റ്സർലണ്ട് തുടങ്ങി ഒട്ടുമിക്ക യൂറോപ്യൻ രാജ്യങ്ങളിലും പോയി. കൂടാതെ അമേരിക്ക, സിങ്കപ്പൂർ, ഹോങ്കോങ്, ബ്രസീൽ, മൊറോക്കോ, ഇസ്രായേൽ, ഗൾഫ് രാജ്യങ്ങൾ...ഇവയിൽ തന്നെ പല രാജ്യങ്ങളിലും ഒന്നിലധികം തവണ പോയിട്ടുണ്ട്.

***ഏറ്റവും കൂടുതൽ തവണ പരിപാടി അവതരിപ്പിച്ച വിദേശരാജ്യം ഏതാണ്?***

ഇംഗ്ലണ്ട്. അവിടെ 30-ലധികം തവണ പോയിട്ടുണ്ട്. ഒരു വർഷം തന്നെ മൂന്നു തവണയൊക്കെ അവിടെ പരിപാടിക്ക് ചെന്നിട്ടുണ്ട്. വന്നു വന്ന് കണ്ണൂരിൽ നിന്നും മട്ടന്നൂരിലെത്തുന്നതിനേക്കാൾ എളുപ്പമാണ് എനിക്കിപ്പോൾ ലണ്ടനിലെ ഹീത്രൂ വിമാനത്താവളത്തിലിറങ്ങി ഇംഗ്ലണ്ടിന്റെ ഏതുഭാഗത്തു ചെന്നെത്തുന്നതും. അവിടെ ആരുടെയും സഹായമില്ലാതെ പരിപാടിനടക്കുന്ന സ്ഥലത്ത് ഞാൻ ഒറ്റക്ക് യാത്ര ചെയ്ത് പോകാറുണ്ട്. അത്ര പരിചിതമാണ് എനിക്കിന്ന് ഇംഗ്ലണ്ട്.

***വിദേശയാത്രയിലെ മറക്കാനാവാത്ത ഒരുനുഭവം?***

1985-ലാണ് എന്റെ ആദ്യത്തെ അമേരിക്കൻ യാത്ര. ഇന്ത്യാ ഫെസ്റ്റിവലിന്റെ ഭാഗമായി രണ്ടാഴ്ച ന്യൂയോർക്കിൽമാത്രം. പിന്നീട് പലതവണ അവിടെ പോകാൻ സന്ദർഭം കിട്ടി. യുണൈറ്റഡ് സ്റ്റേറ്റ്സ് ഏതാണ്ട് മുഴുവനായും സഞ്ചരിച്ച് പരിപാടികൾ അവതരിപ്പിച്ചിട്ടുണ്ട്. ഒരിക്കൽ വേൾഡ് ട്രേഡ് സെന്റർ എന്ന അത്ഭുതത്തിനകത്തും പുറത്തും ഒരുപാട് സമയം ചിലവഴിക്കുകയും ചെയ്തു. പിന്നീട് 2015-ൽ വീണ്ടും അമേരിക്ക സന്ദർശിച്ചപ്പോൾ 110 നിലകൾ വീതമുള്ള ആ രണ്ട് പടുകൂറ്റൻ ടവറുകൾ നിന്ന സ്ഥലം ശൂന്യം! മറക്കാനാവാത്ത ഒരനുഭവമാണത്. കഴിഞ്ഞ വർഷം മാർച്ച്-ഏപ്രിൽ മാസങ്ങളിൽ ഒരിക്കൽക്കൂടി അമേരിക്കയിൽ പോയി. അത് മറക്കാനാവാത്ത മറ്റൊരു അനുഭവം. കാരണം തബലയിലെ നിത്യവിസ്മയമായ ഉസ്താദ് സാക്കിർ ഹുസൈനോടൊപ്പമായിരുന്നു ആ യാത്ര. ലോസാഞ്ചലസ് മുതൽ ന്യൂയോർക്കു വരെ 16 നഗരങ്ങളിലായി ജനലക്ഷങ്ങളെ ഇളക്കി മറിച്ച ഫ്യൂഷൻ പ്രോഗ്രാമാണ് ഞങ്ങൾ അവതരിപ്പിച്ചത്.

***അവാർഡുകളും അംഗീകാരങ്ങളും ഒരു പാട് കിട്ടിയല്ലോ? എന്തു തോന്നുന്നു?***

ശരിയാണ്. അവയുടെ എണ്ണമെടുത്താൽ 50-ലധികം വരും. കേന്ദ്ര-സംസ്ഥാനസംഗീത നാടക അക്കാദമി അവാർഡുകൾ(1996, 2012)സ്വരലയ അവാർഡ് (2003) കലാദർപ്പണ അവാർഡ്(2003) വാദ്യ കലാനിധി പുരസ്കാരം(2006) ഗുരുവായൂരപ്പൻ ക്ഷേത്രകലാ പുരസ്കാരം(2007)മയിൽപ്പീലി അവാർഡ്(2009) മേളാചാര്യ അവാർഡ്(2009)പത്മശ്രീ(2009)എന്നിവ അവയിൽ ചിലതാണ്. അവാർഡുകളും അംഗീകാരങ്ങളും ലഭിക്കുമ്പോൾ സന്തോഷം തോന്നാറുണ്ട്. അവ ഞാൻ കൈയാളുന്ന ഒരു കലയ്ക്ക് ലഭിക്കുന്ന ആദരവായിട്ടാണ് എനിക്ക് അനുഭവപ്പെടാറ്.സത്യത്തിൽ അതിലൂടെ ഈ രംഗത്ത് പ്രവൃത്തിക്കുന്ന അനേകായിരം കലാകാരൻമാർ കൂടിയാണ് അംഗീകരിക്കപ്പെടുന്നത്. അതുകൊണ്ടു തന്നെ ഓരോ അംഗീകാരവും എനിക്ക് വിലപ്പെട്ടതാണ്.

***കുടുംബം?***

ഭാര്യ-ഭാരതി. എന്റെ തിരക്കിട്ട ജീവിതത്തിനിടയിൽ കുടുംബം ശ്രദ്ധിക്കുന്നതു മുഴുവൻ അവരാണ്. രണ്ട് ആൺമക്കളാണ് എനിക്ക്-മട്ടന്നൂർ ശ്രീകാന്ത്, മട്ട



മട്ടന്നൂരിന്റെ നേതൃത്വത്തിൽ മേളപ്പെരുക്കം

ന്നൂർ ശ്രീരാജ്. രണ്ടു പേരും എനിക്കൊപ്പം തന്നെ പരിപാടികൾ അവതരിപ്പിച്ചു കൊണ്ട് കൂടെയുണ്ട്. ഒരു മകളുണ്ട്-ശരണ്യ.പാലക്കാട് വെള്ളിനെഴിയിലാണ് ഇപ്പോൾ താമസം.

***ഇടയ്ക്കൊന്ന് സിനിമയിലും മുഖം കാണിച്ചല്ലൊ-ഷാജി എൻ കരുണിന്റെ വാനപ്രസ്ഥത്തിൽ. എന്താണ് അതിന്റെ ഒരു അനുഭവം?***

അതൊരു വലിയ ഭാഗ്യമായിട്ടാണ് ഞാൻ കരുതുന്നത്. മോഹൻലാലിനെപോലെ മഹാനായ ഒരു നടന്റെ കൂടെ അഭിനയിക്കുക, അതും കഥകളിയുമായി ബന്ധപ്പെട്ട ഒരു വേഷത്തിൽ. ജീവിതത്തിലെ വിലമതിക്കാനാവാത്ത ഒരു നേട്ടമാണത്. കഴിവുള്ള കലാകാരൻമാർക്കൊപ്പം പ്രവൃത്തിക്കുമ്പോൾ ഉണ്ടാകുന്ന ഒരു വലിയ നേട്ടം എന്താണെന്നു വച്ചാൽ അവരുടെ പ്രതിഭയുടെ ഒരംശം നമ്മളിലേക്കും വ്യാപിക്കും എന്നതാണ്. അത് നമ്മെ സ്വയം വിശകലനം ചെയ്യാനും പരിഷ്കരിക്കാനും പ്രേരിപ്പിക്കും.ലാലിനൊത്തുള്ള ആ സിനിമയിലെ അഭിനയവും അനുഭവങ്ങളും ചെണ്ടവാദ്യത്തിലും ജീവിതത്തിലും എന്നെ പുതുക്കിപ്പണിയാൻ ഏറെ പ്രചോദനമായിട്ടുണ്ട്.

***അനേകം ശിഷ്യൻമാർക്ക് ചെണ്ടയിൽ പരിശീലനം നൽകുന്നതായി കേട്ടിട്ടുണ്ട്. ഈ തിരക്കിനിടയിലും അത് എങ്ങനെസാധിക്കുന്നു?***

വെള്ളിനെഴി സർക്കാർ ഹയർസെക്കണ്ടറി സ്കൂളിൽ 15 വർഷത്തോളം ചെണ്ട അധ്യാപകനായിരുന്നു ഞാൻ. പഠിക്കാൻ നല്ല ഉത്സാഹവുമായി കുട്ടികളെത്തുമ്പോൾ പറ്റില്ലെന്ന് പറയാറില്ല. ഒരു കലാകാരൻ എന്ന നിലയിൽ എനിക്കതിന് കഴിയില്ല എന്നതാണ് നേര്. അതേ സമയം പണവുംപ്രസിദ്ധിയും മാത്രം ലക്ഷ്യമിട്ട് എന്തെങ്കിലും കാട്ടികൂട്ടാൻ വരുന്നവരെ നിഷ്കരുണം നിരസിക്കാറുമുണ്ട്. തിരക്കിനിടയിലും എങ്ങനെയും സമയം കണ്ടെത്തി കഴിവുള്ള കുട്ടികളെ പരിശീലിപ്പിക്കുക എന്നത് ഒരു വ്രതാനുഷ്ഠാനം പോലെയാണ് ഞാൻ കാണുന്നത്. നമുക്കും പിൻഗാമികൾ വേണമല്ലോ! കവി ഒളപ്പമണ്ണയുടെ തറവാടായ ഒളപ്പമണ്ണ മനയിൽ കുറേ കാലമായി മുതിർന്ന വിദ്യാർഥികൾക്ക് ചെണ്ട പരിശീലിപ്പിക്കുന്നുണ്ട്. എന്റെ ഒരു പ്രധാനശിഷ്യൻമാരിൽ ഒരാളുടെ പേരു പറഞ്ഞാൽ നിങ്ങളൊക്കെ അറിയും-ജയറാം! അതെ സിനിമാ നടൻ ജയറാം തന്നെ. ആൾ കേമനാണ് കെട്ടോ. ഞങ്ങളൊന്നിച്ച് പലയിടങ്ങളിലും മേളം അവതരിപ്പിച്ചിട്ടുണ്ട്.

***ചെണ്ടവാദ്യവുമായി ബന്ധപ്പെട്ട് മനസിൽ കൊണ്ടു നടക്കുന്ന ഒരു മോഹമുണ്ടോ?***

ചോദ്യം അസ്സലായി. ആരും ഇതുവരെ അതു ചോദിച്ചിട്ടില്ല. അതുകൊണ്ട് ഇപ്പോൾ പറയാം. ഒരു മോഹമുണ്ട്. ചെണ്ടവാദ്യ പഠനത്തിനും പരിശീലനത്തിനുമായ ഒരു സ്ഥാപനം തുടങ്ങണം. കുറച്ച് കുട്ടികളെ വച്ച് ഗുരുകുല മാതൃകയിലുള്ള ഒന്ന്. അവിടുത്തെ കുട്ടികൾ സ്ഥാപനത്തിന്റെതന്നെ ചിലവിൽ പഠിച്ച് ഒരു ജീവിതം കണ്ടെത്തുന്ന രീതിയിലുള്ള പദ്ധതിയാണ് മനസിൽ. സർക്കാരിന്റെ ഒരു തരത്തിലുള്ള സഹായവും സ്വീകരിക്കാതെ അവരുടെ അനുഗ്രഹം മാത്രം വാങ്ങി നടത്തുന്ന ഒരു സ്ഥാപനമായിരിക്കും അത്. വാദ്യകലയെ കാര്യഗൗരവത്തോടെ കാണുന്ന ഒരു കൂട്ടം സഹൃദയരുടെ പിൻതുണ അതിനുണ്ട്. എന്റെ തിരക്കുകളാണ് പദ്ധതി വൈകുന്നതിന് പ്രധാനകാരണമായിരുന്നത്.കൊവിഡ് എന്ന മഹാമാരി എല്ലാ തിരക്കുകൾക്കും ഇപ്പോൾ താൽക്കാലികമായി ഒരു വിരാമം ഇട്ടിരിക്കുകയാണല്ലൊ. ഈ സമയത്ത് സ്ഥാപനം യാഥാർഥ്യമാക്കാനാണ് ശ്രമിക്കുന്നത്. അതിന്റെ നേതൃത്വ സ്ഥാനത്തോ ഔദ്യോഗിക പദവികളിലോ ഒന്നും ഞാനുണ്ടായിരിക്കില്ല. അവിടെ ഒരു പരിശീലകനായി മാത്രമെ ഞാനുണ്ടാവൂ. അതാണ് എന്റെ ഉറച്ച തീരുമാനം.



വിശ്രുത സരോദ് സംഗീതജ്ഞൻ പത്മവിഭൂഷൺ ഉസ്താദ് അലി അക്ബർ ഖാൻ

# അലി അക്ബർഖാന്റെ

സംഗീതത്തിന്റെ പ്രഥമവും പ്രധാനവുമായ രൂപങ്ങളിൽ ഒന്നായ വായ്പ്പാട്ടിന്റെ ധ്വനികൾ പുനഃസൃഷ്ടിക്കുന്നതിൽ ഏറെ സാദ്ധ്യതകളുള്ള ഒരുപകരണമാണ് സാരംഗി. സാരംഗി കഴിഞ്ഞാൽ പിന്നെ സിതാർ അടുത്തുവരുന്നു. രൂപഘടനയിലും സാങ്കേതികത്വത്തിലും സാരംഗിയിൽ നിന്നും സിതാറിൽ നിന്നും വ്യത്യസ്തതകൾ പുലർത്തുന്ന സരോദിന് ഇക്കാര്യത്തിൽ ഒരുപാട് പരിമിതികളുണ്ട്. ദ്രുതതാളങ്ങളും മറ്റും സരോദിൽ ആവിഷ്ക്കരിക്കാൻ കഠിന ശ്രമം തന്നെ വേണ്ടി വരുന്നു. നീണ്ടകാലത്തെ തപസ്യയും ലയത്തിന്മേലുള്ള അസാധാരണമായ നിയന്ത്രണവും എല്ലാറ്റിനുമുപരി ദാർശനികമായ ഉൾക്കാഴ്ചയും ഉള്ള ഒരു കലാകാരനുമാത്രമേ സരോദിന്റെ പരിമിതികളെ ഉല്ലംഘിക്കാനാവൂ; അതിജീവിക്കാനാവൂ. ഉസ്താദ് അലി അക്ബർ ഖാൻ സരോദ് എന്ന മാധ്യമത്തിന്റെ പരിമിതികളെ ഉല്ലംഘിക്കുകയും അതിജീവിക്കുകയും ചെയ്ത അസാമാന്യ പ്രതിഭാശാലിയായ കലാകാരനാണ്.

പാരമ്പര്യത്തിന്റെ കരുത്തും നവീനതയുടെ ലാവണ്യവും ജീവിതത്തിന്റെ അനുസ്യൂതമായ അന്തഃസംഘർഷങ്ങളുമാണ് ഉസ്താദ് അലി അക്ബർഖാന്റെ സംഗീത കലയുടെ അന്തർദ്ധാരകൾ.

ഭാരതീയ സംഗീതത്തിന്റെ കൊടുമുടികളിൽ ഒരാളും സരോദിന്റെ ഇതിഹാസവുമായ ഉസ്താദ് അലാവുദ്ദീൻഖാന്റെ പുത്രനായ അലി അക്ബർഖാന് സംഗീതം അന്യമായ ഒന്നായിരുന്നില്ല. അലി അക്ബർഖാന്റെ ആത്മസത്ത സംഗീതമായിരുന്നു. പിതാവായ അലാവുദ്ദീൻ ഖാന്റെ കീഴിലുള്ള സംഗീത പഠനം അലി അക്ബർഖാന് അല്പം പോലും സുഖകരമായിരുന്നില്ല; സുഗമമായിരുന്നില്ല. അലാവുദ്ദീൻ ഖാന്റേത് കഠിനമായ ശിക്ഷണമായിരുന്നു.


മൂന്നാമത്തെ വയസ്സിൽ സംഗീത പഠനം ആരംഭിച്ച അലി അക്ബർ ഖാൻ പിതാവിൽനിന്ന് ഏറ്റുവാങ്ങേണ്ടി വന്ന അതിക്രൂരമായ ശിക്ഷകൾ 'റിയാലിറ്റി ഷോ' യിലൂടെ കടന്നു പോകുന്ന ഇന്നത്തെ തലമുറ വിശ്വസിക്കുമെന്നു തോന്നുന്നില്ല. മൂന്നാം വയസ്സിൽ വായ്പ്പാട്ടും ഒൻപതാം വയസ്സിൽ സരോദും അഭ്യസിക്കാൻ തുടങ്ങിയ അലി അക്ബർഖാൻ, ക്രൂരമായ ശിക്ഷകൾ താങ്ങാനാവാതെ, യൗവന കാലത്ത് ഒരു രാത്രിയിൽ വീടു വിട്ടു പോവുകയാണുണ്ടായത്. ആ യാത്രയിൽ ഒരു സരോദുമാത്രമാണ് ആ യുവാവിന്റെ കൈയിലുണ്ടായിരുന്നത്. ആ സരോദ് സ്വന്തം ഹൃദയ



സഹോദരി വിഖ്യാത സംഗീതജ്ഞ അന്നപൂർണ്ണാദേവി



മാതാവ് മദീനബീഗം



പിതാവ് മഹാസംഗീതജ്ഞൻ ഉസ്താദ് അലാവുദ്ദീൻഖാൻ


പി.രവികുമാർ
സംഗീത സ്മരണ




# സരോദ്

ത്തിൽ ചേർത്ത അലി അക്ബർഖാൻ തീവ്രവ്യഥകൾ നിറഞ്ഞ സംഗീത സപര്യയിലൂടെ 'ഭാരതീയ സംഗീത'ത്തിന്റെ ചക്രവർത്തിയായി ലോകമെങ്ങും വാഴ്ത്തപ്പെട്ടു.

ആയിരത്തിതൊള്ളായിരത്തി അൻപതുകൾക്കു മുൻപുവരെ പാശ്ചാത്യദേശങ്ങളിൽ സാധാരണ സംഗീതാസ്വാദകർക്ക് ഭാരതീയ സംഗീതത്തിന്റെ ഉദാത്തമാനങ്ങളെ ക്കുറിച്ച് ഒരു ധാരണയുമില്ലായിരുന്നു. 1955 ൽ അലി അക്ബർഖാൻ അമേരിക്ക സന്ദർശിക്കുകയും ന്യൂയോർക്കിലും വാഷിംഗ്ടണിലുംസരോദ് കച്ചേരികൾ അവതരിപ്പിക്കുകയും ചെയ്തതോടെയാണ് ഭാരതീയ സംഗീതത്തിന്റെ സൗന്ദര്യവും ശക്തിയും ലോകമെമ്പാടുമുള്ള സംഗീതപ്രേമികൾ അറിയുന്നത്. അലി അക്ബർ ഖാന്റെ അമേരിക്കയിലെ സരോദ് കച്ചേരികൾ കേട്ടശേഷം വിശ്വവിഖ്യാതനായ വയലിനിസ്റ്റ് യഹുദി മെനുഹിൻ പറഞ്ഞു: "നമ്മുടെ കണ്ണുകൾക്കും കാതുകൾക്കും മുന്നിൽ സൗന്ദര്യത്തിന്റെ ഒരു പുതിയ രൂപം സംജാതമായിരിക്കുന്നു." ലോകത്തിലെ ഏറ്റവും മഹാനായ സംഗീതജ്ഞൻ എന്ന് യഹുദിമെനുഹിൻ അലി അക്ബർഖാനെവിശേഷിപ്പിച്ചു.

അതുല്യനായ സരോദ് വാദകൻ, മഹാനായ ഗുരു, വ്യത്യസ്തനായ സംഗീത സംവിധായകൻ എന്നീ നിലകളിൽ അലി അക്ബർ ഖാൻ സംഗീത ചരിത്രത്തിൽ ഇടം നേടുന്നു. ശരൺ റാണി, രാജീവ് താരാനാഥ്, പ്രദീപ് ബരോത്, ആഷിഖ് ഖാൻ, ബ്രിജ് നാരായണൻ, ബ്രിജ് ഭൂഷൺ കാബ്റ, ചാൾസ് കാപ്‌വെൽ, കെൻസക്കർമാൻ തുടങ്ങിയ പ്രതിഭാശാലികളായ ശിഷ്യരിലൂടെ ഉസ്താദ് അലി അക്ബർഖാന്റെ സംഗീതം വരും കാലങ്ങളിലേക്ക് പ്രവഹിച്ചുകൊണ്ടിരിക്കുന്നു.

ഉസ്താദ് അലി അക്ബർ ഖാൻ സരോദിലൂടെ അനശ്വരമാക്കിയ മാൽകൗൻസ്, അസാവരി, ബാഗേശ്രീ കാനഡ, അഹിർഭൈരവ്, നഠ്ഭൈരവ്, ശുദ്ധകല്യാൺ, പൂരിയാ കല്യാൺ, മിയാൻകി തോഡി തുടങ്ങിയ രാഗാലാപങ്ങൾ നമ്മെ നിരന്തരം അപാരതയുമായി അടുപ്പിച്ചുകൊണ്ടേയിരിക്കുന്നു. അലി അക്ബർഖാന്റെ ആലാപത്തിലെ ധ്രുപദ പ്രവാഹം നമ്മുടെ പ്രജ്ഞയിൽ ആദ്ധ്യാത്മികതയുടെ തരംഗങ്ങൾ സൃഷ്ടിച്ചുകൊണ്ടേയിരിക്കുന്നു.



# നാദവിസ്മയ സന്ധ്യ

ഗ്രാമ സദസ്സിന് മുമ്പിൽ ആദ്യം: കൊല്ലം നീരാവിൽ നവോദയം ഗ്രന്ഥശാലാ സുവർണ്ണജൂബിലി ആഘോഷ ഭാഗമായി മാനവീയം മിഷന്റെ നേതൃത്വത്തിൽ ഗ്രാമസദസ്സിനു മുൻപിൽ സരോദ് സംഗീത സദസ്സിന് എത്തിയപ്പോൾ: ഗ്രന്ഥശാലയിലെ ഹാർമോണിയത്തിൽ കുഞ്ഞുങ്ങൾക്ക് സംഗീത വിദ്യാരംഭം കുറിച്ച് ഉസ്താദ് അലി അക്ബർ ഖാൻ.

അഷ്ടമുടിക്കായലിന്റെ തീരഗ്രാമമാണ് കൊല്ലം തൃക്കടവൂർ നീരാവിൽ. ആ ഗ്രാമത്തിന്റെ ഓർമ്മച്ചെപ്പിൽ ഇന്നും പച്ചപിടിച്ച് നിൽക്കുകയാണ് 2000 ഡിസംബർ 12 ലെ തണുത്ത ഒരു വൃശ്ചിക സന്ധ്യ. അന്നാണ് വിശ്വ വിശ്രുതനായ സരോദ് സംഗീതജ്ഞൻ പദ്മവിഭൂഷൻ അലി അക്ബർ ഖാൻ തന്റെ സംഗീത ജീവിതത്തിൽ ആദ്യമായി നിറഞ്ഞ് കവിഞ്ഞ ഒരു ഗ്രാമസദസ്സിന് മുമ്പിൽ സരോദിന്റെ നേർത്ത തന്ത്രികളിൽ തന്റെ മാന്ത്രിക വിരലുകൾ കൊണ്ട് അഭൗമസംഗീതനാദ ധാരതീർത്തത്. മായാത്ത നാദവിസ്മയാനുഭവമായിരുന്നു അത്. രണ്ടുപതിറ്റാണ്ടുകൾ പിന്നിടുമ്പോഴും ആ നിറസദസ്സും സംഗീതജ്ഞനും കൺമുൻപിൽ മങ്ങാതെ മായാതെ നിൽക്കുന്നു. ലോകസംഗീത ആസ്വാദകരുടെ മനവും കരളും സരോദിന്റെ മാന്ത്രിക വാദനത്തിലൂടെ തന്റെ വരുതിയിലാക്കിയ ഈ സംഗീതജ്ഞന്റെ ഗ്രാമസദസ്സിനുമുമ്പിലെ കച്ചേരി ഇതാദ്യമായിരുന്നു. പിതാവിനൊപ്പം സംഗീതജ്ഞനായ മകൻ ആലംഖാന്റെ സംഗീത യാത്രയുടെ അരങ്ങേറ്റവുമായിരുന്നു ഇത്. അനുപമ സുന്ദരമായ ഈ സംഗീതവിരുന്നിന് തബലയിൽ മാന്ത്രികതാളം ഉതിർത്ത് താളക്കൊഴുപ്പേകിയത് വിഖ്യാതനായ സ്വപൻചൗദരിയും. അനവദ്യസുന്ദരമായ ആസന്ധ്യ ഈ ഗ്രാമത്തിന് നൽകിയത് സി.പി.എം. നേതാവും സംസ്ഥാന മാനവിക മിഷൻ ചെയർമാനുമായിരുന്ന എം.എ.ബേബി സംഗീതജ്ഞനേയും സരോദ് എന്ന വാദ്യോപകരണത്തിന്റെ രസാനുഭൂതികളെക്കുറിച്ചും പരിചയപ്പെടുത്തി ആമുഖപ്രഭാഷണം നടത്തിയത്. കഥകളിൽ സംഗീതത്തിന്റെ രസബിന്ദുക്കൾ അലിയിച്ച് ചേർത്ത കഥയുടെ രാജശില്പി ടി.പത്മനാഭനും.

ആമുഖഭാഷണത്തിൽ കഥാ ചക്രവർത്തി പറഞ്ഞു 'ഇന്ത്യൻ സംഗീതത്തിലെ എക്കാലത്തേയും വലിയ പ്രതിഭാസമാണ് ഉസ്താദ് അലാവുദീൻ ഖാൻ. 110 വർഷം ജീവിച്ച ഇദ്ദേഹത്തിന് അറിയാത്തതായി ഒന്നും സംഗീതത്തിലുണ്ടായിരുന്നില്ല. വായ്പ്പാട്ടിലായാലും ശരി ഉപകരണസംഗീതത്തിലായാലും ശരി സംഗീതം മനുഷ്യന്റെ രൂപം എടുത്തതുപോലെയായിരുന്നു അലാവുദ്ദീൻഖാൻ അദ്ദേഹം പഴയ മുസ്ലീംപള്ളികളുടെ കേടുപാടുകൾ പോക്കുകയും പുതിയവ നിർമ്മിക്കുകയും ചെയ്തു. അദ്ദേഹം ക്ഷേത്രങ്ങളും പണിതു. തന്റെ വീടിന് വിദ്യയുടെ അധിദേവതയായ സരസ്വതിയുടെ ഒരു നാമം നൽകിയ അലാവുദീൻ ഖാൻ ഏക പുത്രിക്ക് അന്നപൂർണ്ണ എന്നാണ് പേരിട്ടത്. അദ്ദേഹത്തിന്റെ പ്രമുഖ ശിഷ്യനാണ് വിഖ്യാത സിത്താർ മാന്ത്രികനായ പണ്ഡിറ്റ് രവിശങ്കർ. പിന്നെ മക്കളായ അലിഅക്ബർ ഖാനും അന്നപൂർണ്ണയും. അന്നപൂർണ്ണയുടെ ശിഷ്യനാണ് ലോകാരാധ്യനായ മുരളീവാദകൻ ഹരിപ്രസാദ് ചൗരസ്യ.

ബാബ അലാവുദീൻഖാനെപോലെ അലിഅക്ബർ ഖാനും ജാതി വർഗ്ഗ വ്യത്യാസമില്ലാതെ സംഗീതം പകർന്നു നൽകുന്ന മഹാത്മാവാണ്. ഹിന്ദുസ്ഥാനി സംഗീതത്തിലെ മഹാവിസ്മയമായിരുന്ന അച്ഛൻ അലാവുദ്ദീൻ ഖാനെപ്പോലെ തന്നെ സരോദിനെഭാരതീയ സംഗീതത്തിന്റെ കൊടു

മടക്കയാത്രക്ക് മുമ്പ് ഉസ്താദ്, ഗ്രന്ഥശാലയുടെ സന്ദർശക ഡയറിയിൽ – ആനന്ദകരമായ ഈ ഗ്രാമാനുഭവത്തിൽ ആഹ്ലാദം അറിയിച്ച് സംഘാടകരായ ഗ്രന്ഥശാലാ പ്രവർത്തകർക്ക് ആശംസകൾ രേഖപ്പെടുത്തിയപ്പോൾ മകൻ ആലം ഖാൻ എഴുതി 'Wonderful audiance I will come again and play for you'



എസ്.നാസർ
ഓർമ്മച്ചെപ്പ്



കുഞ്ഞുങ്ങൾക്ക് മുൻപിൽ: കൊല്ലം നീരാവിൽ നവോദയം ഗ്രന്ഥശാലയിൽ ഉസ്താദ് അലി അക്ബർ ഖാൻ, മകൻ സംഗീതജ്ഞൻ ആലംഖാൻ, തബല വാദകൻ സ്വപൻചൗധരി, എം.എ.ബേബി, കഥാകൃത്ത് ടി.പത്മനാഭൻ, ജില്ലാ കളക്ടർ കമൽ വി.റാവു, കോർപ്പറേഷൻ മേയർ സബിദാബീഗം, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ദേവകി.

മുടികളിലേക്ക് അലി അക്ബർഖാൻ ഉയർത്തി. പാരമ്പര്യത്തിന്റെ അടിവേരുകളിൽനിന്ന് ഊർജ്ജവും വെളിച്ചവും സാംശീകരിച്ച് അലിഅക്ബർ ഖാൻ സരോദ് വാദനത്തിൽ തികച്ചും തന്റേതായ വ്യക്തിമുദ്ര ചാർത്തുകയും നവനവങ്ങളായ കൽപനകൾ ആചരിക്കുകയും ചെയ്തു'. ആമുഖത്തിന് ശേഷം ജനസഞ്ചയത്തോടായി ഉസ്താദ് അലി അക്ബർഖാൻ പറഞ്ഞു.

"ഞാൻ ഉസ്താദ് അല്ല; സരോദിനെ കാലാനുസൃതമായ ഒരു സംഗീതോപകരണമാക്കി മാറ്റിയ തന്റെ പിതാവും ഗുരുവുമായ അലാവുദീൻഖാന്റെ സന്ദേശ വാഹകൻ മാത്രം. ഇന്ത്യൻ സംഗീതം മനുഷ്യനെമാത്രമല്ല കന്നുകാലികളെപോലും പിടിച്ച് ഇരുത്തുന്നത്ര മനം കവരുന്നതാണ്. ഹിന്ദുസ്ഥാനി സംഗീതത്തിൽ 9 വിവിധ രാഗങ്ങൾ ഉണ്ടെങ്കിലും താൻ 8 എണ്ണം മാത്രമാണ് ഉപയോഗിക്കുന്നത് നവസംഗീതകാരന്മാർ 9 രാഗങ്ങളും ഉപയോഗിക്കുന്നു സംഗീതം ദൈവത്തിലേക്കും മുക്തിയിലേക്കുമുള്ള മാർഗ്ഗമാണ്."

തുടർന്ന് സരോദ് തന്ത്രികളിൽ പൊഴിച്ച മധുര രാഗങ്ങൾ ഗ്രാമസന്ധ്യയെ സംഗീത സമ്പന്നമാക്കി. ആദ്യം ലഘു ശാസ്ത്രീയ രാഗങ്ങളിൽ തുടങ്ങി ആരോഹണ അവരോഹണങ്ങളിൽ രാഗമാലികയിലെ വിവിധ രാഗങ്ങൾ ലയഭംഗിയും രാഗശുദ്ധിയും സമം ചേർത്ത് മധുരതരമായി നിറഞ്ഞൊഴുകി. മകൻ ആലംഖാൻ സരോദിൽ അലി അക്ബർഖാനെ അനുയാത്ര ചെയ്തപ്പോൾ നൃത്തം വെയ്ക്കുന്ന വിരലുകൾകൊണ്ട് തബലയിൽ സ്പൻചൗധരി ഉതിർത്തത് അസുലഭ താളാനുഭവം. ആരോഹണ അവരോഹണങ്ങളിൽ ഈ കൂട്ടായ്മയെ ഞങ്ങൾ അനുഗമിക്കുകയാണെന്ന് ഉന്മത്തരായ ശ്രോതാക്കൾ കരഘോഷത്തിലൂടെ അറിയിച്ചുകൊണ്ടേയിരുന്നു. ധ്രുപദും കൈയ്യാലും അലി അക്ബർ ഖാന്റെ വാദനത്തിൽ ഭാവപൂർണ്ണിമ നേടുന്നത് നിറ മനസ്സോടെ തിരിച്ചറിഞ്ഞു. ഒന്നരമണിക്കൂർ നീണ്ട വാദനത്തിനൊടുവിൽ 'ഇനിയും കാണാം' എന്ന് വിനയാന്വിതനായി പറഞ്ഞ് പിൻവാങ്ങിയപ്പോൾ വിദൂര സ്ഥലങ്ങളിൽ നിന്നെത്തിയവരുൾപ്പെടെയുള്ള അത്യപൂർവ്വമായ സദസ്സ് പരിചിതമല്ലാത്ത ഒരു വാദ്യോപകരണത്തിന്റെ വിലോഭനീയമായ മാസ്മരിക വാദനത്തിൽ അമർന്നുണർന്നു. അവർ മഹാസംഗീതജ്ഞന് ഹൃദയതാളം കൊണ്ട് വീണ്ടും വീണ്ടും കൈയ്യടി തീർത്ത രംഗം അവിസ്മരണീയമാണ്.

'ലോകപ്രശസ്തരായ കലാകാരന്മാരെ ഗ്രാമസദസ്സിന് മുമ്പിൽ എത്തിച്ച് കലാപരിപാടികൾ ആസ്വദിക്കാൻ അവസരം ഒരുക്കുക' എന്ന ലക്ഷ്യത്തോടെ സംസ്ഥാന മാനവിക മിഷനാണ് ഈ ഗ്രാമത്തിന്റെ സാംസ്ക്കാരിക സംഗമ കേന്ദ്രമായ നവോദയം ഗ്രന്ഥശാലയുടെ സുവർണ്ണ ജൂബിലി ആഘോഷ വേദിയിലേക്ക് അമേരിക്കയിൽ സ്ഥിര താമസമാക്കിയ ഈ മഹോന്നത ഇന്ത്യൻ സംഗീതജ്ഞനെ ആനയിച്ചത്. തൊട്ട് മുമ്പൊരു ദിവസം ഗ്രന്ഥശാലയുടെ സുവർണ്ണജൂബിലി സ്മാരക മന്ദിരം ഉദ്ഘാടനം ചെയ്തത് ഗാനഗന്ധർവ്വൻ ഡോ.കെ.ജെ.യേശുദാസായിരുന്നു. ഡോ.



ജില്ലാ പഞ്ചായത്ത് പ്രസിഡന്റും ഗായികയുമായ കെ.ദേവകിയുടെ സ്നേഹോപഹാരം, സമീപം കഥാകൃത്ത് ടി.പത്മനാഭൻ



സുകുമാർ അഴിക്കോട്, കടമ്മനിട്ട രാമകൃഷ്ണൻ, എം. എ. ബേബി, പി.രാജേന്ദ്രൻ എം.പി., ജെ.മേഴ്സിക്കുട്ടിയമ്മ എം. എൽ.എ, തുടങ്ങിയവർ നിരന്ന ചരിത്ര സദസ്സിലാണ് തന്റെ സംഗീത ജീവിതത്തിന് നാന്ദിയായ ഗുരുവരം ലഭിച്ച 'ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാ സ്ഥാനമാണിത്' എന്ന ജീവനമന്ത്രം ഗാനഗന്ധർവ്വൻ പാടിയുണർത്തിയത്. ആ മാധുര്യം നിറഞ്ഞു തുളുമ്പിയ ഗ്രാമ മനസ്സുകളിലേക്കാണ് വിശ്രുതനായ ഈ കലാകാരന്റെ സംഗീത ധാരയും പെയ്തിറങ്ങിയത്.

ഗ്രാമത്തിലെത്തിയ അലി അക്ബർഖാന് നൽകിയ വരവേൽപ്പിലുമുണ്ട് ഗ്രാമ മനസ്സിന്റെ സ്നിഗ്ദതയും ആരാധനയും. നിശ്ചിത സമയത്തിനുമുമ്പുതന്നെ നിറഞ്ഞ് കവിഞ്ഞ വേദി. പുറത്തുള്ള പാതയോരങ്ങൾക്ക് ഇരുവശങ്ങളിലുമായി തടിച്ചുകൂടിയ ജനക്കൂട്ടത്തിന് നടുവിലൂടെ വിനയാന്വിതനായി വടിയൂന്നി കടന്നുവന്ന അലിഅക്ബർ ഖാനെ കഥാകാരൻ ടി.പത്മനാഭൻ, സി.പി.എം.നേതാവ് എം. എ. ബേബി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ദേവകി, കൊല്ലം കോർപ്പറേഷൻ മേയർ സബിദാ ബീഗം, ജില്ലാ കളക്ടർ കമൽ വി.റാവു, തുടങ്ങിയവരുടെ നേതൃത്വത്തിൽ ജനപ്രതിനിധികളും വിശ്രുത ചിത്രകാരൻ ജയപാലപണിക്കർ, നോവലിസ്റ്റ് നൂറനാട് ഹനീഫ് എന്നിവരുടെ നേതൃത്വത്തിൽ കലാകാരന്മാരുൾപ്പെടെയുള്ളവർ ഗ്രന്ഥശാലയിലേക്ക് ആനയിച്ചു.



ഗ്രന്ഥശാലയിൽ ആരംഭിച്ച 'ആരഭി' സംഗീത വിദ്യാലയത്തിലെ കുഞ്ഞുങ്ങളുടെ ക്ലാസ്സുകൾക്ക് വിശ്രുതനായ ഈ കലാകാരൻ നിലത്ത് ചമ്രംപിടഞ്ഞിരുന്ന് ഹാർമോണിയത്തിൽ രാഗങ്ങൾ മീട്ടി വിദ്യാരംഭം കുറിച്ചു. വെറ്റയും പാക്കും നൽകി കാൽക്കൽ നമസ്ക്കരിച്ച് കുഞ്ഞുങ്ങൾ വന്ദിച്ചു. രാഗങ്ങളുടെ ആദ്യ പാഠങ്ങൾ ഏറെ സമയമെടുത്തു തന്നെ അദ്ദേഹം ചൊല്ലിക്കൊടുത്തു. ഗ്രന്ഥശാലാങ്കണത്തിൽ നിന്ന് നെറ്റിപ്പട്ടം കെട്ടിയ ഗജവീരന്മാർ ചെണ്ടമേളം പഞ്ചാരി മേളം എന്നിവയുടെ അകമ്പടിയോടെ അദ്ദേഹത്തെ പൊതുവേദിയിലേക്ക് ആനയിച്ചു. വീഥികൾക്ക് ഇരുവശവും കാക്കവിളക്കുകളിൽ ദീപ നാളങ്ങൾ തെളിഞ്ഞ് നിന്നിരുന്നു. കച്ചേരിക്ക് ശേഷം ഉപഹാരങ്ങൾകൊണ്ട് ഈ കലാകാരന് മുമ്പിൽ ഗ്രാമം സ്നേഹവായ്പുകളർപ്പിച്ചു. മടക്കയാത്രക്ക് മുമ്പ് ഉസ്താദ്, ഗ്രന്ഥശാലയുടെ സന്ദർശക ഡയറിയിൽ– ആനന്ദകരമായ ഈ ഗ്രാമാനുഭവത്തിൽ ആഹ്ലാദം അറിയിച്ച് സംഘാടകരായ ഗ്രന്ഥശാലാ പ്രവർത്തകർക്ക് ആശംസകൾ രേഖപ്പെടുത്തിയപ്പോൾ മകൻ ആലംഖാൻ എഴുതി 'Wonderful audiance I will come again and play for you' തൊട്ടടുത്ത ദിവസം തിരുവനന്തപുരം എ.കെ.ജി. സ്മാരക ഹാളിലെ നിറഞ്ഞ സദസ്സിന് മുമ്പിൽ സരോദ് കച്ചേരിക്ക് തുടക്കം കുറിക്കും മുമ്പ് ആമുഖമായി അദ്ദേഹം പറഞ്ഞു. ഇന്നലെ കൊല്ലത്തെ നീരാവിൽ എന്ന ഗ്രാമത്തിൽ ആദ്യമായി ഒരു ഗ്രാമസദസ്സിന് മുമ്പിൽ ഞാൻ കച്ചേരി നടത്തി. അത്ഭുതാവഹമായ ജനക്കൂട്ടമാണ് എന്നെ കേൾക്കാൻ ആദ്യാവസാനം നിശ്ശബ്ദരായി എനിക്കു മുമ്പിലിരുന്നത്. അവർ നൽകിയ സ്നേഹോഷ്മളമായ വരവേൽപ്പ് എനിക്ക് മറക്കാൻ കഴിയില്ല.



ടി.പി.ശ്രീനിവാസൻ
വിദേശരംഗം



# ഇന്ത്യ - ഗൾഫ് ബന്ധങ്ങൾ സാധാരണ ഗതിയിലേക്ക്

ഇന്ത്യയിലെ ഭരണകക്ഷിയുടെ ചില വക്താക്കൾ പ്രവാചകനെ നിന്ദിച്ചു എന്ന വാർത്ത ചില ഇസ്ലാമിക് രാജ്യങ്ങളിൽ കോളിളക്കം സൃഷ്ടിച്ചത് തികച്ചും സ്വാഭാവികമായിരുന്നു. ഒരിക്കലും സംഭവിച്ചു കൂടാത്ത നിന്ദ്യമായ പ്രവൃത്തിയായിരുന്നു അത്. രണ്ടു വ്യക്തികളുടെ പെരുമാറ്റം കാരണം നൂറ്റാണ്ടുകളായി നിലനിന്ന സൗഹൃദം ഹനിക്കപ്പെട്ടുകൂടാ എന്ന ചിന്തയിലേക്ക് വന്നതോടുകൂടി ഈ രാജ്യങ്ങളുടെ രോഷം ശമിക്കപ്പെട്ടു എന്നു കരുതാം.

ഇന്ത്യാ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഈ സംഭവം വളരെ വേദനാ ജനകമായിരുന്നു. സംഭവത്തിന് കുറെ ദിവസങ്ങൾക്കു ശേഷം കുറ്റവാളികൾക്കെതിരായി നടപടി എടുത്തു കഴിഞ്ഞപ്പോഴാണ് ഗൾഫ് രാജ്യങ്ങളിൽ വലിയ പ്രത്യാഘാതങ്ങൾ ഉണ്ടായത്. പലരാജ്യങ്ങളും ഇന്ത്യൻ അംബാസഡർമാരെ വിളിച്ചുവരുത്തി വിദേശമന്ത്രാലയങ്ങൾ രോഷം പ്രകടിപ്പിച്ചു. ഇന്ത്യൻ വൈസ് പ്രസിഡന്റിന്റെ സന്ദർശനം നടക്കുമ്പോഴും ഖത്തർ പ്രതിഷേധം രേഖപ്പെടുത്തുകയുണ്ടായി. ചില രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന ഇന്ത്യക്കാർക്ക് ഭീഷണിയുണ്ടാക്കുന്ന തരത്തിലുള്ള പ്രസ്താവനകൾ ഉണ്ടായി.

ഗൾഫ് രാജ്യങ്ങളിലുണ്ടായ പ്രത്യാഘാതം ഇസ്ലാമിക്

രാജ്യങ്ങളുടെ സംഘടനയായ ഇസ്ലാമിക് സഹകരണ സഖ്യത്തിൽ പാകിസ്ഥാൻ പ്രവർത്തിച്ചതിനാലാണ് സംഭവിച്ചത് എന്നു സംശയമില്ല. മുസ്ലിം രാജ്യങ്ങളുടെ വികാരങ്ങളെ വൃണപ്പെടുത്താനുള്ള ഇന്ത്യയുടെ ശ്രമമാണെന്ന് സംഭവത്തെ ചിത്രീകരിക്കുകയും എല്ലാ രാജ്യങ്ങളും ഒരുമിച്ച് പ്രതിഷേധം രേഖപ്പെടുത്തണമെന്ന് തീരുമാനിക്കുകയും ചെയ്തത് ഇസ്ലാമിക്സഖ്യരാജ്യങ്ങളുടെ സംഘടന തന്നെയാണ്. ആ സംഘടനഎല്ലാക്കാലത്തും പാകിസ്ഥാനെ തുണച്ചുകൊണ്ട് ചെയ്യുന്ന പ്രസ്താവനകൾ അംഗരാജ്യങ്ങൾ തന്നെ നിരാകരിക്കുകയാണ് പതിവ്. എന്നാൽ ഇത്തവണ സംഭവത്തിന്റെ ഗൗരവം കാരണം ഗൾഫ് രാജ്യങ്ങൾ അതിനെ അപലപിക്കുകയാണുണ്ടായത്

പ്രവാചകനെതിരായി സംസാരിച്ച വ്യക്തികൾ ഇന്ത്യൻ ഭരണഘടനയെയും ഹിന്ദുമതത്തിന്റെ മൂല്യങ്ങളെയും വെല്ലുവിളിക്കുകയാണ് അവരുടെ പ്രവൃത്തിയിലൂടെ ചെയ്തത്. അതിനാൽ അവരെ സ്ഥാനങ്ങളിൽ നിന്ന് മാറ്റിയതും അവക്കെതിരായി കേസെടുക്കുകയും ചെയ്യുമെന്നുള്ളതിൽ ഒരു സംശയവും ഉണ്ടായിരുന്നില്ല.

ഈ സംഭവത്തെപ്പറ്റി ചില മുസ്ലീം രാജ്യങ്ങളിലുണ്ടായ പ്രതിഷേധം ഇത്തരം കാര്യങ്ങൾ ഇന്ത്യയിൽ ഉണ്ടാകാൻ പാടില്ല എന്ന വിശ്വാസം കൊണ്ടുതന്നെയാണ്. ഗൾഫ് രാജ്യങ്ങളിലെ മതസഹിഷ്ണുത കാരണമാണ് ലക്ഷക്കണത്തിന് ഇന്ത്യക്കാർ അവിടെ പ്രവർത്തിക്കുന്നതും അവർക്ക് മത സ്വാതന്ത്ര്യം ലഭിച്ചിട്ടുള്ളതും. ഇന്ത്യയിൽ മോദി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് ഗൾഫ് രാജ്യങ്ങളുടെ ബന്ധം ശക്തമായതെന്നുള്ളതും ഒരു പ്രധാനകാര്യമാണ്. അബുദാബിയിൽ ഉയർന്ന് വരുന്ന ഹിന്ദു ദേവാലയം രണ്ടു മതങ്ങൾ തമ്മിലുള്ള സൗഹൃദത്തിന്റെ പ്രതീകമായിരിക്കും.

ഇന്ത്യൻ വിദേശനയത്തിലെ മതേതരത്വം വളരെ വ്യക്തമാണ്. പാലസ്റ്റീൻ പ്രശ്നത്തിൽ ഇന്ത്യ സ്വീകരിച്ച നയമാണ് പിൽക്കാലത്ത് ഇന്ത്യയുമായുള്ള സൗഹൃദം വർദ്ധിപ്പിക്കുവാൻ കാരണമായത്. മതം ഒരിക്കലും ഇന്ത്യൻ വിദേശനയത്തിനെബാധിച്ചിട്ടില്ല എന്നതാണ് സത്യം ഇപ്പോൾ ഇന്ത്യ, ഇസ്രായേൽ, യുണൈറ്റഡ് അറബ് എമിറേറ്റ്സ്, അമേരിക്ക എന്നീ രാജ്യങ്ങളുടെ തന്ത്രപ്രധാനമായ സഖ്യംതന്നെ നിലവിൽ വന്നിരിക്കുകയാണ്.

ഗൾഫിൽ പ്രവർത്തിക്കുന്ന ഇന്ത്യക്കാരുടെ വേതനം ഇന്ത്യയെ സഹായിക്കുന്നതുപോലെ തന്നെ അവരുടെ സേവനം ഗൾഫ് രാജ്യങ്ങളുടെ വികസനത്തിന് സഹായകരമായിട്ടുണ്ട്. ഇന്ത്യക്കാരുടെ സാന്നിദ്ധ്യം ഒരു തരത്തിലും ഈ രാജ്യങ്ങളിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടില്ല.

ഗൾഫ് രാജ്യങ്ങളിലാണ് ഏറ്റവും കൂടുതൽ ഇന്ത്യക്കാർ പ്രവർത്തിക്കുന്നത്. അതുപോലെതന്നെ ഗൾഫ് രാജ്യങ്ങളും ഇന്ത്യയും തമ്മിലുള്ള വ്യാപാര ബന്ധം ഏറ്റവും വലുതാണ്. ഇന്ത്യയും ഗൾഫ് രാജ്യങ്ങളുമായുള്ള സൗഹൃദം നിരുത്തരവാദപരമായ പരാമർശങ്ങൾകൊണ്ട് ഹനിക്കപ്പെടണ്ടതെന്ന ആഗ്രഹം കൊണ്ടാണ് പ്രതിഷേധങ്ങൾ പെട്ടെന്ന് കെട്ടടങ്ങിയത്. ചില രാജ്യങ്ങളിൽ നിന്ന് ഇന്ത്യക്കാരെ പുറത്താക്കിയെന്ന വാർത്തകളും ഇന്ത്യൻ സാധനങ്ങളെ കടകളിൽ നിന്നുമാറ്റിയെന്നുമുള്ള വാർത്തകൾ അതിശയോക്തിപരമായിരുന്നു. പ്രതിഷേധം ശക്തമാക്കാൻ ശ്രമിച്ച ഇന്ത്യക്കാരെയാണ് യു.എ.ഇ നിയന്ത്രിക്കാൻ നടപടി എടുത്തതെന്നാണ് അറിയുന്നത്.

ഇന്ത്യയും ഗൾഫ് രാജ്യങ്ങളുമായുണ്ടായ അസ്വാരസ്യം അവസാനിച്ചു തുടങ്ങിയിരിക്കുന്നു. ശതാബ്ദങ്ങളോളം നീണ്ടുനിന്ന സൗഹൃദവും സാമ്പത്തിക സഹകരണവും തന്ത്രപരമായ പങ്കാളിത്തവും ഒന്നും ചില വ്യക്തികളുടെ വാക്കുകൾ അപകടപ്പെടുത്താൻ പാടില്ല എന്ന സന്ദേശം പ്രചരിച്ചു കഴിഞ്ഞു. മുറിവുകൾ ഉണങ്ങാനും സൗഹൃദം പുനസ്ഥാപിക്കുവാനുമുള്ള ശ്രമങ്ങൾ എത്രയും വേഗം വിജയിക്കുമെന്ന് ആശിക്കാം.



വി.എം.രാജമോഹൻ
കവിത

# മൂന്ന് കവിതക്കുത്തുകൾ

**ബോധം**

ബോധമുള്ളിലുദിച്ചുയരുമെന്ന് കരുതിയാണ്
ബോധി വൃക്ഷത്തണലിലിരുന്നത്
ബോധം കെട്ടുറങ്ങിപ്പോയതിനാൽ അറിയാൻ
കഴിയാതെ പോയി,
എന്റെ ബോധോദയം

**പരിഹാസം**

പതിനെട്ടടവും പയറ്റി വിജയിച്ച നേതാവിന് കിട്ടിയ
പൂച്ചെണ്ടിലെ പൂക്കളുടെ ചിരിയിൽ നിറഞ്ഞത്
പരിഹാസമാണെന്നറിയാത്ത ഒരേ ഒരാൾ മാത്രമേ
ഉണ്ടായിരുന്നുള്ളൂ-ആ നേതാവ്

**ആറാട്ട്**


തോറ്റവരുടെ സങ്കടക്കടലിൽ മുങ്ങിപ്പൊങ്ങിയാണ്,
നീ വിജയത്തിന്റെ ആറാട്ട് നടത്തുന്നതെന്ന്,
ഒന്ന് ഓർക്കുന്നത് നല്ലത്.



കയ്യുമ്മുകോട്ടപ്പടി
കവിത

# ഒരിഷ്ടം

ഈ പുഴക്കരയിൽ
ഇളം നിറത്തിൽ
പെയ്തിറങ്ങിയ
ചാറ്റൽ മഴയിൽ ഒരിഷ്ടം
നിറഞ്ഞു തുളുമ്പുമായിരുന്നു.
തങ്ങൾക്കിടയിലെപ്പോഴും ആ ഒരിഷ്ടം,
ഓർമ്മയിൽ തെളിയുന്ന
ഒരേ ഒരു സത്യം!
അതെ, അതെവിടേയും മറന്നുവെച്ചിട്ടില്ല!
ആരും എടുത്തുകൊണ്ടുപോയതുമില്ല.
എത്രയോ സങ്കടങ്ങൾക്കുള്ളിലും
ആ ഒരിഷ്ടം മരിക്കാത്ത ഒരേ ഒരു സത്യം!
അതെ, ആ ഒരിഷ്ടമായിരുന്നു.
പലപ്പോഴായി കരഞ്ഞു തീർത്ത
കണ്ണുനീർത്തുള്ളികൾ
പ്രാണനിൽ കരുത്തോടെ
ആ ഒരിഷ്ടം തളരാതെ കിടന്നു!
തണുപ്പിറ്റിച്ച് തലോടിയ കൈകൾ
പ്രണയ ദാഹത്തിൽ പൊതിഞ്ഞതും
ഈറനണിഞ്ഞനെഞ്ചിൽ
വിയർപ്പുകളൊപ്പി
എന്നോ നഷ്ടപ്പെട്ട ആ ദിവസത്തിന്റെ
ഓർമ്മയിലിപ്പോഴുമുണ്ട്
ഏതോ ഒരു വഴിയിലിപ്പോഴും
കുടുങ്ങിക്കിടപ്പാണാ.... ഒരിഷ്ടം!
പിന്നെപ്പോഴോ ഹൃദയ താളത്തിൽ
എന്തക്കെയോ പുലമ്പിക്കൊണ്ടിരുന്നതും...
ചിലപ്പോഴൊക്കെ ഉടലൂരിയെറിഞ്ഞ വസ്ത്രം പോലെ....
പിടഞ്ഞു കുതിർന്നതും
ചിലപ്പോൾ ചഞ്ചോരങ്ങളിൽ
ചുംബനച്ചൂടിൽ കവിത രചിച്ചതും...
എന്നും എപ്പോഴും എന്റെ കവിതയിൽ
ആ ഒരിഷ്ടം പൂത്തു നിറഞ്ഞതും...
പ്രാണനേക്കാളേറെ
പ്രണയം തലോടിയും
ഏതക്കെയോ വർണ്ണങ്ങളിൽ
വിടർന്നുകൊണ്ടിരുന്നു...
അലകളിലഴകായ്
ഞാനിങ്ങനെരോമഞ്ചപ്പെട്ട്
ചുവന്നു പഴുത്ത സൂര്യനായ്
എന്നും എപ്പോഴും
ആ ഒരിഷ്ടത്തോടൊപ്പം ഞാനും കിടന്നു
ആ ഒരിഷ്ടം!



ദീപ ദിനേശ്
കവിത

# വാക്കിന്റെ മൗനം

ആരോ വെറും വാക്ക്
നീട്ടുന്ന പാട്ടിന്റെ
ഓരത്ത് ഞാൻ
ചേർന്നിരിക്കുന്നു.

ഒരു വാക്കിലടുത്തും
മറുവാക്കിലകന്നും
മറുതീരമേതെന്ന്
വെറുതെ തിരഞ്ഞും
നീയൊരു വാക്കിന്റെ
തിരകളാകെ
ഞാൻ മറുവാക്കിന്റെ
തീര മൗനം

പ്രാണന്റെ വേരിൽ തുടിച്ചതാം
വാക്കിന്റെ
നീരാൽ ഞരമ്പുകൾ
പടരുമിലകളിൽ
ജീവശാഖികൾ
തണ്ടു ചേർത്തെത്രയോ
പൂവുകൾ പുറംമോടിയിൽ
വിടർത്തിയും

കോർത്ത മൗനത്തിൽ
നിന്നെന്നോതെന്നി
വാക്കായ് പൂക്കാതടർന്ന
പുഴവക്കിൽ മോഹങ്ങൾ
തർപ്പണം ചെയ്തും
വിശുദ്ധിയിലാരോ
നോറ്റനോമ്പിന്റെ
വിശപ്പിൻ വിഷാദം പോൽ
ഇന്നാ വാക്കും കടന്ന് ഞാൻ പോകുന്നു.



ഗ്രേസി
ബാലരശ്മി

# വാതാപിസൂത്രം


**വി**ദർഭയിലെ രാജാവിന്റെ മകളായിരുന്നു ലോപാമുദ്ര. അതീവ സുന്ദരിയായ മകളെക്കുറിച്ച് രാജാവിന് വലിയ അഭിമാനമായിരുന്നുതാനും. എന്നാൽ ഉയരം കുറഞ്ഞ് വിരൂപനായ അഗസ്ത്യമുനി ലോപാമുദ്രയെ ഭാര്യയായി തരണമെന്ന് രാജാവിനോട് ആവശ്യപ്പെട്ടു. രാജാവിന് അത് തീരെയും ഇഷ്ടപ്പെട്ടില്ല. പക്ഷെ, മുനിയുടെ ഉഗ്രമായ കോപത്തെക്കുറിച്ച് ഓർത്തപ്പോൾ രാജാവ് ധർമ്മ സങ്കടത്തിലായി. ലോപാമുദ്രയാകട്ടെ മടിയേതും കൂടാതെ മുനിയെ വിവാഹം കഴിക്കാൻ തയ്യാറായി. മുനിയോടൊപ്പം ആശ്രമത്തിലെത്തിയ ലോപാമുദ്ര ഭക്തിപൂർവ്വം ഭർത്തൃശുശ്രൂഷയിൽ മുഴുകുകയും ചെയ്തു. ഏറെക്കാലം കഴിഞ്ഞപ്പോൾ ലോപാമുദ്ര മുനിയോട് ഒരു ആഗ്രഹം പറഞ്ഞു. വിശേഷാവസരങ്ങളിൽ ധരിക്കുന്ന ചില വിശിഷ്ടമായ ആഭരണങ്ങൾ വേണം. നാളിതുവരെ ഒന്നും ആവശ്യപ്പെടാത്ത ഭാര്യയുടെ ആഗ്രഹം തള്ളിക്കളയാൻ മുനിക്ക് കഴിഞ്ഞില്ല. തീർച്ചയായും തപശ്ശക്തികൊണ്ട് മുനിക്ക് അത്തരം ആഭരണങ്ങൾ നേടിയെടുക്കാവുന്നതേയുള്ളൂ. എന്നാൽ തപശ്ശക്തി അങ്ങനെയൊന്നും പാഴാക്കാനുള്ളതല്ലെന്ന് അദ്ദേഹം വിശ്വസിച്ചു. അതുകൊണ്ട് രാജാക്കന്മാരുടെ പക്കൽ നിന്ന് കുറച്ച് ധനം ഭിക്ഷയായി സ്വീകരിക്കാമെന്ന് അദ്ദേഹം കരുതി.

പക്ഷേ, പല രാജാക്കന്മാരും ധനമൊക്കെ ദാനം ചെയ്ത് വെറും കൈയോടെ ഇരിക്കുമ്പോഴാണ് മുനി അവരെ സമീപിച്ചത്. ഒടുവിൽ അസുരശ്രേഷ്ഠനും ധനവാനുമായ ഇല്വലനെ സമീപിക്കാൻ തന്നെ മുനി തീർച്ചപ്പെടുത്തി.

ഇല്വലൻ അനുജനായ വാതാപിയോടൊപ്പമാണ് പാർത്തിരുന്നത്. അങ്ങനെയിരിക്കെ ഇല്വലന് ഇന്ദ്രതുല്യനായ ഒരു പുത്രൻ വേണമെന്ന് ആഗ്രഹമുണ്ടായി. ആഗ്രഹങ്ങൾക്കുണ്ടോ വല്ല അതിരും? ഒരു വിശിഷ്ട ബ്രാഹ്മണനെസമീപിച്ച് ഇന്ദ്രതുല്യനായ ഒരു പുത്രനുണ്ടാകാൻ അനുഗ്രഹിക്കണമെന്ന് അപേക്ഷിച്ചു. എന്നാൽ ബ്രാഹ്മണൻ അങ്ങനെയൊരു വരം നൽകാൻ തയ്യാറായില്ല. അതോടെ ഇല്വലന് ബ്രാഹ്മണരോട് കടുത്ത ശത്രുതയായി. ഏതെങ്കിലും കാര്യം സാധിക്കുന്നതിന് തന്നെ സമീപിക്കുന്ന ബ്രാഹ്മണരെയൊക്കെ ഇല്വലൻ നിർദ്ദയം കൊന്നുകളഞ്ഞു. വാതാപി സൂത്രം കൊണ്ടാണ് ഇല്വലൻ ബ്രാഹ്മണവധം സാധിച്ചത്. ആദ്യം ബ്രാഹ്മണരെ വേണ്ടവിധം സ്വീകരിച്ചിരുത്തും. പിന്നെ അനുജനായ വാതാപിയെ ഒരു ആടാക്കി മാറ്റും. ആടിനെകൊന്ന് രുചികരമായ മാംസക്കറിയുണ്ടാക്കി ബ്രാഹ്മണരെ ഊട്ടും. ഊണൊക്കെ കഴിഞ്ഞ് അവർ വിശ്രമിക്കുമ്പോൾ ഇല്വലൻ അനുജനെസ്നേഹപൂർവ്വം വിളിക്കും.

വാതാപീ! പുറത്തു വാ!

പ്രിയപ്പെട്ട ജ്യേഷ്ഠൻ വിളിച്ചാൽ അനുജന് പുറത്ത് വരാതിരിക്കാനാവുമോ? ബ്രാഹ്മണരുടെ വയറു പിളർന്ന് വാതാപി പുറത്തു വരും. ഈ വാതാപി സൂത്രത്തെക്കുറിച്ച് അറിവില്ലാതെ ദൂരദിക്കുകളിൽ നിന്ന് വന്ന ബ്രാഹ്മണരൊക്കെ ഇല്വലന്റെ കൊട്ടാരത്തിൽ വയർപൊട്ടി മരിച്ചു വീണു.



അഗസ്ത്യമുനി എത്തിച്ചേർന്നപ്പോൾ പതിവുപോലെ ഇല്വലൻ ബഹുമാനത്തോടെ സ്വീകരിച്ചിരുത്തി. പിന്നെ വാതാപിയെ ആടാക്കിമാറ്റി. ആടിനെ അറുത്ത് രുചികരമായ മാംസക്കറിയുണ്ടാക്കി മുനിയെ ഊട്ടി. മുനി വിശ്രമിക്കുമ്പോൾ ഇല്വലൻ സ്നേഹപൂർവ്വം അനുജനെവിളിച്ചു.

വാതാപീ! പുറത്തു വാ!

ഇതുകേട്ട് ഭാവഭേദമൊന്നുമില്ലാതെ മുനി പറഞ്ഞു.

വാതാപീ! ജീർണ്ണോഭവ!

മുനിയുടെ വാക്കുകൾ പാഴാകുകയില്ലല്ലോ. വാതാപി ദഹിച്ചു പോയി!

വാതാപി പുറത്ത് വരാതിരുന്നപ്പോൾ ഇല്വലൻ പരിഭ്രാന്തനായി. ഇക്കുറി വാതാപിസൂത്രം പിഴച്ചെന്നറിഞ്ഞ് ഇല്വലൻ മുനിയുടെ കാൽക്കൽ വീണ് മാപ്പ് ചോദിച്ചു. അനുജനെ തിരിച്ച് തരണമെന്ന് യാചിച്ചു. ദഹിച്ച് പോയ വാതാപിയെ എങ്ങനെതിരിച്ച് തരുമെന്ന് മുനി കൈമലർത്തി. പശ്ചാത്താപവിവശനായ ഇല്വലൻ ചെയ്തുപോയ പാപം പരിഹരിക്കുന്നതിന് വേണ്ടി ഒട്ടേറെ ബ്രാഹ്മണരെ വിളിച്ചുവരുത്തി. അവർക്കൊക്കെയും പശുക്കളെയും സ്വർണ്ണക്കിഴികളും ദാനം ചെയ്തു. അഗസ്ത്യ മുനിക്ക് ആവശ്യപ്പെട്ടതിന്റെ ഇരട്ടി സ്വർണ്ണം നൽകി. കൂടാതെ വിരാവാൻ എന്നും സുരാവാൻ എന്നും പേരുള്ള രണ്ട് മികച്ച കുതിരകളെ പൂട്ടിയ ഒരു തേരും കാഴ്ചവച്ചു. സ്വർണ്ണം തേരിലെടുത്ത് വച്ച് മുനി യാത്രയായി.

പ്രിയപ്പെട്ട അനുജനെ നഷ്ടപ്പെട്ടതോർത്ത് ഇല്വലൻ ഏറെ വ്യസനിച്ചു. ധനത്തിന് വേണ്ടി മാത്രമല്ല അനേകം ബ്രാഹ്മണരുടെ ജീവൻ രക്ഷിക്കാൻ കൂടിയാണ് മുനി പുറപ്പെട്ട് വന്നതെന്ന് ഇല്വലന് അപ്പോൾ മനസ്സിലായി.

# ജീവിതത്തെ തൊടുന്ന കവിതകൾ



വി.വി.കുമാർ
പുസ്തക വിചാരം

*ഹൃദയത്തിലെ കൊളുത്ത്*
*കവിതകൾ*
*ഡോ.കായംകുളം യൂനുസ്*
*മെലിൻഡബുക്സ്*
*തിരുവനന്തപുരം*
*വില– 100 രൂപ*




**കാ**യംകുളം യൂനുസിന്റെ അതിദീർഘമല്ലാത്ത 23 കവിതകളുടെ സമാഹാരമാണ് 'ഹൃദയത്തിലെ കൊളുത്ത്' ചിലപ്പോൾ കവി സമൂഹ മനസ്സാക്ഷിയുടെ മുന്നിലെ ഒരു കുമ്പസാരക്കൂട്ടിലാണ് നിൽക്കുന്നത് എന്ന് വായനക്കാരനു തോന്നാം. ചിലപ്പോൾ തെറ്റുകൾ നിരന്തരം ആവർത്തിക്കുന്ന സമൂഹത്തിന്റെ പാപങ്ങളുടെ മുൾക്കിരീടം ഏറ്റുവാങ്ങാൻ തലകുനിച്ചു നിൽക്കുന്ന ഒരാളെന്നും തോന്നാം. പാരിസ്ഥിതികമായ ഭയാശങ്കയും മനുഷ്യത്വരഹിതമായ പ്രവർത്തനങ്ങളും ഈ കവിമനസ്സിനെ നിരന്തരം അലോസരപ്പെടുത്തുന്നുണ്ട്. അത്തരം അലോസരങ്ങളിൽ നിന്നു കൊണ്ടുള്ള പ്രതിരോധമാണ് ഈ കവിതകൾ.

ആദ്യകവിതയായ 'ഹൃദയത്തിലെ കൊളുത്ത്' ഹൃദയത്തിലുണ്ടായിരുന്ന ഒരു കൊളുത്ത് ഭിഷഗരൻ എടുത്തു മാറ്റിയപ്പോൾ ഇതുവരെ താൻ കണ്ട ജീവിതം, ജീവിച്ച ജീവിതം എത്ര നിരർത്ഥകമായിരുന്നു എന്ന് കവി മനസ്സിലാക്കുകയാണ്. അതിൽ കുളിർമയും അനുകമ്പയും തീരെയില്ല. എന്നാൽ കൊളുത്ത് മാറ്റിയപ്പോൾ ഹൃദയധമനികളിലൂടെ സ്നേഹത്തിന്റെ കുടന്നകൾ മെല്ലെ കടന്നു പോവുകയാണ്. കൊച്ചുകൊച്ച് കുശുമ്പുകൾ കൊണ്ട് അടഞ്ഞ ഹൃദയത്തിലൂടെ സ്നേഹം കടന്നു പോകുമ്പോഴുണ്ടാകുന്ന സന്തോഷ സൗരഭത്തിന്റെ നിർവൃതിയിൽ നിന്നു കൊണ്ട് കവി പാടുകയാണ്.

*'നാഥാ, നിൻമുന്നിലെത്ര–*
*ശുഷ്കമീ മാനവ സ്വപ്നങ്ങൾ!'*

ദൈവമേ! എന്ന കവിതയിൽ എട്ടും പൊട്ടും തിരിയാത്ത കുഞ്ഞുങ്ങളെ ആത്മഹത്യാ ചിറകിലേറ്റുന്ന പാപങ്ങൾ, വൃദ്ധരെ ഒൻപതാം വാർഡിൽ തള്ളുന്ന പാപങ്ങൾ, വാടകകൊലയാളിക്ക് രക്ഷപെടാൻ വാഹനമൊരുക്കികൊടുക്കുന്ന പാപങ്ങൾ ഒക്കെ ഏറ്റു പറഞ്ഞ് അവയൊക്കെ പൊറുക്കേണമേ എന്നല്ല 'പൊറുക്കരുതേ' എന്നാണ് പ്രാർത്ഥിക്കുന്നത്. ഇവിടെ കവി സമൂഹത്തിന്റെ പാപങ്ങൾ മുഴുവൻ ഏറ്റെടുക്കാൻ തയ്യാറായി വരികയാണ്.

സാമൂഹിക വിമർശനപരമാണ് 'പൊന്നല്ല! സ്വർണ്ണം' എന്ന കവിത. പ്രമുഖശാസ്ത്രജ്ഞനും ഇന്ത്യൻ രാഷ്ട്രപതിയുമായിരുന്ന എ.പി.ജെ. അബ്ദുൽകലാമിനെ, സഹോദരി തന്റെ സ്വർണ്ണം പണയം വച്ചാണ് പഠിപ്പിച്ചത്. സ്വർണ്ണം തന്നെയാണ് എയർപോർട്ടിലൂടെ കള്ളന്മാർ കടത്തിക്കൊണ്ടു പോകുന്നതും തമാശ കലർത്തി കവി നമ്മുടെ വിവാഹ ധൂർത്തിനെ പരിഹസിക്കുന്നതിങ്ങനെ:

*''വിവാഹ വേദിയിൽ പെണ്ണിന്റെ*
*കഴുത്തിലൊരഞ്ചു*
*കിലോ സ്വർണ്ണം കയറ്റി*
*കഴുത്തൊടിഞ്ഞാ–*
*പ്പെണ്ണ് കുഴഞ്ഞു വീണു.!''*

ആർത്തിയും വെറുപ്പും നിറഞ്ഞ് സ്നേഹശൂന്യമായ വ്യസനകാലത്തെ വരച്ചുകാണിക്കുന്നുണ്ട് 'പാല'ത്തിൽ

*''സ്നേഹമാം നൗകയെ*
*മുക്കിക്കൊല്ലുന്നോരും*
*പാലം കടന്നു ചെന്ന്*
*കൂരായണ പാടുന്നോരും*
*പാരിതിൽ സുലഭം!''* – പാലങ്ങൾ തകരാതെ കാത്തുകൊൾക എന്ന മുന്നറിയിപ്പും കവി തരുന്നുണ്ട്.

അഭയാർത്ഥികൾ എന്ന കവിതയിൽ ഇന്ത്യൻ സ്വാതന്ത്ര്യസമരകാല പലായനം മുതൽ ഇപ്പോൾ യുക്രൈനിൽ റഷ്യ നടത്തുന്ന അധിനവേശത്തേയും നമുക്ക്വായിക്കാം. നമ്മുടെ ലോകസമാധാനസംഘടനകൾ, ഐക്യരാഷ്ട്രസഭ എന്നിവയൊക്കെ പല കാരണങ്ങൾ കൊണ്ടും നിസ്സഹായരായി നോക്കി നിൽക്കുന്ന ഒരു യുദ്ധം. ഭ്രാന്തനായ ഒരു ഭരണാധികാരിക്ക് ഒറ്റ നിമിഷം കൊണ്ട് ലോകത്തെയാകെ നശിപ്പിക്കാനാവും എന്ന പാഠവുമുണ്ട് 'അഭയാർത്ഥികൾ' എന്ന കവിതയിൽ.


ഡോ.കായംകുളം യൂനുസ്

നിസ്സഹായനായ ഒരു മനുഷ്യന്റെ പ്രത്യാശയും പ്രാർത്ഥനയുമാണിത്. ''നിധികാക്കുന്ന ഭൂതം'' എന്ന കവിത ഇന്നത്തെ ലോകത്തിന്റെ രാഷ്ട്രീയാവസ്ഥയെക്കുറിച്ചാണ് പറയുന്നത്.നിധികാക്കുന്ന ഭൂതങ്ങളുടെ സ്ഥാനത്ത് ഇന്ന് നിധി കക്കുന്ന ഭൂതങ്ങളാണെന്ന് കവി സമർത്ഥിക്കുന്നു. വർത്തമാനകാല സമൂഹത്തിന്റെ ആർഭാടത്തിമിർപ്പുകൾ, ആഡംബരഭ്രമം, മനുഷ്യരുടെ ഊഷ്മളസ്വപ്നങ്ങൾ ഒക്കെ നിറഞ്ഞ 23 കവിതകൾ. സുദീർഘമായ അവതാരികയിൽ ഡോ. അജയപുരം ജ്യോതിഷ്കുമാർ എഴുതുന്നു.

''സൂക്ഷ്മമായ ജീവിത നിരീക്ഷണത്തിന്റെയും ഗാഢമായ പ്രകൃത്യവബോധത്തിന്റെയും സർഗ്ഗപ്രപഞ്ചത്തിലേക്കാണ് കവിതകളുടെ ഈ ഹൃദയക്കൊളുത്ത് വായനക്കാരെ കൂട്ടിക്കൊണ്ടു പോകുന്നത്.'' □



പ്രതീപ് കണ്ണങ്കോട്

ശാസ്ത്രം



# അന്റാർട്ടിക്കയിലെ പൊടിക്കൊഞ്ചുകൾ

**അ**നന്തതയുടെ സൗന്ദര്യമാണ് പ്രപഞ്ചം. അത് ആസ്വദിക്കാൻ കഴിയുന്ന ഒരേയൊരു ജീവി മനുഷ്യനാണെന്നാണ് അറിവും വിശ്വാസവും. ഹരിത ഭൂമിയിൽ മാത്രമാണോ ജീവൻ എന്ന വിസ്മയം?  ഈ സംശയവും നിലനിൽക്കുന്നു. സംശയിച്ച് കൊണ്ട് തന്നെ ഭൂമിയിലെത്ര ജീവികളുണ്ടെന്ന് എണ്ണാൻ ശ്രമിച്ചിട്ടുള്ളതും മനുഷ്യൻ മാത്രമാണ്. ആവാസങ്ങൾ ഓരോന്നും അരിച്ചും, അന്വേഷിച്ചും, ജീവജാതികളെ (Species) തിരിച്ചറിഞ്ഞും, വർഗീകരിച്ചും സ്വന്തം പാഠപുസ്തകത്തിൽ രേഖപ്പെടുത്തുന്ന മറ്റൊരു ജീവിയും മനുഷ്യനാണ്. എത്രയോ ജീവജാതികൾക്ക് ഇതിനകം നമ്മൾ മേൽവിലാസം ഉണ്ടാക്കി കൊടുത്തിരിക്കുന്നു. ഇനിയും എത്രയോ ബാക്കി. ജീവികളെ മാത്രമല്ല അജ്ഞാതമായ ആവാസങ്ങളെ വെളിച്ചത്ത്കൊണ്ടുവരാനും കഴിയുന്നുണ്ട്. അത്തരത്തിലൊരു വാർത്തയാണ് പരിസ്ഥിതിദിനത്തിന്റെ പിറ്റേന്ന് അന്താരാഷ്ട്ര ശാസ്ത്രമാധ്യമങ്ങളിൽ ഇടം നേടിയത്. അന്റാർട്ടിക്കയിലെ മഞ്ഞ് പാളികൾക്കിടയിൽ ശാന്തമായി ഒഴുകിക്കൊണ്ടിരിക്കുന്ന ഒരു പുഴ.



അതിൽ നീന്തി തുടിക്കുന്ന 5 മില്ലീമീറ്ററോളം പോരുന്ന പൊടിക്കൊഞ്ചുകളും ഞണ്ടും കക്കയും എത്രയോ ആവാസങ്ങൾ മനുഷ്യൻ ഇല്ലാതാക്കിയിരിക്കുന്നു. അതിന്റെ കുറ്റബോധത്തിൽ നിന്നാവണം 2021 ലെ പരിസ്ഥിതി ദിന സന്ദേശം രൂപം കൊണ്ടത് ആവാസ വ്യവസ്ഥകളുടെ പുന:സംയോജനം (Restoration of ecosystems). കൃത്യം ഒരു വർഷം പിന്നിടുമ്പോൾ ഹിമപാളികൾക്കിടയിൽ ഒളിഞ്ഞിരുന്ന മറ്റൊരു ആവാസവ്യവസ്ഥയെ ലോകത്തിനു മുന്നിൽ പരസ്യപ്പെടുത്തിയിരിക്കുന്നു.

ധ്രുവപ്രദേശങ്ങളായ അന്റാർട്ടിക്കയും ആർട്ടിക്കും നിഗൂഢതകൾ ഉൾക്കൊള്ളുന്ന ഭൂപ്രദേശങ്ങളാണ്. ദക്ഷിണധ്രുവമായ അന്റാർട്ടിക്കയിലാണ് പുതിയ കണ്ടെത്തൽ. അത് ഒരു ഭൂഖണ്ഡമാണ്. ആകെ വിസ്തീർണ്ണം 14 ദശ ലക്ഷം ച.കി.മീ.ആണ്. അതിൽ 98 ശതമാനവും മഞ്ഞ് മൂടിക്കിടക്കുന്നു. മഞ്ഞ് പാളിയുടെ കനം എത്രയാണെന്നോ! ശരാശരി ഒന്നരകിലോമീറ്ററിനും മേലേയാണ്. അത്രയും ഉയരത്തിൽ മഞ്ഞ് മൂടികിടക്കുന്ന ഒരു ഭൂപ്രദേശം സങ്കൽപ്പിച്ച് നോക്കുമ്പോഴേ അതിന്റെ വശ്യഭീകരത ബോധ്യപ്പെടൂ. ശൈത്യകാലത്തെ താപനില –85 ഡിഗ്രി സെൽഷ്യസും വേനൽക്കാലത്ത് 10 ഡിഗ്രിയും ആണ്. യൂറോപ്പിനേക്കാളും ആസ്ട്രേലിയയേക്കാളും വിസതൃതമായ വൻകരയാണേലും അവിടെ സ്ഥിരമായി മനുഷ്യവാസമില്ല.

ഇതര ജീവജാലങ്ങളും കുറവാണ്. സസ്യാവരണം ഇല്ലെന്നുതന്നെ പറയാം. ആകെ രണ്ടിനം സപുഷ്പികളെ ഉള്ളൂ. ഉൽപ്പാദകരായിട്ടുള്ളത് ആൽഗകളും, ഫൈറ്റോ പ്ലാങ്ടണുകളും ആണ്. കരയിൽമാത്രം ജീവിക്കുന്ന കശേരുകികൾ ഇല്ല. നീലത്തിമിംഗലങ്ങളും നീരാളിയും ചേർന്ന് കിടക്കുന്ന കടലിൽ ഉണ്ട്. പെൻഗ്വിൻ എല്ലാറ്റിനും മാപ്പ് സാക്ഷിയായി മഞ്ഞ്പാളികളിലൂടെ നടന്നും വെള്ളത്തിലൂടെ നീന്തിയും ജീവിക്കുന്നു. ഒരാവാസം എന്ന നിലയിൽ വിലയിരുത്തിയാൽ അന്റാർട്ടിക്കയിലെ ജീവജാലിക അതീവ ദുർബ്ബലമാണ്. എന്നാലും ജീവന്റേയും ജീവികളുടെയുംഅധിനിവേശം അവിടെയുംകാണാം ഹരിത ഭൂമിയുടെ മുക്കിലും മൂലയിലും അവിടത്തെ സാഹചര്യങ്ങൾക്കിണങ്ങി നിലനിൽക്കാൻ കഴിയുന്ന ജീവജാതികളെ കാണാനാവും. അവിടെയാണ് പ്രകൃതിയുടെ നിർദ്ധാരണശേഷി മഹാത്ഭുതമായി അടയാളപ്പെടുന്നത്.

അന്റാർട്ടിക്കയിൽ കൂറ്റൻ ഹിമശിലകൾ ഉണ്ട്. കൂട്ടത്തിൽ ഏറ്റവും വലുത് 'റോസ് ഐസ് ഷെൽഫ്' (Rose Ice shelf) ആണ്. 600 കി.മി. ദൈർഘ്യവും 15–50 മീറ്റർ ഉയരവുമുള്ള വൻമതിൽ എന്ന് വിശേഷിപ്പിക്കാം. അതിനോട് ചേർന്ന് പര്യവേഷണത്തിന്റെഭാഗമായിട്ടാണ് കുഴിക്കൽ പ്രക്രിയ നടന്നത്. നേതൃത്വം കൊടുത്ത ശാസ്ത്രഞ്ജൻമാരുടെ സംഘത്തിൽ വെല്ലിംഗ്ടൺ, ഓക്ലാന്റ്, ഒട്ടാഗോ എന്നീ യൂണിവേഴ്സിറ്റികളുടേയും, NIWA (The National Institute of Water and Atmospherics) യുടേയും പ്രതിനിധികൾ ഉണ്ടായിരുന്നു. അവർ ചൂട് വെള്ളം പൈപ്പിൽ നിറച്ച് 500 മീറ്റർ ആഴത്തിൽ തുരന്ന് അതിലൂടെ ക്യാമറ കടത്തി. ഒടുവിൽ പൊടിക്കൊഞ്ചുകളുടേയും സമാനമായ ജന്തുക്കളുടേയും മനോഹരദൃശ്യങ്ങൾ തെളിഞ്ഞു. ക്യാമറയുടെ തകരാറാണെന്നാണ് ആദ്യം കരുതിയത്. പിന്നീട് ജീവികളെ തിരിച്ചറിഞ്ഞപ്പോൾ ശാസ്ത്രജ്ഞൻമാർ തുള്ളിച്ചാടിയെന്നാണ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത്.

അതൊരു നദിയായിരുന്നു. 9.75 കി.മീ നീളം, 300വാര വീതി, 800 അടി ആഴം. അനാവരണം ചെയ്യപ്പെട്ട ആവാസത്തിന്റെ ഏകദേശ ചിത്രം ഇതാണ്. തടാകങ്ങളും ജലാശയങ്ങളും ഇതിന് മുമ്പും അന്റാർട്ടിക്കയിൽ കണ്ടെത്തിയിട്ടുണ്ട്. പുതിയ ആവാസങ്ങൾ കണ്ടെത്തുന്നതോടൊപ്പം നിലവിലുള്ള ആവാസങ്ങൾക്കും ജീവജാലങ്ങൾക്കും നേരേ ഉയർന്നുവരുന്ന ഭീഷണികളും ഗൗരവം ഉള്ളതാണ്.

മനുഷ്യന്റെ ആവാസം അല്ലെങ്കിലും അന്റാർട്ടിക്കയിൽ നമ്മൾ നടത്തിയ നിരവധി അധിനിവേശങ്ങൾ ഉണ്ട്. അത് നേരിട്ടും അല്ലാതെയും അവിടുത്തെ ജീവജാലികയെ ദുർബലം ആക്കിയിട്ടുണ്ട്. അവിടെ മാത്രം കാണപ്പെടുന്ന ഒരു സസ്തനിയാണ് സീൽ. അതിന്റെ വംശം ഏതാണ്ട് അറ്റ് കഴിഞ്ഞു. കാരണം അതിന്റെ തോലാണ്. പാവത്തിന് അതിശൈത്യത്തെ അതിജീവിക്കാൻ പ്രകൃതി നൽകിയ അനുകൂലനമാണ് കട്ടിയുള്ള തോൽ. ആ വരദാനം തന്നെ അതിന്റെ ശവക്കുഴി തോണ്ടി. പതിനെട്ടാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെ തോല് ലക്ഷ്യമാക്കി മനുഷ്യൻ ആരംഭിച്ച സീൽ വേട്ട ഒരു നൂറ്റാണ്ട്കൊണ്ട് വംശനാശത്തിന്റെ വക്കുവരെ അതിനെ കൊണ്ടെത്തിച്ചു. തുടർന്ന് എലി ഫന്റ് സീലിനെ തേടിപ്പിടിച്ച് എണ്ണക്കായി കൊന്നൊടുക്കി. കട്ടിയുള്ള കൊഴുപ്പ് പാളി തണുപ്പിനെ നേരിടാൻ പ്രകൃതി അതിന് നൽകിയ പുതപ്പാണ്. ഉരുക്കി എണ്ണയാക്കിയാൽ ലഭ്യമാകുന്ന സാമ്പത്തികമൂല്യത്തെ പറ്റിബുദ്ധി മാനായ മനുഷ്യന് കൃത്യമായ കണക്കുണ്ടായിരുന്നു. പിന്നെ തിമിംഗല വേട്ട തുടങ്ങി. കാര്യങ്ങൾ കൈവിടും എന്നായപ്പോൾ അത് നിരോധിച്ചു. ധാതുക്കളുടെ കലവറയാണ് അന്റാർട്ടിക്ക. ചില നിയമങ്ങൾ വിലങ്ങ് തടിയായി നിൽക്കുന്നതു കൊണ്ടാണ് അതിൽ കൈവയ്ക്കാത്തത്.

ഒട്ടേറെ ശാസ്ത്ര പരീക്ഷണങ്ങളുടെ വേദിയാണ് അന്റാർട്ടിക്ക. ബഹിരാകാശ സഞ്ചാരം. വൈദ്യശാസ്ത്രം. ഭൗമ ശാസ്ത്രം തുടങ്ങിയ മേഖലകളിൽ ഒക്കെ അവിടെ ഗവേഷണം നടന്നു വരുന്നു. 27 രാജ്യങ്ങളിൽ നിന്നുള്ള ശാസ്ത്രജ്ഞന്മാർ വിവിധ പരീക്ഷണ ശാലകൾ കേന്ദ്രീ കരിച്ച് പ്രവർത്തി ക്കുന്നു. സ്ഥിരമായി പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട മൂന്ന് ഗവേഷണ സ്ഥാപ നങ്ങൾ ഉണ്ട്. 1956 അമേരിക്ക സ്ഥാപി ച്ച അമുണ്ട്സെൻ-സ്കോട്ട് സൗത്ത് പോൾ സ്റ്റേഷൻ (Amundsen-scott south pole stationer) , 1957 ൽ അന്നത്തെ സോവ്യറ്റ് യൂണിയൻ സ്ഥാപിച്ച റഷ്യ യുടെ വോസ്ടോക്ക് (Vastok) 2005 ൽ ഇറ്റലിയും ഫ്രാൻ സും സംയുക്തമായി നിർമിച്ച കോൺകോർഡിയയും (Concordia) ആണവ. ഇന്ത്യക്കും അവി ടെ ഗവേഷണ സ്ഥാപനം ഉണ്ട്. 1983–84 കാലഘട്ടത്തിൽ നമ്മൾ ആദ്യ മായി ദക്ഷിണ ഗംഗോത്രിയെന്ന പരീ ക്ഷണശാല നിർമി ച്ചു. 1989ൽ മൈത്രി എന്ന പേരിൽ മറ്റൊന്ന് കൂടി സ്ഥാപി ച്ചു. 90 ആയപ്പോഴേക്ക് ദക്ഷിണ ഗംഗോ ത്രി മഞ്ഞ് മൂടി നശിച്ചു. അങ്ങനെ അത് ഉപയോഗശൂന്യമായതിന്റെ പേരിൽ ഉപേക്ഷിക്കപ്പെട്ടു.

വിവിധ പരീക്ഷണങ്ങൾക്കായി വേനൽക്കാലത്ത് നാലായിരം പേരും ശൈത്യകാലത്ത് ആയിരം പേരും അന്റാർട്ടിക്കയിൽ വന്ന് പോകുന്നുണ്ട്. ഈ ലേഖനം എഴുതിക്കൊണ്ടിരിക്കു മ്പോൾ അന്റാർട്ടിക്ക ഗവേഷണ പ്രാധാ ന്യമുള്ള ഒരു ഘട്ടത്തിലേക്ക് കടന്നിരി ക്കുകയാണ്. മേയ് 13 ന് അവിടെ സൂര്യൻ അസ്തമിച്ചു. ഇനി നാല് മാസം കഴിഞ്ഞേ സൂര്യോദയം ഉള്ളൂ. അത്രയും കാലം ഇരുട്ടാണ്. ബഹിരാ കാശ സഞ്ചാരവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ നടത്താൻ പറ്റിയ സമയം. ബഹിരാകാശത്തിൽ കൂരിരു ട്ടാണല്ലോ അനുഭവപ്പെടുന്നത്. അവിടെ ഒറ്റപ്പെട്ട് ജീവിക്കുന്നതിനെ അടിസ്ഥാന മാക്കിയുള്ള പരീക്ഷണങ്ങളും പരിശീ ലനങ്ങളും ഇനി നാല്മാസം അന്റാർ ട്ടിക്കയിൽ അരങ്ങേറാൻ പോവുക യാണ്.

മനുഷ്യന് സ്ഥിരമായി നിലനിൽ ക്കാനുള്ള ആവാസ ഭദ്രത അന്റാർട്ടി ക്കയ്ക്കില്ല.എന്നാലും മനുഷ്യന് ഉപയോഗിക്കാൻ കഴിയുന്ന എത്രയോ സാധ്യതകൾ ആ ഹിമ ഭൂമി തുറന്നിട്ടി രിക്കുന്നു. എന്നാൽ മനുഷ്യൻ ഭൂമിയു ടെ ഇതരഭാഗങ്ങളിൽ നടത്തികൊണ്ടി രിക്കുന്ന ക്രമക്കേടുകളുടെ പ്രത്യാഘാ തം അന്റാർട്ടിക്കയിലും പ്രകടമാണ്. അവിടത്തെ മഞ്ഞ് പാളികളുടെ അളവി നെപറ്റി തുടക്കത്തിൽ സൂചിപ്പിച്ചു. ആഗോളതാപനത്തിലൂടെ മഞ്ഞുരു കൽ ഭീഷണി സർവ്വ ജീവജാതികളും അഭിമുഖീകരിക്കുകയാണ്. ആർട്ടിക്കി നെ പോലെ തീവ്രമല്ല അന്റാർട്ടിക്ക യിലെ മഞ്ഞുരുകൽ. എന്നാൽ 2005ൽ പ്രകൃതി ഒരുമുന്ന റിയിപ്പ് തന്നിട്ടുണ്ട്. അന്ന് അവിടത്തെ താപനില 5ഡിഗ്രി സെൽഷ്യസ് ഉയർന്നു. തത്ഫലമായി നാല് ലക്ഷം ചതുരശ്ര കി.മീ. മഞ്ഞാ ണ് ഉരുകി മാറിയത്. ആഗോള താപന ത്തിന്റെ നിരക്ക് ഇന്നത്തെ നിലയിൽ മുന്നോട്ട് പോയാൽ ഒരു നാൾ ധ്രുവ പ്രദേശങ്ങൾ മഞ്ഞ് വിമുക്തമാകും. പിന്നെ മാനവരാശി നിലനിൽക്കണ മെങ്കിൽ ജലജീവികൾ ആകേണ്ടി വരും.


ഏറ്റവും ഒടുവിൽ അന്റാർട്ടിക്കയിൽ കണ്ട ഹിമപാളി കൾ മേൽക്കൂരയിട്ട നദിയിൽ കണ്ട പൊടിക്കൊഞ്ചുകൾ അടക്കം ദശലക്ഷക്കണക്കിന് ജീവജാല ങ്ങളും അവയുടെ ആവാസങ്ങളും കൊണ്ട് സുന്ദരമായ ഈ ഹരിതഗോ ളം പ്രപഞ്ചത്തിൽ ഒറ്റപ്പെട്ട് നിൽക്കുന്നു. അതിന്റെ മനോഹാരിതയ്ക്ക് സകല ചരാചരങ്ങളുടേയും സംഭാവനയുണ്ട്. എന്നാൽ അത് ആസ്വദിക്കാൻ കഴിയു ന്ന ഏക ജീവി മനുഷ്യനാണ്. സകല തിനേയും മാറ്റിമറിക്കാനും പുന: സൃഷ് ടിക്കാനും ആവതുള്ള മസ്തിഷ്കം ചുമക്കാൻ പ്രകൃതി ചുമതല ഏൽപി ച്ചതും മനുഷ്യനെയാണ്. അതുകൊണ്ട് ഹരിതഭൂമിയെ നിലനിർത്തേണ്ട ബാധ്യ തയും മനുഷ്യനാണ്.

പരിസ്ഥിതി ദിനാഘോഷത്തിന്റെ അൻപതാം പിറന്നാളിൽ ഒരേയൊരു ഭൂമിയെന്ന ആദ്യ സന്ദേശത്തിന്റെ ഓർമ പുതുക്കി നമ്മളാകെ ഭൂമിക്കുവേണ്ടി കരഞ്ഞു. അങ്ങനെ ആത്മാർത്ഥതയി ല്ലാത്ത കണ്ണീരിന്റെ പേരിൽ മുതലയ്ക്ക് മേൽ മനുഷ്യൻ ആരോപിച്ച അധിക്ഷേ പം സ്വയം ഏറ്റെടുത്ത് മര്യാദ കാട്ടി. ഇനിയെത്രനാൾ എന്ന് ഭയത്തോടെ പരസ്പരം ചോദിക്കുകയും തൊട്ടടുത്ത നിമിഷം ഭയാനകമായി പ്രവർത്തിക്കു കയും ചെയ്യുന്ന ന്യൂനപക്ഷം ഈ കുഞ്ഞ് ഗോളത്തിന്റെ വിധാതാക്കളാ വുന്നു. കണ്ണടച്ച് പാല് കട്ടെടുക്കുന്നവ രുടെ പ്രേരണയിൽ മറ്റുള്ളവർ നിരുപാ ധികമായി കണ്ണടയ്ക്കുന്നു.

മഞ്ഞ്പാളികളുടെ അഗാധതയിൽ ഒന്നുമറിയാതെ നീന്തിതുടിക്കുന്ന പൊടിക്കൊഞ്ചുകൾ പോലെ മഹാ ഭൂരി പക്ഷം മനുഷ്യരും അജ്ഞരും നിസ്സ ഹായരുമാണ്. ഒരു വ്യത്യാസം മാത്രം. പൊടിക്കൊഞ്ചുകൾക്കു റേഷൻ കൊടു ക്കാൻ പ്രകൃതിയുണ്ട്. എന്നാൽ മനു ഷ്യപുത്രന് വിശപ്പ് മാറ്റാൻ വിയർത്തേ മതിയാവൂ. അതു കഴിഞ്ഞിട്ട് ഭൂമിയെ പറ്റി ചിന്തിക്കാൻ നേരമെവിടെ എന്ന് ചോദിച്ചാൽ ഉത്തരമില്ല. ഒരേ ഒരു ഭൂമി നാളെ മറ്റ് ആകാശഗോളങ്ങളെ പോലെ ചേതനയറ്റ് ഭ്രമണം തുടരും. അപ്പോഴേ ക്കും ഒരുപിടി മനുഷ്യർ മറ്റൊരു ഗ്രഹ ത്തിൽ കുടിയേറിയിട്ടുണ്ടാവും. വിശ്വ മാനവൻ ആവാനല്ല. വിശ്വനാഥനാവാൻ.

□





# റാഫ രചിക്കുന്ന ഫ്രഞ്ച്‌വസന്തം



**എ.എൻ.രവീന്ദ്രദാസ്**
**കായികരംഗം**

ഫ്രഞ്ച് ഓപ്പണിന്റെ ചരിത്രത്തിലേക്ക് മറ്റൊരു സുവർണ ഏട്കൂടി ചേർത്തുകൊണ്ട് റാഫേൽ നദാൽ പെരേര എന്ന റാഫ 14-ാം വട്ടവും കിരീടമേന്തി റൊളാങ് ഗാരോസിലെ ചുവന്ന മണ്ണിൽ നിറചിരിയോടെ നിന്നു ഇതോടെ വിശ്വടെന്നീസിലെ ത്രിമൂർത്തികളിലെ മറ്റ് രണ്ട് കണ്ണികളായ റോജർഫെഡററെയും നൊവാക്ദ്യോക്കോവിച്ചിനെയും (20 കിരീടങ്ങൾ വീതം) രണ്ടടി പിന്നിലേയ്ക്കു മാറ്റിയ നദാൽ, 1968 ൽ ആരംഭിക്കുന്ന ഓപ്പൺ യുഗത്തിൽ ഏറ്റവുമധികം ഗ്രാൻസ്ലാം നേടിയവരിൽ 22 സിംഗിൾസ് കിരീടങ്ങളുമായി ജർമനിയുടെ സ്റ്റെഫിഗ്രാഫിനൊപ്പമെത്തി. 23 കിരീടങ്ങളുള്ള സെറീന വില്യംസാണ് ഒന്നാമത്. ഓപ്പൺ യുഗത്തിനു മുമ്പ് ഓസ്ട്രേലിയയുടെ മാർഗരറ്റ് കോർട്ട് 24 വട്ടം സിംഗിൾസ് ചാമ്പ്യനായിട്ടുണ്ട്.

മനശക്തിയുടെയും ആത്മവിശ്വാസത്തിന്റെയും കളിരചനയുടെയും കാര്യത്തിൽ ചുരുക്കം ചിലർ മാത്രമേ ഈ 36-ാം വയസ്സിലും നദാലിനൊപ്പം വരുന്നുള്ളു. റൊളാങ് ഗാരോസിലെ കളിമൺ പ്രതലത്തോടാകട്ടെ ഈ സ്പെയിൻകാരന് ഒടുങ്ങാത്ത പ്രണയവുമാണ്. തന്റെ 22 ൽ 14 കിരീടങ്ങളും ഫ്രഞ്ച് ഓപ്പണിൽ നിന്നാവുമ്പോഴാണ് റാഫയും കളിമണ്ണും കരളിൽ ചേർത്തുവെച്ച ആഭിമുഖ്യത്തിന്റെ ഇഴമുറുക്കം വ്യക്തമാകുന്നത്. ഇവിടത്തെ കളിമൺകളിത്തട്ടിനും അതിന്റെ കാവൽമാലാഖയ്ക്കുമിടയിൽ പൊട്ടിച്ചെറിയാൻ കഴിയാത്തവിധം ഒരു ജന്മാന്തരബന്ധത്തിന്റെ കണ്ണികൾ ചേർക്കപ്പെട്ടിരിക്കയാവാം.

കളി തുടരുകയെന്നതുതന്നെയാണ് റാഫയുടെ ലക്ഷ്യം. റാക്കറ്റ് തൂക്കിയിട്ട് ഇനി പുതുതലമുറയ്ക്ക് പ്രചോദനമായിതുടരുകയല്ലേ വേണ്ടതെന്ന് ചോദിക്കുന്നവരുണ്ടാകാം. എന്നാൽ ശക്തമായ പ്രതിരോധ ഗെയിമിന്റെ അടിത്തറയിൽ കാലുറപ്പിച്ചും സെർവുകളുടെ മൂർച്ചകൂട്ടിയും മനസാന്നിധ്യം കൈവിടാതെയും മികച്ച തന്ത്രങ്ങളുമായും എന്നത്തെയും പോലെ ഉജ്വലഫോമിലാണ് ഈ ഫ്രഞ്ച് ഓപ്പണിലും നദാൽ പ്രയാണം പൂർത്തിയാക്കിയത്.

ടെന്നീസ് പ്രേമികളെ സംബന്ധിച്ചിടത്തോളം കളിയുടെ നിലവാരത്തിൽ നിരാശാജനകമായ ഫ്രഞ്ച് ഓപ്പൺ ഫൈനലിനാണ് ജൂൺ അഞ്ചിന് റൊളാങ് ഗാരോസ് സാക്ഷ്യം വഹിച്ചത്. പോരാട്ട വീറിനുമപ്പുറം സ്പെയിനിലെ റാഫേൽ നദാൽ അക്കാദമിയിൽ പരിശീലനം നടത്തുന്ന 23 കാരനായ നോർവെ താരം കാസ്പർറൂഡിന്റെ കളിയിലുടനീളം ഗുരുവായ നദാലിനോടുള്ള ആരാധനയും അദ്ദേഹത്തെ ഫൈനലിൽ നേരിടാൻ കഴിഞ്ഞതിലുള്ള അഭിമാനവുമായിരുന്നു പ്രതിഫലിച്ചത്. നദാലാകട്ടെ 6-3, 6-3, 6-0 ന് അനായാസം ജയിച്ച് കിരീടത്തിനൊപ്പം തന്റെ തന്നെ റെക്കോർഡുകളും പുതുക്കി.

പതിനേഴ് വർഷങ്ങൾക്കു മുമ്പ്, 2005 ൽ 19-ാം വയസ്സിൽ ഇതേ തീയതിയാണ് നദാൽ തന്റെആദ്യ ഫ്രഞ്ച് ഓപ്പൺ കിരീടം നേടിയത്. അന്ന് ഈ ഗ്രാൻസ്ലാമിലെ ഏറ്റവും പ്രായംകുറഞ്ഞ ജേതാവായ നദാൽ, ഇത്തവണ ട്രോഫിയിൽ ചുംബിക്കുന്ന ഏറ്റവും പ്രായം കൂടിയ താരമെന്ന റെക്കോർഡിലാണെത്തിയത്. 1972 ൽ ചാമ്പ്യനായ ആന്ദ്രെസ് ജിമനോയെയാണ് മറികടന്നത്. അന്ന് ജിമനോയുടെ പ്രായം 34 വർഷവും പത്ത് മാസവുമായിരുന്നു. 1986ജൂൺ മൂന്നിന് സ്പെയിനിലെ മയ്യോർക്കയിൽ ജനിച്ച റാഫേൽനദാൽ ഈ ഫൈനലിന് രണ്ട് ദിവസം മുൻപാണ് 36-ാം ജന്മദിനം ആഘോഷിച്ചത്.

കരിയറിലുടനീളം വേട്ടയാടുന്ന ഇടതുകാൽപ്പാദത്തിലെ പരിക്ക് അധികരിച്ചതിനാൽ നദാൽ ഇക്കുറി കളിക്കാനിറങ്ങുമോ എന്നതും സംശയത്തിലായിരുന്നു. ഈ പ്രായത്തിൽ ഞാനിവിടെ മത്സരിക്കുമെന്ന് കരുതിയതല്ല. എന്നാൽ ഇത് കരിയറിലെ പ്രധാനമുഹൂർത്തവും മുന്നോട്ട് നയിക്കുന്ന പ്രചോദനവുമായെന്ന് നദാൽ പറയുന്നു. രണ്ട് മണിക്കൂർ പതിനെട്ട് മിനിറ്റ് നീണ്ട ഫൈനലടക്കം ടൂർണമെന്റിൽ കഠിനകരണീയമായ 12മണിക്കൂറിലെ പോരാട്ടങ്ങളിൽ ഫെലിക്സ് അഗ്വർ അലിയാസിമെ, നൊവാക് ദ്യോക്കോവിച്ച്, അലക്സാണ്ടർ സ്വരേവ് എന്നീ പ്രബലരായ പ്രതിയോഗികളെയാണ് തൊട്ടുമുൻപുള്ള മൂന്ന് റൗണ്ടുകളിലായി സ്പാനിഷ് താരം മറികടന്നത്.

അധികമാരെയും തന്റെ മണ്ണിൽ കൊടികുത്തി വാഴാൻ പാരീസിലെ ഗ്രാൻസ്ലാം കോർട്ട് അനുവദിച്ചിട്ടില്ല. പെരെടുത്ത വമ്പന്മാരൊക്കെ ഈ മണ്ണിൽ കാലിടറി വീണിട്ടുണ്ട്. 1968ൽ ഫ്രഞ്ച്ഓപ്പൺ എന്നു നാമകരണം ചെയ്യപ്പെട്ടതിനുശേഷം രണ്ടിലേറെ തവണ കിരീടം നേടിയിട്ടുള്ളത് സാക്ഷാൽ ബ്യോൺബോർഗ് (ആറ് കിരീടം) മാത്രമാണ്. ബോർഗിന് 1978 മുതൽ 1981 വരെ തുടർച്ചയായി വിജയിച്ച റെക്കോർഡുമുണ്ട്. ബോർഗിനുശേഷം ഇവാൻലെൻഡലും സെർജിബ്രൂഗ്വേറയും ജിംകുറിയറും ഗുസ്താവൊ ക്യൂർട്ടനുമൊക്കെ അടുപ്പിച്ച് രണ്ട് വർഷത്തിൽ കൂടുതൽ ഇവിടെ ചാമ്പ്യനായിട്ടില്ല. റോജർഫെഡററിന് ഈ കിരീടം നേടാനായത് ഒറ്റത്തവണ (2009) മാത്രവും.14 ഗ്രാൻസ്ലാം കിരീടങ്ങളുള്ള പീറ്റ് സാംപ്രസിനാകട്ടെ തന്റെ സ്വീകരണമുറിയെ അലങ്കരിക്കാൻ ഒറ്റ ഫ്രഞ്ച് ഓപ്പൺ പോലുമില്ല.

ടെന്നീസിനെപവർഗെയിമാക്കി മാറ്റുന്നതിൽ പ്രധാനിയായി റാഫേൽ നദാലിനെ വിലയിരുത്തുന്നതിൽ അപാകതയില്ല. കാളപ്പോരിന്റെ ഈ നാട്ടുകാരൻ കളത്തിലിറങ്ങിയാൽ കാളക്കൂറ്റനായി മാറുകയാണെന്നു പ്രതിയോഗികൾ എന്നേ അനുഭവിച്ചറിയുന്നു. ടെന്നീസിനെഅതിന്റെ സൗന്ദര്യാത്മകതയോടെ കാട്ടിത്തന്ന ഫെഡററുടെ ബാക്ക് ഹാൻഡ് ഷോട്ടുകൾപോലെ തന്റേതെന്നു മുദ്രകുത്താവുന്ന ഷോട്ടുകൾ അധികമില്ല നദാലിന്റെ ആവനാഴിയിൽ. പക്ഷേ ആ റാക്കറ്റിൽ നിന്നു പറക്കുന്ന ഓരോ ഷോട്ടിനും അപാരമായ ശക്തിയും പ്രഹരശേഷിയുമുണ്ട്.

പുരുഷൻമാരിൽ റോയ് എമേഴ്സൺന്റെ 12 ഗ്രാൻസ്ലാം കിരീടങ്ങളുടെ റെക്കോർഡ് നിലനിന്നത് 33 വർഷമാണ്. 1967 വേനൽക്കാലത്താണ് എമേഴ്സൺ തന്റെ അവസാന



ലിയാൻഡർ പെയ്സ്

ഗ്രാൻസ്ലാംനേടിയത്. പുതിയ നൂറ്റാണ്ടിന്റെ തുടക്കത്തിൽ പീറ്റ് സംപ്രാസ് ആ നാഴികക്കല്ലും കടന്ന് 14 ട്രോഫികളുടെ അവകാശിയായി. എന്നാൽ അത്രയും കിരീടങ്ങൾ ഒരാൾ ഒറ്റ ഗ്രാൻസ്ലാമിൽ നേടുമെന്ന് ആരെങ്കിലും ചിന്തിച്ചിട്ടുണ്ടാവുമോ. അതും കേവലം പതിനേഴ് വർഷത്തിനുള്ളിൽ. പാരീസിലെ ചുവന്ന കളത്തിൽ 2022 ജൂൺ മാസത്തെ ആദ്യ ഞായറാഴ്ചയിൽ നദാൽ അതാണല്ലോ കൈവരിച്ചത്. ഒന്നോർക്കുക, മഹത്വത്തിലേക്കുള്ള പ്രയാണവുംഅതിന്റെ അതിരുകളും നിരന്തരം മാറ്റി രചിച്ചു കൊണ്ടിരിക്കുന്ന മഹാപ്രതിഭകളുടെ ഒരുയുഗം കൂടിയാണ് വിശ്വ ടെന്നീസ് നമുക്ക് സമ്മാനിക്കുന്നത്. അവിടെ നദാലും ഫെഡററും ദ്യോക്കോവിച്ചും തലയെടുപ്പോടെ വാഴുന്നു.

2013 ൽ യു എസ്. ഓപ്പണിൽ നാല്പതാം വയസ്സിൽ ഒരു ഗ്രാൻസ്ലാം കിരീടം തന്റെ നെഞ്ചോട് ചേർത്തപ്പോൾ ലിയാൻഡർ പെയ്സ് പറഞ്ഞത് പ്രായം വെറും ഒരു സംഖ്യ മാത്രമാണെന്നായിരുന്നു. നദാലിനും പ്രായം കേവലം ഒരു അക്കം മാത്രം. അതുകൊണ്ടായിരിക്കാം 14-ാംഫ്രഞ്ച് ഓപ്പണിന്റെ രൂപത്തിൽ 22 -ാ മത് കരിയർ ഗ്രൻസ്ലാം കൂടെകൊണ്ടു പോകുന്നതിന്റെ അഹങ്കാരമൊന്നുമില്ലാതെ പുഞ്ചിരിയോടെ കാണാമെന്ന മട്ടിൽ നടന്നു പോകാൻ കഴിയുന്നത്. ഈ വിജയത്തിന്റെ അതിരുകടന്ന ആഘോഷങ്ങളൊന്നുമില്ലാതെ റാഫ റൊളാങ് ഗാരോസിനോട് ഇക്കുറി വിടപറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ പ്രതിഭാശാലിത്വത്തെ സംശയിച്ചവരാണ് തലകുനിച്ചത്.

പരിക്കും അസുഖവും വേട്ടയാടിയ രണ്ടരവർഷത്തോളം കിരീടങ്ങൾ അകന്നുനിന്ന കളി ജീവിതത്തിന്റെ രണ്ടാം വരവിൽ 2017 ലെ ഫ്രഞ്ച് ഓപ്പണിൽ നദാൽ വിജയമുദ്ര ചാർത്തിയത് യാദൃശ്ചികമായിരുന്നില്ല. പിന്നാലെ ആ വർഷത്തെ യു,എസ്. ഓപ്പൺ ഹാർഡ് കോർട്ടിൽ നേടിയ മൂന്നാം കിരീടമാകട്ടെ റാഫ രാജാവിന്റെ ടെന്നീസ് സപര്യയ്ക്ക് ഇരട്ടിമധുരമാവുകയും ചെയ്തു.

നദാലിന്റെ ടെന്നീസ് യാത്രയ്ക്ക് അപ്രതീക്ഷിത തിരിച്ചടിനേരിട്ടത് 2014 ലാണ്. ആദ്യം കാൽമുട്ടിനും പിന്നെ കൈക്കുഴയ്ക്കുമേറ്റ പരിക്ക് 2015 ലെ മിക്ക മത്സരങ്ങളിൽ നിന്നും മാറ്റി നിർത്തപ്പെട്ടു. 2016 ൽ തിരച്ചെത്തിയെങ്കിലും തിരിച്ചടിയായിരുന്നു ഫലം. ഓസ്ട്രേലിയൻ ഓപ്പണിൽ ആദ്യ റൗണ്ടിൽ പുറത്ത്. പരിക്കിനെ തുടർന്ന് ഫ്രഞ്ച് ഓപ്പണിന്റെ മൂന്നാം റൗണ്ടിൽ പിൻവാങ്ങി. വിംബിൾഡണിൽ നിന്നും വിട്ടുനിന്നു. അവസാന ഗ്രാൻസ്ലാമായ യു.എസ്. ഓപ്പണിന്റെ പ്രീ ക്വാർട്ടറിലും പുറത്തായതോടെ നദാലിന്റെ കാലം കഴിഞ്ഞതായി വിമർശനങ്ങൾ ഉയർന്നു.

പക്ഷേ തോറ്റു പിൻമാറാൻ ഒരുക്കമായിരുന്നില്ല. 2017 ലെ ഫ്രഞ്ച് ഓപ്പണിൽ സ്വിറ്റ്സർലൻഡിന്റെ സ്റ്റാൻ വാവ്റിങ്കയെ കീഴടക്കി പത്താം കിരീടമുയർത്തിയതായിരുന്നു തുടക്കം. അതിനു മുൻപ് ഓസ്ട്രേലിയൻ ഓപ്പൺ ഫൈനലിൽ ഫെഡററോട് പൊരുതി തോറ്റു. എന്നാൽ അക്കൊല്ലം യു.എസ്. ഓപ്പൺ നേട്ടത്തോടെ താനൊരു താത്ക്കാലിക പ്രതിഭാസമല്ലെന്ന് തെളിയിക്കാനും ഈ ഫ്രഞ്ച് ഓപ്പണടക്കം ആറ് ഗ്രാൻസ്ലാം കിരീടങ്ങൾ കൂടി വെട്ടിപ്പിച്ചുകൊണ്ട് വിജയമന്ത്രം കാത്തു സൂക്ഷിക്കാനുമായി.

ഫ്രഞ്ച് ഓപ്പണിൽ 112 വിജയം എന്ന റെക്കോർഡിലെത്തിയ നദാലിന് മൂന്ന് തവണയേ തോൽവിയുണ്ടായുള്ളു. ഒറ്റ ഗ്രാൻസ്ലാമിൽ അതിശയിപ്പിക്കുന്ന പ്രകടനമാണിത്. ഒപ്പം അപൂർവമായ കലണ്ടർ ഗ്രാൻസ്ലാമിലേക്കുള്ള പാതിവഴിയിലുമെത്തി.

1969 ൽ റോഡ് ലേവറാണ് അത് നേടിയത്. ഒരു ഗ്രാൻസ്ലാം ടൂർണമെന്റിൽ ആദ്യപത്തിലെ നാല്പേരെ തോൽപ്പിക്കുന്ന മൂന്നാമത്തെ താരവുമാണ് നദാൽ. 2017 ലെ ഓസ്ട്രേലിയൻ ഓപ്പണിൽ ഫെഡററും 1982 ലെ ഫ്രഞ്ച് ഓപ്പണിൽ മാറ്റ്സ് വിലാൻഡറും ഈ റെക്കോർഡ് സ്ഥാപിച്ചിട്ടുണ്ട്. പ്രായം മുപ്പതിന്റെ കവാടം കടന്നതിനുശേഷം എട്ട് ഗ്രാൻസ്ലാം ട്രോഫികൾ കരസ്ഥമാക്കുന്ന റെക്കോർഡിൽ ഇത്തവണത്തെ വിജയത്തോടെ ദ്യോക്കോവിച്ചിനൊപ്പമെത്താനും നദാലിനായി.

ഫ്രഞ്ച് ഓപ്പണിൽ റാഫേൽ നദാലിനെതോല്പിക്കുകയെന്നതാണ് ടെന്നീസിലെ ഏറ്റവും വലിയവെല്ലുവിളിയെന്ന് സ്റ്റാൻ വാവ്റിങ്ക പറഞ്ഞത് അക്ഷരം പ്രതി ശരിയായ നാളുകളിലൂടെയാണ് നാം കടന്നുപോകുന്നത്. കളിമണ്ണിൽ പൂർണവും ഉദാത്തവുമായ ടെന്നീസ് ഷോയാണ് ഈ താരത്തിന്റേത്. പ്രതിരോധത്തിൽ നിന്ന് ആക്രമണത്തിലേക്ക് കയറിപ്പോകുന്നത് ടെന്നീസ്ചരിത്രത്തിൽ മറ്റാരേക്കാളും നന്നായി സ്വായത്തമാക്കിയത് നദാലാണെന്ന് ജോൺ മെക്കൻറോ സാക്ഷ്യപ്പെടുത്തിയത് മറക്കാനാവില്ല. മണിക്കൂറിൽ 90 കിലോമീറ്റർ വേഗതയുള്ള ഫോർഹാൻഡുകളാണ് ആ റാക്കറ്റിൽനിന്നു പ്രവഹിക്കുന്നത്. മറ്റാരുമായും താരതമ്യമില്ലാത്തതാണ് നദാലിന്റെ ഫോർഹാൻഡുകൾ.

ചരിത്രം സാക്ഷി, കായികലോകം സാക്ഷി, ആധുനികകാലത്ത് ഏറ്റവും കൂടുതൽ ഗ്രാൻസ് ലാം കിരീടമെന്ന തന്റെ നേട്ടത്തിലേക്ക് ഒന്നുകൂടി ചേർത്തുവച്ചുകൊണ്ട് ടെന്നീസ് ചരിത്രത്തെ പിടിച്ചുലയ്ക്കുകയാണ് റാഫേൽ നദാൽ. അഭിലാഷം, ആവിഷ്ക്കാരം, സമർപ്പണം ഈ മൂന്ന് വാക്കുകളിൽ അദ്ദേഹത്തിന്റെ ടെന്നീസ് യാത്രയെ ആറ്റിക്കുറുക്കിയെടുക്കാം. എത്രോയോ കിടിലൻ ടെന്നീസിന്റെസുന്ദരമുഹൂർത്തങ്ങൾ സമ്മാനിച്ചിരിക്കുന്നു നദാൽ. കളിയുടെ ഈ വീരയോദ്ധാവിന് ഇനിയും കീഴടങ്ങാനുണ്ട് ഉയരങ്ങൾ. ആ റാക്കറ്റിൽ വിരിയുന്ന നവരചനകൾക്കായി ഇനിയും കാത്തിരുന്നോളൂ....

*റാഫേൽ നദാൽ പെരേര*
*വിജയം: 1058 തോൽവി: 212*
*ട്രോഫികൾ: 92*
*ഗ്രാൻസ്ലാം ട്രോഫികൾ : 22*
*ഓസ്ട്രേലിയൻ ഓപ്പൺ: (2009, 2022)*
*ഫ്രഞ്ച് ഓപ്പൺ : (2005, 2006, 2007, 2008, 2010, 2011, 2012, 2013, 2014, 2017, 2018, 2019, 2020, 2022)*
*വിംബിൾഡൺ: (2008, 2010)*
*യു.എസ്.ഓപ്പൺ:(2010,2013,2017,2019)*

കവിത
രതീഷ് അഞ്ചാലുംമൂട്



# സ്നേഹത്തണൽ

ഒരു മിഴിനീർക്കണം
ചിതറിത്തെറിച്ചായിരം
ഹൃദയസമുദ്രങ്ങളിൽ
ചെന്നു പതിക്കവേ......

തിരമാലകളില്ലാത്തൊരു
കടലായി മാറി മനം
ചലനമില്ലാതെ
ഒഴുകാതെ ഒഴുകവേ......

കാലചക്രത്തെ
നോക്കിച്ചിരിച്ചു
മറയുമൊരു മാരിവില്ലിൻ
വഴിതേടി പോകാതെ....

ആഴിതൻ അഗാധതയിൽ
വീണുപോയൊരു
തിളങ്ങാനാവാത്ത
നക്ഷത്രമാകാതെ....

ബലികുടീരങ്ങളിലെരിയുന്ന
ഓട്ടുവിളക്കിലെ
എണ്ണവറ്റിയ
തിരിയാവാതെ....

നിശാഗന്ധിയുടെ
തോളിലുറങ്ങുന്ന
ചിറകറ്റൊരു
നിശാശലഭമാകാതെ....

ആരും വിതയ്ക്കാത്തൊരു
വിത്തായി മണ്ണിലേക്കെൻ
മനം വീഴുന്നു...

ഉയരുന്നു ഞാൻ
പൂക്കുന്നു കായ്ക്കുന്നു
ഭൂമിയിലൊരു
സ്നേഹത്തണലായി മാറുന്നു......



പ്രിയ..

**മാങ്ങാട് രത്നാകരൻ**
പുനലൂർ രാജൻ ഇമേജ് ആർക്കൈവ്

# പറുദീസ തേടി

*ഗൾഫിലേക്കുള്ള മലയാളികളുടെ പ്രവാസം പ്രമേയമാക്കിയ ആദ്യ മലയാള സിനിമകളിലൊന്നാണ് എം.ടി.വാസുദേവൻ നായർ തിരക്കഥയെഴുതി എം. ആസാദ് സംവിധാനം ചെയ്ത വിൽക്കാനുണ്ട് സ്വപ്നങ്ങൾ(1980). ഗൾഫാണ് മുഖ്യപശ്ചാത്തലമെങ്കിലും എം.ടിയുടെ മുദ്രയുള്ള പ്രമേയമാണ് സിനിമയുടേത്. മമ്മൂട്ടി എന്ന നടന്റെ ശരിക്കുള്ള രംഗപ്രവേശം ഈ ചിത്രത്തിലൂടെയാണ്. ദേവലോകം എന്ന സിനിമയിൽ മുമ്പ് അഭിനയിച്ചിട്ടുണ്ടെങ്കിലും അതു വെളിച്ചം കണ്ടില്ല.*

*നാടകരംഗത്ത് സ്തുത്യർഹമായ സംഭാവനകൾ നൽകിയ വ്യക്തിപ്രഭാവമുള്ള നടൻ കുഞ്ഞാണ്ടിയാണ് വിൽക്കാനുണ്ട് സ്വപ്നങ്ങൾ എന്ന സിനിമയിലെ മിഴിവുള്ള ഒരു കഥാപാത്രത്തെ അവതരിപ്പിച്ചത്. ബേപ്പൂരിൽ ഈ സിനിമയിലെ ലോഞ്ച്‌രംഗങ്ങൾ ചിത്രീകരിക്കുന്നതിനിടെ എം.ടി യും കുഞ്ഞാണ്ടിയും ഛായാഗ്രാഹകൻ രാമചന്ദ്രബാബുവും ഒരുമിച്ച രംഗമാണ് പുനലൂർ രാജന്റെ ക്യാമറയിൽ പതിഞ്ഞത്.*